ന്നാൽ അതിലുള്ള ഉല്പന്നങ്ങൾക്ക ഏകദേശം വ-ഫ ഠ രൂപവരെ കയററുമതിത്തീരുവയും ചുമത്തിവരുന്നു. ഇങ്ങനെ ഒരേക്കറിനു ഫ ഠ - ഫ വ രൂപ കരം ഇവിടത്തെ ഒരു കർഷകൻ കൊടുക്കേണ്ടതായിരിക്കുന്നു. മററൊരു രാജ്യത്തും ഉല്പന്നങ്ങളിന്മേൽ കയററുമതി നികുതി ഒരു കഷകൻ കൊടുക്കേണ്ട വരുന്നില്ല. ഒരുപക്ഷേ ഭൂനികുതി ഇവിടത്തെക്കാറം കുറേ കൂടുതലായിരിക്കാം. എന്നാൽ അതു ഇവിടത്തെ കയററുമതിത്തീരുവയും ചേന്നാലുണ്ടാകുന്ന സംഖ്യയുടെ പകുതിപോലും വരുന്നതല്ല. ഇതു് ഉടനെ നിറുത്തണമെന്നല്ലാ ഞാൻ പറയുന്നതു്. ഇതു പെട്ടെന്നു നിറുത്തിയാൽ ഗവണ്മെൻറിനു വലിയ വിഷമമുണ്ടാകുമെന്നു എനിക്കറിയാം. എങ്കിലും ഒരു കാര്യം ഗവണ്മെൻറു അറിയേണ്ടതാണ് ഈ മുറവിളികളെല്ലാം ഇവിടെ വരുന്നതു ഇപ്പോഴത്തെ സാമ്പത്തികവിഷമതകൊണ്ടാണ്. സാമ്പത്തികമായി ജനങ്ങൾക്ക സങ്കടം ഇല്ലായിരുന്ന കാലത്തു കരം കുറയ്ക്കണമെന്നോ കയററുമതിത്തീരുവ നിത്തണമെന്നോ, കോർട്ടുഫീസ്, രജിസ്റ്റർഫീസ് മുതലായവ കുറയ്ക്കണമെന്നോ സ്റ്റാമ്പഫീസ് കുറയ്ക്കണമെന്നോ ഉള്ള മുറവിളി ഉണ്ടായിരുന്നില്ല. കൃഷിക്കാർക്ക സങ്കടമുണ്ടെന്നു പറയുവാൻ എളുപ്പമാണ്. പ്രതിവിധി നിർദ്ദേശിക്കുവാനാണു പ്രയാസമെന്നു പറയുന്നതു ശരിയാണു എങ്കിലും പ്രതിവിധി കണ്ടുപിടിച്ചു പ്രയോഗിച്ചേ തീരു. ഒന്നാമതായി വേണ്ടതു കർഷകഋണനിവാരണത്തിനു വേണ്ടതു ചെയ്കയാണ്. ഇതിലേയ്ക്കു ഒരു കമ്മററിയെ ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയും. ഇവിടത്തെ രാജ്യകാര്യങ്ങളിൽ ദീർഘകാലം ഇടപെട്ടിട്ടുള്ള ആളും ഇപ്പോഴത്തെ ലാൻറുറവന്യൂകമ്മീഷണരും കുറെക്കാലം ഗവണ്മെൻറിൻെറ ധനകാര്യാധ്യക്ഷനും ചീഫ്സെക്രട്ടറിയുമായിരുന്നു് സാമ്പത്തികസ്ഥിതികൾ മനസ്സിലാക്കീട്ടുള്ള ആളുമാണു കമ്മററിയുടെ പ്രസിഡൻറായിരിക്കുന്നതു്. വിഷമമേറിയ ജന്മികുടിയാൻ പ്രശ്നത്തിനു പരിഹാരമുണ്ടാക്കിയുംമററും ജനസമ്മതി നേടിയ ലാമെമ്പറാണു് പിന്നെയുള്ള മെംബർ. അതുപോലെ പൌരപ്രമാണിയായ മി. കൽക്കുളം ടി. കുമാരപിള്ള, അർത്ഥശാസ്ത്രവിദഗ്ധനായ മി. ഏ. ഗോപാലമേനോൻ മുതലായ കമ്മററിഅംഗങ്ങൾ യോഗ്യന്മാർ തന്നെ. പക്ഷെ ഇവരെല്ലാംകൂടി ഈ സാമ്പത്തികരോഗത്തിന് ഒരു പ്രതിവിധി നിശ്ചയിച്ചു് പ്രയോഗത്തിൽ വരുമ്പോഴേക്കും രോഗം വർദ്ധിച്ചു് രോഗി മരിച്ചുപോകുമോ എന്നാണു സംശയം. അതുകൊണ്ടു് ഇവരുടെ റിപ്പോർട്ട് ഉടനെ വരുത്തുവാൻ ഗവണ്മെൻറു ശ്രമിക്കണം. റിപ്പോർട്ടുവരുന്നതിനുമുൻപുതന്നെ ഋണമോചനത്തിനു കഴിവുള്ളതൊക്കെ ഗവണ്മെൻറു

[Mr. Tariatu Kunjitomman.

ചെയ്യേണ്ടതാണ്. ഈ കുഴപ്പങ്ങളുടെ പ്രധാന കാരണമായി എനിക്കു തോന്നുന്നതു ഉല്പന്നങ്ങളുടെ വിലക്കുറവുനിമിത്തം പലിശക്കും തൊഴിലാദായത്തിനും തമ്മിൽ തീരെ സാമ്യമില്ലാതെ വന്നതാണ്. പന്ത്രണ്ടു ശതമാനം പലിശയ്ക്കു പണം കടംവാങ്ങി മുടക്കുന്ന തൊഴിലിൽനിന്ന് പതിനെട്ടുശതമാനം ആദായം കിട്ടിയാൽ പലിശ തള്ളിയാലും ആറുശതമാനത്തോളം ലാഭം ഉണ്ടല്ലോ. അതിൽനിന്ന് നികുതിയും ചിലവും കഴിയും. എന്നാൽ ഉല്പന്നങ്ങളുടെ വില കുറഞ്ഞതനുസരിച്ച് മുൻ വാങ്ങിയ പണത്തിന്റെ പലിശ കുറഞ്ഞിട്ടില്ലാത്തതിനാൽ കർഷകനു യാതൊരാദായവും ഇല്ലാതായിരിക്കുന്നു. ഉല്പന്നങ്ങളുടെ വിലക്കുറവനുസരിച്ച് പലിശ മൂന്നിലൊന്നായി കുറയ്ക്കണം. മുമ്പ് ൨൮ ചക്രം നെല്ലിനു പറയ്ക്കു വില ഉണ്ടായിരുന്നെന്നു വയ്ക്കുക, ൧൨ ചക്രം കൃഷിച്ചിലവുനീക്കി ൧൬ ചക്രം കിട്ടുമായിരുന്നു, എന്നാൽ, ൨൮-ന്റെ പകുതിയായ ൧൪ ചക്രം വില വന്നപ്പോൾ ചിലവുള്ള ചക്രം തള്ളിയാൽ ബാക്കി ൪ ചക്രമേയുള്ളു. ഇപ്രകാരം വില പകുതിയായപ്പോൾ ആദായം മൂന്നിലൊന്നായി കുറഞ്ഞു. നാളികേരം, മുളകു മുതലായവയ്ക്കു മുൻവിലയുടെ മൂന്നിലൊന്നുപോലുമില്ല. തൊഴിലാദായം കുറഞ്ഞതനുസരിച്ച് പുതിയ ഇടപാടുകളിൽ പലിശ കുറഞ്ഞിട്ടുണ്ടെങ്കിലും വിലക്കുറവുനിമിത്തം സംഖ്യ കൊടുത്തുതീർക്കുവാൻ സാധിക്കാത്തവരായ പഴയ ഇടപാടുകാർ പഴയ പലിശനിരക്കനുസരിച്ചു ഇപ്പോഴും പലിശയും പലിശയ്ക്കു പലിശയും കൂട്ടി വാങ്ങുന്നു. ഉല്പന്നങ്ങൾക്കു വിലക്കുറവു സംഭവിച്ച ൧൦൭ മുതൽ പലിശ മൂന്നിലൊന്നായി കുറയ്ക്കുന്നതിന് ഗവർമെന്റു ഒട്ടും താമസിച്ചുകൂടാ, ൧൨ പലിശ എന്ന കണക്ക് ഇന്നത്തെ പരിതഃസ്ഥിതിക്ക് തീരെ അനുയോജ്യമല്ല. ഒന്നാമതു പലിശയെ നിയന്ത്രിക്കണം. വെള്ളത്തിന്റെ നിരപ്പിന് വള്ളം കിടക്കണം. വെള്ളം ഉയർന്നു കിടന്നിരുന്നെന്നുപറഞ്ഞ് വള്ളം ഉയരത്തിൽ ബന്ധിച്ചുവച്ചാൽ ബുദ്ധിമുട്ടായിരിക്കും. ഉല്പന്നങ്ങളുടെ വിലക്കുറവനുസരിച്ച പലിശനിരക്കു കുറച്ചാൽ കഷ്ടതപകുതിയും തീരും.

Mr. M. P. Madhavan Pillai: പലിശനിരക്ക് എങ്ങിനെ കുറയ്ക്കാമെന്നാണു മെമ്പറുടെ അഭിപ്രായം?

Mr. Tariatu Kunjitomman: ആ കണക്കു ഞാൻ മുൻപേ കാണിച്ചിട്ടുണ്ട്. അതായതു നെല്ലിനു ൨൮ ചക്രം വിലകിട്ടുമ്പോൾ ൧൬ ചക്രമായിരുന്നു ചിലവു നീക്കി കിട്ടുന്നത്. ൧൨ ചക്രമായപ്പോൾ ൪ ചക്രമാണു ചിലവുനീക്കി ബാക്കിവരുന്നതു. മററുല്പന്ന

...ക്ക വില പഴയതിന്റെ മൂന്നിലൊന്നുപോലുമില്ല. അതിനാൽ പലിശ മൂന്നിലൊന്നായിട്ടെങ്കിലും കുറയ്ക്കണം. മഹായുദ്ധകാലത്തു പുറത്തുനിന്നും ധാന്യങ്ങൾവരാൻ വിഷമം നേരിട്ടപ്പോൾ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങളെ ശരിയായ വിലയ്ക്കു വിൽക്കുവാൻ നിവൃത്തിയില്ലാത്തവിധം ഗവൺമെന്റു വില നിയന്ത്രിച്ചു. അന്നു യഥേഷ്ടം വിററാൽ കിട്ടുമായിരുന്നതിന്റെ പകുതിയിലും കുറഞ്ഞവിലക്കു വില്ക്കുവാൻ ജനങ്ങളെ നിർബന്ധിച്ചു. യഥേഷ്ടം വില്ക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ ജനക്ഷേമത്തിനായി തടയുകയാണു ചെയ്തതു്. അന്നു കൃഷിക്കാർ നിയമത്തിന്മേലുള്ള ഒരു കയ്യേററമാണെന്നു സങ്കടം പറഞ്ഞില്ല: ഭൂരിപക്ഷം ജനങ്ങളുടെ രക്ഷക്കായി പലിശ മൂന്നിലൊന്നായി കുറക്കുന്നതുകൊണ്ടു പണവ്യാപാരികൾക്കു സങ്കടം പറയുവാൻ പാടില്ല. ൧൦൦-ന്റെ സ്ഥാനം ൫൦-നുള്ളതുകൊണ്ടു മുതലും കുറെ കുറയ്ക്കാം.

Mr. M. P. Madhavan Pillai : പലിശ കുറയ്ക്കുന്നതുകൊണ്ടു തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാകുമോ?

Mr. Tariatu Kunjitomman : ഏറെക്കുറെ പരിഹാരം ഉണ്ടാകും. കർഷകന്റെ നില നേരെയായാൽ നിലം പുരയിടങ്ങളെ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും മററും ധാരാളം വേലകൾ ഉണ്ടാകും. അപ്പോൾ വേലക്കാർക്കു തൊഴിലുണ്ടാകും. ഇപ്പോൾ കർഷകന്റെ സകലവേലകളും കുറച്ചു വച്ചിരിക്കുകയാണ്. പുതിയ കൃഷിസ്ഥലങ്ങൾ തുറക്കുവാൻ നിവൃത്തിയില്ല. ഗവൺമെന്റു ധാരാളം റിലീഫ് വർക്കുകൾ നാട്ടുംപുറങ്ങളിൽ നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. കൃഷിക്കാർ വസ്തു നന്നാക്കാനും പുതിയതായി തെങ്ങുംതോട്ടം, റബ്ബർതോട്ടം, മുളകുതോട്ടം മുതലായവ തുറക്കാനും ഉദ്യമിക്കാത്തതുകൊണ്ടു നാട്ടുമ്പുറത്തെവേലക്കാർക്കു ജോലികിട്ടുന്നില്ല. അവർക്കു പുതിയ വേലകൾ ഉണ്ടാക്കികൊടുക്കണം. നമ്മുടെ കൂലിക്കാർ പട്ടിണികിടന്നാലും പാണ്ടിയിലെ കൂലിക്കാരെപ്പോലെ ഭാണ്ഡവും കെട്ടി അന്യനാട്ടിൽ പോകുന്നതിന് ഉത്സാഹമുള്ളവരായി കാണുന്നില്ല. നാട്ടിൻപുറങ്ങളിൽ റിലീഫ് വർക്കു നടത്തിയാൽ ഇവക്കെല്ലാം വേലയുണ്ടാകും. ക്രമേണ കർഷകരുടെ സ്ഥിതി നന്നായാൽ അവർ ഈ കൂലിക്കാരെയെല്ലാം പരിരക്ഷിച്ചുകൊള്ളും. കടത്തിനൊ, കരത്തിനൊ ഭൂമി വിററുപോകുന്നതുവരെ പട്ടിണികിടന്നു ചാകയില്ല. കൂലിക്കാരാണു നാട്ടിൻപുറങ്ങളിൽ പട്ടിണികിടക്കുന്നതു്. കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഇടനാട്ടിലും മലനാട്ടിലും

[Mr. Tariatu Kunjitomman.]

എല്ലാം കൂലിക്കാർ അത്യധികമായ ദാരിദ്ര്യംകൊണ്ടു വിഷമിക്കുകയാണെന്നു എനിക്കറിയാം. ലക്ഷക്കണക്കിനൊ പതിനായിരക്കണക്കിനൊ പ്രതിമാസം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വന്നഴിയുന്ന പട്ടണങ്ങളിൽ താമസിക്കുന്ന കൂലിക്കാർക്കു കറെ എല്ലാം വേലയും രക്ഷയും ഉണ്ടു്. എന്നാൽ നാട്ടിൻപുറങ്ങളിലെ കൂലിക്കാർക്കു കർഷകരുടെ നില നന്നാകാതെ യാതൊരു രക്ഷയുമില്ല. അതുകൊണ്ടു ഗവണ്മെൻറു ഡിബഞ്ചർ ലോൺ ഏർപ്പെടുത്തിയെങ്കിലും ഇവർക്കു വേല ഉണ്ടാക്കിക്കൊടുത്തു രക്ഷിക്കണം. ഇതുകൊണ്ടു രണ്ടുമൂന്നു ഗുണങ്ങളുണ്ടു്. അനേകകാലമായി പ്രജാസഭയിലും മററും നിവേദനം ചെയ്തുകൊണ്ടിരുന്ന പല റോഡുകളും പാലങ്ങളും മററും ചുരുങ്ങിയ ചിലവിൽ തീരും. അവ എന്നെങ്കിലും തീർക്കേണ്ടതാണല്ലൊ കർഷകർക്കു ഉരുക്കൾ വിത്തു മുതലായവയും, വിളവുകളും സൌകര്യമായ വിധത്തിലും, ചിലവു കുറച്ചും കൊണ്ടുപോകുവാൻ കഴിവുണ്ടാകുന്നതുകൊണ്ടു കറെ രക്ഷകിട്ടും. അതിനാൽ ഏകകാലത്തു കൂലിക്കാർക്കു വേലയും കർഷകർക്കു സൌകര്യവും ആദായവും രാജ്യത്തിനൊട്ടുക്കു അഭിവൃദ്ധിയും നാഗരീകത്വവും ഉണ്ടാക്കാൻ റിലീഫ് വർക്ക് നടത്തുന്നതുകൊണ്ടു സാധിക്കും. ഗവണ്മെൻറു ആവശ്യപ്പെട്ടാൽ ചുരുങ്ങിയ പലിശക്കു പണം കടം കിട്ടും. ഇങ്ങനെ സാധുക്കളായ കർഷകരേയും കൂലിക്കാരേയും രക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഗവണ്മെൻറു ഉടനടി നടപ്പിൽ വരുത്തുന്നതിനാണ് ഈ അവസരത്തിൽ ശ്രമിക്കേണ്ടതു്. രാജ്യത്തിൻെറ ഐശ്വര്യവും സകലജാതി ജനങ്ങളുടേയും ക്ഷേമവും ഏതിൽ സ്ഥിതിചെയ്യുന്നുവൊ ആ കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അനവധിലക്ഷം ജനങ്ങളുടെ കഷ്ടതകളെ ഗണിച്ചു പരിഹാരം വരുത്താതെ ഗവണ്മെൻറിനു യഥാർത്ഥമായ പുരോഗതിയുണ്ടാകുന്നതല്ലെന്നു പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

The Council adjourned for lunch at 1 P. M. and reassembled at 2 P. M.

Mr. J. John Kattakayam: സർ, ധനകാര്യദർശി ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഇക്കൊല്ലത്തെ ബഡ്ജററിൽ ചില വിശേഷതകൾ കാണുന്നുണ്ടു്. ഈ ബഡ്ജററിനെപററി അനുമോദിച്ചും അവഹേളിച്ചും പല പ്രസംഗങ്ങൾ നടന്നിരിക്കുന്നു. തദവസരങ്ങളിലെല്ലാം ഫിനാൻഷ്യൽ സെക്രട്ടറി തലകുലുക്കിക്കേൾക്കുന്നും ഉണ്ട്. ആദ്യമായി കാണുന്നതു നിരന്നു നാലുവരകൾ രേഖപ്പെടുത്തിയിരി

ക്കന്ന—അതെ ൧൧൧൧-ാമാണ്ടത്തെ ബഡ്ജററാണിതു്. ശ്രീചിത്ര സംസ്ഥാനസഭയിൽ ഇതിനുമുമ്പു ബഡ്ജററു പതിവായി വായിച്ചു സമർപ്പിച്ചുകൊണ്ടിരുന്ന ആളല്ല നമ്മുടെ മുമ്പാകെ ഇരിക്കുന്ന ഇപ്പോഴത്തെ ബഡ്ജററു അവതരിപ്പിച്ചിരിക്കുന്നതു്.

ബഡ്ജററിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ എപ്പോഴും മിച്ചംവയ്ക്കുന്ന ഒരു ബഡ്ജററാണു് ഇതുവരെ ഈ സഭയിൽ സമർപ്പിച്ചിട്ടുള്ളതു്. ഈ പ്രാവശ്യം ആ പതിവിനെ ലംഘിച്ചിരിക്കുന്നു ഇപ്പോഴം ഏഴുലക്ഷം രൂപായോളം അധികച്ചിലവുവരുന്ന ഒരു ബഡ്ജററാണു് വിമർശനത്തിനു വിധേയമായിരിക്കുന്നതു്.

Mr. Komilezhathu Sankaran: മെമ്പർ കോട്ടു ഇറന്നിട്ടു കൊണ്ടു സംസാരിക്കുന്നു.

Mr. J. John Kattakayam: ഇവിടെയുള്ള കവടിയാർ പാലസ്റോഡ് വളരെ മനോഹരമായിട്ടുണ്ടു്. പരിഷ്കൃതരാജ്യങ്ങളിലുള്ള പ്രധാനപട്ടണങ്ങളിലെ റോഡുകൾപോലെയാണു് അതു ഉണ്ടാക്കപ്പെട്ടിരിക്കുന്നതു്. ഈ റോഡിൽകൂടി ഗതാഗതം ചെയ്യാൻ വളരെ സുഖമാണു്. കാഴ്ചക്കും അങ്ങനെതന്നെ. നക്ഷത്രബംഗ്ലാവുമുതൽ തമ്പാനൂർ റയിൽവെസ്റ്റേഷൻവരെ ഇതുപോലെതന്നെ പട്ടണത്തെ മനോഹരമാക്കുന്നതിനും തീരുമാനിച്ചുകാണുന്നു. അതിനു ഒരു കോടിയിൽപരം രൂപാ ചെലവാക്കേണ്ടിവരുമെന്നാണു് ഞാൻ പറയുന്നതു്. ഡ്രെയിനേജിനും വാട്ടർവർക്ക്സിനുമായി നാലഞ്ചുവർഷംകൊണ്ടു മുപ്പതു ലക്ഷം ചെലവാകുമെന്നു വിചാരിക്കുന്നു. വാട്ടർ വക്ക്സിൻെറ ആദ്യഘട്ടം ൪൬ ലക്ഷം രൂപയാണു ചിലവാക്കിയതു്. ഡ്രെയിനേജിനും ആ തുകയിൽ കൂടുതൽ വേണ്ടിവരുന്നതാണു്. മുപ്പതു ലക്ഷംകൊണ്ടു തീക്കാമെന്നും ഡ്രെയിനേജിനും വാട്ടർ വക്ക്സിനുംകൂടി അടുത്തകൊല്ലം ൧൧ ലക്ഷം രൂപാ ചെലവാക്കാമെന്നും നിശ്ചയിച്ചിരിക്കുന്നു. ഡ്രെയിനേജിനു വാട്ടർ വക്ക്സിനെക്കാൾ എല്ലാസ്ഥലങ്ങളിലും കൂടുതൽ ചെലവാകുന്നു. ഇവിടെയും അങ്ങനെ വരാനെ തരമുള്ളു. പട്ടണപരിഷ്കരണം ആദിയായി വരാൻപോകുന്ന ചെലവുകൾ ഒരു കോടിയിൽ അവസാനിക്കുമെന്നു എനിക്കു വിശ്വാസമില്ല. നഗരപരിഷ്കരണപദ്ധതിക്കുവേണ്ടി എത്ര സാധുജനങ്ങളെയാണു് ഈ പട്ടണത്തിൽനിന്നും തുരത്താൻ നിശ്ചയിച്ചിരിക്കുന്നതു്. സാധുക്കളെ പട്ടണത്തിൽനിന്നും അടിച്ചിറക്കുവാൻവേണ്ടിമാത്രം കൊണ്ടുവന്നിട്ടുള്ള ഒരു പദ്ധതിയാണിതു്. അവക്കു അവരുടെ വസ്തുക്കൾ വിട്ടുപോകേണ്ടിവരുന്നു. തുദര

[Mr. J. John Kattakayam]

മായ പൊന്നുംവില അവർക്കു കൊടുക്കും. അതുകൾ വീണ്ടും ലേലം ചെയ്യുമ്പോൾ ഗവണ്മെണ്ടിനു വളരെ ആദായം സിദ്ധിക്കും. പ്രസ്തുത റോഡിന്റെ ഇരുവശങ്ങളും കുബേരന്മാരും പെൻഷൻകാരും ഉദ്യോഗസ്ഥമേധാവികളും കൂടി കരസ്ഥമാക്കുന്നതാണ്. സാധുക്കളെ പട്ടണത്തിനു വെളിയിലാക്കുന്ന നയം ഒട്ടുംതന്നെ ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

ഫിനാൻസുകമ്മററിയിലേക്കു രണ്ടു നിയമസഭകളിൽ നിന്നുമാണു അംഗങ്ങളെ തിരഞ്ഞെടുത്തയയ്ക്കുന്നത്. ഇവരുടെ അഭിപ്രായങ്ങൾക്കു ഗവണ്മെന്റു വിലകല്പിക്കുന്നില്ല. അതു ഗവണ്മെന്റു ഈ സഭയോടു ചെയ്യുന്ന ഒരു വലിയ അനാദരവും അനീതിയുമാണ്. അതു ഒരിക്കലും ശരിയല്ല.

Mr Komilezhathu Sankara : മെമ്പർ പബ്ലിക്കു അക്കൌണ്ട്സ് കമ്മിററിയിൽ അംഗമായിരുന്നോ?

Mr. J. John Kattakayam : അതെ ഞാൻ പബ്ലിക്കു അക്കൌണ്ട്സു കമ്മിററിയിൽ ഒരു മെമ്പർതന്നെ ആയിരുന്നു. സമയം പരിമിതമായതിനാൽ ചോദ്യങ്ങൾക്കെല്ലാം — ഉത്തരംപറയാൻ നിവൃത്തിയില്ല.

ഫിനാൻസുകമ്മിററി അനാവശ്യമെന്നു സർവ്വസമ്മതമായി പാസാക്കിയിട്ടുള്ള പല ഉദ്യോഗങ്ങളും ബഡ്ജററിൽ സ്ഥലം പിടിച്ചിരിക്കുന്നു. ഇതു ഒരുപക്ഷെ കമ്മിററിക്കു ശേഷം ദിവാൻജിയുമായുണ്ടായ ഡിപ്പാർട്ടുമെന്റുമേധാവികളുടെ കൂടിക്കാഴ്ചയുടെ ഫലമായിരിക്കുമെന്നു ഞാൻവിശ്വസിക്കുന്നു. ബോംബെ ഏജൻസി, തിരുവനന്തപുരം വില്പനഡിപ്പോ, വന്യമൃഗസംരക്ഷകൻ മുതലായവ വേണ്ടെന്നു കമ്മിററിയിലെ ഭൂരിപക്ഷം അംഗങ്ങളും അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷെ അതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. നൂററിഅറുപതു ഉദ്യോഗങ്ങൾ അടുത്തകൊല്ലത്തേക്കു പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. നമ്മുടെ ഗവണ്മെന്റ് ആളുകൾക്കുവേണ്ടിയാണ് ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതു. മോട്ടോർഡ്രൈവറെപിടിച്ചു ഡാക്ടരാക്കിയ ഗവണ്മെന്റ് ഡാക്ടരെപ്പിടിച്ചു പേഷ്കാരാക്കിയ ഗവണ്മെന്റു, അക്രമം, അധർമ്മം, അനീതി ആദിയായവകളെ അടിക്കടി പ്രവൃത്തിയിൽ വച്ചുകൊണ്ടിരിക്കുന്ന അധമന്മാരെ താരാട്ടുപാടി താലോലിക്കുന്നു. അക്രമവും, അനീതിയും, അധർമ്മവും അടിയ്ക്കു

ദി പ്രവർത്തിക്കുന്നവരെ പൂജപ്പുര അതിഥിമന്ദിരത്തിലേക്കു പറഞ്ഞയ ക്കണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ഗവമെന്റിനു പെ ൻഷൻപററിയ ഉദ്യോഗസ്ഥന്മാരോടു വലിയ പ്രതിപത്തിയാണ്. ഉദാ ഹരണമായി ദിവാൻ, ചീഫ്ജസ്റ്റീസ്, വന്യമൃഗസംരക്ഷകൻ, അതി ഥിവകുപ്പുമേധാവി, ചീഫ്കമാൻഡൻഡു മുതലായ ഉദ്യോഗങ്ങളിൽ പെ ൻഷൻഉദ്യോഗസ്ഥന്മാർ സ്ഥലം പിടിച്ചിരിക്കുന്നു. ഇതിന്റെ അർ ത്ഥം എനിക്കു മനസ്സിലാകുന്നില്ല. വാസ്തവത്തിൽ ഊർജ്ജിതംമുഴുവൻ ക്ഷയിച്ചു മനുഷ്യസഹജമായ മനോസ്ഥിതിക്കു മാററം വന്നുകഴിഞ്ഞവക്ക് ഇങ്ങനെയുള്ള ചുമതലപ്പെട്ട ഉദ്യോഗങ്ങൾ കൊടുക്കുന്നതു കുറെ സാഹ സംതന്നെയാണ്.

ഡിപ്പാർട്ടുമെൻറുകളിൽ പണാപഹരണം ധാരാളമായി നടക്കു ന്നു. ഇതിനെപ്പററി ഗവമെൻറ് എന്തുചെയ്യുന്നു? ഒന്നുംതന്നെ ചെ യ്യുന്നില്ല. പിന്നെയും അതു നടന്നുകൊണ്ടേയിരിക്കുന്നു. സയൻസുകാ ളേജിലെ പണാപഹരണത്തെ സംബന്ധിച്ചു ഗവമെൻറു പ്രമോഷൻ കൊടുക്കുകയില്ലെന്നു താക്കീതുചെയ്തിട്ടും അതിന്റെ സൂത്രധാരനായ മി. സി. വി. ചന്ദ്രശേഖരനു പ്രോത്സാഹനം നൽകുകയാണു ചെയ്തതു്. ലാൻറുറവന്യൂഡിപ്പാർട്ടുമെൻറിലും ഇതുപോലെയുള്ള അപഹരണങ്ങ ൾ ധാരാളം നടക്കുന്നുണ്ട്.

ഇതിനുമുൻപ് ഗവമെൻറ് ഇങ്ങനെയുള്ളവക്ക് ശരിയായ ശി ക്ഷനൽകിയിരുന്നു. പ്രദർശനം സംബന്ധിച്ചുണ്ടായ പണച്ചിലവിന് ശരിയായ വൌച്ചർ സൂക്ഷിക്കാത്തതിന് മി: രാഘവയ്യായുടെ ഭരണകാ ലത്തു് അന്നു് വ്യവസായഡയറക്ടരായിരുന്ന ഡാക്ടർ ബാക്കരെ ഉദ്യോഗ ത്തിൽനിന്നും പിരിച്ചയച്ചു. വൈസ്രോയിയുടെ വരവു സംബന്ധിച്ച് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്ന വക്ക്ഷാപ്പ് സൂപ്രണ്ടു മി: പാര ട്ടിനെ നിർബന്ധപൂർവം പെൻഷൻ നൽകിപിരിച്ചയച്ചതിന്റെ കാര ണവും ഇതുതന്നെയാണ്. മി: കെ. വി. രംഗസ്വാമി അയ്യങ്കാരെനിർബ ന്ധിച്ചവധി എടുപ്പിച്ചതും പിന്നീടു സർവീസുവിടുവാൻ ഇടയാക്കിയതും ചില നിസ്സാരകാരണങ്ങൾ മാത്രമായിരുന്നു എന്നുള്ള സംഗതിയും ഈ അവസരത്തിൽ പ്രസ്താവാർഹമാണ്.

Mr. A. N. Visvanatha Pillai: മിസ്റ്റർ രംഗസ്വാമി അയ്യ ങ്കാർ സർവിസിൽനിന്നും പിരിഞ്ഞതു് എന്തിനാണ്?

Mr. J. John Kattakayam: ഇതിനുള്ള മറുപടിയും മുൻപു പറഞ്ഞതുതന്നെ.

[Mr. J. John Kattakayam]

മന്ദതരം സഹിക്കാം കള്ളത്തരം സഹിക്കയില്ലാ എന്നാണ് ദിവാൻജി അവർകൾ തന്നെ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതു്. പക്ഷെ അതുപോലെ അദ്ദേഹം പ്രവർത്തിച്ചുകാണുന്നില്ല. പൊതുജനാഭിപ്രായത്തെ ആദരിക്കുന്നതിനും പൊതുജനവിശ്വാസം ആർജ്ജിക്കുന്നതിനും ഗവൺമെൻറ് നിഷ്കർഷിക്കേണ്ടതാണ്. ദിവാൻജിയുടെ വൃദ്ധനേത്രങ്ങൾ ഈ വിഷയത്തിൽ അചിരേണ പതിയേണ്ടതാണ്?

Chairman : ഭാഷക്ക് അത്രമാത്രം കാഠിന്യംവേണമെന്നില്ല.

Mr. J. John Kattakayam : സർ, ൧൧൦൧-ലെ അഞ്ചാം റഗുലേഷനായ നിലവിലിരിക്കുന്ന വർത്തമാനപ്പത്രറഗുലേഷനെ ഭേദപ്പെടുത്തണമെന്നു പലരൂപത്തിലും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടു്. ഞാൻതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. പക്ഷെ ഗവൺമെൻറു അതിൻെറ രൂക്ഷത വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. അതുപോലെ തന്നെയാണ് തൊഴിലാളിജാഥാനിരോധനവും. ഗവൺമെൻറു കാണിക്കുന്ന ഈ നയം ഒരിക്കലും അഭിനന്ദനീയമല്ല.

അധഃകൃതസംരക്ഷണവകുപ്പു ചെയ്യുന്നജോലികളും തീരെ തൃപ്തികരമല്ല. ഗ്രാമീണലൈബ്രറി സമ്പ്രദായം, കാർഷികോപദേശബോർഡു്, നാഗർകോവിൽ, കൊല്ലം, ആലപ്പുഴ എന്നീ സ്ഥലങ്ങളെ ടെല്ലിഫോൺകൊണ്ടു ഘടിപ്പിക്കുക, മേല്പറഞ്ഞ സ്ഥലങ്ങളിലും മററും ശുദ്ധജലവിതരണം, ഇവയെല്ലാം നല്ലതുതന്നെ. സാമ്പത്തികാധഃപതനം, ഗ്രാമീണപുനരുദ്ധാരണം, തൊഴിലില്ലായ്മ ഇവയ്ക്കുള്ള പരിഹാരങ്ങൾക്കായി ബഡ്ജററിൽ യാതൊന്നും പറഞ്ഞുകാണുന്നില്ല. അതുകൊണ്ടു് ഇതു തിരുവിതാംകൂർ ബഡ്ജററല്ലാ തിരുവനന്തപുരം ബഡ്ജററാണ് എന്നുപറയുന്നതിൽ അതിശയത്തിനവകയില്ല.

തക്കലെ സ്ഥാപിച്ചിട്ടുള്ള പഞ്ചസാരവ്യവസായത്തെപ്പററി കഴിഞ്ഞപ്രാവശ്യത്തെ ഫൈനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ സുദീർഘമായി പ്രസ്താവിച്ചിരുന്നു. എന്നാൽ ഈ പ്രാവശ്യം യാതൊന്നും പറഞ്ഞുകാണുന്നില്ല. അതിൻെറ പ്രവർത്തനംകൊണ്ടു് ലാഭമായിരുന്നാലും നഷ്ടമായിരുന്നാലും ഞങ്ങളെ അറിയിക്കേണ്ടതായിരുന്നു.

അൻപതുലക്ഷംരൂപാ മൂലധനത്തോടുകൂടിയ ഒരു റബ്ബർഫാക്ടറി ബോംബയിൽ ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്. അതിനെ ജയിച്ചു നഷ്ടം കൂടാതെനടത്താമെങ്കിൽ മാത്രമേ ഗവൺമെൻറു അതിനു പുറപ്പെടാൻ പാടൊള്ളൂ.

റിട്രഞ്ച്മെൻറുകമ്മിററിയുടെ നിർദ്ദേശങ്ങളെ അവഗണിച്ചു മിററി. സി. തൊമ്മൻെറ റിപ്പോർട്ട് അതേപടി ഗവണ്മെൻറംഗീകരിച്ചതൊട്ടും ശരിയായില്ല. ഉല്പന്നങ്ങൾക്കു തീരുവ ചുമത്തിയിരിക്കുന്നതു പഴയവില അനുസരിച്ചാണ്. എന്നാൽ താരിപ്പുവില കമ്പോളവിലയേക്കാൾ വളരെ കൂടുതലാകുന്നു. ഇതു് കർഷകരോടു ചെയ്യുന്ന ഒരക്രമമാണ്.

സിങ്കിംഗ്ഫണ്ട് അത്യാവശ്യത്തിനേ എടുക്കുകയുള്ളു എന്നു കഴിഞ്ഞപ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അതെടുത്തു വിദ്യുച്ഛക്തി വിതരണത്തിനു ചെലവാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

Mr. Komilezhathu Sankaran: സിങ്കിംഗ്ഫണ്ട് എന്നു വച്ചാൽ എന്താണ്.

Mr. J. John Kattakayam: മറുപടി മുൻപുപറഞ്ഞതു തന്നെ.

കൊച്ചിക്കാർക്കു നമ്മുടെ വിദ്യുച്ഛക്തി വേണ്ടെന്നുവന്നാൽ അതു് നമുക്കൊരു വലിയനഷ്ടമാണ്.

റയിൽവേസിങ്കിംഗ്ഫണ്ട് തുടങ്ങിയതു കൊല്ലം-ചെങ്കോട്ടറയിൽവേ വാങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ അതു വാങ്ങിക്കാൻ നാം ബാദ്ധ്യസ്ഥരല്ലെന്നും നഷ്ടം വരുന്നതു കൊടുത്തുകൊണ്ടിരുന്നാൽ മതിയെന്നും ആണ് ഇപ്പോൾ പറയുന്നതു. ഇതുകൊണ്ടു ലാഭമോനഷ്ടമോ എന്നു പറയാൻ നിവൃത്തിയില്ല. ഈ റയിൽവേ വാങ്ങിക്കുന്നതിനു ഈ പണം വിനിയോഗിച്ചില്ലെങ്കിൽ ഈ സംസ്ഥാനത്തെക്കാവശ്യമുള്ള കൊല്ലം-എറണാകുളം റയിൽവെ നിർമ്മിക്കുന്നതിനായി ആ പണം ചിലവഴിക്കേണ്ടതാണ്. ഒരു പരിഷ്കൃതരാജ്യത്തിൻെറ പ്രധാനലക്ഷണങ്ങളിൽ ഒന്നു അതിൻെറ മദ്ധ്യത്തിൽകൂടിപോകുന്ന ഒരു റയിൽവെ എങ്കിലും ഉണ്ടായിരിക്കുക എന്നുള്ളതാണ്. അയൽ രാജ്യമായ കൊച്ചുകൊച്ചിയിൽ ബ്രാഡ്ഗേജ് നടപ്പാക്കിയിട്ടും നമ്മുടെ രാജ്യത്തിൻെറ നടുവിൽകൂടി ഒരു റയിൽവെ നടപ്പാക്കാൻപോലും സാധിക്കാഞ്ഞതു് വലിയ കഷ്ടമായിപ്പോയി. കൊല്ലം-എറണാകുളം റയിൽവെ നടപ്പാക്കുന്നതു് സാധുജനങ്ങളുടെ തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരവുംകൂടി ആകുന്നതാണ്.

ഈ രാജ്യത്തെ ടോളുകൾ നിറുത്തണമെന്നു ജനപ്രതിനിധികൾ നിലവിളിച്ചിട്ടും യാതൊരു ഫലവും ഉണ്ടായിട്ടില്ല. അതു വർദ്ധിപ്പിച്ചു.

[Mr. J. John Kattakayam]

കൊച്ചിത്തുറമുഖത്തെ സംബന്ധിച്ച ഈ ബഡ്ജററിൽ ഫൈനാൻഷ്യൽസെക്രട്ടറി ഒരക്ഷരവും പറഞ്ഞുകാണുന്നില്ല. അതിന്റെ നാലാമത്തെ ഘട്ടത്തിലേക്ക പ്രവേശിച്ചിരിക്കയാണല്ലോ. അതിൽ നമ്മുടെ പണം, നമുക്കുള്ള അധികാരാവകാശങ്ങൾ എന്നിവയെ സംബന്ധിച്ച ഒന്നും പറയാതിരിക്കുന്നതു തീരെ ശരിയല്ല. അതിന്റെ ലാഭവീതവിഭജനം ഏതു തരത്തിലായിരിക്കുമെന്നും അറിയാൻ നിവൃത്തിയില്ലാതിരിക്കുന്നു.

ഫെഡറേഷനിൽ നാം ചേരുന്നുണ്ടോ എന്നും അതിൽ നമുക്കുള്ള സ്ഥാനം എന്താണെന്നും അറിയേണ്ടിയിരിക്കുന്നു. ഇതും നമ്മുടെ സാമ്പത്തികനിലയെ സാരമായി സ്പർശിക്കുന്ന ഒന്നാണ്.

പോലീസ്, എഡ്യൂക്കേഷൻ എന്നീഡിപ്പാർട്ടുമെന്റുകളുടെ മേലധ്യക്ഷന്മാരായി ഇപ്പോൾ നമ്മുടെ സർവീസിലിരിക്കുന്നവരെത്തന്നെ നിയമിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ട്.

പൊതുമരാമത്തുവകുപ്പിൽ നിന്നുമുള്ള സഹായസഹകരണങ്ങൾ എല്ലാതാലൂക്കുകാൎക്കും ഒരുപോലെ പ്രയോജകീഭവിക്കത്തക്കവിധത്തിൽ ഗവണ്മെന്റിൽനിന്നും ചെയ്യേണ്ടതാണ്.

ജനറൽ റിസർവേഷൻ ഫണ്ട് ആക്കിയിരിക്കുന്ന ആറുപതുലക്ഷം രൂപായും ഗ്രാമോദ്ധാരണത്തിനായിത്തന്നെ വിനിയോഗിക്കേണ്ടതാണ്. രണ്ടുതാലൂക്കുകൾക്ക ഒരു കമ്മീഷണർ ആവശ്യമില്ല. ദേവികുളം ഡിവിഷൻ കോട്ടയത്തോടു സംഘടിപ്പിച്ചാൽമതി.

ഏ. എസ്സ്. പി.മാർ വേണ്ടെന്ന് ഇതിനുമുൻപിൽ നിലവിലിരുന്ന കൌൺസിലിൽ ഒരു പ്രമേയം പാസാക്കിയിട്ടുണ്ട്. അതനുസരിച്ച ആ ഉദ്യോഗങ്ങൾ നിറുത്തണം. ആൎക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റും ഇങ്ങനെ നിറുത്തേണ്ടതാണ്. അതിഥിവകുപ്പു ഡയറക്ടർ, വന്യമൃഗസംരക്ഷകൻ എന്നീഉദ്യോഗങ്ങളും നിറുത്തേണ്ടതത്യാവശ്യമാണ്. പുതുതായി ഒരുദ്യോഗവും സൃഷ്ടിക്കാൻ പാടില്ല. സ്വന്തചെലവിൽ ഏതു ഡിഗ്രികളും സമ്പാദിച്ചുകൊണ്ടു വരുവാൻ തയാറുള്ളവർ ഇപ്പോൾ ഈ രാജ്യത്തു ധാരാളമുണ്ട്. അതുകൊണ്ടു ഗവണ്മെന്റു ചെലവിൽ ഇനിയെങ്കിലും ആരെയും അയയ്ക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്വന്തചെലവിൽപോയി പഠിച്ചു ഡിഗ്രിവാങ്ങിച്ചുകൊണ്ടുവരുന്നതിനു മുൻപാളുകൾ അധികമില്ലായിരുന്നു. ഇപ്പോൾ അങ്ങിനെയൊരുനോട്ടീസു കണ്ടാൽ കാര്യം സുസാദ്ധ്യമായി സാധിക്കുന്ന [illegible] ആളുകൾ യാതെ

ഡിഗ്രിയും നേടിക്കൊണ്ടുവരുവാൻ ഗവണ്മെൻറു ചെലവിൽ അയക്കുവാൻ അനുവദിക്കരുതു എന്നു വീണ്ടും വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു.

ഏററുമതിത്തീരുവ കൂട്ടിയിട്ടുണ്ടെങ്കിലും അതു തേയിലയിലും ഏലത്തിലും നിന്നാണ്. അതുകൊണ്ടു അതിൻെറ ആദായം മുഴുവനും വിദേശികൾക്കാണ് കിട്ടുന്നതു്.

ഈററകൾകൊണ്ടു കടലാസുണ്ടാക്കുന്നതിനും കമ്പിത്തൂണിനുപകരം തേക്കിൻ തൂണുകൾ ഉപയോഗിക്കുന്നതിനും, ക്ഷയരോഗസാനിട്ടേറിയം സ്ഥാപിക്കുന്നതിനും, സങ്കേതിക വിദ്യാഭ്യാസം നടപ്പാക്കുന്നതിനും റബ്ബർ ഫാക്ററിക്കുള്ള യന്ത്രങ്ങളുടെ വിലക്കുപകരം നമ്മുടെ സാമാനങ്ങൾ കൊടുക്കുന്നതിനും നിശ്ചയിച്ചതു അഭിനന്ദനീയങ്ങളായ പ്രവൃത്തികൾ തന്നെയാണ്.

പൊതുജനോപയോഗപ്രദങ്ങളും അഭിവൃദ്ധികരങ്ങളുമായ ജോലികൾക്കായും മററും പൊതുമരാമത്തിനത്തിൽ നിന്നും ക്യാപ്പിററൽവർക്സ്, ഇറിഗേഷൻ, ഡെവലപ്പ്മെൻറുഫണ്ടു പ്രത്യുല്പാദനകരമായ വൈദ്യുതപദ്ധതി എന്നിവയ്ക്കു് ൯൦ ലക്ഷത്തിൽ പരം രൂപാ ചെലവഴിക്കാൻ നിശ്ചയിച്ചിരിക്കുന്നതും നല്ലതുതന്നെ. ഭാവിതലമുറകൾക്കുകൂടി പ്രയോജനീഭവിക്കുന്നതും വമ്പിച്ചതുകകൾ ചെലവാക്കേണ്ടവയുമായ വിപുലപദ്ധതികൾക്കു പണംകടമെടുക്കുന്നതു് ഒരു ശരിയായ സാമ്പത്തിക നയമാണെന്നു് ഗവണ്മെൻറു ഇപ്പോഴെങ്കിലും തുറന്നു സമ്മതിച്ചതിൽ അഭിനന്ദിച്ചുകൊള്ളുന്നു.

ഉപ്പുനികുതി, അഞ്ചൽ പരിഷ്കാരം, തീപ്പെട്ടിബിൽ ബീഡിക്കച്ചവടനിയന്ത്രണം പുകയില നികുതി, ബസ്സ ലൈസൻസ്ഫീസ്, ടോൾഗേററ്, ചന്തക്കരം, തോട്ടകരം മുതലായതു് കർഷകരെ സാരമായി വിഷമിപ്പിക്കുന്നുണ്ടു്.

Chairman ; Your time is up.

Mr. G. Narayana Aiyar : Sir, I congratulate the Financial Secretary as well as the Government on their bold policy with regard to the capital works in future. I congratulate the Government also in their having issued a bold communique with regard to the public service affair and I hope and request that the Government will act up to the very letter of that G. O. and will not be carried away this side or the other side by any further agitation. I thank the Government for having once for all settled the Devaswom business, viz. the allotment which is bound to be paid to the Devaswom. So far as the Devaswom allotment is concerned,

[Mr. G. Narayana Aiyar.]

since the Government have admitted that they are bound to pay a minimum of Rs. 16 lakhs or a proportionate higher amount, annually there is no justification or reason for withholding the payment for the last so many years. The allotment for this year comes to Rs. 12 lakhs and 60 thousand. When the legal claims of the Department are settled at Rs. 16 lakhs or more, there is no justification for the Government to come forward and say that the revenue has decreased or that they have granted remission of tax or reduced school fees. That may not stand in legal test. The undertaking is unconditional. That is so clear. I hope and request that the Government will pay back all arrears due to the Devaswoms till this year.

So far as the standardisation scheme is concerned there is a good deal of complaint among the officers. Although it is advisable to cut down the salary to a certain extent there must be some safe provision so that one who enters the service early enough must have the hope that at least before he retires he will get the maximum under that scale. Take the case of a Munsiff. The age limit fix d for a candidate to enter service as a Munsiff is 35. When he enters service at that age to get the maximum of Rs. 300 he has to serve for 30 years, according to the standardisation scheme i. e. at the rate of Rs 5 per annum. It is said that there may come leaps at certain stages.

Mr. E. P. Varghese: Suppose he gives his age as 30 when he is 35.

Mr. G. Narayana Aiyar: Then also he cannot get the maximum. Any how he will have to serve 30 years to get the maximum. Then what is the use of giving such a scale of pay. Should not a Munsiff aspire to get the maximum pay before he retires from service? As it is, he cannot hope for that. Take again the case of a clerk who starts on Rs. 20. It requires 35 years for him to reach the maximum of Rs. 70. That being the case, where is the incentive to work? This will further open the door for corruption. We can understand the Government reducing the pay of their subordinates The reduced maximum must be within reach, otherwise in the near future this may give room for much corruption and there will not be any incentive to work and the officers will be indifferent to their work.

Then, Sir, in the budget no funds have been set apart for co-operative education or propaganda work. A reference to the Devadhar Committee Report will convince everybody that the failure

of co operative societies is due to the want of co-operative education and propaganda. We see that the Government of India themselves have set apart Rs. 70,000 for co-operative work in the Madras Presidency. Besides this, the Madras Government have also set apart a sum of Rs. 30,000 for the same. Seeing the importance of the subject I submit, it is highly regrettable that no amount has been set apart for the purpose in our budget.

No attention is paid by Government for the revival of rural industries and rural uplift. No amounts have been allotted for these in the budget. A major portion of the amount set apart for public works is allotted for beautifying the town of Trivandrum. Nothing is set apart for rural uplift. Rural uplift means affording facilities for good drainage, drinking wells, development of cottage industries and other minor industries and improvement of roads in rural parts. If the head of the department cannot find time to travel through the rural parts and find out what are their absolute needs, the easier way to find them is by the creation of village panchayats under Regulation VII of 1100. I brought to the notice of this House last year during budget discussions that the attitude of Government in not establishing more village panchayats is unsatisfactory. If more panchayats are constituted they will look to the needs of the locality, inform Government of their wants and the Government can consider them. In this respect it is advisable to see what the sister State of Cochin has done so far as panchayats are concerned. With an income of about Rs. 96 lakhs, they have paid very great attention to the development of panchayats. I will read a portion from the last year's budget of the Cochin Government.

Village Panchayats. The allotment for the next year is fixed at Rs. 2,40,300 as against the revised estimate of Rs. 2,26,300. Of the increase of Rs. 14,000, an increase of about Rs. 10,000 is under 'Contribution to Village Panchayats' on account of increased allotments for Irrigation, and Sanitary improvements and the lump provision for establishing new Group Panchayat Courts. Under Administration, besides the usual allotments, additional provision has been made for the appointment of a Supervisor on Rs. 150-200 with a clerk and a peon.

It is interesting to note that there are now 86 panchayats serving 167 villages in the Cochin State. We have nearly 421 villages in our State and what is the number of village panchayats we have got? We have only six village panchayats.

Mr. A. Kumara Pillai: (*Secretary to Government*): Does the member know that people are not willing to have panchayats in this State?

Mr. G Narayana Aiyar : No. Certainly people will be quite willing.

Mr. A. Kumara Pillai : On the other hand they are not.

Mr G. Narayana Aiyar : I am not aware of that.

The object of the Government in introducing the Village Panchayat Regulation, as stated in the preamble itself, is to give the people local self-government as much as possible and it was with that idea that the Panchayat Regulation was passed. It was also urged more than once in this House that the opening of more panchayats is very advisable, but it is regrettable to find the indifferent attitude of Government in the matter.

There is no provision in the budget for additional fresh means of communication in mofussil parts. Government do not realise the difficulties of communication in the rural parts of the State.

Government are not fully alive to the economic distress prevailing in the rural parts. I will just mention one instance. Very recently a man who had a family consisting of three children finding himself unable to support himself and his children stood on the Muvattupuzha bridge and threw into the river his two children. When the last child was about to be thrown, those who stood on the river side ran up and caught hold of the child. Some persons who were bathing in the river saved the other two children. The man is in Muvattupuzha jail. This would convince the Government the nature of the acute distress that prevails in the rural areas. So far as Trivandrum town is concerned there are a large number of officers receiving decent salary and everything goes on smoothly. The workmen get proper occupation and they are able to pull on somehow or other. But the condition elsewhere is different. The officers of Government do not get into touch with the rural areas and ascertain the conditions there. It is very regrettable that the Government do not take a very liberal view of the situation. No provision has been made for relieving the economic distress of the tax-payers. School fees and tax have to be reduced much. I heard some officers of Government saying that Government are watching the situation. I cannot understand such a position. Has the economic depression ceased now? What was the state of affairs last year this time, and how does it compare with the situation now? This is quite unsympathetic on the part of the Government. The people in Trivandrum may not probably feel, as I said, the economic depression. It is only the mofussil people that feel it most. One way of getting over the famine is to give some work to the people by planning capital works. The necessity for

a railway from Kottarakara to Alwaye is a long felt one. If that scheme is started it will give work to a number of people. If the construction of a bridge over the Alwaye river which has been agitated for a long time is begun now, it may give relief to a number of workmen. It is in such times that the Government ought to undertake such schemes throughout the State instead of spending the whole amount in beautifying the Trivandrum town alone. This is a highly regrettable affair.

Last year in the Financial Secretary's speech we heard it said that the Travancore Sugars is encouraging but it is regrettable to find that no mention is made of the Travancore Sugars in this year's budget speech and we do not know even whether it flourishes or not. Mention was also made in the last year's speech that to give relief to the cocoanut cultivators, attempts were being made in Munro Island as to whether sugar could not be manufactured out of cocoanut jaggery. Why is it that Government keep silent over the matter without informing the public of the results of their experiment for which the public are anxiously waiting?

Then it is admitted in the Financial Secretary's speech that the Travancore Fisheries are an encouraging problem. Notwithstanding that announcement and notwithstanding the fact that one of the officers in the department was deputed for training in foreign countries and that officer has returned after training, I cannot understand why he should be placed under the Director of Agriculture. A separate department ought to have been created and this officer who has undergone training given absolute control over the department and allowed to work it profitably, rather than put him under the Director of Agriculture who has no special training regarding this. The Fisheries branch should have been established as a separate department in view of the immense possibilities for development.

With regard to Ayurveda I submit that more Ayurveda Vydiasalas in North Travancore are absolutely necessary. There are at present only three hospitals in the state as you see from the budget and their activites are confined to South Travancore and Central Travancore as far as Quilon. Probably for want of agitation on the part of the North Travancoreans, Ayurveda hospitals in North Travancore have not been opened. It is the duty of Government to see to the needs of the people and I hope that Government will bestow their earnest attentiou to the opening of Ayurveda hospitals in North Travancore.

Mr. A. N. Visvanatha Pillai: കൊല്ലത്തു ആയുൎവേദ ആശുപത്രി തുറന്നിട്ടുള്ളതു ഗവണ്മെൻറിൽ നിന്നല്ലെന്നു അറിയാമോ?

Mr. G. Narayana Aiyar: അറിയാൻ പാടില്ല.

Another point that I would bring to the notice of Government is with regard to the tranfer of officers. Government have to lay down specific rules as regards the transfer of their officers. In actual practice we see that certain departmental heads indulge in transferring officers most frequently and vexatiously for no reason. Unless Government fix a definite period for which an officer should remain in a station, the position of Government servants will be very difficult. They have got their children studying in schools and if they are transferred frequently, I submit, we are placing them in very serious difficulties. I may point out in this connection the case of one department. In regard to the Registration Department the House will be surprised to see that soon after the present Director took charge—I think it was in Kumbham this year—more than thirty Sub Registrars were transfered within two or three months and more than fifty head clerks were transferred from one end of the country to the other. What is the policy adopted here? I asked an interpellation on the floor of the House whether any minimum period was fixed for which an officer should remain in a particular station. It was answered that no minimum period was fixed. It is high time that a definite policy should be laid down at least in the Registration Department to prevent the heads of departments from their highhanded action in transferring their subordinates indiscriminately.

Mr. M. N. Narayana Menon: ഈ പ്രാവശ്യത്തെ ബഡ്ജററിനെ പരാമർശിച്ചു ഫിനാൻഷ്യൽ സെക്രട്ടറി നടത്തിയിട്ടുള്ള പ്രസംഗത്തിൽ നിന്നു രണ്ടു സംഗതി പ്രധാനമായി കാണാവുന്നതാണ്. അതിൽ ഒന്നു വരവിനെ കവിഞ്ഞു ചിലവുചെയ്യുന്നതിനുള്ള പദ്ധതികളും മറെറാന്നു കർഷകരാജ്യമായ ഇവിടെ വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമവുമാണ്. ഇതു രണ്ടും അഭിനന്ദിക്കേണ്ടുന്ന സംഗതികൾ തന്നെയാണ്. എന്നാൽ ഈ രാജ്യത്തിൻെറ നട്ടെല്ലായ കൃഷിക്കാരുടെ സ്ഥിതിയെ നന്നാക്കുന്നതിനു യാതൊന്നും തന്നെ ഇയ്യാണ്ടത്തെ ബഡ്ജററിൽ ചേർത്തു കാണുന്നില്ല. അവരുടെ സ്ഥിതി നന്നാക്കുന്നതിനു ബഡ്ജററിൽ കൂടുതൽ പണം നീക്കിവയ്ക്കേണ്ടതു് അത്യാവശ്യമായിരുന്നു. അങ്ങിനെ ചെയ്യാതിരുന്നതു ശരിയായില്ല. ഭൂനികുതി ഇനത്തിൽനിന്നും മൂന്നുലക്ഷം രൂപ അടുത്തവർഷത്തിൽ കൂടുതൽ പിരിഞ്ഞു കിട്ടുമെന്നു് ഫിനാൻഷ്യൽ സെക്രട്ടറി പ്രതീക്ഷിക്കുന്നു. ഇതിൽ പിഴയിനത്തിൽ കഴിഞ്ഞയാണ്ടിൽ ലഭിച്ചതു എഴുപത്തയ്യായിരം രൂപയായിരുന്നുവെങ്കിലും അടുത്തയാണ്ടിൽ എൺപതിനായിരം രൂപാ ഈവകയിൽ

ഈടാക്കാമെന്നാണ് അദ്ദേഹം പ്രതീക്ഷിക്കുന്നത്. കൃഷിയാവശ്യങ്ങൾക്കും മററുമായി കൃഷിക്കാൎക്കു കൃഷിവായ്പകൊടുത്തു വരുന്നുണ്ടെങ്കിലും അതുകൊണ്ടുള്ള ശരിയായ പ്രയോജനം അവൎക്കു സിദ്ധിക്കുന്നില്ല. കൃഷിവായ്പഇനത്തിലേക്കു ഒരു നല്ല സംഖ്യ ആണ്ടുതോറും കൊള്ളിക്കുന്നു എങ്കിലും അതിന്റെ പകുതിയോളം തന്നെകൊടുത്തുവരുന്നുണ്ടോ എന്നുള്ളകാൎയ്യം സംശയമാണ്. പുഞ്ചകൃഷിക്കാർക്ക് സ്പെഷ്യൽ ലോൺകൊടുക്കുന്നതിനായി ഒരു ലക്ഷം രൂപാ കൊള്ളിച്ചിരുന്നു എങ്കിലും ആ വിഷയത്തിൽ മുപ്പതിനായിരം രൂപയിൽ കൂടുതൽ കൊടുത്തിട്ടില്ലെന്നാണു തോന്നുന്നത്. വ്യവസായവായ്പകൾകൊടുക്കുന്നതിനായി അൻപതിനായിരം രൂപാ വെക്കാറുണ്ട്. എങ്കിലും അതിലേയ്ക്കു പതിനായിരം രൂപ കൊടുത്തിട്ടുണ്ടോ എന്നുള്ള കാൎയ്യം സംശയമാണ്. ഇതുപോലുള്ള സംഗതികളിലും കൃഷിക്കാരുടെ സംഗതികളിലും ഗവണ്മെന്റിന്റെ ശ്രദ്ധ ഈ തരത്തിലാണ് പതിയുന്നത് എന്നുള്ളതു എടുത്തുകാണിക്കാൻവേണ്ടി മാത്രമാണ് അവയെപ്പററി ഇത്രയും പറയുവാനിടയായത്. അധഃകൃതസമുദായത്തിന്റെ ഉന്നമനത്തിനായി പതിനായിരം രൂപ കഴിഞ്ഞ ബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്നു. രണ്ടരക്കോടിരൂപാവരവുള്ള ഈ രാജ്യത്തെ അധഃകൃതരുടെ ഉന്നമനത്തിനായി ചേൎത്തിരിക്കുന്ന ഈ തുക എത്രയോ തുഛമാണെന്നുള്ളതു പറയാതിരിക്കാൻ നിവൃത്തിയില്ല. ആ തുകയിൽനിന്നും നാലായിരം രൂപ ചിലവാക്കീട്ടുണ്ടോ എന്നുള്ളതും സംശയമാണ് അധഃകൃതസംരക്ഷകന്റെ ശമ്പളത്തോളമുള്ള തുകയെങ്കിലും അധഃകൃതോന്നമനത്തിനുവേണ്ടി ചിലവാക്കിയിട്ടില്ല. ഇങ്ങനെ നോക്കിയാൽ ഗവണ്മെന്റു ജനങ്ങൾക്കുവേണ്ടി വലത്തുകൈകൊണ്ടു കൊടുക്കുന്നതിനെ ഇടത്തുകൈകൊണ്ടു തിരിച്ചെടുക്കുന്നതുപോലെതോന്നുന്നു കൃഷിക്കാരായ സാധുജനങ്ങളുടെ കഷ്ടസ്ഥിതിയെ നന്നാക്കുന്നതിന് ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതാണ്. ഈ സംഗതികളെപ്പററി എന്റെ സ്നേഹിതൻ മി: കുഞ്ഞിത്തൊമ്മൻ വിവരമായി പറഞ്ഞിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഞാൻ പിൻതാങ്ങിക്കൊണ്ടു ആ ഭാഗങ്ങളെ വിടുന്നു. ഇന്നു നാം എവിടെ നോക്കിയാലും ഗ്രാമോദ്ധാരണവിഷയത്തിൽ ഗവണ്മെന്റുകളുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതായി കാണുവാൻ കഴിയും. ഏതു പരിഷ്കൃതഗവണ്മെന്റും ഗ്രാമോദ്ധാരണത്തിനുവേണ്ടി ധാരാളം പണം ചെലവുചെയ്തുവരുന്നുണ്ട്. ഈ സംഗതി ഇൻഡ്യാഗവണ്മെന്റി

[Mr. M. N. Narayana Menon.]

ൻെറ സവിശേഷമായ ശ്രദ്ധയിൽ പതിഞ്ഞിട്ട് അതിലേക്കായി ഒരു കോടി രൂപാ കഴിഞ്ഞയാണ്ടത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. അതുപോലെതന്നെ, ബ്രിട്ടീഷിൻഡ്യൻ പ്രാവിൻസുകളിലേയും പല നാട്ടുരാജ്യങ്ങളിലേയും ഗവമ്മെൻറുകൾ അവരവരുടെ രാജ്യത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ഈയിനത്തിൽ ധാരാളമായി പണം ചെലവുചെയ്തുകൊണ്ടിരിക്കുന്നു. തിരുവിതാംകൂറിലാകട്ടെ, ഗവമ്മെൻറിൻെറ ശ്രദ്ധ ഈ സംഗതിയിൽ അശേഷം പതിഞ്ഞുകാണുന്നില്ല. ഇത് ഒരിക്കലും ശരിയായിട്ടുള്ളതല്ല.

എൻെറ പല മാന്യസ്നേഹിതന്മാരും ദേവസ്വം ഡിപ്പാർട്ടുമെൻറിനെപ്പററി ഇവിടെ പ്രതിപാദിക്കയുണ്ടായി. ഞാൻ അവരുടെ അഭിപ്രായത്തോടെല്ലാം യോജിക്കുകതന്നെ ചെയ്യുന്നു. ൯൭ ലെ തിരുവെഴുത്തു വിളംബരം അനുസരിച്ചു ദേവസ്വം ഡിപ്പാർട്ടുമെൻറിലേക്കു പ്രതിവർഷം ൧൬ ലക്ഷംരൂപയിൽ കുറയാതെ കൊടുത്തുകൊള്ളാമെന്നു ഗവമ്മെൻറു സമ്മതിച്ചു. അതിൽനിന്നും കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി വളരെ കുറഞ്ഞ ഒരു തുകയാണു കൊടുത്തുവരുന്നത്. ഇതും ശരിയായിട്ടുള്ള ഒരു നയമല്ല. ഞങ്ങൾക്കുതന്ന കഴിഞ്ഞയാണ്ടത്തെ റിപ്പോർട്ടിൽ നിന്നും, ഈ ഡിപ്പാർട്ടുമെൻറിലേക്കു ൧൨ ലക്ഷം രൂപായിൽ കൂടുതൽ ചെലവു വരുത്തിവച്ചിട്ടുള്ളതായി കാണുന്നുണ്ട്. ൧൪൦-ൽ അധികം മേജർ ദേവസ്വങ്ങളും ൩൪൦ ൽ അധികം മൈനർദേവസ്വങ്ങളും ൧൦൦൦-ൽ അധികം പെററി ദേവസ്വങ്ങളുമാണ് ഇവിടെയുള്ളത്. ഇതിനുപുറമെ എത്രമാത്രം ദേവസ്വങ്ങൾ ഉണ്ടെന്നു ഇതുവരെയും അറിയാൻ ഇടവന്നിട്ടില്ല. മേജർദേവസ്വങ്ങളിൽ ഒന്നുപകുതിപോലും പരിഷ്കരിച്ചിട്ടില്ല. മൈനർദേവസ്വങ്ങളെ പരിഷ്കരിക്കാൻ തുടങ്ങിയില്ല. പെററിദേവസ്വങ്ങളെപ്പററി ആലോചിച്ചിട്ടു പോലുമില്ല. ഈദേവസ്വങ്ങളെ എല്ലാം പരിഷ്കരിച്ചു കഴിയുമ്പോൾ അവയുടെ ചെലവു എവിടെ പോയി നിൽക്കുമെന്നു നിശ്ചയമില്ല. അതിനാൽ ദേവസ്വങ്ങളിൽ നിന്നു വല്ല മിച്ചവുമുണ്ടെങ്കിൽ, അതു സംഭരിച്ചു വച്ചുകൊണ്ടു പിന്നീടു കൂടുതൽ ചെലവു വേണ്ടിവരുമ്പോൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഇന്നത്തെ ദേവസ്വം പതിവു ആയിരമാണ്ടിനു മുൻപ് ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഒരു പറനെല്ലിനു നാലുപക്കവും ഒരു നാളികേരത്തിനു നാലുകാശും ആയിരിക്കും ദേവസ്വം പതിവിൽ കാണുക.

സാമ്പത്തികാധഃപതനം മൂർദ്ധന്യതയെ പ്രാപിച്ചിരിക്കുന്ന ഈ കാലത്തും ഈ വിലക്കു ഈ സാധനങ്ങൾ കിട്ടുകയില്ലെന്നു നമുക്കെല്ലാവർക്കുമറിയാം. ഇങ്ങനെ ദേവസ്വം പരിഷ്കാരം കൂടുതൽ ചെലവു വരുത്തുമെന്നു അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. കൂടുതൽ ചെലവു വരുമ്പോൾ ഒരു പൈപോലും കൂടുതൽ കൊടുക്കാൻ പാടില്ലെന്നു ഗവർമെൻറു പറഞ്ഞേക്കാൻ ഇടയുണ്ട്. അതിനാൽ കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങളിലേക്കു ൩൯ ലക്ഷം രൂപവീതം അടങ്ങത്തക്കവണ്ണമുള്ള സംഖ്യ നോക്കി ഗവർമെൻറു എടുത്തതുക മുഴുവനും തിര്യേ ദേവസ്വം ഡിപ്പാർട്ടുമെൻറിലേക്കു കൊടുക്കണമെന്നാണു എനിക്കു ഇവിടെ പറയുവാനുള്ളതു്. ദേവസ്വത്തെ സംബന്ധിച്ച് ൧൯൨൯ ഒക്ടോബർ ൨൫-ാം ഗവർമെൻറു പാസാക്കിയ റിപ്പോർട്ടിൽ ദേവസ്വം വകക്കു ഗവർമെൻറു ഒരുകോടി രൂപായിൽ കുറയാതെ കൊടുക്കാനുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഇക്കൊല്ലം ഒരു പുതിയ പരിഷ്കാരം വരുത്തിക്കാണുന്നതു സന്തോഷകരംതന്നെ. അതായതു ആണ്ടുതോറും ഡയറക്ടരുടെ ശമ്പളംവകക്കു ചെലവു ചെയ്തുവന്നിരുന്നതു ഇരുപത്തായ്യായിരത്തിൽ ചില്വാനം രൂപയാണ്; ആയതുകയിൽനിന്നും കുറച്ചും, എന്നാൽ കാര്യക്ഷമതക്ക് ഹാനിക്രുടാതെയും ജോലിചെയ്യാൻ സർവീസിൽനിന്നും തന്നെ ഒരാളിനെ നിയമിച്ചതു അഭിനന്ദനീയമാകുന്നു. സർവ്വീസിലുള്ളവർക്കു പ്രോത്സാഹനം നൽകുക എന്നുള്ളതു ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിനു കൂടുതൽ പ്രയോജനകരമാകുന്നു.

വിദ്യാലയങ്ങളിലെ ഫീസു വർദ്ധിപ്പിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളതായി ബഡ്ജററിൽ കാണുന്നു. സാമ്പത്തികാധഃപതനത്തിനു യാതൊരു മാററവും വന്നിട്ടില്ലാത്ത സ്ഥിതിക്കു യാതൊരു കാരണവശാലും ഫീസ് കൂട്ടരുതെന്നു മാത്രമല്ല, കഴിഞ്ഞയാണ്ടിൽ വാങ്ങിച്ചുവന്നിരുന്ന ഫീസിൽനിന്നും ഒരു ശരിയായ ഭാഗം ഇളവുചെയ്തുകൊടുക്കയും കൂടി ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

പിന്നീടു ലൈബ്രറി പ്രസ്ഥാനത്തെപ്പററിയും രണ്ടുവാക്കു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ ആണ്ടിൽ ഇതിനെപ്പററി ഞാൻ സവിസ്തരം പ്രസ്താവിച്ചിരുന്നു. അതിൻെറ ഫലമായിട്ടോ എന്തോ ഇപ്പോൾ ഈ വകക്കു കുറെ രൂപാ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിദ്യാഭ്യാസവകുപ്പിനുവേണ്ടി ഇവിടെ ൫൦ ലക്ഷം രൂപയോളമാണ് ചെലവുചെയ്തുവരുന്നതു്. എന്നാൽ ഡയറക്ടരുടെ ഒരു മാസത്തെ ശമ്പളത്തോളം വരുന്ന തുകപോലും ഗ്രാൻറായി വായനശാലകൾക്കു നൽ

[Mr. M. N. Narayana Menon.]

കന്നില്ലെന്നു പറയേണ്ടിവന്നതു പരിതാപകരമാണ്. ഇതാണ് ഞാൻ കഴിഞ്ഞയാണ്ടിലും പ്രസ്താവിച്ചതു്. ഏതായാലും ഒരു കുറഞ്ഞതുകയെങ്കിലും ഈ വകക്കായി ചേർത്തിട്ടുള്ളതിൽ ഞാൻ ഗവർമ്മെൻറിനെ അഭിനന്ദിക്കയും, എന്നാൽ എല്ലാ ഗ്രാമങ്ങളിലും ഓരോ വായനശാലകളുണ്ടാകത്തക്കവണ്ണം ഒരുലക്ഷം രൂപായെങ്കിലും ഈ പ്രസ്ഥാനത്തിനായി മാററിവയ്ക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

മലയാളം സ്കൂൾ കെട്ടിടങ്ങളെപ്പററിയും അല്പമായി എനിക്കു പറയുവാനുണ്ട്. എൻെറ സമീപത്തുള്ള പല പ്രൈമറിസ്കൂൾ കെട്ടിടങ്ങളും വീഴാറായിരിക്കുന്നു. ഞാൻ ഇവിടെ വന്നശേഷം മല്ലപ്പള്ളി പ്രൈമറിസ്കൂൾകെട്ടിടം താഴെവീണുപോയി എന്നും, ദൈവാധീനംകൊണ്ടു ഒരു കുട്ടി മാത്രമേ മരിച്ചുപോയുള്ളു എന്നും പത്രങ്ങളിൽ വായിക്കയുണ്ടായി

Mr. C. V. Chandrasekharan : Is the member aware that the school under reference is an aided school and not a departmental school?

Mr. M N Narayana Menon : അതങ്ങിനെ ആണെന്നിരുന്നാലും അനേകം ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ ഇതേ നിലയിൽ താഴെ വീഴാറായിരുപ്പുണ്ടെന്നു ഞാൻ ഡയറക്ടരെ ചലഞ്ചു ചെയ്യുന്നു.

Mr. M. P. Madhavan Pillai : ഗവർമ്മെൻറിൽനിന്നും ഗ്രാൻറു കൊടുക്കുന്ന ഒരു സ്കൂളാണിതെന്നു മെമ്പർക്കു അറിയാമോ?

Mr. M N. Narayana Menon : ആയിരിക്കാം. ഇനി ഒരഞ്ചുകൊല്ലത്തേക്കു ഒരു ലക്ഷം രൂപാവീതം മലയാളം സ്കൂൾകെട്ടിടങ്ങൾ നന്നാക്കാനായി ഗവർമ്മെൻറു മാററിവയ്ക്കണമെന്നാണ് എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു്.

ഇനി കൃഷിഡിപ്പാർട്ടുമെൻറിനെപ്പററി വേണം പറയുവാൻ. ഈ രാജ്യത്തെ ജനങ്ങളിൽ അധികംഭാഗവും കൃഷിക്കാരാണെന്നുവരികിലും, കൃഷിഡിപ്പാർട്ടുമെൻറുകൊണ്ടു ഉദ്ദേശിക്കുന്നിടത്തോളമുള്ള ഫലം ജനങ്ങൾക്കു കിട്ടിവരുന്നില്ലെന്നു പറയേണ്ടതായിട്ടാണിരിക്കുന്നതു്. ഇതു് ഒരുപക്ഷേ മനസ്സിലാക്കീട്ടായിരിക്കാം, കൃഷി ബോർഡു് നടപ്പാക്കാൻ ഗവർമ്മെൻറു വിചാരിക്കുന്നതു്. ഈ ബോർഡിൻെറ പ്രവൎത്തനം ഞങ്ങൾ വളരെ ശ്രദ്ധയോടുകൂടി നോക്കിക്കൊണ്ടിരിക്കും. ഏതായാലും ഈ സംഗതിയിലുള്ള ഗവർമ്മെൻറിൻെറ സദുദ്ദേശത്തെ അഭിനന്ദിക്കതന്നെ ചെയ്യുന്നു.

വ്യവസായ ഡിപ്പാർട്ടുമെൻറിലും കൃഷിഡിപ്പാർട്ടുമെൻറിനെ അനുകരിച്ചു ഒരു ബോർഡുണ്ടാക്കേണ്ടതായ ആവശ്യമുണ്ട്. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ ജനങ്ങളെക്കൂടി രാജ്യഭരണത്തിൽ ഭാഗഭാക്കുകളാക്കാൻ ആലോചിക്കുന്നതായി കാണുന്നുണ്ട്. ഈ അവസരത്തിൽ കൊച്ചിയെപ്പററിക്കൂടി രണ്ടുവാക്കു പറയേണ്ടതായിട്ടിരിക്കുന്നു. നമ്മുടെ ഗവണ്മെൻറിനേക്കാൾ കൊച്ചി ഗവണ്മെൻറു ജനപ്രതിനിധികളെ കൂടുതൽ വിശ്വസിക്കുന്നു. കൊച്ചി തുറമുഖത്തെപ്പററി തിരുവിതാംകൂർ ഗവണ്മെൻറു ഇതുവരെ എന്തുചെയ്തു എന്നുള്ളതിനെപ്പററി ജനങ്ങളോടു പറയാതിരിക്കത്തക്കവിധത്തിലുള്ള ഒരവിശ്വാസം ഗവണ്മെൻറു പ്രകടിപ്പിക്കുന്നതായി തോന്നിപ്പോകുന്നു. കൊച്ചി ദിവാൻജിയുടെ പ്രസംഗത്തിൽനിന്നാണ് തുറമുഖകാര്യം ഞങ്ങൾ മനസ്സിലാക്കിയതു്. അതുപോലെതന്നെ മൈസൂർ ദിവാൻജിയുടെപ്രസംഗത്തിൽനിന്നാണ് ഇൻഡ്യൻ ഫെഡറേഷനെ സംബന്ധിച്ചുള്ളവിവരങ്ങൾ ഞങ്ങൾ ധരിച്ചതു്. ഇങ്ങനെ ജനപ്രതിനിധികളെ വിശ്വാസമില്ലാതെ ചെയ്യുന്ന ഗവണ്മെൻറിൻെറ പ്രവൃത്തികളെ ഒരിക്കലും അഭിനന്ദിയ്ക്കാൻ നിവൃത്തിയില്ല. ഏററവും വിദ്യാഭ്യാസമുള്ള ഒരു രാജ്യമാണിതെന്നു നമ്മുടെഗവണ്മെൻറു തന്നെ അഭിമാനിക്കുന്നു. ആ സ്ഥിതിക്കു ജനങ്ങളുടെ ആലോചനയോടുകൂടി ഗവണ്മെൻറു മുന്നോട്ടു പോയാൽ തീർച്ചയായും കൂടുതൽ വിജയമുണ്ടാകും.

വ്യവസായവിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ കൂടുതൽ പതിഞ്ഞിരിക്കുന്നതു അഭിനന്ദനീയംതന്നെയെന്നിരുന്നാലും ഗവണ്മെൻറു തുടങ്ങിയിട്ടുള്ള പല വ്യവസായങ്ങളും ഏതു നിലയിൽ ഇരിക്കുന്നുഎന്നും ഗവണ്മെൻറു കാര്യമായി ചിന്തിക്കണം. റബ്ബർഫാക്ടറിയിൽനിന്നും അടുത്തകൊല്ലത്തേക്കു അൻപതിനായിരംരൂപാ കിട്ടുമെന്നാണ് ബഡ്ജററിൽ കാണുന്ന പ്രതീക്ഷ. ജനങ്ങൾ വളരെ സന്തോഷത്തോടുകൂടി അടുത്തയാണ്ടവസാനംവരെ നോക്കിയിരിക്കും. എന്നാൽ ഇതിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധയോടുകൂടി പ്രവർത്തിയ്ക്കണം എന്നാണ് ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു്.

പൊതുമരാമത്തു ബഡ്ജററിനെപ്പററി പറയുകയാണെങ്കിൽ, വാസ്തവത്തിൽ ഇതു തിരുവിതാംകൂറിലെ ബഡ്ജററു തന്നെയോ അതോ തിരുവനന്തപുരം ബഡ്ജറേറാ എന്നുസംശയിക്കേണ്ടിയിരിക്കുന്നു. ൯൫.൧൦ ലക്ഷം രൂപാ ഏതാണ്ടു ഒരുകോടിയോടടുത്ത ഒരു തുക പൊതുമരാമ

[Mr. M. N. Narayana Menon.]

ത്തുകൾക്ക തിരുവിതാംകൂർ ഗവൺമെൻറു ചെലവാക്കുന്നു എന്നു പറഞ്ഞാൽ ആരാണ് അതിശയിക്കാതിരിക്കുക?

ഇതിനെപ്പററി ഒന്നുകൂടി ചിന്തിക്കാം. നൂതന റോഡുകൾക്കായി ഇതിൽ ചേർത്തിട്ടുള്ളതു ഒരുലക്ഷത്തിനാല്പത്തേഴായിരത്തിൽ ചില്വാനം രൂപയാണ്. ഈ ക്ഷാമകാലത്തു, സാമ്പത്തികാധഃപതനകാലത്തു, സാധുക്കൾക്കു രക്ഷനൽകാനുള്ള ഏകമാർഗ്ഗം അവർക്കു വേലകിട്ടത്തക്കവണ്ണവും സഞ്ചാരസൌകര്യം വർദ്ധിപ്പിക്കത്തക്കവണ്ണവുമുള്ള ജോലികൾ നടത്തുകയാകുന്നു. ഇതിലേയ്ക്കായി നീക്കിവച്ചിട്ടുള്ളതുക ആകെ ചിലവാക്കാനുദ്ദേശിക്കുന്ന തുകയുടെ തുച്ഛമായ ഒരംശംമാത്രമാണ്. ഇതിൽ അധികവും ചിലവാക്കാൻ വിചാരിക്കുന്നതു കൂടുതൽ റോഡുകൾ ഉള്ള ഭാഗത്താണ്. വടക്കൻ തിരുവിതാംകൂറിൽ ഇതിലേയ്ക്കായി അനുവദിക്കുന്ന തുക കുറഞ്ഞു കുറഞ്ഞു വരുന്നു. കോട്ടയം ഡിവിഷനിലേക്കനുവദിച്ചിട്ടുള്ള തുക ൧൬,൦൦൦ രൂപ മാത്രമാണ്. ഇവിടെ ഇരുപത്തിനാലു കൊല്ലം മുമ്പു ദിവാൻജിയായിരുന്ന സർ. പി. രാജഗോപാലാചാര്യർ തിരുവിതാംകൂറിലെ നാനാഭാഗങ്ങളും സഞ്ചരിച്ചുകണ്ടശേഷം രാജ്യത്തു റോഡിൻെറ കുറവു മനസ്സിലാക്കി അതു ശരിപ്പെടുത്തുന്നതിനു ഒരു പദ്ധതിയുണ്ടാക്കി അതനുസരിച്ച് മേലാൽ ജോലിചെയ്യണമെന്നു തീരുമാനിച്ചു. അദ്ദേഹം ൧൧ റോഡുകൾ ആണ് പ്രധാനമായിട്ടെടുത്തത്. അവയിൽ ചിലതു ഇന്നും തീരാതെ കിടപ്പുണ്ട്. അവ കോട്ടയം ഡിവിഷനിലാണ്. ഇതിനെസംബന്ധിച്ച് ഒരു ശരിയായ വ്യവസ്ഥയില്ലാത്തതു നിമിത്തം രാജ്യത്തു ഒരുഭാഗത്തു ജനങ്ങൾ സഞ്ചാരസൌകര്യമില്ലാതെ വിഷമിക്കുമ്പോൾ സ്വാധീനബലമുള്ള മററുള്ളവരുടെ കാര്യങ്ങൾ ഗവൺമെൻറു നിർവഹിച്ചുകൊടുക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ റോഡുബോർഡുള്ളതുപോലെ ഇവിടെയും ഒന്നുണ്ടായിരുന്നു. ഇപ്പോൾ അതു നിറുത്തിയിരിക്കയാണ്. അതിനാൽ ഒരു റോഡുബോർഡുണ്ടാക്കുകയോ അല്ലെങ്കിൽ ഇതിലേക്കു പ്രത്യേകം ഒരു എൻജിനീയരെ നിയമിക്കുകയോ ചെയ്തു ജനങ്ങളുടെ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കണം. ബ്രിട്ടീഷ് ഇൻഡ്യയിലെ റോഡുബോർഡും അതിലേക്കു എഞ്ചിനീയരും ഉണ്ട്. ആ എഞ്ചിനീയരുമായി ആലോചിച്ചു നമ്മുടെ റോഡു എഞ്ചിനീയർ ജോലി ചെയ്യണം.

ഇവിടെ പ്രധാനമായ പലപാലങ്ങളും തീരാനുണ്ട്. ആലുവാ പാലത്തിൻെറ ആവശ്യകതയെപ്പററി അധികമൊന്നും വിസ്തരിക്കേണ്ട ആ

വശ്യമില്ല. എന്നാൽ അതിനേക്കാളും പ്രാധാന്യമുള്ള ഒരു ചെറിയ പാലമാണ് തോട്ടപ്പള്ളിയിൽ തീരേണ്ടതു്. അതു തീർന്നാൽ കന്ന്യാകുമാരിമുതൽ കടലോരംവഴി രാജ്യത്തിന്റെ വടക്കെ അറ്റത്തിവരെ സഞ്ചരിക്കാൻ സാധിക്കും. ഇങ്ങനെയുള്ള പലപ്രധാനപ്പെട്ട സംഗതികളും നിസ്സാരമായിട്ടുതിള്ളുന്നതു ഒരുസ്ഥിരമായ നയം ഇല്ലാത്തതുകൊണ്ടാകുന്നു. അതിലേക്കു ഒരു എഞ്ചിനീയർ ആവശ്യംതന്നെ.

വടക്കൻ ഡിവിഷനിലെ സഞ്ചാരസൌകര്യത്തെപ്പററി പറയുന്ന അവസരങ്ങളിലെല്ലാം കൊട്ടാരക്കരമുതൽ ആലുവാവരെയുള്ള റയിൽവേയുടെ ആവശ്യത്തെപ്പററിയും ഞങ്ങൾ പ്രസ്താവിക്കാറുണ്ട്. സാമാനങ്ങളുടെ വിലക്കാവുകൊണ്ടും ചുരുങ്ങിയ കൂലിക്കു വേലക്കാരെ കിട്ടുമെന്നുള്ളതിനാലും ഈ റയിൽവേപണി തുടങ്ങാൻ ഏററവും പററിയ അവസരം ഇതാണ്. വിശേഷിച്ചും കൊച്ചി തുറമുഖം അഭിവൃദ്ധിപ്പെട്ടുവരുന്ന സ്ഥിതിക്കു ഈ റെയിൽവെസംഗതി നടപ്പാക്കിയാൽ നമ്മുടെ ഉൾനാടുകളിലെ സാമാനങ്ങൾ അങ്ങോട്ടു കൊണ്ടുപോകുന്നതിനും ജനങ്ങൾക്കു യാത്ര ചെയ്യുന്നതിനും കൂടുതൽ സൌകര്യം കിട്ടുമെന്നുള്ളതിൽ സംശയമില്ല; അങ്ങിനെ ചെയ്യേണ്ടതുമാണ്. അതിനാൽ ഈ വിഷയത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

പരസ്പരസഹായസംഘങ്ങളെ സംബന്ധിച്ചും രണ്ടു വാക്കു പറയുവാൻ ഞാൻ നിർബന്ധിതനായി തീർന്നിരിക്കുന്നു. ഇന്നലെദിവസം മുഴുവനും ഈസഭ ഇതിലേക്കായി ചെലവാക്കി. ഇതിനുമുൻപു ഒരുദിവസം അസംബ്ളിയിലും ഇതിനെസംബന്ധിച്ച വാദപ്രതിവാദംനടന്നു. ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം വിടണമെന്നും മററും ചിലർ ഇവിടെ പറയുകയുണ്ടായി. അതു സംഘങ്ങൾ നന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി പറഞ്ഞതാണ്. എന്നാൽ ഈ അവസരത്തിൽ ഇവിടെ ഒരു ഉദാഹരണം പറയുന്നതു ഒട്ടും അസ്ഥാനത്താകാൻ തരമില്ല. എൺപതിനായിരം രൂപായോളം പിരിച്ചെടുത്ത അദ്ധ്യാപകസംഘം ഇപ്പോൾ പിരിച്ചുവിടാനായി ഉത്തരവുണ്ടായിരിക്കുന്നു. ഇതു തെററാണ്. വിദ്യാഭ്യാസ ഡയറക്ടർ എന്തുകൊണ്ട് ഇതിന്റെ പ്രസിഡൻറായിരുന്നുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഡയറക്ടർ പ്രസിഡൻറായിരുന്നാൽ ഇതു പിരിച്ചുവിടണമെന്നുള്ള ആലോചനക്കിടവരികയില്ലായിരുന്നു. ഇതിനെപ്പററി ഗവൺമെൻറു ഒന്നുകൂടി ചിന്തിക്കേണ്ടതാണ്. അനുദ്യോഗസ്ഥന്മാർ വേണ്ടതരത്തിൽ സഹകരിക്കുന്നില്ലാ എന്നു സഹകരണഡിപ്പാർട്ടുമെൻറധി

[Mr. M. N. Narayana Menon.]

കാരി പറയുന്നുണ്ടു്. അവർ ഏതു തരത്തിലാണു് സഹകരിക്കേണ്ടതു്? പ്രൈമറിസംഘങ്ങളെ വർദ്ധിപ്പിക്കുന്നതിനും നന്നാക്കുന്നതിനും ചുമതലപ്പെട്ടിരിക്കുന്ന സൂപ്രവൈസിംഗ് യൂണിയനു നല്കിവന്നിരുന്ന ഗ്രാന്റു ൪,൦൦൦ രൂപയിൽനിന്നു ക്രമേണ കുറച്ചു കുറച്ചു ഈയാണ്ടിൽ ൩,൫൦൦ രൂപയാക്കിയിരിക്കയാണു്. അടുത്തവർഷം മൂവായിരം മാത്രം. ഇതു് ഒരിക്കലും ശരിയായ ഒരു നയമല്ല. ഗവൺമെൻറു പല സംഗതികളിലും അലസതാഭാവം കാണിക്കുന്നുണ്ടു്. അതിൽ ഒന്നുരണ്ടു സംഗതി ഞാൻ ഇവിടെ എടുത്തുപറയാം. ഞങ്ങൾ ഇവിടെ പല ഡിപ്പാർട്ടുമെൻറുകളെയുംപറ്റി വിമർശനം ചെയ്തുകഴിഞ്ഞു. ൧൧൦൯-ലെ ഭരണറിപ്പോർട്ടു ഞങ്ങൾക്കു കാലേകൂട്ടി കിട്ടുന്നില്ല. ശരിയായി പറയുകയാണെങ്കിൽ ൧൧൦൯-ലെ ഭരണറിപ്പോർട്ടു ൧൧൧൦ കർക്കടകം ൨൨-ാനു-യാണു് ഞങ്ങൾക്കു കിട്ടിയതു്.

Mr. E. P. Varghese : കഴിഞ്ഞ കൌൺസിലിലെ പ്രൊസീഡിംഗ്സ് കിട്ടിയിട്ടുണ്ടോ?

Mr. M. N. Narayana Menon : അതിനെപ്പറ്റിയാണു് ഞാൻ രണ്ടാമതു പറയുവാൻ ഭാവിക്കുന്നതു്.

Mr. J. John Kattakayam : പ്രസംഗം കഴിഞ്ഞാൽ നാലു ദിവസത്തിനകം അച്ചടിച്ചുതരണം എന്നു റൂൾ ഉണ്ടോ?

Mr. M. N Narayana Menon : എന്റെ സ്നേഹിതൻ എനിക്കു പറഞ്ഞ മറുപടിതന്നെയാണു് ഞാനും പറയുന്നതു്; അതായതു എന്റെ പരിമിതമായ സമയം എടുക്കരുതു്. (ചിരി)

ഈ കൌൺസിലിൽതന്നെ ഒരാഴ്ചക്കകം റിപ്പോർട്ടു കിട്ടിക്കൊണ്ടിരുന്ന അവസരവും ഉണ്ടായിരുന്നു. നമ്മുടെ കാര്യമോ ഇങ്ങനെ. ഇനി ഗവൺമെൻറിന്റെ കാര്യം നോക്കാം. വളരെനാൾ ഗവൺമെൻറു സർവീസിലിരുന്നു മരിച്ചുപോയ ആളുകളുടെ സന്താനങ്ങൾക്കും മററും ഗവൺമെൻറു വാഗ്ദാനം ചെയ്തിട്ടുള്ള ഗ്രാറ്റുവിററി ആറുമാസത്തിനകം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടു്. എന്നാൽ രണ്ടുകൊല്ലമായിട്ടും കൊടുക്കാത്തതായ കേസുകൾ ഉള്ളതായിട്ടു് കാണുന്നു. ഗവൺമെൻറിന്റെ കാര്യംതന്നെ ഇങ്ങനെ ആണെങ്കിൽ ജനങ്ങളുടെ കാര്യത്തെപ്പററി പറയാനുണ്ടോ?

Mr. V. S. Arumukham Pillai : (*Tovala* cum *Agastisvaram*) : Sir, whatever might be said of our financial policy the budget really marks a turning point. For the first time our Government have come forward with an open declaration of their financial policy and again for the first time they have accepted the principle that the capital and commercial undertakings must be met only from borrowed capital, and that the reserves belonging to the tax payers must be paid to them in the shape of social amenities and other nation-building activities.

Now, what is the financial policy that has been declared by our Government ? The Financial Secretary in his speech says that in the past our Government had been very conservative, cautious and timid and that now they could no longer continue to be like that. He says that the State has to enlarge its activities by embarking upon big capital and commercial undertakings. Before commenting upon this deviation in the financial policy of our Government, it is highly necessary for us to know exactly what our present financial position is.

In the first place, Sir, I beg to submit that the utmost possible limit of taxation has been reached even some years ago ; and the Government cannot dream of adding a single pie to the existing burden of taxes. On the other hand, this is a time when taxes have to be reduced considerably. Government cannot be unaware of the universal demand from the tax payer for such reduction of tax. Sir, the tax-payer is not able to pay the tax since his income has gone down very much and he has become very poor.

Sir, in spite of such accute economic distress, in spite of the utter inability of the tax-payer to pay the taxes, Government have been increasing their expenditure by leaps and bounds, as can be seen by a comparison of the figures for the year 1107, 1108 and and 1109.

			Lakhs.
In the year	1107,	the expenditure was	Rs. 218·9
...	1108	...	Rs. 217·91
...	1109	...	Rs. 240·04

Another remarkable feature of our finances has been the gradual and steady utilisation of our reserve fund. Here again, a perusal of the budgets for 1109 and 1110 will show that large amounts have been drawn from the reserve fund ; and, for 1111 also it is proposed to draw about Rs. 50 lakhs from the reserve fund.

[Mr. V. S. Arumukham Pillai.]

Another noteworthy feature is the gradual increase of our liabilities and decrease of the balance.

			Lakhs.
In 1107, our liabilities amounted to		Rs.	235·96
1108,	,,	,,	268·06
1109,	,,	,,	191·33
In 1107, the closing balance was		,,	122·84
1108,	,,	,,	119·74
1109,	,,	,,	117·03

Sir, these figures clearly show that the distinctive feature of our finances during the last four or five years has been enormous increase in expenditure, enormous absorption of the reserve fund, enormous increase in liabilities and enormous decrease in the Government Balance Account. We see from the Financial Secretary's speech that at the end of 1111 the balance would be Rs. 90·35 lakhs. Sir, that is our financial position. Unquestionably, it is unsound and unstable. But Government do not seem to have realised the seriousness of the situation, as is made clear by their budgets for the years 1109, 1110 and 1111. Sir, the budget for 1109 showed a surplus. The same was the case in 1110 also. And, the budget for 1111 also, according to the Financial Secretary's speech, if the extraordinary items of expenditure are left out of account, is to end in a surplus. Sir, what is the meaning of a surplus budget? After all, was it really a surplus budget that we had in the year 1109 or in 1110? Does a surplus budget mean increase in annual expenditure, increase in liabilities, enormous drain from the reserve fund and substantial reduction in the Government balance account? In the circumstances, Sir, where is the justification in saying that we have been having a surplus budget?

I would like to draw the pointed attention of the Government to the very dangerous policy of drawing from the reserves. It is very unsound and unwise. It is a clear indication of poverty and financial instability. The absorption of the reserve fund can be justified only in one instance, Sir, namely, for granting relief to the agriculturists.

Mr. Kochikal P. Balakrishnan Tampi: Is it in the nature of a categorical imperative in political economy that the member advances that theory?

നെടുമങ്ങാട്ട് നെയ്യാററിൻകര എന്നീ താലൂക്കുകളിലെ മലമ്പനി ബാധിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതായത് കുന്നത്തുകാൽ, പെരുങ്കടവിള, ഒററശേഖരമംഗലം, വീരണകാവ് മുതലായ സ്ഥലങ്ങളിലുള്ള കൃഷിക്കാർ എല്ലാവരും സുഖക്കേടായി കിടക്കുന്നതുകൊണ്ടു അവർക്കു ഈ ആണ്ടിലും അടുത്തയാണ്ടിലും കൃഷി ചെയ്യുവാൻ സാധിക്കുകയില്ലെന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ടു സുഖക്കേടു നിമിത്തം കൃഷിചെയ്യുവാൻ സാധിക്കാതെ വന്നിട്ടുള്ളവരധിവസിക്കുന്ന പ്രദേശങ്ങളിൽ ഈ കൊല്ലവും അടുത്ത കൊല്ലവും ഉള്ള കരം മുഴുവനും ഇളവു ചെയ്തു കൊടുക്കണമെന്നാണ് എനിക്കു ഗവണ്മെന്റിനെ ധരിപ്പിക്കുവാനുള്ളതു. അങ്ങിനെ ചെയ്യാത്തപക്ഷം കർഷകരെല്ലാം നാടുവിട്ടു പോകുന്നതിനു ഇടയാകുന്നതാണ്. അങ്ങിനെ നാടുവിട്ടു പോകുവാൻ തന്നേയും അവർക്കു ശക്തിയുണ്ടോ എന്നു സംശയമാണ്. നെയ്യാററിൻകരയും നെടുമങ്ങാട്ടും പനി പിടിപെട്ട പ്രദേശങ്ങളിലുള്ള ആളുകൾ ആബാലവൃദ്ധം ഭിക്ഷതെ

ണ്ട। ടൌണുകളിൽ നടക്കുന്നതു് കാണുവാൻ ഇടയായിട്ടുണ്ടു്. ഇതിനു മുമ്പു ഒരിക്കലും ഇങ്ങിനെ കാണുന്നതിനു ഇടവന്നിട്ടില്ല. അതു കൊണ്ടാണു അവരുടെ കരം മുഴുവനും ഇളവു ചെയ്തു കൊടുക്കണമെന്നു ഞാൻ പറയുന്നതു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു വസ്തുക്കൾ ലേലം ചെയ്യുന്നതു സംബന്ധിച്ചാണു്. പട്ടയക്കാരന്റെ പേരു തണ്ടപ്പേരിൽനിന്നും നോക്കി ആ പട്ടയക്കാരനാണു് ലേലനോട്ടീസു് കൊടുത്തുവരുന്നതു്. നോട്ടീസിൽ പറയുന്ന വസ്തു പട്ടയക്കാരൻ ഒറ്റി കൊടുത്തിരിക്കും, ഈടു കൊടുത്തിരിക്കും. ഒറ്റിക്കാരനോ ഈടുകാരനോ ഈ നോട്ടീസിനെപ്പറ്റിയോ ലേലസംഗതിയെപ്പറ്റിയോ അറിയുന്നതേയില്ല. ലേലം ചെയ്യുന്ന വിവരം ഗസററിൽ പരസ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധാരണയായി എല്ലാവരും ഗസററു വായിച്ചു എന്നു വരുന്നതല്ല. ഒടുവിൽ വസ്തു മററു വല്ലവരും ലേലത്തിൽ പിടിച്ചു കൊണ്ടു പോകും. ഈടുകാരൻ വ്യവഹാരപ്പെടുമ്പോഴാണു ലേലത്തിന്റെ സംഗതിയും മററും മനസ്സിലാകുന്നതു്. ഒറ്റിക്കാരനു ഒറ്റി അത്ഥവും ഈടാക്കുവാൻ സാധിക്കാതെ വരുന്നു. അതു കൊണ്ടു ഒറ്റിക്കാർക്കും ഈടുകൊടുത്തിട്ടുണ്ടെങ്കിൽ അവർക്കും കൂടി ഡിമാന്റു് നോട്ടീസു് അയച്ചതിനുശേഷം വേണം വസ്തു ലേലത്തിനു വെക്കുവാൻ എന്നാണു് എന്റെ അഭിപ്രായം. രണ്ടാമതായി, ഒരു ജന്മിക്കു ൧൦൦ രൂപാ കരം തീരുവ ഉണ്ടായിരിക്കും. അയാളുടെ ഒരു വസ്തു ഒറ്റിക്കാരന്റെ കൈവശവും ഉണ്ടായിരിക്കും. ഈ ഒറ്റിക്കാരന്റെ കൈവശമുള്ള വസ്തുവിനു ഒരു രൂപായെ കരം ഉണ്ടായിരിക്കുകയുള്ളു. ജന്മി സ്ഥലം പാവ്യ്ക്കാരെ സ്വാധീനപ്പെടുത്തി ജന്മിയുടെ കരക്കുടിശിഖക്കു മുഴുവനുംകൂടി ഈ ഒറ്റിക്കാരന്റെ വസ്തു ലേലത്തിനുവെച്ചു ലേലത്തിൽ എടുക്കാൻ ശ്രമിക്കുന്നു. പട്ടയക്കാരന്റെ മുഴുവൻ കരത്തിനും വേണ്ടി ആ വസ്തുവിനെ ലേലത്തിൽ വിൽക്കുന്നു. ചിലപ്പോൾ ഒറ്റിക്കാരൻ അതു അറിയാതെയും ഇരിക്കും. അതുകൊണ്ടു അതാതു വസ്തുവിലുള്ള കരം അതാതു വസ്തുവിൽനിന്നും തന്നെ ഈടാക്കുകയും, ജന്മിമാരുടെ കരക്കുടിശിഖ ഒരേ വസ്തുവിൽ നിന്നും തന്നെ ഈടാക്കി എടുക്കാതിരിക്കുന്നതിനു വേണ്ട ഏർപ്പാടുചെയ്യുകയും ചെയ്യേണ്ടതു അത്യാവശ്യമാണു്.

Mr. K. George: ഈ ബാദ്ധ്യതകളെ പററി പകതിക്കച്ചേരികളിൽ എങ്ങിനെ അറിയാൻ സാധിക്കും?

Mr. N. K. Padmanabha Pillai: അതു രജിസ്തർ കച്ചേരിയിൽ രജിസ്തർ ചെയ്യുമ്പോൾ തന്നെ ഒരു പകർപ്പു പകുതിക്കച്ചേരിയിൽ

[Mr. N. K. Padmanabha Pillai.]
ഏൎപ്പെടുത്തുന്ന ഫീസിനുള്ള ഫീസ് രജിസ്റ്റർ ഫീസിനോടുകൂടി ഈടാക്കുവാനുള്ള ഏർപ്പാടു ചെയ്താൽ മതിയാകും.

Mr. P. Padmanabhan Tampi. ഒററിക്കാരനോ ഈടുകാരനോ ഈ ബാദ്ധ്യതകളുണ്ടെന്നു റവന്യൂ ഡിപ്പാർട്ടുമെൻറിൽ അറിയിച്ചാൽ അവക്കു നോട്ടീസു കൊടുക്കരുതോ?

Mr N K. Padmanabha Pillai: അങ്ങിനെ അറിയിച്ചാൽ അവർക്കു നിശ്ചയമായും നോട്ടീസു കൊടുക്കേണ്ടതാണ്. പക്ഷെ പാർവത്യകാരന്മാർ മനഃപൂർവ്വമായും ചിലപ്പോൾ നോട്ടീസു കൊടുക്കാറില്ല. ലേലം പിടിക്കുന്നതു അധികവും പാർവത്യകാരുടെ സ്വന്തം ആളുകളുടെ പേരിലാണ്. ഓരോ സ്ഥലത്തുള്ള പാർവത്യകാരന്മാരും വലിയ ഗൃഹസ്ഥന്മാരായിരിക്കുന്നതിനുള്ള കാരണം അന്യരുടെ വസ്തുക്കളെ കൈവശപ്പെടുത്തുന്നതിനാലാണ്.

Mr. Kochikal P. Balakrishnan Tampi: ഉയന്ന തരത്തിൽ ഉള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പേരിലും വസ്തുക്കൾ ലേലത്തിൽ പിടിക്കുന്നതായി അറിയാമോ?

Mr. N. K. Padmanabha Pillai: അങ്ങിനേയും ഉണ്ടായിരിക്കും.

Mr. M. P. Madhavan Pillai: അതും നോട്ടീസ് നടത്തിയല്ലേ ലേലം ചെയ്യുന്നതു്?

Mr. N. K. Padmanabha Pillai : അതെ. എനിക്കു ഒരു സംഗതികൂടി പറയാനുണ്ട്. ഒററശ്ശേഖരമംഗലം പകുതിയിൽ എല്ലാവരും സുഖക്കേടായി കിടക്കുന്നു എന്നു തന്നെ പറയാം. ൧൧൦൮-ാംനു-ലെ ഗസററിൽ നാളെ അതായതു ൧൧൦൯-ാംനു- അവരുടെ അനവധി വസ്തുക്കൾ ലേലത്തിൽ വെച്ചിട്ടുള്ളതായി കാണുന്നു; അവർ ഇതെങ്ങിനെ അറിയും?

Mr. A. N. Visvanatha Pillai : ൧൧൦൫-ാംനു- നടത്തുന്ന ലേലത്തിനു ൧൧൦൧-ാംനു-ലെ ഗസററിൽ പരസ്യം ഉണ്ടായിരുന്നതായി അറിയാമോ?

Mr. N K. Padmanabha Pillai: അങ്ങിനെ കാണും. ഇതു ൧൧൦൯-ാംനു- ആണ് ലേലം. സകലരും സുഖക്കേടായി കിടക്കുന്നു. ആ സ്ഥിതിക്കു അവർ പണം എങ്ങിനെ കൊടുക്കും? ചില ഡിപ്പാർട്ടുമെൻറു മേധാവികൾ ഈ വാർത്ത അടിസ്ഥാനരഹിതമാണെന്നു പറഞ്ഞേക്കും. ഞാൻ പരമാർത്ഥമായി പറഞ്ഞിട്ടുള്ളതാണ്. ഒരു ഒററ ആൾ

ക്കപോലും സുഖമായിട്ടില്ല. അതു കൊണ്ടു ഈ ആണ്ടത്തേക്കും അടുത്ത ആണ്ടത്തേക്കും പനി പിടിപെട്ടിട്ടുള്ള സ്ഥലങ്ങളിൽ മുഴുവനും മററു ഭാഗങ്ങളിൽ പകുതിയും കരം ഇളവു ചെയ്തു കൊടുക്കേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു:

Mr. V. S. Arumukham Pillai: Sir, the land-tax now levied is a most unjust and oppressive one and I draw the attention of Government to the extreme necessity for a thorough reorganisation of the land revenue policy in the State. The land revenue is essentially a tax on things and not on persons and hence the right principle and the only principle recognised by all sound financiers is that the land tax must bear a just and equitable proportion to the economic rental or the net income of the land But that is not the principle followed. On the other hand the land tax now levied and realised is out of all proportion to the net income from the lands. In some cases, as in Nanjinad, the entire produce is taken away as land tax. Now I take this opportunity to draw the pointed attention of Government to the extreme necessity of inaugurating a re-survey and re-settlement operations in Nanjinad. Sir, Nanjinad is the chief rice producing centre in the State. There was a time when the whole State depended upon Nanjinad for its rice and whatever surplus the ryot had was sold to the Government and Government alone had the monopoly of it. You may remember how during the time of the great war, Government prohibited the sale of Nanjinad paddy to outside and how Government themselves controlled it. But all these things stand forgotten now and the Travancore politician thinks of his cocoanut and the Nanjinad cultivator is unfortunately left out of account. The Government are also indifferent about him. Instead of selling his paddy outside, a time has come for Nanjinad to depend upon Burma for its rice. That is the state of affairs in Nanjinad.

Sir, I am not unmindful of or ungrateful for the special mercies shown by our Government in the matter of remission of tax. But these things do not touch the fringe of the problem. A substantial relief by way of permanent reduction in land tax has to be thought of and that can only be achieved by a resettlement. I had on many occasions to place before the House this aspect of the matter and I have done so to the best of my abilities. Now again I emphasise that the land tax now levied in Nanjinad is extremely oppressive and the maximum tax per acre is Rs. 35 which is not obtaining anywhere under the sun. There have been complaints about this over-taxation and Government themselves have not denied it. Government admit that there is over-taxation, but the reply given is that these things will be considered at the time of

[Mr. V. S. Arumukham Pillai.]

re-settlement. It is not this over-taxation that is vexing us but the in-equality and partiality in the manner of it. I will compare Nanjinad with other taluks in the State. There is no taluk in the state which bears so much burden as Nanjinad. Again compare the position of the Nanjinad cultivator with that of the cocoanut grower. It is 50 years since the last settlement was over and during all this period, if we calculate the net profit of the rice cultivator and that of the cocoanut grower we can see that the difference is between 50 and 500 in the case of paddy and cocoanut cultivator, respectively. All this is on one acre of land. This partiality and inequality is most painful and the greatest illegality of all is that a portion of the tax levied and realised from Nanjinad is unjust and illegal. By illegality I mean not legally due from the ryots. That is realised from them on the basis of a wrong calculation committed by the Government in adjusting the para measurement in Nanjinad with the Kottah measurement. I have already pointed out this most convincingly to the honourable members of the House and to the Government. For the over-taxation and the excess taxation the reply given by the Government was that they would consider it at the time of the next Settlement. But that Settlement seems to be far off. If I remember right 2 years ago it was proclaimed that the Settlement would be started. But all that now stand forgotten. Perhaps the Government do not take this to be a serious question. They are more concerned with the Town Planning Scheme and the beautification of the capital. They are not concerned with the poverty stricken hungry ryots who have been contributing a large share to the revenues of the State all through these days of prosperity.

There are other matters which urgently require correction and reorganisation. For example in Nanjinad and other places land tax has been levied according to *tharam*. Lands have been classified according to various *tharams* and taxes levied differently for different *tharams*. Now it is found, as a matter of fact, that the land bearing the first *tharam* is less productive than the land bearing the last *tharam*. This requires reclassification. In several places lands have been irregularly converted and these converted lands have escaped the notice of Government and they are not paying the proper taxes but continue to pay the garden taxes. With regard to the garden taxes if the records in the Land Revenue Department are to be examined we will find that the trees that have been cut down and removed bear taxes even now while trees which have been planted and bearing fruits do not pay any tax. Such mistakes and serious errors can be settled only by a resettlement at the earliest possible opportunity.

Mr. K. N. Kesavan Namputiripad : Sir, in support of this motion I also wish to speak a few words. There is no doubt that the economic depression has hit hard all people and something to relieve their distress is necessary and the minimum that the Government can do is to reduce the tax. Government may say that only a few people would be benefited by the remission and the profit to each individual is inconsiderable. But a pie to the poor is as valuable as a sovereign to the rich. Therefore however small the amount may be by which each individual be benefited it is very considerable from his stand point. There is an impression that only the poor ryots are affected by the economic depression. It is a wrong notion. All people are equally affected. I may say that the jenmies are more affected by the economic depression than the ryots.

Mr. E. P. Varghese : May I know whether the jenmis are starving like other ryots ?

Mr. K. N. Kesavan Namputiripad : Yes, many of the jenmis are actually starving. The jenmis have to depend upon the ryots even for their livelihood. Since the ryots are in great depression they do not pay anything to the jenmis. After the passing of the present Regulation the jenmis do not get anything either from the tenant or from the Government. And many of the jenmies also have to pay big amounts by way of taxes. Therefore any remission in tax is welcome to the jenmis. In this connection I wish to bring to the notice of Government the great harm done to the jenmis by the order referred to by Mr. Narayana Aiyar. It seems that a private circular has been issued by the Land Revenue Commissioner to the taluk officers stating that the measurement of the para should be reduced from 800 inches to 640. In support of his Argument Mr. Narayana Aiyar has quoted some decisions of the High Court. I may say that it is against the interest of the jenmis and that there is no difference between the standard para and the agrasala para. I may inform the Government that this order is in violation of an order published in the Government Gazette dated 20th Idavom 1072 which clearly shows that the Government have regarded the standard para and the Agrasala para as equal. By this reduction the jenmis would be loosing one-fifth of what they are legitimately entitled to get. I do not know why this order has been issued by the Government. I inform the Government that they should not loose any time in remedying this harm done to the jenmis. In conclusion I say that any remission in the land tax is welcome both to the jenmis as well as to the tenants.

Mr. A. N. Visvanatha Pillai ; സർ, ഭൂമി ഉടമസ്ഥന്മാർക്കു കരം കൊടുക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാതിരിക്കുന്നു. അതുകൊണ്ടാണ് അൻപതുശതമാനം കരം കുറയ്ക്കണമെന്നു സഭയിലെ ഈ വശത്തുള്ള അംഗങ്ങൾ ആവശ്യപ്പെടുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന കരുനാഗപ്പള്ളിതാലൂക്കിൽ കഴിഞ്ഞ മിഥുനം ൧൧-൧൦-ലെ ഗസററിൽ ൧൨-ം ൧൩-ം ൧൪-ം തീയതികളിൽ ലേലംചെയ്യുന്നതിനുള്ള പരസ്യങ്ങൾ ചേർത്തിട്ടുണ്ടായിരുന്നു. കുലശേഖരപുരത്തു ൧൦൩൦-ം തൊടിയൂർ ൧൧൧-ം പുതുപ്പള്ളിയിൽ ൧൪൪-ം പെരിനാട്ടുപകുതിയിൽ ൧൩൭-ം നമ്പർ വസ്തുക്കൾ ലേലംചെയ്യുന്നതിന് പരസ്യംചെയ്തിരുന്നു. ഇപ്രകാരം പരസ്യംചെയ്യുന്നത് എന്തിനായിട്ടാണെന്നു ഞാൻ ചോദിക്കുന്നു. ലേലത്തെപ്പററി അറിയുന്നതിനു ശരിയായി സമയം കൊടുക്കാതെ വെറുംപേരിന് മാത്രമായിട്ടിപ്രകാരം ചെയ്യുന്നതുകൊണ്ടാക്കാണ് പ്രയോജനമുള്ളത്. നാട്ടുംപുറങ്ങളിൽ ൧൧-൧൦-യിലെ ഗസററു കിട്ടുന്നതുതന്നെ ൧൪-ാം-യാണ്. ഗസററിൽ പരസ്യം എവിടെ കിടക്കുന്നു എന്നു കണ്ടുപിടിക്കാൻതന്നെവളരെ പ്രയാസമായിരിക്കുന്നു. ഒരു വ്യവസ്ഥയും ഇല്ലാതെയാണ് പരസ്യങ്ങൾ ഗസററിൽ പ്രസിദ്ധംചെയ്യുന്നത്. പറവൂർ താലൂക്കിലെ ഒരു പരസ്യം കണ്ടുകഴിഞ്ഞാൽ അടുത്തതായി കാണുന്നത് നെയ്യാററിൻകരതാലൂക്കിലെ ഒരു പരസ്യമാണ്. അതുകഴിഞ്ഞ് പറവൂർ താലൂക്കിലെ ഒരു പരസ്യം വീണ്ടും കാണാം. ഇപ്രകാരം പരസ്യം പ്രസിദ്ധപ്പെടുത്തുന്നവിഷയത്തിൽ ഒരു ക്രമവും സ്വീകരിച്ചുകാണുന്നില്ല. ഒരോ ഡിവിഷനോ താലൂക്കോ പകുതിയോ തിരിച്ചു പരസ്യം ചേർക്കുന്നതായാൽ അതു വളരെ സൌകര്യപ്രദമായിരിക്കും അര ഏക്കർ തെങ്ങിൻപുരയിടം ഒരു രൂപായിൽ കുറഞ്ഞ സംഖ്യക്കാണ് ലേലത്തിനു വച്ചിരിക്കുന്നത്. പുതുപ്പള്ളിപകുതിയിൽ ൨൫ ചക്രം ഭൂകാശിന് സവേ ൩൨൩൦-ം നമ്പർ വസ്തുവിൽ ൪൫ സെൻറു പുരയിടം ലേലംചെയ്തിരിക്കുന്നു. ഈ തരത്തിലുള്ള ഉദാഹരണങ്ങൾ എത്രവേണമെങ്കിലും പറയാവുന്നതാണ്.

Mr. Komilezhathu Sankaran : അതിലേക്കുവേണ്ടി ഡിമാൻഡ് നോട്ടീസ് എത്രപ്രാവശ്യം നടത്തിയിരിക്കുന്നെന്നറിയാമോ?

Mr. A. N. Visvanatha Pillai : ഞാൻ അതിൻെറ കണക്കെടുത്തിട്ടില്ല.

Mr. Komilezhathu Sankaran : അതിനു നാലുപ്രാവശ്യമെങ്കിലും നോട്ടീസ് നടത്തിയിരിക്കുകയില്ലേ?

Mr. A. N. Visvanatha Pillai : അതിനെപ്പററി ഞാൻ വഴിയേ പ്രസ്താവിക്കാം.

ഈ തരത്തിലാണു ഗസററിൽ പരസ്യംചെയ്യുന്നതും പണമീടാക്കുന്നതും. ലേലത്തിൽ പോകുന്നവസ്തു ഒററിക്കാരന്റെ കൈവശമായിരിക്കും ഇരിക്കുന്നതു്. പണയംവച്ചോ മററുവിധത്തിലോ പണം ഉണ്ടാക്കി കരംകൊടുത്താൽ തന്നെയും ആ വസ്തു അധികം താമസിയാതെ കോർട്ടു ലേലത്തിൽ പോകേണ്ടിവരുന്നു. ഇങ്ങിനെ റവന്യൂലേലവും കോർട്ടുലേലവും മാറിമാറി നടന്നു കർഷകന്റെ സ്ഥിതി നാമാവശേഷമായിരിക്കയാണു്. പരസ്യംചെയ്യുന്നതു മുഴുവൻലേലം നടക്കുന്നില്ല എന്നു ലാൻഡ്റവന്യൂ കമ്മീഷണർ പറയുമായിരിക്കാം. സർ, ഒരു മനുഷ്യൻ അറിഞ്ഞുകൊണ്ടു നിവൃത്തി ഉണ്ടെങ്കിൽ കൂടുതൽ നഷ്ടം സഹിക്കാൻ തയ്യാറാവുകയില്ല. കർഷകന്മാർ കരംകൊടുക്കാൻ നിവർത്തിയുണ്ടെങ്കിൽ പരസ്യംചെയ്യുന്നതിനു മുമ്പുതന്നെ അതു കൊടുക്കുമായിരുന്നു. കഴിവുണ്ടായിരുന്ന കാലങ്ങളിൽ അവർ അങ്ങിനെ ചെയ്തിരുന്നു. ലേലം കഴിഞ്ഞാൽ കമ്മിഷൻ ഇനത്തിൽകൂടി കൂടുതൽ പണം കൊടുക്കേണ്ടിയിരിക്കുന്നു. നിവർത്തിയുണ്ടെങ്കിൽ കൂടുതൽ നഷ്ടം സഹിക്കാൻ ഒരിക്കലും ആരും തയാറാവുകയില്ല. റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും ലേലം കഴിഞ്ഞാൽ ലേലത്തുകയുടെ 5 ശതമാനം വിളികേൾക്കുന്നയാൾ കെട്ടിവെയ്ക്കണമെന്നു വ്യവസ്ഥയുണ്ടു്. എന്നാൽ മുപ്പതുദിവസത്തിനകം വസ്തുഉടമസ്ഥൻ പണം കെട്ടിവയ്ക്കുയാണെങ്കിൽ അവൻ മുഴുവൻതുകക്കും അഞ്ചുശതമാനം കമ്മിഷൻ കൊടുക്കേണ്ടിയിരിക്കുന്നു. അതിനും പുറമേ ഓരോ ലേലത്തിനും ഹർജിഫീസുവകയിൽ അരരൂപാവീതം പ്രത്യേകവും കൊടുക്കണം. ഇതുകൊണ്ടു റവന്യൂഡിപ്പാർട്ടുമെൻറിന്റെ വരവു വർദ്ധിപ്പിക്കാൻ സാധിക്കുമെന്നു എനിക്കറിയാം. ഋണഭാരത്താൽ ഉഴലുന്ന കർഷകനെ വീണ്ടും വീണ്ടും ഇങ്ങനെ ഉപദ്രവിക്കുന്നതു വളരെ കഷ്ടമാണെന്നു ഞാൻ ഗവമെന്റിനെ വിനയസമന്വിതം അറിയിച്ചുകൊള്ളുന്നു. ഗസററിന്റെ ഭാരവും വണ്ണവും ഓരോ ആഴ്ചകഴിയുംതോറും വർദ്ധിച്ചുവർദ്ധിച്ചുവരുന്നു. 5 ലക്ഷം ആളുകൾ തിരുവിതാംകൂറിൽ ഭൂമി ഉടമസ്ഥന്മാരായി ഉണ്ടെന്നു 50-ലെ ഭരണറിപ്പോർട്ടിൽ കാണുന്നു. ഉദ്ദേശം 2,00000 ഡിമാൻഡ് നോട്ടീസ് ഇവർക്കയച്ചിട്ടുണ്ടു്. ഇതിൽനിന്നും മുക്കാൽഭാഗം ആളുകളും കരംകൊടുക്കാൻ നിവൃത്തിയില്ലാത്തവരാണെന്നു 50-ൽ തന്നെ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനുശേഷം—കൃഷി നിശ്ശേഷം നശിച്ച—കൊല്ലം ഒന്നുകൂടി കഴിഞ്ഞു. ഈ കൊ

[Mr. A. N. Visvanatha Pillai.]

ല്പത്തിൽ ലേലംചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്ന വസ്തുക്കളുടെ സംഖ്യയ്ക്കും ഒരു കയ്യുംകണക്കുമില്ല. വാസ്തവത്തിൽ ഈ നടപടി ഗവണ്മെന്റിനുതന്നെ ലജ്ജാവഹമല്ലേ എന്നു ഗവണ്മെന്റു ആലോചിക്കേണ്ടതാണ്. വരവു എങ്ങിനെ കിട്ടുന്നുവെന്നു ലേശംപോലും ചിന്തിക്കാതെ ഗവണ്മെന്റു പണം ചെലവാക്കിവരുന്നു. കർഷകന്റെ വിഷമതകളെ പരിഹരിപ്പാൻ ഗവണ്മെന്റു കാര്യമായി ഒന്നുംതന്നെ ചെയ്യുന്നില്ല. സുഭിക്ഷതയുള്ള കാലത്തു കൃഷിക്കാരൻ കരംകൊടുക്കാൻ ഒരിക്കലും മുടക്കുവരുത്തിട്ടില്ല. ഭൂമിയിലുള്ള ഒന്നാമത്തെ ചാർജ് ഒന്നാമതായി അവൻ കൊടുത്തിരുന്നു. അവന്റെ മടിശ്ശീല അവൻ അതിനായി തുറന്നുതന്നെയാണു വച്ചിരുന്നതു. എന്നാൽ ഇന്നത്തെ അവന്റെ അവസ്ഥ തീരെ പരിതാപകരമാണ്. ഉൽപ്പന്നങ്ങളുടെ കുറവും അവയുടെ വിലക്കുറവും കാലവർഷമില്ലായ്മയും നിമിത്തം കൃഷിക്കാരുടെ വരവു മുഴുവനും നശിച്ചു ഇന്ന് അവന്റെ മടിശ്ശീല തുറന്നാണു കിടക്കുന്നതു്. അതു് അതിൽ ഒരു ചില്ലിപോലും ശേഷിക്കാത്തതുകൊണ്ടാണെന്നു നിങ്ങൾക്കു കാണുവാൻ കഴിയും. ഈ പരിതഃസ്ഥിതിയിൽ കരം ഇളവുചെയ്യണമെന്നു ഈ ഭാഗത്തുള്ള മെമ്പർമാരെക്കൊണ്ടു മുറവിളിപ്പിക്കാതെ കരമിളച്ചിട്ടുള്ള ഒരു ബഡ്ജറ്റു ഗവണ്മെന്റു അവതരിപ്പിക്കുമെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. അയൽരാജ്യമായ കൊച്ചിയിൽ കഴിഞ്ഞകൊല്ലവും ഇക്കൊല്ലവും പന്ത്രണ്ടരശതമാനം ഭൂനികുതി ഇളച്ചിട്ടുള്ള ഒരു ബഡ്ജറ്റാണു കൊണ്ടുവന്നിട്ടുള്ളതു്. അതുപോലെ തിരുവിതാംകൂറിലെ സ്ഥിതിഗതികളെ ധൈര്യമായി അഭിമുഖീകരിച്ചു തദനുസരണം പ്രവർത്തിക്കാൻ എന്തുകൊണ്ടു നമ്മുടെ ഗവണ്മെന്റു സന്നദ്ധമാകുന്നില്ലെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

ഇതിനും പുറമേ ഇക്കൊല്ലം പുഴുവിനെക്കൊണ്ടും കർഷകർക്കു വളരെ നാശമുണ്ട്. തെങ്ങിൽനിന്നുമുള്ള ഉല്പന്നങ്ങൾ ൭൫ ശതമാനം കുറഞ്ഞുപോയിരിക്കുന്നു.

Mr. K. George: Sir, the chief point that was raised during the course of the discussion was the question of a general remission of tax. Sir, the Government have not been unmindful of the difficulties of the ryots. One honourable member Mr. Paramesvaran Pillai made a statement to the effect that the cry of the members of this House has been a cry in the wilderness. I was a bit astonished to hear such a statement from the honourable member, for, as the House is aware, Government have been viewing the difficulty of the ryots with very great sympathy as will be proved

by the fact that from the year 1108 onwards they have been granting remissions of land revenue. I would briefly refer to some of these orders of Government :—

In 1108 Government remitted 25 per cent. of the Kumbhom crop assessment on the wet lands in Nanjinad, 12½ per cent. on all punja lands and 25 per cent. on all kayal lands. In 1109 besides the general remission of 12½ per cent. on all wet lands, the Kanni crop assessment was remitted on all wet lands the crops on which were damaged by the floods of 1108.

Mr. A. N. Viswanatha Pillai: അൻപതു ശതമാനം കുറയ്ക്കണമെന്നു് ഈ രണ്ടു നിയമമണ്ഡലങ്ങളും ആവശ്യപ്പെട്ടശേഷമല്ലേ അങ്ങനെ ചെയ്തതു്?

Mr. K. George: I am speaking on the point that Government have not been unmindful of the condition of the ryots.

In 1110 large scale remissions were given. A remission of 18¾ per cent. in the land tax on all Ayacut wet lands and tank-bed conversions in the taluks of Tovala and Agastiswaram and on post-settlement kayal reclamations in the taluks of Ambalapuzha, Changanacherry and Kottayam was granted. A remission of 12½ per cent. in land tax, excluding water-rate, on all other lands wet or dry, including Kandukrishi and Sripandaravaga lands but excluding lands cultivated with tea, rubber, cardamoms or coffee was allowed. In respect of lands affected by drought, special remissions were also sanctioned over and above the remissions allowed by the Remission Rules. I do not propose to read out at length these special remissions which are seven in number. I do not think it is very necessary to mention all these details. All that I wish to point out is this: that the Government have been very generous and sympathetic towards the ryots. The House is well aware also of another important step which the Government have taken in regard to the question of relieving the agriculturists. I refer to the appointment of the Agricultural Debt Redemption Committee. All these things point clearly to the fact that the Government are very sympathetic in their attitude towards the ryots. Now, it may be asked why, in that case, the Government did not anticipate this demand of this House, and provide for this remission in the Budget that they have framed. My answer is this. In the first place it does not debar Government from considering this question even though remission is not placed as a definite item in the Budget. Last year also the budget provided for full demand under Land Revenue but after the Houses of the Legislature expressed their views on the question Government took a very

[Mr. K. George.]

liberal attitude in the matter, examined the whole question and decided to give certain remissions. Now the position is the same. Government will certainly take the views of this House into consideration and consider this matter sympathetically. The fact that remission is not provided for in the Budget does not deter Government from considering that question. Government, no doubt, felt that the remission of land tax did not give any real relief to the agriculturists. This is also the view of some of the honourable members on the other side of the House and personally, Sir, I am of the opinion that the remission does not really benefit the agriculturist because what the agriculturist really wants is not a relief from the payment of a small amount by way of tax. His difficulties are more vital; he is overburdened with debt; his standard of living has risen in recent years and he is unable to adjust himself to the fall in income due to the great fall in prices that has taken place. These are his real difficulties and to relieve the agriculturists in these directions what is to be done? A pittance in the way of tax-relief is not going to help him substantially. The first thing to be done is to relieve him of his burden of debt and Government has already taken steps to look into the question. A special committee is sitting on it and before long that committee will submit certain recommendations. On the question of giving better value to agricultural produce, of course, the House is well aware that our Government by themselves cannot do much in the direction of elevating prices. But what they can do they are doing. I need not say anything more, Sir, except that this question of remission will receive the serious consideration of the Government soon after this session of the House is over.

Then I may refer to certain other points which were raised in the course of the discussion. The honourable member Mr. Narayana Menon referred to the absence of any provision for the issue of special loans. Well, Sir, there is omission regarding special loans this year and for doing so there was reason behind that. We provided a lakh of rupees under this item for each of the years 1107, 1108 & 1109. But the demand for loans has been falling year after year. The ryots apparently find it not a very desirable arrangement. In 1107 there was a budget allotment of a lakh of rupees but only a sum of Rs. 30,000 was issued. In 1108 and 1109 also there was a similar provision and similarly there was a very low demand. In 1110 the demand was still less.

Mr. P. Padmanabhan Tampi: May I know from the member the number of cases that are pending undisposed of in the Taluk Cutcheries this year?

Mr. K. George: These applications have reference to special loans for punja cultivation. They are intended to be given to agriculturists in Kuttanad for helping them in their pumping operations. The principle on which the loan is given is that it should be repayable when the crop is harvested. The agriculturists apparently find that condition burdensome and mainly that was the reason for the small number of applications.

Mr. M. N. Narayana Menon: അരു ആവശ്യപ്പെടാഞ്ഞിട്ടാണോ, അതല്ല ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൊടുക്കാഞ്ഞിട്ടാണോ?

Mr. K. George: These loans were administered not exclusively by the Government Officers. There is a Punja Loan Committee which advises the Government Officers in the grant of these loans.

Mr. K. Padmanabha Panicker: Is it because that the ryots are unable to satisfy the Government with the conditions of the loan that they are not given?

Mr. K. George: It is the tax-payer's money and can we give out that money without satisfactory security? We cannot give these loans as gifts. These are special loans to be repaid when the harvest is raised and I think it is only natural that the Government expect that these moneys are repaid at the time. But when they find that they are unable to pay the loan the crop that is in the custody of Government is sold. Of course, that may be the reason why the agriculturists do not want these loans.

Now that the question has been raised by Mr. Narayana Menon, I wish to say that a petition on this subject was received by Government and that it is now under enquiry. Government are anxious that the cultivation in Kuttanad should proceed and if they find that there is a possibility of giving these loans, they will do so. The absence of a provision in the budget does not mean that the loan will not be granted because these two classes of loans *viz.*, special loans and ordinary loans are governed by the Agricultural Loans Regulation and there need not be separate classification. There is provision for two lakhs of rupees and special loans can be paid out of the allotment, and if more is needed Government certainly will come to this House for an additional grant.

Reference was made, Sir, to sale of land in revenue auctions, coercive steps and all that. I may inform the House that Government have already issued instructions for the stoppage of coercive steps and according to the instructions issued the tax-payers are allowed time until the end of Kanni 1111.

Mr. P. Padmanabhan Tampi: May I know from the member what has been done with regard to the properties that have already been sold?

Mr. K. George: I shall state fully the instructions issued. In the case of properties sold and the confirmations of which sales have not yet taken place, Government have ordered that time should still be given to the tax-payers until the end of Kanni 1111.

Mr. P. Padmanabhan Tampi: May I know whether it is not obligatory on the part of the Government to confirm the sales on the 30.h day?

Mr. K. George: It is not obligatory to confirm the sales on the 30th day. It is obligatory only on the part of the tax-payer to pay the tax within 30 days. Government can confirm the sales at a later date.

Chairman: You have got only one minute's time.

Mr. K. George: So what the Peishkar should do is to cancel the sales which came up for confirmation and this perhaps is the way to give effect to the Government order. Another concession is that lands bid by the Government will be given back to the parties if the tax is paid before the end of Kanni 1111.

Something was said about Jenmikaram Settlement.

Chairman: The time allotted for the demand now expires and I put it that Demand No. I—Land Revenue for Rs. 9,19,307 be passed.

The demand was passed and the grant was made.

DEMAND II—PUBLIC WORKS DEPARTMENT.

Mr. G. B. E. Truscott: Sir, I rise to move for a grant of not exceeding Rs. 47,80,133 for the Public Works Department.

Mr. G. Narayana Aiyar: May I know whether there is any difference in the quality of strength between the Indian made cement and the foreign cement?

Mr. G. B. E. Truscott: Sir, I was just moving the Demand and I do not know whether I should answer questions at this stage.

Mr. M. N. Paramesvaran Pillai: Sir, I rise to a point of order whether the member is entitled to answer the question put to him at this stage.

Chairman: The Chief Engineer need not answer questions now as he is not making a speech at present.

Mr. J John Kattakayam: സർ, ഈ ഡിപ്പാർട്ടുമെന്റിലുള്ള ഭരണവൈകല്യങ്ങളെ സഭയുടെ പര്യാലോചനക്കു പാത്രീഭവിപ്പിക്കണമെന്നുള്ള ഉദ്ദേശം ഒന്നുമാത്രമാണ് ഇപ്രകാരമൊരുപക്ഷേപം അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളത്. നമ്മുടെ ഇന്നത്തെ ചീഫ് എൻജിനീയർ ഈ ഡിപ്പാർട്ടുമെന്റിൽ ഇരുന്നു തഴക്കവും പഴക്കവും ഉള്ള ഒരാളാണെന്നു എനിക്കു തോന്നുന്നില്ല. എലക്ട്രിക് വകുപ്പിലിരുന്നാണ് അദ്ദേഹത്തിന് കൂടുതൽ പരിചയമുള്ളതെന്നാണ് എന്റെ അ

റിവ്. പേഴ്സനൽ അസിസ്റ്റൻറു, എക്സിക്യൂട്ടിവ് എൻജിനീയർ, മു തലായി ഇവിടത്തെ കീഴ്ജീവനക്കാരുടെ അഭിപ്രായങ്ങളെ അവഗണി ച്ച് പ്രവർത്തിക്കത്തക്ക ത്രാണിയോ തൻേറടമോ അദ്ദേഹത്തിനുള്ളതാ യി എനിക്കു അറിവില്ല. നമ്മുടെ നിയമസമിതികൾക്കുള്ള കെട്ടിട ത്തിൻെറ ഒരു പ്ലാൻ വരച്ചെടുക്കുന്നതിന് പുറത്തുനിന്നും ആളിനെ ക്ഷ ണിക്കേണ്ടതായിവന്നു. ഈ സംഗതിയിൽ തഴക്കവും പഴക്കവുമുള്ള ആളുകൾ ഇവിടെത്തന്നെയുണ്ട്. ഇതിന് ഡിപ്പാർട്ടുമെൻറിൽ യോഗ്യ തയുള്ള ആൾതന്നെ ഇല്ലെന്നാണു അദ്ദേഹംപറയുന്ന ഒരു സമാധാനം. അതു ശരിയല്ല. ഈ സംഗതിയിൽ അഭിപ്രായം പറയുവാൻ അദ്ദേഹ ത്തെക്കാൾ ഞാൻ സമർത്ഥൻതന്നെ, പക്ഷാന്തരമില്ല. അതുപോലെത ന്നെ വിദേശികൾക്കു കൺടറാക്ററുകൾ കൊടുക്കുന്നതിൽ അദ്ദേഹത്തി ന് ചില പ്രത്യേക പ്രതിപത്തിയുള്ളതുപോലെ എനിയ്ക്കു തോന്നുന്നു. സാധാരണ ക്ഷാമകാലത്തു പരിഷ്കൃതരാജ്യങ്ങളിൽ പൊതുമരാമത്തുപ ണികൾ നടത്തുന്നത് ആ രാജ്യത്തുള്ള സാധുക്കൾക്കുകൂടി പ്രയോജനമു ണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ഇതിനുവേണ്ടി നമുക്കു ഇ പ്പോൾ ധാരാളം പണം ചെലവാകുന്നുണ്ടെങ്കിലും, വാസ്തവത്തിൽ അതി ൽ ഭൂരിഭാഗവും വിദേശങ്ങളിലേക്കാണു പോകുന്നത്. മുമ്പു ഈ വകചെ ലവുകൾ മുഴുവനും സ്ഥലത്തുള്ള കൃഷിക്കാർക്കാണു കിട്ടിവന്നിരുന്നത്. ഇ ന്നാകട്ടെ അതു സിമൻറായിട്ടും, മററു യന്ത്രസാമഗ്രികളായിട്ടും മററും പണം പുറത്തേക്കു വിടുന്നു. ഗവൺമെൻറ് കുറെ കരുതലോടുകൂടി ശ്ര മിച്ചിരുന്നെങ്കിൽ സിമൻറ് ഇവിടെത്തന്നെ ഉണ്ടാക്കാമായിരുന്നു. പോ ട്ടെ, കൺട്രാക്ററു എങ്കിലും സ്വദേശികൾക്കു കൊടുക്കരുതോ? അതിനു ഈ വെള്ളക്കാരെയും മററും പുറത്തുനിന്നും ക്ഷണിച്ചുവരുത്തണമെന്നു ണ്ടോ?

Mr. Kochikal P. Balakrishnan Tampi : വെള്ളക്കാർ നടത്തുന്നതുപോലെ നാട്ടുകാർ സാമർത്ഥ്യത്തോടുകൂടി കൺട്രാക്ററു എ ടുത്തു നടത്തുമോ?

Mr. J. John Kattakayam : അങ്ങിനെ നടത്തുന്നവരില്ലെ ന്നു മെമ്പർക്കു പറയാമോ?

Mr. Kochikal P. Balakrishnan Tampi : ധൈര്യമായി അലറിക്കൊണ്ടു പറയാം.

Mr. J. John Kattakayam: എന്നാൽ മെമ്പരുടെ ആ അ ഭിപ്രായം തെററുതന്നെ, സംശയമില്ല. നിശ്ചയമായും സാമർത്ഥ്യമുള്ള

[Mr. J. John Kattakayam.]

ആളുകൾ നമ്മുടെ കൂട്ടത്തിലും ധാരാളമുണ്ടു്. കൺട്രാക്ടറു വിദേശികൾക്കു കൊടുത്തു നമ്മുടെ വായിൽ മണ്ണിടുകയാണു ചെയ്യുന്നതു്.

Mr. Kochikal P. Balakrishnan Tampi : എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഒരു കൺട്രാക്ടർ ആണോ?

Mr. J. John Kattakayam : അങ്ങിനെ ധരിച്ചാണോ മെമ്പർ ഇതു ചോദിച്ചതു്? ഞാൻ ഒരു കൺട്രാക്ടർ അല്ലെങ്കിൽ ഈ ചോദ്യം പിൻവലിക്കുമോ?

Mr. Tariatu Kunjitomman : മെമ്പർ ഒരു കൺട്രാക്ടറാണോ എന്നുള്ളതിനു ഉത്തരം പറഞ്ഞില്ല.

Mr. J. John Kattakayam : അല്ല, മെമ്പറോ മെമ്പറുടെ മകനോ കൺട്രാക്ടറായിരിക്കാം.

Mr. Komilezhathu Sankaran : മെമ്പർ ഏതെങ്കിലും കൺട്രാക്ടിനു ശുപാർശ ചെയ്തിട്ടുണ്ടോ?

Mr. J. John Kattakayam : ആ സംഗതി ചീഫ് എൻജിനീയരോടു ചോദിക്കുക.

Mr. M. N. Paramesvaran Pillai : Sir, may I know whether such questions are allowable in this House?

Chairman: Mr. Kattakayam please proceed with your speech.

Mr. J. John Kattakayam : കൺട്രാക്ടു് എടുക്കുന്നതിനു യോഗ്യന്മാരായ ആളുകൾ മുന്നോട്ടുവന്നാൽ അവർക്കു കൺട്രാക്ടു് കൊടുക്കുന്നതിനു വിരോധമുണ്ടോ?

Mr. Komilezhathu Sankaran: കൺട്രാക്ടു് കൊടുക്കുന്നതിൽ സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കണമെന്നു് അഭിപ്രായമുണ്ടോ?

Chirman: ആ ചോദ്യത്തിനു മെമ്പർ ഉത്തരം പറയണ്ടാ.

Mr. J. John Kattakayam സർ, എനിക്കു പല കാര്യങ്ങളും പറയാനുണ്ടു്. ചീഫ് എൻജിനീയർ ആദ്യമായി സ്റ്റേറ്റിന്റെ പ്ലാൻ ഒന്നു മനസ്സിലാക്കണം. ആലപ്പുഴ എവിടെ തൊടുപുഴ എവിടെ എന്നൊന്നും അദ്ദേഹത്തിനു അറിഞ്ഞുകൂടാ. എന്റെ നാട്ടിൽ ഗതാഗതത്തിനു യാതൊരു സൌകര്യവും ഇല്ല. ഇതിനു മുൻപിരുന്ന സകല ഡിപ്പാർട്ടുമെന്റു മേധാവികളും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥമാണു് അതു്. ഈ കാര്യം പലതവണ ഞാൻ അദ്ദേഹത്തിനോടു പറഞ്ഞിട്ടും

അദ്ദേഹത്തിന്റെ ദൃഷ്ടി ഇതുവരെ ആ കാൎയ്യത്തിൽ പതിഞ്ഞിട്ടില്ല. ഉാലത്തുനിന്നു തൊടുപുഴയ്ക്കു ഒരു റോഡുണ്ടു്. ഈ റോഡിനോളം ദുൎഘടപരിപൂൎണ്ണവും അപകടകരവുമായ മറെറാരു റോഡ് എനിക്കു പരിചിതമല്ല. ആറടിക്കു ഒരടി ഏററമിറക്കവും കോട്ടം, വളവും, പുളവും ഉള്ള ഈ റോഡിൽ ഇപ്പോൾ ടോളും സ്ഥാപിച്ചിട്ടുണ്ടു്. ഇതിലെ ധാരാളം വാഹനങ്ങൾ ഗതാഗതംചെയ്യുന്നു. എതിരെവരുന്ന ബസ്സുകൾക്കുംമററും നിരംകുശമായി നിരന്തരം യാത്രചെയ്യുവാൻ സാദ്ധ്യമല്ല. ഈ റോഡിനു നൂതനമായി അനുവദിച്ചിരിക്കുന്ന തുകകൊണ്ടു് റോഡ് നല്ലനിലയിൽ സംരക്ഷിക്കുവാൻ മതിയാവാതാണിരിക്കുന്നതു്. റോഡിന്റെ അനാസ്ഥതാനിമിത്തം ബസ്സുകൾക്കും മററും വലിയനഷ്ടം നേരിടുന്നുണ്ടു്. ഇവരിൽനിന്നും ഗവൺമെന്റു പിടിച്ചുപററിച്ചെടുക്കുന്ന ടോളിനെ വിചാരിച്ചെങ്കിലും ഈ റോഡ് ഉത്തമമായരീതിയിൽ സംരക്ഷിക്കേണ്ടതാണു്. രാജ്യത്തെ ഏതുതാലൂക്കിനെ എടുത്തുനോക്കിയാലും തൊട്ടുകിടക്കുന്ന താലൂക്കുകളിലേക്കു ഗതാഗതം ചെയ്യുന്നതിനു ഒന്നൊ ഒന്നിലധികമൊ നല്ല റോഡുകൾ സുലഭമായിട്ടുണ്ടു്. എന്നാൽ തൊടുപുഴതാലൂക്കിനോടു തൊട്ടുകിടക്കുന്ന ദേവികുളം പീരുമേട്, ഈ താലൂക്കുകളിലേക്കു ഗതാഗതംചെയ്യുന്നതിനു യാതൊരു മാൎഗ്ഗവുമില്ല. ഈ ന്യൂനതയെ അചിരേണ പരിഹരിക്കണം. ഇതിലേക്കു തൊടുപുഴ—അറക്കുളം റോഡ് ൧൦-ാമത്തു മയിലിൽനിന്നും പുള്ളിക്കാനം ററി എസ്റ്റേററ് റോഡിലേക്കു നൂതനമായി ഒരു റോഡു് തുറന്നുതരണം. ഇതിലേക്കു വേണ്ടിവരുന്ന ഏതുതുകയും ചിലവുചെയ്യാൻ ഗവൺമെന്റു സന്നദ്ധമാവണം. അതു് ഒരു നഷ്ടമായിത്തീരുന്നതല്ല. പബ്ളിക്കിനു അതുകൊണ്ടു ലഭിക്കാവുന്ന ഗുണം നഷ്ടത്തെക്കാൾ തുലോം ഉപരിയാണു്.

Mr. G. Narayana Aiyar: Sir, I oppose the Demand. I agree in full with the sentiments expressed by the previous speaker. It is seen from the general conduct of business in the department, that for all major works contracts are given to foreigners. That has become the rule. I say this with special reference to certain recent contracts given such as for the construction of the Jagathy bridge, the Kannali bridge, the Vamanapuram bridge, etc.

Mr. G. B. E. Truscott: Who was the contractar for the Vamanapuram bridge?

Mr. G. Narayana Aiyar: The roofing and the construction of the steel portion of the bridge were given to Messrs Harrisons and Crosfield.

Mr. G. B. E. Truscott: Do they not employ Travancoreans?

Mr. G. Narayana Aiyar : There are some Travancoreans employed by them, but the major part of the profits is taken by the company which is not Travancorean.

Mr. M. N. Paramesvaran Pillai : In view of the fact that the Chief Engineer has got residence in Travancore is he not a Travancorean ?

Mr. G. B. E. Truscott: I was talking about the Harrisons and Crosfield, Sir.

Mr. G. Narayana Aiyar : I can challange the Chief Engineer's statement that there are very few good contractors in the State. Sir, look at the palatial buildings, magnificent works which our local conctractors have recently built, for instance the Kaudiar Palace, the Aruvikara Dam, and Sri Padmanabhasvami temple, the Trivandrum Water Works, etc. These all have been constructed by the local contractors. Sir, reinforced concrete works were taken up in Travancore by the local contractors even before 30 years. Travancore is ahead of other parts in India in this respect.

Mr. G. B. E. Truscott : Does the member know who took up the contract work of the construction of the Suchindram bridge and of the leper colony ?

Mr. G. Narayana Aiyar : I do not know who the conrtactor is. He may be a local gentleman. But what I was submitting is—

Mr. G. B. E. Truscott : May I know from the member whether every work that is done by the department is given on contract to foreigners ?

Mr. G. Narayana Aiyar : Sir, works for small amounts are given to the local contractors, and all the other works which involve large amounts are generally given to outsiders.

Mr. Kochikal P. Balakrishnan Tampi : Are the building contracts usually given to foreigners ?

Mr. G. Naraya Aiyar : I cannot positively say that. I shall explain the way in which the department cleverly manages to encourage foreign contractors by giving them most of our big contracts. Whenever Government want to construct a costly work they invite tenders and also ask for alternative designs. Sir, I cannot really understand the necessity for asking the intending contractors to supply the department with alternative designs when the department itself has qualified experts for that purpose. Naturally, it is only big foreign firms that are able to supply attractive alternative designs. Now, Sir, if the alternative design, is finally approved by the department and by the Government, is advertised and tenders are then invited for the execution of the work as per that design, I am sure there will be many local contractors forthcoming to execute that work at much cheaper rates than the foreign

companies. It is the variety of designs that local contractors are not able to submit as required by the department. It is not fair that on that account they are excluded from taking up costly undertakings. Contractors can reasonably be expected only to carry out works for which tenders are called, and entrusted to them. I do not see why they must furnish alternative designs for work which the department can suggest. It is also not clear, as I have already stated, why the officers of the department cannot prepare suitable designs rather than inviting alternative designs. Sir, if the department really considers it necessary to have alternative designs, why not they advertise for them and pay separately for the designs themselves? Why should the Government, for the sake of getting these designs, spend their money and give their contracts to and benefit foreign companies on the terms they demand instead of to efficient and responsible local contractors whose tenders are always lower than the cheapest foreign contractor's tender. Sir, the Chief Engineer has been saying that these designs are the property of the contractors who have submitted them. That was why I said that the Government may pay for such designs if they think fit. That is no reason why foreign contractors should be benefited at the expense of Government especially in these days of depression. This is a time when as far as possible our money should circulate within the country itself for the benefit of Travancoreans. But what we find as a matter of fact is that huge sums of our money are being carried away by big foreign firms. That is a regrettable state of affairs. That policy has to be avoided at least in future. I would also like to bring to the notice of the House another fact, namely, that the Public Works Department even now go in for purchasing foreign cement while there are several Indian makes of good cement. When even foreign companies also purchase only Indian-made cement for important works like the Neriamangalam bridge I cannot understand why the Government go in for foreign cement. Sir, that policy also has to be stopped.

So far as the needs of my constituency are concerned, I may say that, comparatively Kunnatnad taluk has been treated with scant courtesy in the matter of new works under communications. The budget provides only a paltry sum of Rs. 1,500 for new works for the Kunnatnad taluk which has an area of 362 sq. miles and a population of 2½ lakhs and yields a proportionately large revenue. Sir, this is the treatment that the Public Works Department has accorded to a taluk which forms roughly one-twentieth of the whole State. I can show to this House that our petitions and memorials for new roads have been pending since 1104. Sir, Kunnatnad is an agricultural taluk. Agricultural produce has to be carried from

[Mr. G. Narayana Aiyer.]

one place to another and means of communication are therefore absolutely necessary for the same. There are very few roads in that taluk. I do not see, sir, what new work the department can really undertake with this small amount of Rs. 1,500. This shows that the authorities do not care to ascertain what the real needs of the people are. Sir, they must travel freely throughout the country and find out things for themselves and not merely rely on the report that they get from their subordinates.

Mr. M. N. Paramesvaran Pillai: Is the member aware of the Chief Engineer's complaint, which he made even last year, that these small provisions are due to the cuts effected by the Financial Secretary?

Mr. G. Narayana Aiyar: No, sir. Since the policy of the Department is unsound, I oppose the Demand.

Mr. N. K. Padmanabha Pillai: ഈയാണ്ടത്തെ ബഡ്ജറ്റിൽ പ്രാദേശികാവശ്യങ്ങൾ പരിപൂർണ്ണമായി ഉപേക്ഷിച്ചുകാണുന്നു. നെയ്യാററിൻകരതാലൂക്കിൽ പുതിയറോഡുകൾ തുറക്കുന്നതിനായിട്ടു ഒരു കാശുപോലും കൊള്ളിച്ചിട്ടില്ല. ചില ഉദ്യോഗസ്ഥന്മാർക്കു സഞ്ചരിക്കുന്നതിനായിട്ടുമാത്രം ഒരു റോഡ് നന്നാക്കുന്നതിനു ൨൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട്. ഈ താലൂക്കിൽ വളരെ റോഡുകൾ നന്നാക്കേണ്ടതായിട്ടുണ്ട്. മലമ്പനി പിടിപെട്ടിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും വിഷമിക്കുന്നതു എത്രത്തോളമാണെന്ന് അവർക്കുമാത്രമെ അറിയുവാൻ സാധിക്കുകയുള്ളു. കുന്നത്തുകാൽപകുതിയിൽ വെള്ളറട പോലീസ്സ്റ്റേഷൻമുതൽ ഒററശേഖരമംഗലം പോലീസ്സ്റ്റേഷൻവരെ ജനങ്ങൾ നിർമ്മിച്ചിട്ടുള്ള ഒരു റോഡുണ്ട്. അതിൽകൂടി ചില ചക്കടാവണ്ടികൾ വളരെ പ്രയാസപ്പെട്ടു കൊണ്ടുപോകാമെന്നല്ലാതെ മോട്ടാർവാഹനങ്ങൾ കൊണ്ടുപോകുവാൻ നിവൃത്തിയില്ല. കുന്നത്തുകാൽപോയി മലമ്പനിയെസംബന്ധിച്ചുള്ള അന്വേഷണം നടത്തിയിട്ട് ഒററശേഖരമംഗലത്തേക്കു പോകണമെങ്കിൽ നടന്നുപോകേണ്ടിയിരിക്കുന്നു. ഏകദേശം ൩ മൈൽമാത്രം നീളമുള്ള ഈ റോഡ് നന്നാക്കുന്നപക്ഷം സഞ്ചാരത്തിനു വളരെ എളുപ്പമുണ്ട്. അങ്ങിനെചെയ്യുന്നതു സാധുക്കളായ മലമ്പനി പിടിപെട്ട രോഗികൾക്കു ഒരനുഗ്രഹംകൂടിയായിത്തീരും. ഈ റോഡിനെസംബന്ധിച്ചു ബഡ്ജറ്റിൽ യാതൊരുതുകയും ചേർത്തിട്ടില്ല.

പത്താമത്തെ മൈൽകുററിയിൽനിന്നും കുന്നത്തുകാലേക്കു ഒരു പുതിയറോഡ് മൂന്ന് സെക്‌ഷനായി പണിതീർക്കുവാൻ അനുവദിച്ചിട്ടുണ്ട്.

ഇതിൽ രണ്ടാമത്തെ സെക്ഷൻ പണികഴിച്ചിട്ടിരിക്കയാണു്. ഒന്നാമത്തേയും മൂന്നാമത്തേയും ഭാഗംകൂടിതീൎത്തു ജോലിമുഴുവനാക്കുന്നതിനും അടുത്തയാണ്ടത്തെ ബഡ്ജറ്റിൽ ഉദ്ദേശിക്കുന്നതായി കാണുന്നില്ല. അതും പരിതാപകരമായ ഒരു കാൎയ്യമാണു്.

പിന്നീടു്, കുളത്തൂർ ചാവടി–പൊഴിയൂർ റോഡുസംബന്ധിച്ചു് എസ്റ്റിമേറ്റു തയാറാക്കിയിട്ടു വളരെക്കാലമായി. അതിനും യാതൊരുതുകയും ഇക്കൊല്ലവും കൊള്ളിച്ചിട്ടില്ല. മണ്ഡപത്തുംകടവുപാലം, പൂവ്വാർ പാലം ഈ രണ്ടുപാലത്തിനും വളരെ മുമ്പുതന്നെ എസ്റ്റിമേറ്റു് തയ്യാർചെയ്യുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു. ഇക്കൊല്ലം അതിനെപ്പററി ഒന്നും ചെയ്യുന്നില്ല. മണ്ഡപത്തുംകടവു എന്നുപറയുന്നതു മലേറിയാ പിടിപെട്ടിട്ടുള്ള സ്ഥലത്തിൻെറ മദ്ധ്യഭാഗമാണു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു ഇറിഗേഷൻ സംബന്ധിച്ചാണു്. അതുസംബന്ധിച്ച ജോലി അധികമുള്ളതു തിരുവനന്തപുരം ഡിവിഷനിലാണു്. എക്സിക്യൂട്ടീവ് ഇൻജിനീയരുടേയും സബ്ബ് ഡിവിഷനാഫീസരുടേയും ആഫീസുകൾ ഇപ്പോൾ കൊല്ലത്താണു്. നെയ്യാററിൻകരയും തിരുവനന്തപുരത്തും ഉള്ള ഇറിഗേഷൻജോലി സംബന്ധിച്ചു വല്ലകാൎയ്യങ്ങളും പറയണമെങ്കിൽ കൊല്ലത്തുപോകാതെ നിവൃത്തിയില്ല. അതുകൊണ്ടു് സബ്ബ്ഡിവിഷൻ ആഫീസെങ്കിലും നെയ്യാററിൻകരയോ തിരുവനന്തപുരത്തോ ആക്കേണ്ടതാണു്. ഈകാൎയ്യം കഴിഞ്ഞകൊല്ലവും ഞാൻ പറഞ്ഞിട്ടുണ്ടു്. അതിനെസംബന്ധിച്ചു യാതൊരുനടപടിയും ചെയ്തുകാണുന്നില്ല.

ഇറിഗേഷൻജോലിയും ഒന്നും ശരിയായി ചെയ്യുന്നില്ല. ആദ്യം നടത്തിയ ജോലികൾ വീണ്ടും ചെയ്യേണ്ടതായിവന്നിട്ടുണ്ടു്. കുളംനന്നാക്കുന്നതെല്ലാം ഉടനെ ഉപയോഗശൂന്യമായിതീരുന്നു. പബ്ളിക്‌വർക്സും, ഇറിഗേഷനും രണ്ടായി വേർതിരിച്ചതു ഈ സഭയുടെ അനുമതിയോടുകൂടിയാണെങ്കിലും അതു വളരെ അബദ്ധമായിപ്പോയി എന്നു ഇപ്പോൾ തോന്നുന്നുണ്ടു്. ഒരു നിശ്ചിതപദ്ധതിഅനുസരിച്ചുവേണം പൊതുമരാമത്തുഡിപ്പാർട്ടുമെൻറു് ജോലികൾ ചെയ്യുവാൻ.

ഇറിഗേഷൻജോലിയും പൊതുമരാമത്തു ജോലിയുംസംബന്ധിച്ചു വേണ്ട ശുപാർശകൾചെയ്തു പണിനടത്തിക്കുന്നതിനു ഒരു കമ്മിററിയെ ഓരോതാലൂക്കിലും ഏർപ്പെടുത്തണം. ആ കമ്മിററിയുടെ നിർദ്ദേശം അനുസരിച്ചു ഓരോതാലൂക്കുകളിലും ജോലികൾ നടത്തണം.

Mr. Tariatu Kunjitomman : ക്ഷാമം അതികഠിനമായിരിക്കുന്ന ഇക്കാലത്തു പൊതുമരാമത്തിലേക്കു ൫൩ ലക്ഷത്തോളം രൂപാ അനുവദിച്ചിരിക്കുന്നതിൽ ഗവന്മെൻറിനെ അഭിനന്ദിക്കേണ്ടതുതന്നെ. പക്ഷെ അതുകൾ വീതിക്കുന്നതിൽ ഗവന്മെൻറു യാതൊരു തത്വവും അംഗീകരിച്ചുകാണുന്നില്ല. വടക്കൻതിരുവിതാംകൂറിൽ ഗതാഗതസൌകര്യം വളരെ കുറവാണ്. വർഷകാലത്തു് വെള്ളപ്പൊക്കവും വേനൽക്കാലത്തു വെള്ളമില്ലായ്മയുംനിമിത്തം ജലമാർഗ്ഗമായ സൌകര്യവും അവിടെ ഇല്ല. രണ്ടു താലൂക്കുചേർന്ന മൂവാററുപുഴ സബ്ഡിവിഷനിലേക്കു് വളരെ കുറച്ചു സംഖ്യമാത്രമേ ബഡ്ജററിൽ ചേർത്തിട്ടുള്ളു. ആ താലൂക്കുകളിൽനിന്നും വലിയ തുക നികുതിയായി ഗവന്മെൻറു ഈടാക്കിവരുന്നുമുണ്ടു്. രാജ്യത്തേക്കു റോഡുകൾ വളരെ കുറവുള്ള താലൂക്കുകളാണവ. പ്രതിവത്സരം പുതുവൽഭൂമികൾ ദേഹണ്ഡിച്ചും മററും അന്യതാലൂക്കുകാർ കുടിയേറിക്കൊണ്ടിരിക്കുന്നു. ജനങ്ങൾക്കു എവിടെയെവിടെ ജീവിതസൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നോ അവിടവിടെ അവ ചെയ്തുകൊടുക്കേണ്ടതു് ഗവന്മെൻറിൻെറ കടമയാണ്. നികുതിമാത്രം വാങ്ങിയാൽപോരല്ലൊ. രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളേയും ഒരുപോലെ വീക്ഷിക്കണം. ഇക്കാര്യത്തിൽ ഗവന്മെൻറു് അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുകാർ കാണിക്കുന്ന നയം വളരെ ആക്ഷേപകരമാണ്. ഇത്ര വലിയ ഒരു തുക ഈ ഡിപ്പാർട്ടുമെൻറിലേക്കനുവദിച്ചിട്ടും അതിൻെറ വിഭജനവിഷയത്തിൽ ഉത്തരതിരുവിതാംകൂറിനെ തീരെ അവഗണിച്ചുകാണുന്നതു കഷ്ടംതന്നെ.

ഇന്നു് ഇൻറർവെൽസമയത്തു് ചീഫ് എൻജിനീയരെക്കണ്ടു അത്യാവശ്യമെന്നു ഞാൻ മുമ്പെ ബോദ്ധ്യപ്പെടുത്തിയിരുന്ന റോഡുകൾക്കുപോലും യാതൊരു സംഖ്യയും ചേക്കാഞ്ഞതിൻെറ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് പണം അനുവദിക്കാഞ്ഞിട്ടാണെന്നും അദ്ദേഹത്തിൻെറ തെററല്ലെന്നുമാണ്.

Mr. J. John Kattakayam: തൊടുപുഴതാലൂക്കിൽ ഗതാഗതസൌകര്യം കുറവായ സ്ഥലത്തേക്കു ചെന്നു നോക്കണമെന്നു് അദ്ദേഹത്തോടു പറഞ്ഞിട്ടു് വന്നുനോക്കിയില്ലെന്നുള്ളതു് അറിയാമോ?

Mr. Tariatu Kunjitomman : അറിവില്ല. വന്നുനോക്കിയാൽകൊള്ളാം. അത്യാവശ്യമുള്ളവയ്ക്കു പണമനുവദിക്കാതെ മററു കാര്യങ്ങൾക്കു പണം ചേർത്തിരിക്കുന്നതിനു ചീഫ് എൻജിനീയരോ അ

ല്ലെങ്കിൽ ഫിനാൻഷ്യൽ സെക്രട്ടറിയോ ആയിരിക്കും ഉത്തരവാദി. അദ്ദേഹത്തിന് ഈ രാജ്യത്തിന്റെ ഉൾഭാഗങ്ങളിലെ സ്ഥിതിഗതികൾ യാതൊന്നും അറിഞ്ഞുകൂടാ. ഉത്തരതിരുവിതാംകൂറിലെ ഉൾഭാഗത്തുള്ള മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകൾക്കു കായലുമായി ബന്ധമില്ലാത്തതുകൊണ്ട് ജലമാൎഗ്ഗയാത്രാസൌകൎയ്യം തീരെയില്ല. റോഡുകൾക്കു പണമനുവദിക്കയുമില്ല. ഞങ്ങൾ എന്തുചെയ്യും. രാജ്യസ്ഥിതി അറിയുവാൻ പാടില്ലാത്ത ഫൈനാൻഷ്യൽ സെക്രട്ടറിക്കു എവിടെ കൂട്ടണം, എവിടെ കുറയ്ക്കണമെന്നൊന്നും അറിവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇങ്ങനെയുള്ള സ്ഥാനത്ത് ഈ രാജ്യവുമായി നല്ല പരിചയമുള്ള ഒരാൾവേണം ഇരിക്കുവാൻ.

ബഡ്ജററിൽ ഈ ഡിപ്പാൎട്ടുമെന്റിലേക്കു വമ്പിച്ച തുകകൾ അനുവദിച്ചിട്ടുള്ളതെല്ലാം വലിയ പട്ടണങ്ങളേയും അവയുടെ പരിസരങ്ങളേയും ലാക്കാക്കിയാണ്. ഇത് 'ആഹാരവുംകഴിച്ചിരിക്കുന്നവൎക്കു പലഹാരം' എന്നപോലെയാണ്. പട്ടിണികിടക്കുന്നവൎക്കൊന്നുമില്ല. ഈ മാതിരി ആക്ഷേപകരമായ ഒരു ബഡ്ജററു ഇതുവരെയും കണ്ടിട്ടില്ല. നാട്ടുംപുറത്തുള്ളവരാണ് അധികം കഷ്ടപ്പെട്ടു പണമെല്ലാം കൊടുക്കുന്നത്. ഉൾനാടുകളിൽ കൃഷിക്കാരെ ആശ്രയിച്ചാണ് അവിടത്തെ സകല തൊഴിലാളികളും ജീവസന്ധാരണംചെയ്യുന്നത്. കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പൎയ്യാപ്തമായ പലതും ചെയ്വാൻ ഗതാഗതസൌകൎയ്യം അത്യാവശ്യമാണ്. ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു പുതിയ തെങ്ങിൻതോട്ടങ്ങളും കുരുമുളകുതോട്ടങ്ങളുംമററും തുറക്കുവാൻ കൃഷിക്കാൎക്കു നിവൃത്തിയില്ല. മുമ്പു മുടക്കിയ പണത്തിന്റെ പലിശതന്നെ കിട്ടുന്നില്ല. അതിനാൽ പുതിയ ജോലികൾ കർഷകർ ചെയ്യിക്കുന്നില്ല. നൂറു ജോലിക്കാരെവച്ചു ജോലിചെയ്യിച്ചുവന്ന കർഷകന് ഇരുപത്തഞ്ചു പേരെപ്പോലും ഏർപ്പെടുത്തി ജോലിചെയ്യിക്കാൻ സാധിക്കാതിരിക്കുന്നു. കടം വാങ്ങിച്ചും പട്ടണം പരിഷ്കരിക്കാൻ വലിയ ചിലവിനു തുടങ്ങുന്ന ഗവണ്മെൻറു വേലയില്ലാതെ കഷ്ടപ്പെടുന്ന നാട്ടിൻപുറത്തെ കൂലിക്കാരെ രക്ഷിക്കാൻ റിലീഫ് വർക്ക്സ് തുടങ്ങുവാൻ ഉടനെ ശ്രമിക്കേണ്ടതാണ്. കർഷകന്റെ നില സുരക്ഷിതമായാൽ കർഷകർ നാട്ടുമ്പുറത്തെ കൂലിക്കാൎക്കു പതിവുപോലെ വേല കൊടുത്തുകൊള്ളും. ഇപ്പോൾ ഗവണ്മെൻേറ അവൎക്കു ശരണമൊള്ളൂ.

നാട്ടുമ്പുറത്തെ വേലക്കാരെ വേലകൊടുത്തു രക്ഷിച്ചില്ലെങ്കിൽ അവർ പട്ടിണികിടന്നു മരിക്കുന്നതാണ്. പട്ടിണികിടന്ന് ആരെങ്കി

[Mr. Tariatu Kunjitomman]

ല്ലം മരിക്കാറുണ്ടോ എന്നു ചോദിക്കുമായിരിക്കും. പട്ടിണികൊണ്ടു ജീവശക്തി കുറയുമ്പോൾ രോഗാണുക്കളുടെ ആക്രമണത്തിന് എളുപ്പം വിധേയരായി ഓരോ രോഗംപിടിച്ചു മരിക്കുന്നു. ശ്രീമൂലം പ്രജാസഭയിലുംമററും മെമ്പർമാർ ആവർത്തിച്ചുപറഞ്ഞിട്ടുള്ള പല റോഡുകളും പാലങ്ങളും ഇപ്പോൾ ചുരുങ്ങിയ ചിലവിനു തീക്കാം. കൂലിക്കാൎക്കു ജോലി കൊടുത്തു രക്ഷിക്കയുംചെയ്യാം. അതിനാൽ ഉടനെ റിലീഫ് വൎക്കു തുടങ്ങണം. മൂവാററുപുഴയുംമററും എസ്ററിമേററു തയ്യാറാക്കിയ പല വേലകളും തീക്കാനുണ്ടു്.

Mr. J. John Kattakayam: അതിലേക്ക് അനുവദിച്ചിട്ടുണ്ടായിരുന്ന പല തുകകളും ലാപ്സായിപ്പോയിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

Mr. Tariatu Kunjitomman: അറിയാം.

Mr. M. N. Narayana Menon: ഞാൻ ഇതിനെ അനുകൂലിക്കുന്നു ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിന്റെ ഒടുവിൽ... ...

Mr. P. Padmanabhan Tampi: അനുകൂലിക്കുന്നതു ഏതിനെയാണ്.

Mr. M. N. Narayana Menon: മി: കട്ടക്കയത്തിന്റെ ഉപക്ഷേപത്തെയാണു ഞാൻ അനുകൂലിക്കുന്നതു്.

ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിന്റെ ഒടുവിൽ ൨൦൦ ലക്ഷം രൂപായോളം പബ്ളിക്കു വർക്കിനായി അനുവദിച്ചിരിക്കുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതു് വെറും ഒരു കൺകെട്ടുവിദ്യയാണ്. പുതിയ പബ്ളിക്കുവർക്സുകൾക്കായി ചേർത്തിട്ടുള്ളതു് ൨,൪൫,൦൦൦ രൂപാ മാത്രമാണ്. ഈ കാലത്തു് റോഡുകൾക്കുവേണ്ടി കൂടുതൽ പണം അനുവദിക്കേണ്ടതാണ്. പബ്ളിക്കു വർക്കിനെ സംബന്ധിച്ചിടത്തോളം തലസ്ഥാനനഗരിയിൽനിന്നും അകന്നുപോകുംതോറും അതിനനുസരണമായി റോഡുകൾക്കു കുറച്ചു കുറച്ചു പണം ചിലവാക്കിവരുന്നുണ്ടു്. കോട്ടയംഡിവിഷനിൽ പതിനാറായിരം രൂപായിൽ കൂടുതൽ പുതിയ റോഡുകൾക്കായി ചേർത്തുകാണുന്നില്ല. പല സംഗതികൾകൊണ്ടും പ്രാധാന്യമുള്ള ഡിവിഷനാണ് കോട്ടയം. പബ്ളിക്കുവർക്സ് ഡിപ്പാർട്ടുമെന്റിനു കിട്ടുന്ന വരവുകളിൽ കൂടുതൽ കിട്ടുന്നതു് കോട്ടയത്തുനിന്നാണ്. ൨,൫൬,൦൦൦ രൂപാ കോട്ടയത്തുനിന്നും ഡിപ്പാർട്ടുമെന്റിലേക്കു അടുത്തവർഷം വരവുകാണുന്നു. പ്രാധാ

ന്യമുള്ള സംഗതികളെക്കൊണ്ടും വരവിന്റെ കൂടുതൽകൊണ്ടും കോട്ടയത്തേക്കുവേണ്ടി കൂടുതൽ ചിലവുചെയ്യുന്നതിനു ന്യായവും അവകാശവും ഉണ്ടു്. കോട്ടയത്തു ചില ചില്ലറ വേലകൾ ഉടനെ ചെയ്യേണ്ടതായിരിക്കുന്നു. അവിടത്തെ ചുങ്കം പാലം തീർന്നതോടുകൂടി അതിനു സമീപത്തുള്ള ചില ചെറിയ പാലങ്ങൾ അത്യാവശ്യമായിത്തീർന്നിരിക്കുന്നു. കുഴിത്താററിൽപാലം, കുടമാളൂർപാലം എന്നിവയാണ് അത്യാവശ്യമായി തീർക്കേണ്ട പാലങ്ങൾ. വേളൂർവഴിയുള്ള ഇല്ലിക്കൽറോഡ്, തിരുവാർപ്പിൽനിന്നും ചെങ്ങളംവഴി ഒളശ്ശയിലേക്കുള്ള റോഡ്, മററക്കരവാഴൂർറോഡ് എന്നീ ചില്ലറ റോഡുകളും അത്യാവശ്യമാണു്. അതുപോലെ കുമരകത്തു തെക്കുവടക്കുള്ള റോഡ്.

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും പല ജോലികളും ചെയ്തുതരണമെന്നു ഗവൺമെന്റിനോടു് അപേക്ഷിച്ചുകൊണ്ടിരുന്നിട്ടും ഇതുവരെ ഒന്നുംതന്നെ ചെയ്തുതന്നിട്ടില്ല. ഇതിലേക്കു വലിയ പണച്ചിലവിന്റെ ആവശ്യമില്ല. മാവേലിൽതോടിന്റെ അത്യാവശ്യകതയെപ്പററി പത്തുപതിനാറുവർഷങ്ങളായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഇതുവരെ സാധിച്ചുതന്നിട്ടില്ല. വെള്ളപ്പൊക്കകാലത്തു് കുമരകത്തുള്ള കന്നുകാലികളുടെ രക്ഷയ്ക്കായി കുറേ സ്ഥലം നികത്തിത്തരണമെന്നു പലപ്പോഴും ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടു്. ൧൦൯൯-ലെ വെള്ളപ്പൊക്കകാലത്തു ദിവാൻ മി: രാഘവയ്യാ ആ സ്ഥലം വന്നു നോക്കുകയും "കുമരകം മുഴുവനും വെള്ളത്തിനടിയിലാണല്ലൊ" എന്നു് എന്നോടുതന്നെ പറയുകയുംചെയ്തിട്ടുണ്ടു്. രണ്ടേക്കർ സ്ഥലം കന്നുകാലികളുടെ രക്ഷയ്ക്കായി—മനുഷ്യർ എങ്ങിനെയെങ്കിലും രക്ഷപ്പെട്ടുകൊള്ളും—പൊക്കിക്കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടു് ഇതുവരെ സാധിച്ചുതന്നിട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേക്കു അനുവദിച്ചിട്ടുള്ള തുകയിൽ വളരെ പണം ലാപ്സാകുന്നുണ്ടു്.

രാജ്യത്തിന്റെ വടക്കെ അറ്റത്തുനിന്നും തലസ്ഥാനത്തു വരുന്നതിനു വെള്ളപ്പൊക്കകാലത്തു വളരെ പ്രയാസം നേരിടുന്നുണ്ടു്. ഇതു ഒരിക്കലും നമുക്കഭിമാനകരമായിട്ടുള്ളതല്ല. പടിഞ്ഞാറൻ തീരത്തുള്ള കായലോരം റോഡിൽ നീണ്ടകരപ്പാലം തീർത്തിട്ടുള്ളതുകൊണ്ടു് കന്യാകുമാരിമുതൽ അരൂർവരെ ഇപ്പോൾ കാറിൽ സഞ്ചരിക്കാം. അതിനിടക്കു തോട്ടപ്പള്ളിയിൽ ഒരു ചെറിയപാലം അത്യാവശ്യമാണു്. ഇതിലേക്കു ചിലവാക്കുന്നതിനു റോഡുഡവലപ്പുമെൻറുഫണ്ടു ഉണ്ടു്. ആ ഫണ്ടുതന്നെയും മുഴുവൻ ചിലവാക്കുന്നില്ല. അതിൽ നിന്നും മൂന്നരല

[Mr M. N. Narayana Menon.]

ക്ഷം രൂപാ കഴിഞ്ഞാണ്ടിൽ അനുവദിച്ചു. ഈ വർഷം അതു രണ്ടു ലക്ഷമാക്കിയിരിക്കയാണ്. ഇതു ശരിക്കു കണക്കു പറഞ്ഞു വാങ്ങിക്കുന്നില്ലേ എന്നു സംശയം തോന്നുന്നുണ്ടു. പെട്രോൾ ഇനത്തിൽനിന്നു ഒരു നല്ല സംഖ്യ ബ്രിട്ടീഷ്ഗവണ്മെന്റിനോടു നമുക്കു വാങ്ങിക്കാൻ കഴിയുന്നതാണ്. ഈ തുകകളെല്ലാം സെൻട്രൽറോഡുബോർഡിലേക്കു ചിലവാക്കണം. അതിലേക്കു ഒരു റോഡ്ബോർഡ് ഇവിടെ ഏർപ്പെടുത്തേണ്ടതു അത്യാവശ്യമാണ്. പ്രധാനപ്പെട്ടറോഡുകൾ ഉണ്ടാക്കുന്നതിനു ഒരു പ്രത്യേക ഇഞ്ചിനീയരെ ചുമതലപ്പെടുത്താവുന്നതാണ്. ബ്രിട്ടീഷിൻഡ്യയിൽ ഇങ്ങനെ ഒരു ഡിപ്പാർട്ടുമെന്റു ഏർപ്പെടുത്തിയിട്ടുണ്ടു്. ഇവിടത്തെ ചീഫിഞ്ചിനീയറായിരുന്ന മി. വെപ്പൻ മദ്രാസിൽ ഇതു പോലുള്ള ബോർഡിന്റെ മേധാവിയാണ്. ബ്രിട്ടീഷിൻഡ്യയിലെ ഒരു ഉദ്യോഗസ്ഥനായ മിസ്റ്റർമിച്ചൽധാര ഇതിനെപ്പററി അന്വേഷണം നടത്തുന്നതിനു ഈയിടെ ഇവിടെ വന്നിട്ടുപോയി എന്നു ഞാൻ ഒരു പത്രത്തിൽവായിച്ചു. സർ. എം. വിശ്വേശ്വരയ്യാ ഇതിനെപ്പററി പറഞ്ഞിട്ടുള്ള ഒരുഭാഗം ഞാനിവിടെ ഉദ്ധരിക്കാം. നാം സകലസംഗതികളിലും ബ്രിട്ടീഷിൻഡ്യയോടു യോജിച്ചുപ്രവർത്തിക്കയാണല്ലോ. ഇൻഡ്യൻ ഫെഡറേഷൻ, കൊച്ചീ തുറമുഖം, കാർഷികപര്യവേക്ഷണം എന്നീ സംഗതികളിൽ നാം അവരോടു യോജിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. അതു കൊണ്ടു് ഒരു ഇൻഡ്യൻ റോഡ്ബോർഡ് ഉണ്ടാകുന്നവിഷയത്തിലും നാംചേർന്നുപ്രവർത്തിക്കുന്നതു് നന്നായിരിക്കുമെന്നു വിചാരിക്കുന്നു.

സർ, എം. വിശ്വേശ്വരയ്യാ ഇപ്രകാരം പറയുന്നു.

"An All India Board of Communications should be constituted as early as possible, representative of all transport interests in India. This Board should make a study of the transport requirements of the country in general—together with a survey of the country's future road programme in particular—and should evolve practical proposals for financing the schemes. The Board should also be an expert advisory body for provincial transport committees. The present total length of the roads in India is less than 300,000 miles. The programme should aim at increasing the same to at least one million miles within the next 5 years.

അതിനാൽ ഇങ്ങനെയുള്ള ഒരു റോഡ്ബോർഡ് അത്യാവശ്യമാണ്.

വളരെ വിഷമിച്ചുകൊണ്ടിരിക്കുന്ന കൂട്ടുനാട്ടുകാരിൽനിന്നും ഈടാക്കിവരുന്ന വള്ളക്കരം ഉടനെ നിറുത്തൽ ചെയ്യണമെന്നും ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

Mr. K. P. Nilakanta Pillai : Sir, I have to make a few observations on the P.W.D.budget. Even though it is a matter for congratulation and glorification between the Chief Engineer on the one hand and the Financial Secretary on the other that they have been able to reach the zenith of allotment made in the P. W. D. for some years in the past, it is not a matter for congratulation as far as the country rustic is concerned. I have again to express my doubts whether that department has a definite policy before it. It is highly regretted that the want of continuity in policy is visible in the working of the Public Works Department. Sir, looking back upon the history of Travancore, one would find what the Governmnet have been trying to establish in Travancore. To put it briefly in our country or State with the existing natural resources which are not properly utilised by the P.W D. for developing easy means of communication for adding to the transport facilities, etc., Such a policy is simply unimaginable to me. It has been recognised from time immemorial that there exists plenty of waterways in the country. The cheapest and the best way of enhacing the means of communication and transport facilites would be to improve waterways of the land. Sir, though Travancore was not civilised some three hundred years back, the rulers then thought that the best thing would be to develop its waterways. So it is that they attempted the Parvati Puthanar which still remain incomplete, not only incomplete, Sir but it is neglected. Even ordinary boats travelling along will get stuck in the middle, because the silt formed from time to time is not even removed and that particular attention is not paid by the P. W. Department proper. Again, Sir, the ports of Travancore are not only neglected but they are kept in the most out-of-date and primitive condition. Sir, this is the time.........

Mr. G. B. E. Truscott : Has the member said of the roads or ports ?

Mr. K. P. Nilakanta Pillai : I was speaking about ports- Whatever may be the work of the department we can more or less understand from the discussion that took place here and elsewhere and from the information that we have been permitted to gather from the utterances both in the press and on the platform outside Travancore that our interest or our hope in the Cochin Harbour is not going to be a permanent one. If the Davidson Committee reported that in the future Federation it would be advisable to make the Cochin Harbour an All-India Harbour and a federal port we are not sure whether we will have to withdraw our interest in the Cochin Harbour or not.

Chairman : It is time for taking up the adjournment motion,

Mr. K. P. Nilakanta Pillai: I have taken only four minutes, Sir.

Chairman: You can continue on the next day.

ADJOURNMENT MOTOIN RE FAMINE AND PESTILENCE IN THE COUNTRY.

Chairman: Mr. Padmanabhan Tampi will move his adjournment motion.

Mr. P. Padmanbhan Tampi: Sir, before I move the motion, I beg to thank the President for the kind permission he has granted me for moving this adjournment motion.

Mr. M. N. Paramesvaran Pillai: I rise to a point o order. The House has permitted him to move the motion. He is thanking the President.

Mr. P. Padmanabhan Tampi: The member is very hasty. I am coming to that point.

I thank the House also for granting such permission.

My motion reads as follows:

> *I beg to move an adjournment of the business of the House to discuss a definite matter of urgent public importance, viz., the famine and pestilence now raging in the country as a result of the total failure of the recent crops in many parts of the country.*

In the speech of the Financial Secretary there was not a word about the prevailing famine and pestilence in the country. The economic depression began towards the beginning of 1105. It is at its highest pitch now. The Financial Secretary while presenting the Budget for 1110 spoke as follows:

"The economic depression which has been correctly described as unprecedented".

Along with this economic depression there were heavy floods in 1107 and 1108. These floods caused severe damage to the agricultural holdings. The flood damages have not yet been repaired. Valuable paddy fields in South Travancore have been silted up, and the silt has not yet been removed though the people are obliged to pay taxes. In certain places the breaches have not yet been closed and the rain water goes through the paddy lands. Along with that there was the heavy drought in 1109 and 1110. The crops have actually failed. There is no drinking-water for the people, not to speak of their cattle. The cattle are dying in thousands. Would you believe me when I say that the agriculturists have let loose the cattle into the forest to save the innocent creatures from starvation? Would you believe when I say that people are now living on the leaves of certain plants? There was a recent occur-

rence in a family in North Travancore. Some tapioca leaves were boiled and eaten. The whole family died on account of poison. In another instance a family at Toduvetti was in a pathetic condition. The father put the children into a well and himself committed suicide. There are several cases of starvation and pestilence. There was a recent occurrence at Neyyattinkara where a family of 9 members were starving. Eight of them died. The ninth happened to be the husband. He also died.

Dr. M. K. Gopala Pillai : May I ask whether the member has verified that incident?

Mr P. Padmanabhan Tampi : There is no necessity for verification, because the condition prevailing in the rural parts will lead to this and more. It was published in the local newspapers If the honourable member thought that it was false he ought to have contradicted it.

Dr. M. K. Gopala Pillai : I question it, Sir.

Mr. S. Piraviperumal Pillai : Is there not a Publicity Officer to contradict that?

Mr. P. Padmanabhan Tampi : It was published in the newspapers and was not contradicted.

Dr. M. K. Gopala Pillai : I may inform the member that it was contradicted.

Mr. P. Padmanabhan Tampi : In which paper has he contradicted it? It is no use if he contradicts it in his own home. May I know whether he has gone to Neyyattinkara?

Dr. M. K. Gopala Pillai : I have gone not only to Neyyattinkara but to all these places.

Mr. C. V. Chandrasekharan : I rise to a point of order. Mr. Padmanabhan Tampi is asking questions to Dr. Gopala Pillai who is not in possession of the House.

Mr. P. Padmanabhan Tampi : The member was not kind enough to travel through all the malarial places. He went as far as Kattakada and he is contradicting me and stating that my statement is unfounded. That is nothing but a cheeky way of doing things.

Dr. M. K. Gopala Pillai : Sir, is this parliamentary language?

Mr. M. N. Paramesvaran Pillai : Which is the parliament the language of which we are to follow here?

Chairman : That word is objectionable.

Mr. S. Piraviperumal Pillai: May I submit that the very same expression was used on the floor of the House several times?

Mr. K. P. Nilakanta Pillai: Used even in other parliaments.

Mr. P Padmanabhan Tampi: Proceeding further, there was even during the last session, an adjournment motion tabled by Mr. N. K. Krishna Pillai. The Chief Secretary in a vehement speech was finding fault with the non-officials for not giving information to Government about the disease and about the distribution of rice. I ask you in all earnestness whether it is the duty of the non-official members to inform Government about these matters when there is a Government agency for all that and when the Government agency is not working properly.

Rao Sahib Dr. N. Kunjan Pillai: May I correct that statement, Sir? I do not think I said that the non-official members were expected to give information about the outbreak of malaria. What I did say was that several bags of rice remained undistributed at that time.

Mr. P. Padmanabhan Tampi: I may say that it was not true. The information given to the Chief Secretary was unfounded.

Rao Sahib Dr. N. Kunjan Pillai: I got it from the non-official members themselves.

Mr. P. Padmanabhan Tampi: Sir, malaria is still prevalent in Neyyattinkara, Vilavankod and Nedumangad. All medical assistance was withdrawn from those places. I ask the member in charge of Public Health whether he has given sufficient medicine for the malaria-stricken people. There is absolutely no help for these poor people. Crowds of people from the rural parts are flocking to the district hospitals in Neyyattinkara and Vilavankod. Dysentery and Diarrhoea have broken out throughout the length and breadth of Travancore. The condition of the people is deplorable. It is high time that relief measures are started in important centres. With these words, I move the motion for the consideration of the House.

Mr. K. P. Nilakanta Pillai: Sir, I support the motion. I have already brought to the notice of this House the situation of despair and panic that is prevailing in the country parts. This adjournment motion deals with poverty and the outbreak of pestilence. The member had probably in view the situation of Neyyattinkara, Nedumangad and the neighbouring places. When the malaria epidemic broke out, the official agencies started by Go-

vernment took certain measures of relief. The way in which those measures were carried out was satisfactory. But the subsequent conduct of the authorities responsible for the health of the public is not justifiable. The disease seemed to have subsided for a time and all help was withdrawn from these three taluks. Consequently, malaria has now broken out very virulently in those places. During the first attack the disease was not chronic, and simple remedies were found sufficient. Now the monsoon, that was expected, has disappeared and malaria has broken out in great virulence I believe the member in charge of Public Health is aware of the exact number of patients that are now being treated at Nedumangad, Palode, Vidura and Ariyanad. People are now flying away from those parts and rushing into the General Hospital. From the record of the fever ward in the General Hospital, we can know the dangerous condition in which people have come here. I am emphatically of opinion that the stage when the patients could be treated with quinine mixture has gone. There is absolutely no use in administering quinine mixture.

Therefore, my submission is that the patients have to be injected with quinine hydrochloride or given whatever treatment that was referred to by Mr. Padmanabhan Tampi. There is absolutely no use in giving quinine mixture to the malaria patients. The poor and ignorant country folk, on account of the bitter taste of the pills, will refuse to take them or they may swallow them in a gulp and vomit them. Therefore, what I say is that quinine has proved ineffective either way. From my experience I gather that, treatment of a malaria patient is not a small matter as it would appear. He has to be fed and clothed. And something like a famine relief in small measure has to be started immediately. Or at any time it may assume enormous proportions and get out of control. And honourable members like Mr. Balakrishnan Tampi may refute every statement that is given expression to here. They might say that there is no big calamity or pestilence in the country parts and all that. Therefore my humble view is that....

Mr. Kochikkal P. Balakrishan Tampi: I should be permitted to explain that, Sir. I never said that there was no famine prevailing in the country. What I said was that there was no revolution nor bloodshed nor deaths in thousands.

Mr. K. P. Nilakanta Pillai: I accept the member's view of the matter. But if my prophecy will take shape, I am of opinion that in the coming year, if not a big calamity, there will be all sorts of disturbances throughout the country. If one goes to the interior parts of Nedumangad such as Vidura, Palode, etc., and observe the condition prevailing, he will certainly be staggered by

[Mr. K. P. Nilakanta Pillai.]

it. He might come across tapioca plantations being uprooted during midnight by women and eaten by children as food. Several heads of innocent persons are broken and the Commissioner of Police is not here to say in how many cases the police charged such silly offences. I cannot for a moment imagine what the people could do in this poverty stricken condition.

Mr. M. N. Paramesvaran Pillai: May I ask whether the theft of a jewel in the Museum very recently was due to this poverty?

Mr. K. P. Nilakanta Pillai: That may or may not be due to poverty; Sir, my point is to draw the attention of the House to the unfortunate situation in the rural parts of the country.

Therefore, my point is that under such circumstances what the Public Health Department has done is far from sufficient. We cannot enter into the bigger question of famine relief. I do not know how Government can undertake such a big responsibility at present. The question that has to be considered, especially with reference to malarial regions, is that some definite and concentrated methods ought to be adopted to relieve the patients now attacked by malaria. There are some temporary hospitals in some pakuthies of Nedumangad taluk. More of such hospitals with a doctor and the necessary staff have to be provided temporarily throughout deserving malarial centres as also other arrangements including diet should be undertaken immediately by Government. If that is not done, I can prophey—whatever might be the arguments advanced by the Government member—this problem will not be tackled even to a smallest degree. In the General Hospital, Sir, you will find the malaria patients being placed in the corridors and verandahs. It is an appalling sight to know the real conditions prevailing in some parts of Neyyattinkara taluk. One Nadar woman with seven of her children, the youngest of them being 3 months old, all affected with malaria, was brought to the General Hospital in an unconscious condition, by a charitably disposed man. Besides that, there are also two similar families, one with eight members of which six died of malaria due to want of treatment and food. There was nobody to attend on them. Even *kanji* water was not given. No doubt, when we say all these facts they will be questioned by the official members as to whether they have been verified. I may say at once that these are all facts which have been verified by me directly from a person who came from that spot and who is also now in the General Hospital.

Sir, vital statistics and all other figures now supplied by every department and Government are so unreliable and unsatisfactory that no reliance of any sort could be placed on them. When Government members challenge the facts that have been placed before this House, I am a bit amused on account of the authoritative position in which they are. The officials should have had at least the magnanimity to take note of these facts and to go to the places to verify them. Instead of that I cannot see what is the meaning of challenging the facts brought to the notice of the House. Therefore, Sir, the immediate attention of Government has to be drawn to this aspect of the matter. My suggestion is that temporary hospitals in deserving centres should be opened with a doctor and necessary staff with dietetic arrangements for malaria patients. Unless that is done, I do not think that the question of malaria could be successfully solved.

In this connection, even though not quite relevant, since the Darbar Physician is here he will have also to see whether this is not an abnormal occasion and whether the hospitals in the State stock useful and necessary medicines to administer to the patients. With the experience of the past 3 or 4 months, the Darbar Physician ought to have anticipated this need and ought to have taken the necessary steps to supply the hospitals with sufficient quantity of quinine bi-hydrochloride. Even in the General Hospital it is not available; then what about the mofussil hospitals? The administering of simple quinine mixture is useless. That is nothing but mere waste of public money. With these words I support the motion.

Mr. Kochikkal P. Balakrishnan Tampi: Sir, my friend Mr. K. P. Nilakanta Pillai was not quite fair in his reference to me. I never represented that this country was over-flowing with milk and honey. My only sin was that I did not very much indulge in exaggerating things which to my mind does not tend to a cool discussion or for finding out ways and means for averting the calamity. Anyway, I bear no malice towards him. But I congratulate my friend Mr. Nilacanta Pillai for his masterly study of the *materia medica* and his excursions into that field were both enlightening, if not amusing.

Now, Sir, the question has to be considered not from casual statistics, say one day's visit into the General Hospital for seeing the the Nadar woman with eight children, or from the instance of a woman who stole tapioca one night and distributed it among children in the morning for food. This also is not to be solved by making lump sum grants to one taluk or other. Because the problem is universal owing to the poverty of the masses and resistance to disease has come down considerably. Something, which will

[Mr. Kochikkal P. Balakrishnan Tampi.]

help the people as a whole in the State, especially the people who are in the malarial and famine-stricken area, should be devised. My suggestion is, that more attention ought to be paid to the State as a whole. In the matter of school children throughout the State, especially the poor children, because, most of the children of school-going age are now in schools, some arrangement for mid-day meal ought to be provided so that, at least, their power of resistance to disease might not get worse in the case of school children.

Tagged on to this is the question of making suitable remission. The suffering of the people is a very real thing. We have heard so much about them that we are tired of them. Even the non-officials are very much tired of hearing the sorrowful tales of woe and distress. They are really tired of representing about depression and the voice of the cocoanut cultivators. In this connection, may I state that it serves no useful purpose, if non-officials merely decry the Government and the Government officers. Some of my honourable friends were speaking about officers going in motor-cars and that they do not realise the sufferings of the poor. Merely exaggerating the situation, without suggesting a remedy, does not help the cause of the poor and the suffering. Why on earth the officers cannot go in motor cars is the question I ask? But, it may be good enough for a stump orator. In this connection I am reminded of days before election, when at every street corners candidates talked to the voters. That sort of discussion, rhapsodising, prophesying, appealing to the people might have been good enough then. This is not the sort of discussion which will tend to the solution of the problems of the masses whom we represent. I certainly very much resent the personal reference about me by Mr. Nilakanta Pillai and I hope, at least, in future, he will make definite proposals and not indulge very much in rhapsodising and singing.

Mr. K. P. Nilakanta Pillai: While thanking the member, may I ask, what is the definite proposal suggested by the member?

Mr. Kochikkal P. Balakrishnan Tampi: The problem of feeding the school children.

Mr. J. John Kattakayam: സർ, എന്റെ മാന്യമിത്രം മി പത്മനാഭൻതമ്പി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ ഏററവും ശക്തിയായി അനുകൂലിക്കുന്നു. ശിലയും അലിയുമാറുള്ള സ്വരങ്ങളിൽ ആരു എന്തൊക്കെ പറഞ്ഞാലും, ജനങ്ങളുടെ ദയനീയാവസ്ഥകൾ കണ്ണാടിയിൽഎന്നപോലെ വ്യക്തമായികാണിച്ചിട്ടും ഇതിനപ്പുറത്തിരിക്ക

ന്ന ഉദ്യോഗസ്ഥവൃന്ദങ്ങൾ അതിനെ മാറുരൂപത്തിലാണു ധരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ഉദ്യോഗസ്ഥലോകം ഒരു ഭീമമായ സംഖ്യ പ്രതിമാസം ശമ്പളം കിട്ടി രമ്യഹർമ്മ്യങ്ങളിൽ അധിവസിച്ചു സുഖിച്ചാൽ മാത്രം മതിയല്ലോ. ഉൾനാട്ടുകളിൽ നടക്കുന്ന യാതൊരു വ്യസനസംഗതികളും അവർക്കറിവില്ല. അവിടത്തെ അവസ്ഥകൾ വളരെ ദയനീയമാണ്, ഭയങ്കരമാണ്. കണ്ണുള്ളവർക്കു കാണുവാൻ പാടില്ലാത്ത തരത്തിൽ അത്ര സങ്കടകരമാണ്. ഉൾനാട്ടിലെ കഥകൾ ശരിയായരൂപത്തിൽ വർണ്ണിക്കുന്നതിനു ഒരു നല്ല സാഹിത്യകാരന്റെ തൂലികതന്നെ വേണം. എന്നിരുന്നാലും ഇവിടത്തെ അനുദ്യോഗസ്ഥലോകം അവരുടെ ശക്തിക്കനുസരണമായവിധത്തിൽ അവയുടെ യഥാർത്ഥരൂപം ഈ സഭയിൽ അറിയിച്ചുകൊണ്ടിരുന്നിട്ടും അതു വെറും വനരോദനംപോലെയാണു കലാശിക്കുന്നതു്. ക്ഷാമം നാടൊട്ടുക്കു ബാധിച്ചിരിക്കുന്നു. അതുകൊണ്ടു പല അക്രമങ്ങളും നാട്ടിൽ നടക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കഥതന്നെ ഞാൻ പറയാം. നിത്യവും കൂലിവേല ചെയ്തു കാലയാപനം കഴിക്കുന്ന ഒരു കൂലിക്കാരൻ തന്റെ അരുമസന്താനത്തിൽ മൂന്നെണ്ണത്തിനെ മൂവാററുപുഴ പാലത്തിൽനിന്നുകൊണ്ടു് ആററിലേക്കു എറിഞ്ഞുകളഞ്ഞു. അതു "കനകംമൂലം കാമിനിമൂലം" എന്നുള്ള വഴക്കുകൊണ്ടല്ല. പട്ടിണിയാണു കാരണം. അതിന്റെ നിവാരണത്തിനായി അവർ രാജ്യാന്തരങ്ങളിലെല്ലാം സഞ്ചരിച്ചുനോക്കി, എന്നിട്ടും കുട്ടികളെ തീററിപ്പോററുന്നതിനുള്ള നിവൃത്തി അവർ കാണായ്കയാൽ ഇപ്രകാരം ചെയ്തതാണ്. മീനച്ചൽതാലൂക്കു സമ്പൽസമൃദ്ധികൊണ്ടു് മുന്നണിയിൽ നിൽക്കുന്ന ഒരു താലൂക്കാണ്. അവിടെ ഒരാൾ അവനുണ്ടായിരുന്ന വസ്തുക്കൾ മുഴവൻ തീറെഴുതികൊടുത്തതിനു ശേഷം തന്റെ കുട്ടികളെ എല്ലാം എടുത്തു പുരക്കകത്തിട്ടു ആ പുരക്കു തീ വച്ചു. അവനെ സഹായിച്ച ആളുകളേയും ഉപദ്രവിക്കാനാണ് അവൻ തയാറായതു.

മാനമായിട്ടുകഴിഞ്ഞ ആളുകളെ സംബന്ധിച്ചിടത്തോളം അടി പിഴച്ചാൽ ആനയും അകപ്പെടും എന്ന പഴഞ്ചൊല്ലു് അന്വത്ഥമായി തീർന്നിരിക്കയാണ്.

ഞാൻ തെക്കൻ തിരുവിതാംകൂറിലെ എക്സിക്യൂട്ടിവ് എൻജിനീയരുടെ വസതിയിൽ ഇക്കഴിഞ്ഞ ഒരു ദിവസം ചെന്നപ്പോൾ അദ്ദേഹത്തിനു ചുററും ആളുകൾ കൂട്ടംകൂടി നിലവിളിച്ചു സങ്കടം പറയുന്നതു കാണുകയുണ്ടായി. അദ്ദേഹം എന്റെ നിയോജകമണ്ഡലത്തിൽ ഇരുന്നിട്ടു

[Mr. J. John Kattakayam.]

ള്ള ഒരാളായതുകൊണ്ടു് എനിക്കു അദ്ദേഹത്തിനെ അറിയാം. ഇവർ കൂട്ടംകൂടിനില്ക്കുന്നതിനുള്ള കാരണം എന്താണെന്നു ഞാൻ അന്വേഷിച്ചപ്പോൾ "തണ്ണിയില്ല" എന്നുള്ള പല്ലവിയാണു കേൾക്കാൻ എനിക്കു ഇടയായതു്. അതു യഥാർത്ഥമാണെന്നു ഞാൻ അദ്ദേഹത്തിൽനിന്നും മനസ്സിലാക്കി. എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞതു് ഇന്നയിന്നസ്ഥലത്തു് ഇന്നയിന്നതരത്തിൽ വെള്ളം പായിക്കണമെന്നുള്ളതിനു വേണ്ടനിർദ്ദേശം കൊടുക്കേണ്ട തന്റെ ജോലി താൻ ശരിയായി നിർവഹിക്കുന്നുണ്ടെന്നും, എന്നാൽ അണയിൽ വെള്ളമില്ലാതെയായിരിക്കുന്നുവെന്നും അതുകൊണ്ടാണു ഈ ആളുകൾ അവിടെ കൂടിയിരിക്കുന്നതെന്നും മററുമാണ്. അണയിലെ വെള്ളം ഉപയോഗിച്ചുകൊണ്ടിരുന്ന ചില സ്ഥലങ്ങളിലെ ആളുകൾ മൂന്നും നാലും മൈൽദൂരെനിന്നു വെള്ളം കൊണ്ടുവന്നാണു ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്യുന്നതിനുള്ള ആവശ്യം പോലും ഇപ്പോൾ നിറവേററുന്നതു്.

ദക്ഷിണതിരുവിതാംകൂറിനു എന്താണ് ഇത്രവളരെ ആനുകൂല്യങ്ങൾ നൽകിവരുന്നതിനുള്ള കാരണമെന്നു ഞാൻ മുൻപു പലപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ അവിടെ ചെന്നുനോക്കിയപ്പോഴാണ് ഇതിന്റെ യാഥാർത്ഥ്യം മനസ്സിലായതു്. വെള്ളക്കരം എന്താണെന്നു വടക്കുള്ളവർ ചോദിക്കുന്നു. കോതയാറണ പണിചെയ്തകാലത്തു അന്നുണ്ടായിരുന്ന വിദഗ്ദ്ധന്മാർ കൃഷിക്കുപയോഗിച്ചുകൊണ്ടിരുന്ന ജലാശയങ്ങളൊന്നിനേയും പതിച്ചുകൊടുക്കരുതെന്നു നിർദ്ദേശിച്ചിരുന്നു. ഇറിഗേഷൻസംബന്ധിച്ചുള്ള ജലാശയങ്ങളിൽനിന്നും കൃഷിക്കാവശ്യമുള്ള വെള്ളം എടുക്കയും തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ അണയിൽനിന്നും വെള്ളംപായിക്കയും ചെയ്യണമെന്നായിരുന്നു വിദഗ്ദ്ധാഭിപ്രായം. എന്നാൽ സ്വാധീനബലമുള്ളവക്കും ഗവമ്മെന്റുദ്യോഗസ്ഥന്മാക്കും ഈ ജലാശയങ്ങളെല്ലാം ഗവമ്മെന്റു പതിച്ചുകൊടുത്തു. വിദഗ്ദ്ധാഭിപ്രായമനുസരിച്ചു ഗവമ്മെന്റു ചെയ്തിരുന്നു എന്നുവരികിൽ തെക്കൻതിരുവിതാംകൂറിൽ ഇന്നു വെള്ളത്തിനു ക്ഷാമം ഒട്ടുംതന്നെ വരികയില്ലായിരുന്നു. അതിനാൽ ഈ പതനത്തിൽ ഗവമ്മെന്റു സർവശക്തികളും ഉപയോഗിച്ചു ദക്ഷിണതിരുവിതാംകൂറുകാരെ രക്ഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇനി ഉത്തരതിരുവിതാംകൂറിലെ സ്ഥിതിയെപ്പററി പറയാം. അവിടെയും വിളവു മുഴുവനും കരിവാണ്. കായലോരങ്ങളിൽ നില്ല

ന്ന തെങ്ങുകളിൽനിന്നുപോലും ശരിയായ ആദായം കിട്ടുന്നില്ല. പിന്നെ മലയോരങ്ങളിലെ തെങ്ങുകളുടെ കഥ പറയാനില്ലല്ലോ. സമൃദ്ധിയായിട്ടുണ്ടായിരുന്ന പുഞ്ചകൃഷിയുടെ ആദായവും നഷ്ടത്തിലാണ് കലാശിച്ചിരിക്കുന്നതു. ഇഞ്ചിനട്ടില്ലെങ്കിൽ ഒരു ചുക്കുമില്ല എന്നു ഞാൻ കഴിഞ്ഞകൊല്ലത്തിൽ പറഞ്ഞതു ഇപ്പോഴും ആവർത്തിച്ചുകൊള്ളുന്നു. എന്നാൽ ഇതുനിമിത്തം ഗവണ്മെൻറിൻെറ ബാദ്ധ്യതയെന്തെന്നുള്ളതു ഈ അവസരത്തിൽ ആലോചിക്കേണ്ടതാണ്. കുരുമുളകിനു വിലയില്ല. ഈ തരത്തിലുള്ള ഒരു പരിതഃസ്ഥിതിയില്ലായിരുന്ന നാട്ടിലുള്ളതെന്നു വരുകിൽ കരം ഇളവുചെയ്യണമെന്നു ആരും തന്നെ ആവശ്യപ്പെടുകയില്ലായിരുന്നു. ഭൂനികുതി കുറയ്ക്കണമെന്നു പറയുമ്പോൾ അഞ്ചുരൂപാ കരം കൊടുക്കുന്നവരിത്രയാണെന്നും ഒരു രൂപാ കരംകൊടുക്കുന്നവരിത്രയാണെന്നും അതിലധികം കരംകൊടുക്കുന്നവരിത്രയാണെന്നും മററുമുള്ള കണക്കുകൾ ഒക്കെ പറയുകയും കരമിളവു സാധുക്കൾക്ക വലിയ പ്രയോജനമില്ലെന്നു പ്രതിവാദിക്കയും ചെയ്യുക പതിവാണ്. ഇവിടെ ആകെ എട്ടു ലക്ഷം ജനങ്ങളാണ് ഭൂനികുതി കൊടുക്കുന്നതു്. എന്നാൽ 60 ലക്ഷംജനങ്ങളെയും സാർവത്രികമായിട്ടു ബാധിക്കുന്ന ഒന്നാണ് സ്കൂൾഫീസ്. അതു ഗവണ്മെൻറു കഴിയുന്നത്ര ഇളവുചെയ്തുകൊടുക്കണം.

ഒരു രാജ്യത്തിൻെറ ശ്രേയസ്സ് ആ രാജ്യത്തെ കൃഷിക്കാരെ ആശ്രയിച്ചാണിരിക്കുന്നതു്. കൃഷിക്കാർ ക്ഷയിക്കുംതോറും രാജ്യവും ക്ഷയിക്കും. ഇതിലേക്കു വേണ്ട മുൻകരുതൽചെയ്യില്ലെങ്കിൽ അടുത്തകാലത്തു വിപ്ലവങ്ങളുണ്ടായേക്കും. ഞാൻ പോലീസ്ഡിപ്പാർട്ടുമെൻറിലേക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക മെിററ്ചെയ്യണമെന്നു ഒരു മോഷൻ അയച്ചിട്ടുണ്ട്. അതിൻെറ ഉദ്ദേശം പോലീസിലേക്കു ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പോരാ എന്നു കാണിക്കുന്നതിനാണ്. എന്തുകൊണ്ടെന്നാൽ ഗവണ്മെൻറിൻെറ ഇന്നത്തെ മനോഭാവത്തിനു രാജ്യത്തു വിപ്ലവമുണ്ടാകാതിരിക്കാൻ ഇടയില്ല, ആ കാലത്തു കൂടുതൽ പോലീസുകാരുടെ ആവശ്യമുണ്ട്. അതിലേക്കുകൂടുതൽ പണം അനുവദിക്കുന്നതിനു ഞങ്ങൾക്കധികാരമില്ലെങ്കിലും ഉള്ളതു തള്ളിക്കളയുവാൻ അധികാരമുണ്ട്.

സാധുക്കളുടെ ജീവിതോല്ക്കർഷത്തിൻെറ ആവശ്യങ്ങളെപ്പററി പറയുമ്പോൾ "മലകളിളകിലും മഹാജനാനാം മനമിളകാ" എന്ന തരത്തിലാണ് ഗവണ്മെൻറിൻെറ മനോഭാവം കാണുന്നതു്. രാജ്യത്തു ഒട്ടാകെ സാംക്രമികരോഗങ്ങൾ വ്യാപിച്ചിരിക്കുന്നു. ഉൾനാടുകളിലോ ജ

[Mr. J. John Kattakayam.]

ഞങ്ങൾക്കു കുടിക്കാൻ കഞ്ഞിയില്ല, കിടക്കാൻ സ്ഥലമില്ല, ഉടുക്കാൻ വസ്ത്രമില്ല. ഈ പരിതാപാവസ്ഥയെ നമ്മുടെ ഉദ്യോഗസ്ഥലോകം അവജ്ഞയോടുകൂടിയാണു വീക്ഷിക്കുന്നതു്. ഉദ്യോഗസ്ഥന്മാൎക്കും ഉദ്യോഗസ്ഥന്മാരായിരുന്നിട്ടുള്ളവൎക്കും ഭീമമായ ശമ്പളവും പെൻഷനും കിട്ടുന്നുണ്ടു്. ഇവിടെ (തിരുവനന്തപുരത്തു) അധിവസിക്കുന്നവർ പ്രായേണ ഉദ്യോഗസ്ഥന്മാരെക്കൊണ്ടും അവരുടെ ശമ്പളംകൊണ്ടുമാണു കഴിച്ചുകൂട്ടുന്നതു്. അവരുടെ ആഡംബരത്തിന്റെയും ഐശ്വൎയ്യത്തിന്റെയും വൎദ്ധനവു കൊണ്ടു അതിന്റെ ഒക്കെ അടിസ്ഥാനമായ ഉറവു നശിക്കുമെന്നുള്ള കഥ അവർ വിസ്മരിച്ചുപോകുന്നു.

Mr. A. N. Visvanatha Pillai: പെൻഷനും ശമ്പളവുമായി തിരുവനന്തപുരം ട്രഷറിയിൽനിന്നു ഒരുമാസത്തിൽ എത്ര രൂപാ ചിലവാകുന്നു എന്നു മെമ്പൎക്കറിയാമോ?

Mr. J. John Kattakayam: അതിന്റെ കണക്കു ഞാൻ ചോദിച്ചിട്ടില്ല. ഫിനാൻഷ്യൽ സെക്രട്ടറിയോടു ചോദിച്ചാൽ പറയും.

ഇതാണു ഉൾനാടുകളിലെ വാസ്തവസ്ഥിതി. ഈ ദയനീയാവസ്ഥയിൽ അനുഭാവത്തോടുകൂടി ഗവൺമെന്റു ഒന്നുംതന്നെ ചെയ്യുന്നില്ല. ഓരോസ്ഥലങ്ങളിലേയും യഥാൎത്ഥമായ വിവരം തഹശീൽദാരന്മാർമുഖാന്തിരം വരുത്തണമെന്നു കൎശനമായി ആജ്ഞാപിച്ചാൽ ഗവൺമെന്റിനു ഈ വിവരം ധരിക്കുവാൻ കഴിയുമെന്നാണു എനിക്കു പറയുവാനുള്ളതു്.

Mr. Komilezhathu Sankaran: ഈ വകവിഷമതകൾക്കെല്ലാം എന്തു പരിഹാരമാണു് മെമ്പർ നിൎദ്ദേശിക്കുന്നതു്?

Mr. J. John Kattakayam: അതിനെ സംബന്ധിച്ചു പലതും പറയുവാനുണ്ടു്. അതു പറയണമെങ്കിൽ കുറെ അധികം സമയം വേണം. വേണമെങ്കിൽ ഇതിനെ സംബന്ധിച്ചു ഒരു സ്കീമുണ്ടാക്കി ഞാൻ മെമ്പൎക്കു തരാം. അതുവച്ചു മെമ്പർ നല്ലപോലെ ആലോചിച്ചശേഷം പൊതുവിലുള്ള തെറ്റുകളെ തിരുത്താൻ ശ്രമിക്കാം.

Mr. M. P. Madhavan Pillai: ഇന്നത്തെ ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്നതു ഏതു നിലയിലുള്ള ആളുകളെന്നു മെമ്പർ പറയാമോ?

Mr. J. John Kattakayam : ഇടത്തരം ആളുകളാണ്. തങ്ങളുടെ ഉല്പന്നങ്ങൾകൊണ്ടു ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നതിനു നിവൃത്തിയില്ലാത്തവരും വേലക്കു പോകാൻ നിവൃത്തിയില്ലാത്തവരുമായ ആളുകളുണ്ടു. അവർക്കാണു ഈ വിഷമത അധികമുള്ളതു്.

Mr. M. P. Madhavan Pillai : ആഹാരത്തിനു മാത്രമില്ലാതെ കഷ്ടപ്പെടുന്ന ആളുകൾ ഏതുതരക്കാരാണു്?

Mr. J. John Kattakayam : അതും ഇടത്തരക്കാരായ ആളുകളാണ്. വലിയവനു് ഒന്നും ഒരു സാരവുമില്ല. എളിയവനു എന്തുമാകാം. ഇടത്തരക്കാർക്കു ഒന്നിനും നിവൃത്തിയില്ല. തെണ്ടാൻ അവരുടെ അഭിമാനം സമ്മതിക്കുന്നില്ല. കാർഷികോല്പന്നാദികളിൽനിന്നും ആവശ്യം നടക്കുന്നില്ല. ആഹാരസാധനങ്ങൾ മനുഷ്യർക്കു ഏററവും അത്യാവശ്യമാണു്. അതു തെററുമ്പോൾ രോഗം ബാധിക്കും. ഇതിനു വിദഗ്ദ്ധാഭിപ്രായമൊന്നും ആവശ്യമില്ല. ആയുർവേദഡിപ്പാർട്ടുമെൻറിലേയും മെഡിക്കൽഡിപ്പാർട്ടുമെൻറിലേയും കണക്കുകൾ എടുത്തു നോക്കിയാൽ രോഗങ്ങൾ ധാരാളമുള്ളതായി കാണാം. ഇതിനൊക്കെ കാരണം പട്ടിണിയാണ്. നമുക്കു ഇക്കൊല്ലത്തിൽ പ്രകൃതിപോലും പ്രതികൂലമായിട്ടാണു നില്ക്കുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സമസൃഷ്ടങ്ങളോടു കൂടുതൽ ദയവായിപെരുമാറണം.

Mr. A. N. Visvanatha Pillai : ഇക്കൊല്ലം പ്രകൃതി പ്രതികൂലമായിനില്ക്കുന്നു എന്നുപറഞ്ഞു. കഴിഞ്ഞ രണ്ടുകൊല്ലത്തെ സ്ഥിതി എന്തായിരുന്നു?

Mr. J. John Kattakayam : കഴിഞ്ഞകൊല്ലത്തിനു മുമ്പു മഴ ധാരാളമുണ്ടായിരുന്നു. കഴിഞ്ഞകൊല്ലം ഇതിലും ഭേദമായിരുന്നു.

അതിനാൽ ഈ വക സംഗതികളിൽ ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധ അചിരേണ പതിഞ്ഞു വേണ്ടതരത്തിലുള്ള നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ അടിയന്തിര പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. G. Narayana Aiyar : Sir, I support the motion. The motion reads thus :

> "......... to discuss a definite matter of urgent public importance *viz*. the famine and pestilence now raging in the country as a result of the total failure of recent crops in many parts of the country."

In the ambit of the motion the total failure of crops alone seems to have been included. No great amount of speech is necessary to convince the Government that there is failure of crops throughout

[Mr. G. Narayana Aiyar.]

the State not only in paddy cultivation but also in pepper, ginger, tapioca, cocoanut, cardamoms and all sorts of other cultivation. When such a position is freely admitted without any argument, the only thing to be considered is the ways and means by which the situation can be handled and remedied. I think the discussion ought to be to convince or advise the Government as to what are the measures to be adopted at such a crisis. If that be the object of the mover—and I think that is one of the objects of the mover—I would suggest to follow what great statesmen have said, *viz.*, that in times when there is distress, throughout the country, capital works ought to be undertaken so that the labourers or middle class men may be engaged in work and thereby enabling them to earn their livelihood and live a contented life. I would therefore request the Government to open capital works such as the Kottarakara-Alwaye railway line which was formulated by the Government and sanctioned long ago. Such important capital works which will give work to a number of people should be undertaken.

Mr. V. S. Arumukham Pillai: May I know from the member whether the Trivandrum—Nagercoil railway line is not sanctioned by Government?

Mr. G. Narayana Aiyar: I admit that position. Such capital works as will give work to people throughout the length and breadth of the country should be undertaken. When it is admitted by the Financial Secretary that it is the declared policy of Government, that for capital works floating of loans could be adopted with success, this is the proper time for floating a loan and commencing the work at as early a date as possible so that much of the distress can be avoided.

Mr. V. S. Arumukham Pillai: Sir, I will be failing in my duty if I do not acquaint the House with the condition of the famine in Nanjinad. Sir, as I said, Nanjinad is an agricultural country and the Nanjinad agriculturists are proprietors of small holdings. With the advent of the economic depression for the last 7 or 8 years the condition of the agriculturists has become hopeless and ever since that time they have been groaning in darkness and poverty. The real crisis began in 1110 and the drought which began early that year continues even now unabated. In 1110 there was a complete failure of the Kanni crop over 7,000 and odd acres. In this connection I am thankful to the Land Revenue Commissioner, for at my request he visited those fields where crops have failed. He had to walk on foot through those fields and he had the opportunity to examine the crops. As I said, there was complete failure

of crops over 7,000 acres. That means that cultivation in Nanjinad is peculiar. In Nanjinad, calculating the cultivation at the rate of at least Rs. 40 per acre per year the loss and damage sustained by the ryots will come to Rs. 50,000. For the Kumbham crop the cultivation was begun very late and wherever it was begun it failed for want of water at the proper time and consequently there was a serious failure of that crop also. There was failure over about 40,000 odd acres. In this connection I have to thank the Chief Engineer. My friend Mr. Padmanabhan Tampi in dealing with the Demand on Land Revenue said that the Chief Engineer was not doing his duty properly in connection with the irrigation project work. I have to inform the House that the Chief Engineer did his very best and twice or thrice he came to those places in connection with the Kodayar Project affair. He cannot be blamed for the misdoings of his subordinate officers. Sir, I agree with Mr. Tampi when he said that though there was failure of harvest so far as the ryots were concerned, there was a big harvest for the maistries and other subordinates of the Public Works Department. Of course, that is true and I can say that from my own experience; but, for that, the Chief Engineer cannot be blamed. The remedy for all that, I must suggest, is to form a separate Irrigation Division so far as the Kodayar Project is concerned. Of course I will deal with this question in detail when the Public Works demand comes up for discussion. The only remedy is the creation of a separate Division for Irrigation and nobody can be found fault with, neither the Chief Engineer nor the Executive Engineer for this unfortunate state of affairs. It is, I must say, an act of God and the highest authorities can go to the nooks and corners of the country and see how the maistries conduct themselves there.

As my friend Mr. Kattakayam said it is only the middle class people, who are greater in number in Nanjinad, that are put to much suffering and as he rightly said they cannot go out for small wages nor can they get anything from their paddy fields. Naturally therefore their sufferings and poverty are greater and more acute than the ordinary labourers. As a remedy for all these I would request the Government that in view of this extraordinary condition and extraordinary circumstances the Government are bound to render adequate relief and carry on an extraordinary programme of relief works. Among the relief works, so far as Nanjinad is concerned, I will mention that the tanks and channels in Nanjinad which are now neglected and which have become silted up and are unable to hold even one-fourth the quantity of water which they were holding a few years back, should be immediately attended to.

[Mr. V. Arumukham Pillai.]

When I wrote to the Chief Engineer for the repair and maintenance of those tanks and channels he was very earnest about it but unfortunately there was no fund available and he replied to me that he could not carry on the work for want of funds. This is what is taking place. For repairs and maintenance of tanks and channels which are matters of vital importance, Government always find no money. But these are matters on which the safety and prosperity of the State itself depend. Unfortunately our Government do not grasp the situation and consequently they are creating a sort of discontented peasantry. Of course I can say from my own experience that the ryots of Nanjinad are growing very much discontented and if the Government do not intervene and render sufficient relief, I am afraid that the Government will have to experience serious trouble from those quarters.

Mr. H. O. L. Marikar: Sir, I associate myself with the previous speakers in what they have spoken about pestilence and the failure of crops in the northernmost part of Travancore, I mean, the Anjanad group of villages. Most of the departmental heads, I believe, have not visited those places. I do not know whether even the Director of Public Health has ever visited the malaria-stricken areas like Marayur and other places in the Anjanad district. I doubt very much whether the present Darbar Physician, since his assumption of office in this State, has cared to visit the northernmost part of Travancore and see how the malaria stricken places are. That district, with the British territory on the other side of the hills, has considerably suffered on account of the drought this year and the consequent failure of crops has affected the population very much. In other parts of Travancore the people can find some sort of work to depend upon for their livelihood but in the Anjanad district there is absolutely no work of any kind by which they could earn a living. Their sufferings and their illness are due to the mismanagement of the state of affairs there by responsible heads of departments The people there are not given sufficient facilities for education. One or two boys who may get themselves educated may go out of the District and get employment in industrial or trade concerns or in Government service. No medical treatment is given to the people there in the interior parts where the group of villages are. The one hospital in the district was removed to Marayur for the simple reason that the Medical Officers whenever they are transferred to that place or from that place can easily go to and come from Devicolam. The interior portions of the villages are totally neglected. Therefore the sufferings of the people in these districts are very great. This

could be avoided if the departmental heads went into those parts and did their work sincerely. At present they do not attend to this work and they do not allot sufficient funds for this purpose. Government give easy concessions whenever the people do not want them. Take for instance the concession granted to cardamom cultivators. When there is failure of crop in cardamom and also when it is not fetching a good price Government have been pleased to give 10,000 acres of land on a concession rate of Rs. 60 per acre for cardamom cultivation. I do not know who wanted this concession. It cannot at all be said to be a concession because when the *tharavila* for cardamom land is only Rs. 25 per acre Government sell it at Rs. 60 per acre and they say that it is sold at a concession rate. When there is absolute failure in cardamom cultivation I do not know how Government say that this is a concession.

Another thing I have to bring to the notice of Government is that the malarial tracts in the high ranges are not attended to properly. When the high ranges are a malaria-stricken area Government are going to register about 500 acres of land for opening a sanatorium. The place proposed is near Pallivasal at a height of 4,000 ft. from the sea level. I do not think that such a place is suitable for a sanatorium. I do not know by which Medical Officer, whether by the Darbar Physician or by the Director of Public Health or by any other Medical Officer this proposal was made for acquiring 500 acres of land in a semi malarial land to open a sanatorium. I can only say that Government are in need of some fund and they want to sell some land under some pretext. Another thing I have to point out is that even if they wanted, is this the way of getting lands sold? There is no continuity of policy on the part of Government. They begin certain things in a particular year and leave them there without finishing them. They attend to some other big thing in Trivandrum. The high ranges are utterly neglected. If Government wanted money to spend in Devicolam District they could have raised the money by auctioning the Mannan Kandom, part of which has already been sold at Rs. 100 to Rs. 400 per acre, instead of raising money by registering the cardamom lands at Rs. 60 per acre. If they have not raised the money they will not spend money also. When the Financial Secretary's speech does not contain any method by which money can be raised from the high ranges it means that Government will not be giving any help to the people in the high ranges. I do not think there is any help rendered in the matter of means of communication to Devicolam in the next year's budget. When there are no means of communication the suffering of the people is greater and sickness will always prevail. When a man is attacked by any illness, if means of communication

[Mr. H. O. L. Marikar.]

are provided, he can go over to the hospital and get his sickness cured. So what I have to say is that owing to the negligence on the part of the heads of departments the people there are put to great hardship. The attention of the Land Revenue Commissioner and the Government has been repeatedly drawn to the needs of the Anjanad group of villages but it seems the Government are not doing anything at all there.

Mr. N. K. Padmanabha Pillai : എന്റെ നിയോജകമണ്ഡലത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന മഹാമാരിയെ സംബന്ധിച്ചു കൂടക്കൂടെ ഈ സഭയിൽ പ്രസ്താപിക്കേണ്ടിവന്നതിൽ എനിക്കു വളരെ മനസ്താപം ഉണ്ട്. നെയ്യാറ്റിൻകര, നെടുമങ്ങാട്, വിളവങ്കോട എന്നീ താലൂക്കുകളിലുള്ള പല പ്രദേശങ്ങളിലും മലമ്പനി പിടിപെട്ടിട്ട് ഇപ്പോൾ ഒരു മാസത്തിനു മേൽ ആയിരിക്കുന്നു. അവിടെ ഇതു നിമിത്തം മരിച്ചിട്ടുള്ള ആളുകളുടെ സംഖ്യ ശരിയായി നിർണ്ണയിക്കാൻ തീരെ നിവൃത്തിയില്ലാതിരിക്കുന്നു. ഹെൽത്ത് ഡിപ്പാർട്ടുമെന്റുകാർ അവിടെ പ്രവേശിച്ചകാലം മുതൽ അവിടെനിന്നും വിട്ടുപോയകാലംവരെയുള്ള കണക്കുകൊണ്ടു നെയ്യാറ്റിൻകര താലൂക്കിൽ മാത്രം മുപ്പതിനായിരം ആളുകൾക്കു മലമ്പനി പിടിപെട്ടിട്ടുള്ളതായി കാണാം. ഇതുപോലെ വമ്പിച്ച കണക്കുകൾതന്നെയാണ് നെടുമങ്ങാട്ടും, വിളവങ്കോട്ടും. ഇപ്പോൾ അവിടത്തെ ദീനസ്ഥിതിയെ സംബന്ധിച്ചോ മരണത്തെസംബന്ധിച്ചോ ഉള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിനു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. നെയ്യാറ്റിൻകര താലൂക്കിലും മററു താലൂക്കുകളിലും ഈ മരണത്തെ സംബന്ധിച്ച ലിസ്റ്റുതയ്യാറാക്കുന്നതു പാർവത്യകാരാണ്. മുമ്പു പകുതിക്കച്ചേരിയിൽ ചെന്നു വിവരം അറിയിച്ചാൽ മാത്രമേ അവർ കണക്കിൽ ചേർക്കുകയുള്ളു. ഹെൽത്ത് യൂണിററു സ്ഥാപിക്കുന്നതിനു മുമ്പു അവർ എടുത്തിട്ടുള്ള കണക്കും, അതിനുശേഷം അവർ എടുത്തിട്ടുള്ള കണക്കും ഹെൽത്ത് യൂണിററുകാരുടെ കണക്കും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ടെന്നു കാണാവുന്നതാണ്. ആ സ്ഥിതിക്കു പാർവത്യകാരുടെ റിപ്പോർട്ടിൻപ്രകാരമുള്ള മരണത്തിന്റെ കണക്കു എത്രത്തോളം ശരിയായിരിക്കുമെന്നു ഗവമെന്റിനുതന്നെ അറിയാൻ സാധിക്കുന്നതാണ്. എങ്കിലും അവരുടെ റിപ്പോർട്ടിൽ മരണം വർദ്ധിച്ചിട്ടുണ്ട് എന്നുതന്നെയാണ് പറയുന്നതു്.

ഇതിനുമുൻപ് ഞാൻ ഇതിനെ സംബന്ധിച്ചു ഈ സഭയിൽ പ്രസ്താവിച്ച അവസരത്തിൽ പലതും പറഞ്ഞിട്ടുണ്ട്. അസംബ്ലിയിൽ ഇതിനെ സംബന്ധിച്ചു പ്രസ്താവിച്ചപ്പോൾ ഇതു് അടിസ്ഥാനരഹിതമാണെ

ന്നും മററും യാതൊരന്വേഷണവും നടത്താതെ ഈ ഡിപ്പാർട്ടുമെൻറു മേധാവി ഇവിടെ പറയുകയുണ്ടായി. അതിനുശേഷം രണ്ടുദിവസം കഴിഞ്ഞു അദ്ദേഹം തന്നെ നെയ്യാററിൻകര ടൗണിൽ വരികയും ഞാൻ അദ്ദേഹത്തെ സന്ദർശിക്കയും ചെയ്തു. ഇതിൻെറ വാസ്തവം ഇന്നവിധമാണെന്ന് അദ്ദേഹത്തെ ധരിപ്പിക്കാനായിട്ടു ആ സമയത്തുതന്നെ വേറെ ചില ദിക്കിൽനിന്നും മരുന്നുവാങ്ങിക്കാൻ നെയ്യാററിൻകര ആശുപത്രിയിൽ വന്നിരുന്ന ചില മലമ്പനിരോഗികളെ അദ്ദേഹത്തിൻെറ മുൻപിൽ കൊണ്ടുചെല്ലുകയും അവർ ആ പ്രദേശത്തുള്ള സത്യസ്ഥിതി അദ്ദേഹത്തെ മനസ്സിലാക്കുകയും ചെയ്തു. അതായതു അന്നേദിവസം തന്നെ ധാരാളം മരണങ്ങളും ഉണ്ടായി എന്നും രോഗം പിടിപെട്ടിട്ടില്ലാത്ത ഒരു വീടും ഇല്ലെന്നും അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹത്തിൻെറ സിൽബന്ധിമാരായ ചില സാനിട്ടറി ഇൻസ്പെക്ടർമാരെ ആ സ്ഥലത്തുള്ള മരണങ്ങളുടെ കണക്കെടുക്കുന്നതിനായി ശട്ടംകെട്ടി. എനിക്കു അതിൽ ഒന്നുരണ്ടുപേരെ കണ്ടു സംസാരിക്കാൻ ഇടയായി. അതു ഇന്നാരാണെന്നു എനിക്കു പറയുവാൻ നിവൃത്തിയില്ല. അവരുടെ കണക്കനുസരിച്ചു പ്രവൃത്തിക്കാരന്മാർ റിപ്പോർട്ടു ചെയ്തിട്ടുള്ളതിലും എത്രയോ കൂടുതലായ മരണങ്ങളും ഉണ്ടായിട്ടുണ്ടെന്നു പറയുന്നുണ്ട്. എന്നാൽ അതിൻെറ സത്യാവസ്ഥ അവർക്കു റിപ്പോർട്ടുചെയ്യുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. കാരണം അസംബ്ലിയിൽ ഇതിനു മുൻപ് ഒരുദിവസം ഇതിനെ സംബന്ധിച്ചുണ്ടായ ചോദ്യത്തിനു അവരുടെ മേധാവി അതു " Unfounded " എന്നു പറഞ്ഞതാണ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിനു വിപരീതമായി റിപ്പോർട്ടുചെയ്താൽ പിറെറദിവസം അവർക്കു ജോലിയില്ല. ഞാൻ സത്യാവസ്ഥ ഇവിടെ പറയുമ്പോഴും അതു "Unfounded " ആണെന്നു പറഞ്ഞേക്കും. എന്നാൽ വേറെ ഏതെങ്കിലും ഏജൻസിമുഖാന്തിരമോ അല്ലെങ്കിൽ താലൂക്കുതഹശീൽദാർമുഖാന്തിരമോ അന്വേഷിച്ചാൽ യഥാർത്ഥം അറിയാം. മരണത്തെ സംബന്ധിച്ചു പകുതിക്കച്ചേരികളിൽ വന്നു പറയുവാൻതന്നെ ആളില്ല. ഓരോ വീട്ടിലും ചിലർ മരിക്കുന്നു. ചിലർ രോഗബാധിതരായി കിടക്കുന്നു. ആ സ്ഥിതിക്കു അവർ എങ്ങിനെയാണു പകുതിക്കച്ചേരികളിൽ വന്നു കണക്കുപറയുന്നതു്.

നെയ്യാററിൻകര ആശുപത്രിയിൽ ഇരുപതോ ഇരുപത്തിരണ്ടോ ബെഡ് മാത്രമേയുള്ളു. ഇപ്പോഴും അവിടെ വളരെ രോഗികളും ഉണ്ട്. അവരെയൊക്കെ സ്ഥലത്തിൻെറയും ബെഡിൻെറയും കുറവുകൊണ്ട് വരാന്തയിലും തറയിലുമാണു കിടത്തിയിരിക്കുന്നത്. സുഖക്കേടു ഭേദമായവർ

[Mr. N. K. Padmanabha Pillai.]

ആശുപത്രി കാമ്പൗണ്ടിനകത്തുതന്നെ ഇരിക്കയല്ലാതെ പുറത്തുപോകുന്നില്ല. അവർ അവിടെനിന്നും പോയാൽ ആഹാരത്തിനു വഴിയില്ല. ജോലിചെയ്യാൻ ശേഷിയില്ല. ജോലിയില്ല. അതിനാൽ അവർ ടൗണിൽതന്നെ അലഞ്ഞു തെണ്ടി ആഹാരം കഴിക്കയാണ്. ഇതാണു അവിടത്തെ സൂക്ഷ്മാവസ്ഥ.

ഹെൽത്തുഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്തുവന്നിരുന്നതു ക്വയിനയിൻ കൊടുക്കുക മാത്രമാണ്. ഇതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഹെൽത്തുഡയറക്ടർ ക്വയിനയിൻ വിതരണത്തിനു ചില സെൻററുകൾ ഉണ്ടാക്കി വിതരണം ചെയ്തിട്ടും ഒന്നോ രണ്ടോ പേരല്ലാതെ മററാരും അതു മേടിക്കാൻ വരുന്നില്ല എന്നു പറയുകയുണ്ടായി. അതു പരമാർത്ഥമാണ്. പ്രയോജനമില്ലാത്ത മരുന്നു വാങ്ങിച്ചു കുടിച്ചിട്ടുള്ളതുകൊണ്ട് എന്താണു വിശേഷം? അതിനാൽ ഗവൺമെൻറിൽനിന്നും ചെയ്യേണ്ടതു രോഗബാധിതരായവർക്കു മെഡിക്കൽ ട്രീററുമെൻറു നൽകുന്നതിനുവേണ്ട ഏർപ്പാടു നടപ്പിൽ വരുത്തുകയാകുന്നു. പനിക്കുള്ള മരുന്നുകൾക്കുപുറമേ മററു മരുന്നുകൾകൂടി കൊടുക്കേണ്ടിയിരിക്കുന്നു. പനി ഭേദമായ ഉടനെ വയറുകടി, അതിസാരം, നീരുമുതലായ രോഗം പിടിപെട്ടു പിന്നീടു മരിക്കുന്നുണ്ട്. ആറബ്രിൻ എന്ന മരുന്നു രണ്ടുപ്രാവശ്യം കുത്തിവച്ചാൽ പനി നിശ്ശേഷം മാറുന്നതിനുപുറമേ പിന്നീടു വരികയില്ലെന്നും മററും ഡാക്ടർമാരുടെ പരിശോധനയിൽ കണ്ടിരിക്കുന്നു. ഒരു ടിൻ ക്വയിനക്കു ഇരുപത്തിനാലു രൂപയാണു വില. ഇതിനു അതിനെക്കാൾ സ്വല്പം വിലകൂടി എന്നു വരാം. എന്നിരുന്നാൽതന്നെയും നെയ്യാററിൻകരയിലെ ഇപ്പോഴത്തെ സ്ഥിതിക്കു ഇങ്ങനെ ഒരു ചികിത്സ ചെയ്യുക എന്നുള്ളതാണു ആവശ്യം

പിന്നീടു എനിക്കു പറയുവാനുള്ളതു ഹെൽത്തുഡിപ്പാർട്ടുമെൻറു ശുപാർശചെയ്തതുപോലെ കുന്നത്തുകാൽ പകുതിക്കച്ചേരക്കു സമീപം ഒരു ആശുപത്രി ഉണ്ടാക്കുകയും, കള്ളിക്കാട്ടു ഡിസ്പെൻസറിയെ ഈ പനി തീരുന്നതുവരെ ഒരു മെഡിക്കൽ ആഫീസരുടെ കീഴിൽ ആക്കി ഒരു കേന്ദ്രസ്ഥാനത്തു മാററി ജനങ്ങൾക്കു സകല ചികിത്സകളും ആഹാരങ്ങളും നൽകത്തക്കവണ്ണം ഏർപ്പാടു ചെയ്യുകയും, കൂടുതൽ ഷെഡ്ഡുകൾ കെട്ടിച്ചുകൊടുക്കുകയും വേണമെന്നുള്ളതാണ്. ഇതിനുപുറമേ നെയ്യാററിൻകര, പെരുങ്കടവിള, പാറശാല, ഈ സ്ഥലങ്ങളിലും കൂടുതൽ ഷെഡ്ഡുകൾ ഉണ്ടാക്കുകയും രോഗികൾക്കു ആഹാരം നൽകുന്നതിനു വ്യവസ്ഥചെയ്യുകയും ചെയ്യണം.

ഇപ്പോഠം അവിടങ്ങളിൽ മിക്കവാറും ആരും കൃഷിചെയ്യാതാണിരിക്കുന്നതു്. അതിലേക്കുള്ള ധനമില്ല, ശേഷിയില്ല, കൃഷിക്കാരെല്ലാം ഒതണ്ടിനടന്നു് ഉപജീവനം കഴിച്ചുവരികയാണു്. ഒരു കുഡുംബത്തോടുകൂടി ഒരു ഭവനത്തിൽ രാത്രി ചെന്നുചേന്നാൽ അവക്കു എങ്ങിനെയാണു ഭക്ഷണം കൊടുക്കേണ്ടതു എന്നുള്ളതുതന്നെ ഒരു പ്രശ്നമായിതീൎന്നിരിക്കുന്നു. അവക്കു ഭക്ഷണം കൊടുക്കുന്നതിനുമുൻപുതന്നെ ആ വീട്ടുകാരുടെ ഭക്ഷണസാധനങ്ങഠം അവർ എടുത്തുകൊണ്ടുപോകുകയില്ലയോ എന്നുംകൂടി സംശയിക്കേണ്ടതായിരിക്കുന്നു.

Mr. M. N Narayana Menon : സർ, ഇന്നു രാജ്യമൊട്ടുക്കു് വലുതായക്ഷാമവും തന്നിമിത്തം പലവിധത്തിലുള്ള സുഖക്കേടുകളും ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി ഏറെക്കുറെ ഗവൺമെൻറിനും ബോധ്യപ്പെട്ടിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു് തെക്കൻതിരുവിതാംകൂറിൽ മലമ്പനികൊണ്ടും വടക്കൻതിരുവിതാംകൂറിൽ വയറുകടി, വിഷൂചികമുതലായ രോഗങ്ങളെക്കൊണ്ടും, ഇവയ്ക്കുംപുറമെ സാൎവ്വത്രികമായദാരിദ്ര്യംകൊണ്ടും രാജ്യമൊട്ടാകെ വിഷമിക്കുന്ന ഒരവസരമാകുന്നു ഇതു്. ഈ വിഷമാവസ്ഥ കഴിഞ്ഞയാണ്ടിനെക്കാഠം ഈ ആണ്ടിൽ കൂടിയാണിരിക്കുന്നതു്. ഇനിയടുത്തയാണ്ടിൽ ഇതെത്രമാത്രം കൂടുതലായിരിക്കുമെന്നു കണ്ടുതന്നെയറിയേണ്ടിയിരിക്കുന്നു. ഇങ്ങനെ വൎദ്ധിച്ചുവരുന്ന ക്ഷാമത്തിനും അതിനെത്തുടൎന്നുള്ള സുഖക്കേടുകഠംക്കും എന്തെങ്കിലും ഒരു പ്രതിവിധി ഉണ്ടാക്കേണ്ടതായിട്ടുണ്ടു്, മലമ്പനിമുതലായ രോഗങ്ങഠം പിടിപെട്ടിരിക്കുന്നവരുടെ ശുശ്രൂഷയ്ക്കും സാധുക്കളായ ജനങ്ങളുടെ ആഹാരത്തിനും എന്തെങ്കിലും ഒരേൎപ്പാടു ഗവൺമെൻറിൽനിന്നു ചെയ്യേണ്ടതു വളരെ അത്യാവശ്യമാണു്. അഞ്ചുനാട്ടിലെ സ്ഥിതിഗതികളെപ്പററി മി. മരയ്ക്കാർ ഇവിടെ സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞു. അതുപോലെ നാഞ്ചിനാട്ടിലേയും ഇടനാട്ടിലേയും എന്നുവേണ്ട ദക്ഷിണതിരുവിതാംകൂറിലേയും ഉത്തരതിരുവിതാംകൂറിലേയും പരിതസ്ഥിതികളെപ്പററി പലമെമ്പർമാരും ഇവിടെ പറയുകയുണ്ടായി. എന്നാൽ എനിക്കുപ്രത്യേകിച്ചു ഗവൺമെൻറിൻെറ ദൃഷ്ടിയിൽകൊണ്ടുവരുവാനുള്ളതു് കുട്ടനാട്ടിലെ സ്ഥിതിയേയാണു്. അവിടത്തെ ഇപ്പോഴത്തെ അവസ്ഥ ഏററവും ഭയങ്കരമാണു്. ക്ഷാമംമുഴുത്തു അടുത്തവൎഷത്തെ പുഞ്ചകൃഷിപോലും ഇറക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ഈസ്ഥിതിക്കു അവിടത്തെ ക്ഷാമവും അതിനെത്തുടൎന്നുള്ള അനന്തരനടപടികളും എന്തായിരിക്കുമെന്നു ഇപ്പോഠം ഊഹിക്കാൻപോലും നിവൃത്തിയില്ല. അവിടേയുംസുഖക്കേടുകഠം ഇപ്പോഠംതന്നെ ധാരാളമുണ്ടു്. എൻെറ വില്ലേജിൽ ഞാൻ

[Mr. M. N. Narayana Menon.]

ഇങ്ങോട്ടു പോരുമ്പോൾ വസൂരി ധാരാളമുണ്ടായിരുന്നു. ഇവിടെ വന്നശേഷം പബ്ലിക്ക് ഹെൽത്താഫീസറെ കണ്ടു സംസാരിച്ചപ്പോൾ അദ്ദേഹവും അതുപോലെ തന്നെ കോട്ടയം സാനിട്ടറി സർക്കിളാഫീസരും അവിടെ "ചിക്കൻപാക്സ്" ആണുള്ളതെന്ന് എന്നെ അറിയിക്കുകയുണ്ടായി. ഈ രണ്ടുദ്യോഗസ്ഥന്മാരും അവിടെയുള്ള സുഖക്കേടുകളെപ്പറ്റി വേണ്ടതു അന്വേഷണം നടത്തി അതിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കിയതിൽ എനിക്കു വളരെ ആശ്വാസമുണ്ട്. അതിലേയ്ക്കു അവരോടു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

Mr. K. P. Nilakanta Pillai : Sir, the Government and the department are equally under the obligation to give grants to these primary schools. If they are not going to do that, let them order all the managers to stop their schools. Sir, these orders emanate from the irregular and irresponsible reports submitted by the several Divisional Inspectors. I don't understand the meaning of their action in refusing grants when they want the primary schools to go on. That is the chaotic condition prevailing throughout the State with reference to the elementary education. Sir, then again, there is another suggestion made in the report. The school building should be constructed on a recognised plan and then only grants will be given to them. But grants are withheld in the case of schools which have such recognised types of buildings. This rule is observed more in the breach. Therefore, it is now

[Mr. K. P. Nilakanta Pillai.]

seen that everywhere children are taught in cowsheds with unhealthy surroundings and therefore my point is that without seeing the scope of the committee's recommendations with regard to the financial commitment of Government they hastened to carry out some of the recommendations in a hurry. Sir, where is the amalgamation of the colleges, where is the amalgamation of the primary schools and english schools. All these are now in the air. I wish that the Government realise now at least that they are not able to give effect to those recommendations. That is the reason why I suggested that the weeding out should be resorted to first and then the department should see that every deserving locality is supplied with a proper school. Sir, similar committees were appointed by the Cochin Darbar and about the report submitted by one of them the Dewan has said as follows :

> "The two survey reports, one by the Director of Public Instruction and the other by the mixed committee of officials and non-officials, which are now in the hands of Government are indeed very valuable documents. The problems that they have dealt with are so vast and numerous that it is not possible nor indeed is it advisable on the part of the Government to pass one comprehensive order on the whole report The entire field of education, representing primary, secondary and collegiate education, is so vast that it is impossible for any Government to bring about far-reaching changes with a stroke of the pen. This does not mean that the labours of those who produced these valuable documents are to go in vain; these reports will be a valuable guide to Government in shaping policies and programme from time to time. Government do not, therefore, propose to pass any comprehensive order on all the various problems covered in the report".

This was exactly the suggestion that I made. Now I make the very same suggestion. The Director who is present here may say that there are no funds. Did he not anticipate the difficulty when the recommendations contained in the Statham Committee Report were elaborately given effect to without considering the financial commitments of Government involved therein? Sir, my humble suggestion is that the reform should have stopped with the creation of more Inspectors.

Mr. N. K. Padmanabha Pillai (*Neyyattinkara cum Nedumangad*): സർ, അടുത്തൊരാണ്ടത്തെ ബഡ്ജററിൽ ഫീസു കുറയ്ക്കുന്നതിനെ സംബന്ധിച്ച യാതൊരു വ്യവസ്ഥയും ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഫീസു കുറയ്ക്കേണ്ട ആവശ്യം നേരിടുമ്പോൾ കുറയ്ക്കുന്നതാണെന്നു ഗവർമ്മെൻറു കഴിഞ്ഞതവണ മറുപടി പറഞ്ഞു. എന്നാൽ നാട്ടിൻെറ ഇപ്പോഴത്തെ സ്ഥിതി നോക്കുമ്പോൾ ഇക്കൊല്ലത്തിൽ ഇള

വുചെയ്യുതുതന്നെ പോര. ഇക്കൊല്ലത്തിൽ ഇളവുചെയ്തതിന്റെ ഇരട്ടിത്തുക അടുത്ത കൊല്ലത്തിലെ ഫീസിൽ ഇളവുചെയ്യേണ്ടതാണ് എന്നു കാണാൻ പ്രയാസമില്ല.

ഇനി എനിക്കു പറയാനുള്ളതു ഫീ കൺസഷൻ കമ്മററിയെ സംബന്ധിച്ചാണ്. അഡ്വൈസറി ബോർഡിന്റെ നിർദ്ദേശമനുസരിച്ചു കൺസഷൻബോർഡിലെ അനുദ്യോഗസ്ഥാംഗങ്ങളെ ഇല്ലാതാക്കാൻ വിചാരിക്കുന്നതായി കാണുന്നു. അതു വളരെ അനീതിയായ ഒരു കാര്യമാണെന്നു ഇവിടെ പറയാതെ തരമില്ല. ഇതിനെ സംബന്ധിച്ചു സ്ഥലം തഹശീൽദാർമാരോടു ചോദിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇതിനു സമ്മതിക്കുകയില്ലായിരുന്നു. അനുദ്യോഗസ്ഥാംഗങ്ങളുടെ സഹായം ഇല്ലാതിരുന്നാൽ യഥാർത്ഥസംഗതികൾ മനസ്സിലാക്കാൻ നിവൃത്തിയില്ലാതെ വരും.

Mr. C. V. Chandrasekharan : The member refers, I believe, to the Fee Concession Committee and not to the Advisory Board.

Mr. N. K. Padmanabha Pillai : ഫീ കൺസഷൻ കമ്മററിയെപ്പററിയാണു ഞാൻ പറയുന്നതു്. അഡ്വൈസറി ബോർഡ് അതിൽ ഭേദഗതിചെയ്യാൻ ശുപാർശചെയ്തതു് എന്നു വിചാരിച്ചാണു ഞാൻ പറഞ്ഞതു്.

ഏതായാലും ഇതു തെററാണ്. ഫീകൺസഷനുള്ള അപേക്ഷകൾ കിട്ടിയാൽ തഹശീൽദാർ അതെല്ലാം അതാതു പ്രവൃത്തികാരന്മാർക്കു അയയ്ക്കുകയാണു ചെയ്തുവരുന്നതു്. ഫീ കൺസഷൻ കൊടുക്കണമെന്നു റിപ്പോർട്ടുചെയ്യുന്നതിനു പ്രവൃത്തികാരന്മാരിൽ പലരും പ്രത്യേകം ഒരു ഫീസു രഹസ്യമായി വച്ചിട്ടുണ്ട്. കുറഞ്ഞതു അഞ്ചു രൂപയെങ്കിലും കൊടുത്താലെ അവർ എഴുതി അയയ്ക്കുകയുള്ളു എന്നുള്ളതു നിർബന്ധമാണ്. എനിക്കുതന്നെ ഇതു നേരിട്ടറിയാം. എന്നാൽ ഈ കമ്മററിയിൽ അനുദ്യോഗസ്ഥാംഗങ്ങൾ ഉണ്ടായിരുന്നാൽ പ്രവൃത്തികാരന്മാർ ഈ വിഷയത്തിൽ കാണിക്കുന്ന പിശകുകളെപ്പററി കമ്മററിയെ മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ സാധിക്കുന്നുമുണ്ട്. അല്ലെങ്കിൽ ന്യായം നടക്കുകയില്ല. അതുകൊണ്ടു ഫീകൺസഷൻകമ്മററിയിൽനിന്നും അനുദ്യോഗസ്ഥമെമ്പർമാരെ ഒരിക്കലും നീക്കുവാൻ പാടുള്ളതല്ല.

സർ, മലയാളം സ്കൂൾകെട്ടിടങ്ങൾ ഇന്നു വലിയ അനാഥസ്ഥിതിയിലാണു കിടക്കുന്നതെന്നുള്ള പരമാർത്ഥം ഇവിടെ പറയാതെ തര

[Mr. N. K. Padmanabha Pillai.]

മില്ല. നെയ്യാററിൻകര താലൂക്കിലുള്ള മലയിൻകീഴ്പള്ളിക്കൂടം നിലം പതിച്ചിട്ട് സംവത്സരം നാലുകഴിഞ്ഞു. അതു വീണ്ടും കെട്ടാൻ ആറായിരം രൂപായുടെ എസ്റ്റിമേററു തയ്യാറാക്കീട്ടും വളരെക്കാലമായി. ഇതുവരെയായിട്ടും പണി തുടങ്ങീട്ടില്ല. അതിപ്പോൾ ഒരു വാടകക്കെട്ടിടത്തിലാണ് ഇട്ടിരിക്കുന്നതു്. ഇതുമാതിരി പല സ്ഥലങ്ങളിലുമുണ്ടു്. തന്നിമിത്തം കുട്ടികളെ പള്ളിക്കൂടങ്ങളിലയക്കുന്നതിനുതന്നെ രക്ഷകർത്താക്കൾ വളരെ ഭയപ്പെടുന്നു. ഇതിന്റെ ഫലമായി മലയാളംപള്ളിക്കൂടങ്ങളിലെ കുട്ടികളുടെ സംഖ്യ വളരെ കുറവായിട്ടാണു കാണുന്നതു്. അതിനാൽ മലയാളംപള്ളിക്കൂടകെട്ടിടങ്ങൾ ശരിയായി നിർമ്മിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ഉടനടി ചെയ്യണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Mr. G. Narayana Aiyar: Sir, I oppose the demand. Sir, there are no signs of abatement of the virulence of economic depression and the Government have not allowed any reduction of fees as far as the high school classes are concerned. The second point which I have to deal with is that there should not be any restriction of admission in collegiate classes because that also will cause serious hardships upon the poor parents. With regard to the fee concession, I understood from the answers given by the Director yesterday that there is no prescribed rule regulating the conduct of fee concessions. The manager of an aided or unaided school may take his own course and refuse fee concessions to deserving students. Sir, I must cite here a concrete instance. Take the case of a low-paid Government servant whose children enjoy fee concession in a Government school. The father of the children is transferred to some other locality where there is only an aided school. The manager says that funds do not permit him to extend fee concession to the students. Sir, what is the position of these poor students. Are they to discontinue their studies? What I submit is that the rules regarding fee concessions should be definite and binding on all institutions. So long as a manager gets grants from Government he must abide by the rules made by the Government with regard to the concession of fees.

Mr. C. V. Chandrasekharan: What about those schools which do not get grants?

Mr. G. Narayana Aiyar: Even if they do not get grants they are bound to give fee concession. Sir, suppose during the middle of a year an officer is transferred to a place where there is only an unaided institution. Are his children to continue their studies or discontinue? To remove such an anomaly, whether a

school is aided or unaided, a definite rule should be made to bind them so that these poor boys may not be put in a very precarious position. So far as accommodation is concerned. I think it is too much to say that there are no sufficient funds. Sir, an institution which has got a standing of over 30 years is now very badly run. Three schools in Perumpavur, whose strength comes to about 1,200 students, are also not properly equipped. As a result of petitions submitted, the Director personally inspected the spot. There is neither sitting accommodation nor proper seating accommodation for the students and they are squatting on the floor like cattle. Sir the Director was requested to sanction a waterman for the school and he replied that funds do not permit that. Lack of funds has been made an excuse even to satisfy these essential needs of educational institutions which may cost only seven or eight rupees a month. In this connection, I have to bring to the notice of Government that when there is a cry for a petty demand, for example for a waterman or for a temporary shed or for a Munshi, the Government should see that these needs are immediately satisfied and they should not give the stock answer that if financial conditions change they will grant the required sum.

Now, referring to the pages of the budget, it will be seen tha for the year 1111 a sum of Rs. 11,225 has been allowed for study leave allowance. Sir, in these days of economic depression, when Government say they have no funds, is it not a luxury, if not waste, to spend such a huge sum for study leave? They may be given loans, if necessary. I am at a loss to understand what is the nature of the study which these people are going to get. Are the Government going to be materially benefitted by their studies? The whole thing is done for favouring certain set of people. Sir, when a trifling sum is required to provide for a waterman in a particular school, which houses 700 or 800 pupils, Government complain that they have no funds. Sir, I will show the hollowness of this proposed study leave. I may be permitted, in this connection, to read to the honourable members the rule in the T. S. R. under which alone study leave allowance could be allowed. On page 219 of the T. S. R. under rules it is stated thus :

> "Extra furlough for the purpose of study leave may be granted to officers by the Government on the recommendation of the head of the department under whom the officer applying for leave is serving. The Government will require to be satisfied in each case that the knowledge sought to be acquired is of sufficient importance to warrant the grant of study leave. The leave will be granted only if it is in the public interests that an officer proposes to persue a special course of study or investigation of a scientific or technical nature. A person of the Education, Medical or other department who goes to procure an ordinary degree in a foreign university will not, therefore, be eligible for study leave"

Mr. M. Govindan : May I know from the member whether there is any case of the study leave granted which does not fall within that provision.

Mr. G. Narayana Aiyar : Yes, Sir, I am trying to show that the proposed study leave allowance does not fall within the four corners of this rule. We have had past instances of such cases. But I will deal only with the present amount as seen in the budget. The total amount of allowance is Rs. 11,225. It seems that seven candidates applied for study leave. Four favoured ones were taken and three were left out of consideration. Out of the four, one professor is to go from the Science College. It is said that he goes for studying the theory of sampling. It comes under statistics. Sir, I will deal with that subject presently. For mathematics honours course there are eight papers, of which 6 are compulsory and two optional. And of the optional subjects statistics forms one of them. Out of statistics, which consists of 12 subjects, one or two has to be selected. It is the will and pleasure of the professor to select a particular subject from these 12 sub-divisions. He may select the theory of sampling this year. He may select anything else next year. Granting that this particular candidate comes off successful is there any guarantee that the subject will be taught here. I can understand if it is a scientific study; then the teaching of that subject will be beneficial to the country as well. What is the material benefit of this pure academic qualification which he may get at the expense of the poor tax-payer? So far as I could see there is absolutely none.

Mr. M. P. Madhavan Pillai: ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇന്നത്തെ തിരുവിതാംകൂറിന്റെ പ്രാഥമികവിദ്യാഭ്യാസവിഷയത്തിൽ ഗവൺമെന്റു കാണിക്കുന്ന അനാസ്ഥ ഈ ബഡ്ജററു കാണുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നതാണ്. എല്ലാ പരിഷ്കൃത ഗവൺമെന്റുകളും പ്രാഥമികവിദ്യാഭ്യാസത്തിനു പ്രാധാന്യത നൽകുന്നതായ ഈ കാലഘട്ടത്തിൽ നമ്മുടെ തിരുവിതാംകൂർഗവൺമെന്റ് ആയതിനു വിപരീതമായ ഒരു നയമാണു സ്വീകരിച്ചുകാണുന്നതു്. സാധാരണക്കാരായ സാധുക്കളുടെ ഇടയിൽ വിദ്യാഭ്യാസം ഒട്ടുംതന്നെ ആവശ്യമില്ലെന്നായിരിക്കാം ഗവൺമെന്റുദ്ദേശിക്കുന്നതു്.

സർ, തിരുവിതാംകൂറിലെ മലയാളം പ്രാഥമികസ്കൂളുകളിൽ മിക്കവാറുംതന്നെ അതാതു സ്ഥലത്തുള്ളവർതന്നെ പണികഴിപ്പിച്ചു സാധനസാമഗ്രികളും സ്ഥലവും ഉൾപ്പെടെ ഗവൺമെന്റിലേക്കു യാതൊരു പ്രതിഫലവുംകൂടാതെ ചെറുകുട്ടികളുടെ വിദ്യാഭ്യാസത്തെ മാത്രം ലാക്കാക്കി വിട്ടുകൊടുത്തിട്ടുള്ളതാണ്. ഇത്രയും പൊതുജനങ്ങൾ ചെയ്തതിൽനിന്നു

തന്നെ ആ ദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസസൗകൎയ്യത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വിഷമങ്ങളേയും അസൗകൎയ്യങ്ങളേയുംപററി നമുക്ക് ഏറെക്കുറെ ഊഹിക്കാവുന്നതാണ്. തങ്ങളുടെ കുട്ടികൾക്കു ഒരു കാലത്തും വിദ്യാഭ്യാസത്തിന് അസൌകൎയ്യം നേരിടുകയില്ലെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടിയും, ഗവൎമ്മെൻറിനെ ഈ ചുമതല ഏല്പിക്കുന്നതാണ് ഇതിൻെറ സുസ്ഥിരമായ നിലനില്പിനു പൎയ്യാപ്തമായിട്ടുള്ളതെന്നുള്ള പരിപൂൎണ്ണബോധത്തെ മുൻനിറുത്തിയുമാണ് ഇത്ര വലിയ തുകകൾ ചിലവുചെയ്തു കെട്ടിടങ്ങൾ പണികഴിപ്പിച്ചു ഗവണ്മെൻറിലേക്കു പൊതുജനങ്ങൾ വിട്ടുകൊടുത്തിട്ടുള്ളതു്. എന്നാൽ പൊതുജനങ്ങളുടെ ആ വിശ്വാസത്തിനും ബോദ്ധ്യത്തിനും വിപരീതമായ ഒരനുഭവമാണ് ഇന്നിവിടെ വന്നുകൂടിയിരിക്കുന്നതു്. ആയതിന് ഉദാഹരണമായി ഞാൻ ചൂണ്ടിക്കാണിക്കുന്നതു തിരുവല്ലാതാലൂക്കിൽ കല്ലൂപ്പാറ പകുതിയിൽ ആനിക്കാട്ടുകരയിൽ ഉണ്ടായിരുന്ന മലയാളം പ്രാഥമിക പെൺപള്ളിക്കൂടത്തിൻെറ സ്ഥിതിയെയാണ്. ഇക്കഴിഞ്ഞ സ്ക്കൂൾവൎഷാരംഭത്തിൻെറ ആദ്യദിവസം നേരത്തെതന്നെ സ്ക്കൂൾ നിറുത്തിയിരിക്കുന്നു എന്നുള്ള ഗവണ്മെൻറാൎഡറുംകൊണ്ടു് അസിസ്റ്റൻറു് ഇൻസ്പെക്ടർ സ്ഥലത്തെത്തുകയും കുട്ടികളെ പിരിച്ചയക്കുകയും സ്ക്കൂൾ നിറുത്തുകയുംചെയ്തു. ഇതുവരെയായിട്ടും ആ സ്ക്കൂൾ നിറുത്തുന്നതിലേക്കുള്ള കാരണം എന്താണെന്നുപോലും ആ ദേശവാസികൾക്കു മനസ്സിലായിട്ടില്ല. ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുള്ള പ്ലാൻ അനുസരിച്ചും നിൎദ്ദേശമനുസരിച്ചും അയ്യായിരത്തിൽപരം രൂപാ ചിലവുചെയ്തു കെട്ടിയിട്ടുള്ള ഒരു കെട്ടിടമാണിതു്. ഇന്നേദിവസംവരെ യാതൊരു കേടും ഈ കെട്ടിടത്തിന് ഉണ്ടായിട്ടില്ല. ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളിൽ കുട്ടികൾ ധാരാളമുണ്ടായിരുന്നു. നാലാംക്ലാസ്സിൽമാത്രം നാലോ അഞ്ചോ കുട്ടികളുടെ കുറവേയുണ്ടായിരുന്നുള്ളു. പിന്നെ എന്തുകൊണ്ടാണ് ഈ സ്ക്കൂൾ നിറുത്തിയതു്? ഒന്നോ രണ്ടോ ഗ്രാൻറുസ്ക്കൂളുകൾ ഇതിനു സമീപം ഉണ്ടായിരുന്നു എന്നുള്ളതു് ആയിരിക്കണം ഈ സ്ക്കൂൾ നിറുത്തൽചെയ്യുന്നതിനുള്ള പ്രധാനകാരണം. അതായതു വിദ്യാഭ്യാസത്തിനു യാതൊരു സൗകൎയ്യവുമില്ലാത്ത അവസരത്തിൽ തൽപരിഹാരാൎത്ഥം പള്ളിക്കൂടം പണികഴിപ്പിച്ചു പൊതുജനങ്ങൾ ഗവണ്മെൻറിലേക്കു വിട്ടുകൊടുത്തു വിദ്യാഭ്യാസം ആരംഭിച്ചു രണ്ടോ മൂന്നോ വൎഷം കഴിഞ്ഞശേഷം ഒരു വ്യക്തിക്കോ ഒരു സമുദായത്തിനോ അനുവദിച്ചുകൊടുത്തിട്ടുള്ള ഗ്രാൻറു പള്ളിക്കൂടമുള്ളതുകൊണ്ടു് ഈ സ്ക്കൂൾ നിറുത്തൽചെയ്യേണ്ട

[Mr. M. P. Madhavan Pillai.]

താണെന്നാണ് ഡിപ്പാർട്ടുമെൻറു തീർച്ചപ്പെടുത്തിയിരിക്കുന്നതെന്നറിയുന്നു. ഒരു ഗവൺമെൻറുസ്കൂളിനടുത്തു് ഒരു ഗ്രാൻറുസ്കൂളുകൂടി അനുവദിച്ചതിൻെറ രഹസ്യം എന്താണെന്നറിയാൻ പാടില്ല.

Mr. Tarjatu Kunjitomman: ഗ്രാൻറുസ്കൂൾ ഒരു വ്യക്തിക്കോ ഒരു സമുദായത്തിനോ അനുവദിച്ചുകൊടുത്താലും മററു സമുദായത്തിലുള്ള വിദ്യാർത്ഥികൾക്കു പഠിക്കുന്നതിനു വല്ല വിഷമവുമുണ്ടോ?

Mr. M. P. Madhavan Pillai: വിദ്യാഭ്യാസസൌകര്യമില്ലാതിരുന്നകാലത്തു പൊതുജനങ്ങൾ പണം ചിലവാക്കി ഗവൺമെൻറിലേക്കു വിട്ടുകൊടുത്തിട്ടുള്ള പള്ളിക്കൂടങ്ങൾക്കു ദോഷം വരാത്ത നിലയിൽ മാത്രമേ ഗ്രാൻറു പള്ളിക്കൂടങ്ങൾ അനുവദിക്കുവാൻ പാടുള്ളുവെന്നാണു ഞാൻ പറയുന്നതു്. കൂടാതെ പൊതുജനങ്ങൾ തങ്ങളുടെ പണം ചിലവുചെയ്തു പള്ളിക്കൂടവും മററും പണികഴിപ്പിച്ചു വിദ്യാഭ്യാസത്തിനുള്ള സൌകര്യമുണ്ടാക്കിയതിൻെറ ശേഷം ഒരു വ്യക്തിയുടെയോ പ്രത്യേകിച്ചു ഒരു സമുദായത്തിൻെറയോ കീഴിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസത്തിനു പോകേണ്ട ആവശ്യമില്ല.

സർ, ഗ്രാൻറുപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ സ്വദേശികളും ഡിപ്പാർട്ടുമെൻറു വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ അധികവും വിദേശികളുമായിട്ടാണു മിക്കവാറും കണ്ടുവരുന്നതു്. സ്വദേശികൾക്കു സ്ഥലത്തു കൂടുതൽ സ്വാധീനശക്തി പ്രയോഗിക്കുന്നതിനു സൗകര്യമുള്ളതിനാൽ സ്വദേശികളായ ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകന്മാർ അവരുടെ കുനയങ്ങൾ ഉപയോഗിച്ചു ഡിപ്പാർട്ടുമെൻറൽ പള്ളിക്കൂടങ്ങളെ പലവിധത്തിൽ ക്ഷീണിപ്പിക്കുന്നതിനു സാധിക്കുന്നുണ്ടു്. ഈ സ്കൂളിൽ കുട്ടികൾ കുറയുന്നതിനിടയായതിൻെറ കാരണം ഇതാണു് ഈവിധത്തിലുള്ള പല അനുഭവങ്ങളും കണ്ടറിഞ്ഞിട്ടുള്ളവനാണു ഞാൻ. ഈ ഗ്രാൻറു സ്കൂൾകെട്ടിടം ഡിപ്പാർട്ടുമെൻറൽ സ്കൂൾകെട്ടിടത്തെക്കാൾ വളരെ മോശമാണെന്നുതന്നെയല്ല, മനുഷ്യർക്കു വാതലിൽക്കൂടെ നിവന്നു കയറിപ്പോകുന്നതിനുകൂടി നിവൃത്തിയില്ലാത്തവിധത്തിൽ കിളരക്കുറവുള്ളതുമാണു്. ഈ സ്ഥിതിക്കു ഡിപ്പാർട്ടുമെൻറു് അനുവർത്തിക്കുന്ന നയം തികച്ചും ആക്ഷേപയോഗ്യമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഈ സ്ഥലത്തുനിന്നും ഏകദേശം അഞ്ചുനാഴിക ദൂരെയുള്ള ഒരു ഗ്രാൻറുപള്ളിക്കൂടം രണ്ടാഴ്ചക്കുമുൻപു നിലംപതിച്ചു് ഒരു കുട്ടി മരണമടയുകയും മൂന്നു കുട്ടികൾക്കു് ആശുപത്രിയിലയക്കത്തക്കവണ്ണം അതിക

ഠിനമായ പരുക്കുകൾ പററുകയും എട്ടോ ഒൻപതോ കുട്ടികൾക്ക് അല്പസ്വല്പം ദേഹോപദ്രവം തട്ടുകയും ചെയ്തിട്ടുണ്ട്. ഏകദേശം ഈ നിലയിലുള്ള ഒരു കെട്ടിടത്തെ ആസ്പദമാക്കിക്കൊണ്ടാണ് ഈ ഡിപ്പാർട്ടുമെൻറൽസ്കൂൾ നിറുത്തിയിട്ടുള്ളത്. ഇതുപോലെയുള്ള നയം തിരുവിതാംകൂറിലെ ജനസംഖ്യയുടെ വർദ്ധനവിനെ പരിഹരിക്കുന്നതിലേക്കു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ കണ്ടുപിടിച്ചിരിക്കുന്ന ഒരു സുഗമമായ മാർഗ്ഗമാണെന്നുവേണം വിചാരിക്കുവാൻ.

ഇനിയും ഗ്രാൻറുസ്കൂൾ നടത്തിപ്പിനെപ്പററി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ അവരുടെ മൂന്നും നാലും വർഷത്തെ ശമ്പളം കിട്ടാഴികനിമിത്തം വളരെ ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുന്നു. മാനേജരന്മാരോടു ചോദിക്കുന്ന അവസരത്തിൽ ഗവൺമെൻറിൽനിന്നും ഗ്രാൻറുകിട്ടുന്നില്ലാ എന്നു മറുപടിപറയും. അതിനാൽ ഗവൺമെൻറിൽനിന്നും നൽകുന്ന ഗ്രാൻറുകൾ അതാതുകാലത്തു തന്നെ കൊടുക്കേണ്ടതാണ്. ഗ്രാൻറുകൊടുക്കുന്നതിനു ഗവൺമെൻറിനു പണമില്ലാ എന്നുവരികിൽ അത്രത്തോളം സ്കൂളുകൾകൂടി നിറുത്തിക്കളയുകയാണു നല്ലത്. ഈ തൊഴിലിൽ ഇരിക്കുന്ന സാധുക്കൾ വേറെ ഉപജീവനമാർഗ്ഗം കണ്ടുപിടിച്ചുകൊള്ളും.

നാട്ടുകാരേയോ അല്ലാത്തപക്ഷം ഈ നാട്ടിൽ വളരെ തഴക്കവും പഴക്കവും സിദ്ധിച്ചു പൊതുജനങ്ങളുടെ ആശയവും അഭിപ്രായങ്ങളും അറിഞ്ഞു ഭരണം നടത്തുന്നതിനു പ്രാപ്തിയുള്ളവരേയോ വേണം വിദ്യാഭ്യാസഡയറക്ടരായി നിയമിക്കാൻ എന്നുള്ള ജനങ്ങളുടെ ആഗ്രഹം ഏറെക്കുറെ ഇപ്പോൾ സാധിച്ചു. എന്നാൽ വിദ്യാഭ്യാസഡയറക്ടർ ജനങ്ങളുടെ ആ അഭിപ്രായത്തിനു വ്യതിചലനം ഉണ്ടാക്കിത്തീർക്കാതെ എല്ലാ സ്ഥലങ്ങളെയും സന്ദർശിച്ചു ജനഹിതങ്ങളറിഞ്ഞു വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

Mr. P. Padmanabhan Tampi: I beg to oppose the demand. The budget is misleading in regard to its provision for education. We see a provision of Rs. 48 lakhs odd for 1111 as against Rs. 46 lakhs odd for 1110. Coming to vernacular education, the provision for 1111 is Rs. 28 lakhs odd as against Rs. 18 lakhs odd for 1110. These figures clearly show that there is a total increase of Rs. 2 lakhs under education, and an increase of Rs. 10 lakhs under vernacular education. Sir, if this were true, it is really a matter for great satisfaction to the people.

Mr. C. V. Chandrasekharan: May I inform the member that a reclassification of the allotments was made this year? Instead of putting all the allotments for grants under one head, they

[Mr. C. V. Chandrasekharan.]

were separated and distributed among the various heads. That accounts for the difference between 1110 and 1111.

Mr. P. Padmanabhan Tampi: But how are we to know that? As it is, the budget is misleading.

Mr. C. V. Chandrasekharan: May I point out, Sir, that there are foot notes to the effect that allotments have been reclassified this year?

Mr. P. Padmanabhan Tampi: I do not see any foot-note on page 105.

Mr. M. Govindan: Is there any foot note on page 91?

Mr. P. Padmanabhan Tampi. No, there also there is no foot note. Sir, it was this that led to Mr. Kunjitomman's reference, when Mr. Kattakayam was speaking, that there was an increase of Rs. 10 lakhs under vernacular education. I challenge the member on the other side to draw my attention to any foot note, regarding the reclassification either on page 91 or on page 105.

Mr. C. V. Chandrasekharan: May I draw the attention of the member to the foot note on page 116?

Mr. P. Padmanabhan Tampi: Sir, there are foot notes on several other pages also; but, neither on page 91 nor on page 105 do I find any foot note about this matter, although there is a clear statement on these pages showing an addition of Rs. 10 lakhs under vernacular education.

I want to say a word about fee concession, Sir. The budget for 1111 provides, under receipts, for the whole of the fees due, although the economic depression still prevails and the financial position of parents and guardians has only become worse now. This, I submit, is very hard on the people.

A word more about the Fee Concession Committee. Sir, it was under a G. O. that committees consisting of the Tahsildar, the Inspector or Headmaster and a non-official member --formerly it was the Popular Assembly member of the locality—were constituted in different localities. This year, without assigning any reason, the non-official element has been taken away. Sir, this is sure to lead to many abuses. I can quote instances of abuses in the past. One proverthicar recommended the case of the son of another rich proverthicar for poor fee concession. Neither the Tahsildar nor any of the other official members were able to find it out. It was the non-official member who discovered it. Especially in these days of

democracy, it is regrettable to note that the Government have taken away the non-official element in these committees.

Coming to the provision for study leave, at page 95 of the budget, a sum of Rs. 3,750 has been provided for study leave for an Assistant Professor of the Science College. The whole of this amount, I submit, Sir, can be saved by making suitable consequential arrangements. There was a Mathematics Chair in the Women's College a few years ago. That was abolished. That Professor may be transferred to the Science College; and, in his place, someone of the Mathematics teachers in the High Schools, who have acted as Lecturers in the College, may be appointed as a Lecturer and in the High School a teacher may be appointed on Rs. 40. This arrangement will enable the Government to save the whole of this allotment of Rs. 3,750; and the work also will be done satisfactorily. I would draw the attention of the Director of Public instruction to this matter.

Coming then to the question of grants-in-aid, there is now a hue and cry throughout Travancore about the withdrawal of grants in regard to certain schools. Sir, the budget provides the usual provision for this purpose. I cannot understand why, in spite of such provision, some schools were not given their grants. Sir, the Government have made primary education free; but, during the last session, the Director said, in answer to a question, that permission had been given to the managements of schools to recover fees even in the primary classes in schools which could not get grants. That, I submit, is a retrograde step.

Mr. Tariatu Kunjitomman: സർ, നാട്ടുഭാഷാജ്ഞാനവും ഈ രാജ്യത്തെ വിദ്യാഭ്യാസവകുപ്പിനെയും ജനസാമാന്യത്തെയും പററി നല്ല അറിവുമുള്ള ഒരു പണ്ഡിതനെ ഈ വകുപ്പിൻെറ മേലദ്ധ്യക്ഷനാക്കിയതിൽ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു. ക്ഷാമം അധികം ബാധിച്ചിരുന്നിട്ടും ലുബ്ധ് കാണിക്കാതെ വിദ്യാഭ്യാസത്തിനു കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ സംഖ്യ ബഡ്ജററിൽ ചേർത്തിരിക്കുന്നതും ശ്രേയസ്കരം തന്നെ. എന്നാൽ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കു, ഉൾനാട്ടുകളിൽ നിവസിക്കുന്നവർക്കും പ്രാഥമികവിദ്യാഭ്യാസത്തിനെ സാധിക്കുന്നതിലേക്കുവരുന്ന കൊല്ലത്തിൽകൂടുതലായി സംഖ്യ ബഡ്ജററിൽ ചേർത്തിട്ടുണ്ടെന്നാണ കാണുന്നതു്. പത്തുലക്ഷത്തിൻെറ കൂടുതൽ പ്രത്യക്ഷത്തിൽ മലയാളവിദ്യാഭ്യാസച്ചിലവിനുള്ള കാളത്തിൽ ചേർത്തു. അതു ബഡ്ജററിൽ വരുത്തിയ പിശകാണെന്നാണ് ഇപ്പോൾ ഡയറക്ടർ പറയുന്നതു്.

Mr. C. S. Krishnasvami Aiyar: പത്തുലക്ഷം രൂപാ ചേർത്തിരിക്കുന്നതു "മിസലേനിയസ്" എന്ന ഇനത്തിലാണ്.

Mr. Tariatu Kunjitomman: അതല്ലാതെ നാട്ടുഭാഷക്കു പത്തു ലക്ഷം രൂപാ കൂടുതൽ ചേർത്തിട്ടില്ല.

Mr. C. S. Krishnasvami Aiyar: അതു നാലു ഇനങ്ങളിലായി ചേർത്തിരിക്കുന്ന തുകയാണ്.

Mr. Tariatu Kunjitomman: അതല്ലാതെ പത്തുലക്ഷം രൂപാ കൂട്ടിയിട്ടുണ്ട് എന്നു കാണുന്നതു പിശകാണ്. പല വർഷത്തെ നാട്ടുഭാഷാവിദ്യാഭ്യാസത്തിനുള്ള പട്ടികകളുടെ കൂട്ടത്തിലാണ് ചേർത്തിരിക്കുന്നത്. എന്നാൽ അതു കണക്കു കൊണ്ടുള്ള ഒരു വിദ്യമാത്രമാണെന്നും കൂടുതലില്ലെന്നും പറയുന്നു. ഭൂരിപക്ഷം ജനങ്ങൾക്കും പട്ടണങ്ങളിലെ ഉയന്ന വിദ്യാലയങ്ങൾ കൊണ്ടു ഗുണം കിട്ടുന്നില്ല. സാമാന്യജനങ്ങളുടെ കുട്ടികൾക്കു പ്രാഥമികവിദ്യാഭ്യാസം കൊടുപ്പാനേ രക്ഷകർത്താക്കൾക്കു ശക്തിയുള്ളു. അതിനു സ്കൂളുകൾ ധാരാളം വേണം. ഇപ്പോഴും ഉൾനാടുകളിൽ പ്രാഥമികവിദ്യാഭ്യാസം ഇല്ലാത്തവർ അധികമുണ്ട്. വിദ്യാഭ്യാസം ഉണ്ടെങ്കിൽ മാത്രമേ അവരുടെ ജീവിതരീതിയും സംസ്കാരവും ഉയന്നു വരികയുള്ളു. ഭൂരിപക്ഷത്തിന്റെ സംസ്കാരമാണു രാജ്യത്തിന്റെ സംസ്കാരം. അക്ഷരജ്ഞാനമുള്ളവരുടെ സംഖ്യയെ ആധാരമാക്കിയാണ് ഒരു രാജ്യത്തിന്റെ സിവിലിസേഷൻ നിർണ്ണയിക്കുന്നതു. സാക്ഷരത്തിൽ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ ഉണ്ടായിരുന്ന നമ്മുടെ സ്ഥാനം അയൽരാജ്യമായ കൊച്ചി അപഹരിച്ചു കഴിഞ്ഞു. ഭൂരിപക്ഷത്തിന്റെ ആവശ്യത്തെ മുൻനിറുത്തി പ്രവർത്തിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്. നാട്ടിൻപുറങ്ങളിൽ ധാരാളം പ്രാഥമികവിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ വമ്പിച്ച തുകകൾ അനുവദിക്കേണ്ടതാണ്. വിദ്യാഭ്യാസച്ചിലവിൽ ഭൂരിഭാഗവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും കാളേജ് വിദ്യാഭ്യാസത്തിനുമായി പോകുന്നു. ഉൾനാടുകളിൽ നാട്ടുഭാഷാവിദ്യാലയങ്ങൾ വളരെ സ്ഥാപിക്കണം.

Mr. M. P. Madhavan Pillai: ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങളെ നിറുത്തൽ ചെയ്യാതിരിക്കുകയെങ്കിലും ചെയ്യേണ്ടതല്ലേ?

Mr. Tariatu Kunjitomman: നിറുത്തിക്കളയാതിരുന്നാൽ പോരാ. അടുത്തടുത്തു ധാരാളം പുത്തനായി സ്ഥാപിക്കണം. അരമയിലെങ്കിലും അടുത്തു പ്രാഥമികവിദ്യാലയങ്ങളില്ലാത്തപക്ഷം കൊച്ചുകുട്ടികളെ വിദ്യാലയങ്ങളിൽ അയച്ചു പഠിപ്പിക്കുവാൻ ദരിദ്രർക്കു തീരെ

സാധിക്കുകയില്ല. ആയിരക്കണക്കിനു വിദ്യാലയങ്ങൾ ഇനിയും ഉണ്ടാക്കാതെ എല്ലാവർക്കും അക്ഷരജ്ഞാനമുണ്ടാകുവാൻ സാധിക്കുകയില്ല. നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നു പറയുന്നു. അതു ധാരാളം വിദ്യാലയങ്ങളും വിദ്യാഭ്യാസവുമുള്ള പട്ടണങ്ങളിൽ സാധിക്കുമായിരിക്കാം. എന്നാൽ വിദ്യാഭ്യാസമില്ലാത്ത നാട്ടിൻപുറങ്ങളിലാണു വിദ്യാഭ്യാസം പരത്തേണ്ടതു. പ്രാഥമികവിദ്യാലയങ്ങൾ അടുത്തില്ലാതെ പഠിപ്പിച്ചില്ലെങ്കിൽ ശിക്ഷിക്കുമെന്നു നിർബന്ധിച്ചാൽ സാധുക്കൾ കഷ്ടപ്പെടുകയേ ഉള്ളു. വിദ്യാലയങ്ങൾ ധാരാളം പണം ചിലവു ചെയ്തു സ്ഥാപിച്ചാൽ കുട്ടികളെ രക്ഷകർത്താക്കന്മാർ ഗവർമ്മെൻറു നിർബന്ധം കൂടാതെ അയച്ചു പഠിപ്പിച്ചു കൊള്ളും.

Mr. C. V. Chandrasekharan: May I inform the member that the allotment under Vernacular Education is Rs. 60,000/- more than the last year?

Mr. Tariatu Kunjitomman: അടുത്തടുത്തു സ്കൂൾ സ്ഥാപിക്കുന്നതിന് അനവധി ലക്ഷം രൂപാ തന്നെ ചിലവു ചെയ്യണം. അതിനു ഗവർമ്മെൻറിനു വിഷമമുണ്ടെങ്കിൽ ജനങ്ങളെ പ്രോത്സാഹിപ്പിച്ചു അവരെക്കൊണ്ടു ചെയ്യിക്കണം. പലയിടങ്ങളിലും പ്രാഥമികവിദ്യാഭ്യാസം പ്രൈവറ്റു സ്കൂളുകൾ കൊണ്ടാണു സാധിക്കുന്നതു്. പട്ടണങ്ങളെ മാത്രമെ ഗവർമ്മെൻറു പ്രത്യേകം നോക്കുന്നുള്ളു. നാട്ടുപുറങ്ങളിലെ കർഷകരിൽനിന്നാണ് ചിലവിനുള്ള പണം ലഭിക്കുന്നതെന്നു ഗവർമ്മെൻറു ചിലവിനു സംഖ്യ വിഭജിക്കുമ്പോൾ ഓർക്കുന്നില്ല. എല്ലാ വിഷയത്തിലും ന്യൂനപക്ഷക്കാരായ പട്ടണവാസികളെ പ്രധാനമായി നോക്കുന്നതേയുള്ളു.

Mr. J. John Kattakayam: തൊടുപുഴ, മൂവാറ്റുപുഴ മുതലായ മലംപ്രദേശങ്ങളിൽ ഉള്ള ജനങ്ങൾ അധികവും വിദ്യാഭ്യാസവും അക്ഷരജ്ഞാനവും ഇല്ലാത്തവരല്ലെ?

Mr. Tariatu Kunjitoman : എല്ലാ താലൂക്കുകളിലേയും മലയോരങ്ങൾ അങ്ങിനെതന്നെ. ഉൾനാടുകളിലും മലയോരങ്ങളിലുമാണു വിദ്യാഭ്യാസം കുറവെന്നു സെൻസസ് റിപ്പോർട്ടിൽനിന്നു കാണാം. പ്രൈവറ്റുമാനേജരന്മാൎക്കു ശരിയായി ഗ്രാൻറുകൊടുത്തു പ്രോത്സാഹിപ്പിച്ചാൽ നാട്ടുപുറങ്ങളിൽ വേണ്ടിടത്തോളം വിദ്യാലയങ്ങൾ അവർ നടത്തും. ഗവൎമ്മെൻറിനു ചിലവും കുറയും. പട്ടണങ്ങളിലുള്ള വിദ്യാലയങ്ങൾകൊണ്ടു കുരുടനു സൂര്യപ്രകാശവും ദീപവും പോലെയുള്ള പ്രയോജനം മാത്രമേ ഭൂരിപക്ഷക്കാരായ നാട്ടുപുറത്തെ സാമാന്യജനങ്ങൾക്കു സിദ്ധിക്കുന്നുള്ളു. പട്ടണങ്ങളിലുള്ള മഹാവിദ്യാലയങ്ങൾക്കും പ്രതാപത്തിനുമായി മാത്രം

[Mr. Tariatu Kunjitomman.]

പൊതുപണം ഉപയോഗിക്കുന്നതു ശരിയല്ല. സാമാന്യജനങ്ങളെ പ്രത്യേകം നോക്കണം.

ഗ്രാൻറു വിദ്യാലയങ്ങളുടെ സംഖ്യയും അവയ്ക്കുകൊടുത്തുവരുന്ന ഗ്രാൻറിൻെറ സംഖ്യയും ഇപ്പോൾ ക്രമേണ കുറഞ്ഞുവരികയാണ്. അതുവളരെ പരിതാപകരമാണ്.

Mr. A. N. Visvanatha Pillai : സർ, പായിൻറ് ആഫ് ആർഡർ. മെമ്പർ വിഷയമാറിയിരിക്കുന്നു.

Mr. Tariatu Kunjitomman : അതെന്നെ സംബന്ധിക്കയില്ല. ഞാൻ യഥാസ്ഥാനത്തുതന്നെ.

ഗവമെൻറിൻെറ വിദ്യാഭ്യാസ ചിലവു വർദ്ധിപ്പിക്കാതെ രാജ്യത്തെ വിദ്യാഭ്യാസനില ഉയത്തിക്കൊണ്ടുപോകുന്നതിനുള്ള ഏകമാർഗ്ഗം പ്രൈവററു വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്ക എന്നതാണ്. ഇവിടെ ഡിപ്പാർട്ടുമെൻറു വിദ്യാലയങ്ങളെക്കാൾ ഇരട്ടി പ്രൈവററു വിദ്യാലയങ്ങളുണ്ട്. പ്രൈവററു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഡിപ്പാർട്ടുമെൻറു വിദ്യാലയങ്ങളുടേതിൽ വളരെ കൂടുതലാണ്. എന്നാൽ ഡിപ്പാർട്ടുമെൻറു സ്കൂളുകളിലേക്കുവേണ്ടി, ചിലവാക്കുന്നതിൻെറ നാലിൽ ഒരുഭാഗംമാത്രമേ പ്രൈവററുവിദ്യാലയങ്ങൾക്കുവേണ്ടി ഗവണ്മെൻറു ചിലവാക്കുന്നുള്ളൂ. ഇങ്ങിനെ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഗ്രാൻറും എണ്ണവും പ്രതിവത്സരം കുറച്ചുവരുന്നെന്നു കാണുന്നതു ദയനീയംതന്നെ. വിദ്യാഭ്യാസത്തിൻെറ പുരോഗതിക്കു ഇതുകൊണ്ടു് കോട്ടം തട്ടാതിരിക്കയില്ല. വിദ്യാഭ്യാസത്തിൻെറ പുരോഗതിയെ ആശ്രയിച്ചാണല്ലോ രാജ്യത്തിൻെറ മററു സകലവിധപുരോഗതിയും. പലവിധത്തിലുള്ള അസൌകര്യങ്ങളും അനുഭവിച്ചു വിദേശങ്ങളിൽനിന്നുപോലും വമ്പിച്ചതുകകൾ ഇവിടെ കൊണ്ടുവന്നു ധാരാളം കെട്ടിടങ്ങളും കെട്ടി ജാതിമതഭേദമെന്യേ ജനങ്ങളുടെയിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിച്ചു നിസ്വാർത്ഥമായി രാജ്യസേവനം ചെയ്യുന്ന മാന്യന്മാരെ എല്ലാവിധത്തിലും ഗവണ്മെൻറു പ്രോത്സാഹിപ്പിക്കേണ്ടതാണ്. അവരുടെ ന്യായമായ സ്വാതന്ത്ര്യത്തേയും സൌകര്യത്തേയും കഴിയുന്നതും കാര്യമായി ഗണിച്ചു ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും അപ്പഴപ്പോൾ വേണ്ടതു പ്രവത്തിക്കേണ്ടതാണ്.

Mr. M. P. Madhavan Pillai : ഒരു ചോദ്യം.

Mr. Tariatu Kunjitomman : ചോദ്യങ്ങളെല്ലാം ഒടുവിൽ. ഒരു സ്ഥലത്തു പല സമുദായക്കാർ ഗ്രാൻറു് വിദ്യാലയങ്ങൾ സ്ഥാപിക്ക

ന്നതിനോ നിലവിലിരിക്കുന്ന ഏതെങ്കിലും വിദ്യാലയം ഏറെറടുക്കുന്നതിനോ അപേക്ഷിക്കുമ്പോൾ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും സ്ഥിരമായ ഏതെങ്കിലും ഒരു തത്വത്തെ ആസ്പദമാക്കിത്തന്നെ പ്രവർത്തിക്കണം. അങ്ങിനെ ചെയ്യാത്തപക്ഷം ജനങ്ങളുടെയിടയിൽ പലവിധത്തിലുള്ള അസ്വസ്ഥതകൾക്കും ഇടവരുന്നതാണ്. സ്ഥിരമായ ഒരു തത്വം സ്വീകരിച്ചാൽ ഡിപ്പാർട്ടുമെൻറിനേയും ഗവണ്മെൻറിനേയും ജനങ്ങൾ എപ്പോഴും വിളികൾകൊണ്ടും മററും അലട്ടിക്കൊണ്ടിരിക്കാനും മാർഗ്ഗമില്ല. ഒരു സ്ഥലത്തുള്ള ഒന്നിലധികം സമുദായക്കാർ അപേക്ഷകന്മാരാണെങ്കിൽ ഏതു സമുദായത്തിൽപെട്ട വിദ്യാർത്ഥികളാണോ അധികമുള്ളത് ആ സമുദായത്തിലുള്ള അപേക്ഷകനു കൊടുക്കേണ്ടതാണ്.

Mr. A N. Visvanatha Pillai : എനിക്കു ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ വിഷമതകളെക്കുറിച്ചാണു പറയുവാനുള്ളത്. ഡിപ്പാർട്ടുമെൻറിൽനിന്നും ഗ്രാൻറുസ്കൂളുകളിലേക്കുവേണ്ടി ഒരു വലിയ സംഖ്യ പ്രതിവർഷം ഗവണ്മെൻറു ചിലവാക്കുന്നുണ്ട്. എന്നാൽ ഈ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്ക് ഇന്നു യാതൊരുതരത്തിലുള്ള അവകാശവും അവരുടെ ജോലിയെ സംബന്ധിച്ചിടത്തോളം ഇല്ലാതെയാണിരിക്കുന്നത്. ഒരു മാനേജർക്ക് ഒരദ്ധ്യാപകനെ യാതൊരു കാരണവുംകൂടാതെ എപ്പോൾവേണമെങ്കിലും പിരിച്ചയക്കാൻ സ്വാതന്ത്ര്യമുണ്ട്. ഈ അദ്ധ്യാപകന്മാർക്കു മാനേജമെൻറുകാർ കൊടുക്കുന്ന ശമ്പളം വളരെ കുറവാണെന്നു വളരെനാളായി പരാതി ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഗ്രാൻറായി വാങ്ങിക്കുന്ന തുക മാത്രം ചില സ്കൂളുകളിൽ അദ്ധ്യാപകന്മാർക്കു കൊടുക്കുന്നുണ്ട്. കുറേക്കൂടി നല്ലവണ്ണം നടത്തുന്ന മാനേജ്മെൻറാണെങ്കിൽ മാനേജരുടെ കയ്യിൽനിന്നും ഗ്രാൻറിന്റെകൂടെ ഒരു തുകകൂടി ചേർത്ത് അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നു. മററു ചില ഗ്രാൻറുസ്കൂളുകളിൽ കിട്ടുന്ന ഗ്രാൻറിന്റെ ഒരംശം മാനേജർ കരസ്ഥമാക്കിയിട്ട് ഒരു ചെറിയ തുക മാത്രമേ ശമ്പളമായി കൊടുക്കുന്നുള്ളു. ഈ തരത്തിലുള്ള പല അനീതികളും ഗ്രാൻറുസ്കൂളുകളെ സംബന്ധിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണു ഞാൻ അറിയുന്നത്. ഇതിനൊരു പരിഹാരം വരുത്തേണ്ടതു് ഏററവും അത്യാവശ്യമാണ്. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു കാൺഫറൻസ് കോട്ടയത്തുവച്ചു കൂടുകയും ഈവക കാര്യങ്ങളെപ്പററി ആലോചിച്ചു പ്രമേയങ്ങൾ പാസാക്കി ഡിപ്പാർട്ടുമെൻറധികാരികൾക്കും മററധികാരസ്ഥാനങ്ങളിലേക്കും അയച്ചിട്ടുള്ളതായി എനിക്കറിയാം. അതുകൊണ്ടു മേലാൽ ഡയറക്ടരുടെ അനുവാദംകൂടാതെ ഒരദ്ധ്യാപകനെ

[Mr. A. N. Visvanatha Pillai]

പിരിച്ചുവിടുന്ന ഗ്രാൻറുസ്കൂൾ മാനേജരോടു കർശനമായവിധത്തിൽ അതെപ്പററി ഡയറക്ടർ ചോദ്യം ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

Mr. Tariatu Kunjitomman : മാനേജരുടെ ആജ്ഞകൾ വിധേയനല്ലാത്ത ഒരദ്ധ്യാപകനെ വെച്ചുകൊണ്ടിരിക്കുന്നതു് ആ സ്കൂളിനു ദോഷമല്ലേ?

Mr. A. N. Visvanatha Pillai : ആ സംഗതി ഡയറക്ടരെ ബോദ്ധ്യപ്പെടുത്തണം. അല്ലാതെ മാനേജരുടെ ഇഷ്ടംപോലെ ഒരിക്കലും പ്രവർത്തിക്കരുതു്. പ്രവർത്തിക്കണമെങ്കിൽ ഡയറക്ടരുടെ അനുവാദം വേണം.

Mr. Tariatu Kunjitomman : അപ്പോൾ ഡയറക്ടർക്കല്ലേ മുഴുവൻ അധികാരവും വരുന്നതു്?

Mr. A. N. Visvanatha Pillai : മാനേജ്മെൻറു സ്കൂളുകൾ നടത്തുന്നതു മാനേജരുടെ അധികാരപ്രമത്തത കാണിക്കാനല്ല.

Mr. Tariatu Kunjitomman : അധികാരമില്ലെങ്കിൽ സ്കൂളിൽ ഡിസിപ്ലിൻ പരിപാലിക്കുന്നതു് എങ്ങിനെയാണു്?

Mr. A. N. Visvanatha Pillai : ഗവമെൻറു ഗ്രാൻറു കൊടുക്കണമെങ്കിൽ അതിനു ഗവമെൻറിൻെറ മേൽനോട്ടവും അത്യാവശ്യമാണു്. ഗവമെൻറു ഗ്രാൻറു കൊടുക്കുന്നില്ലെങ്കിൽ ഞാൻ അതിനെപ്പററി പറയുകയില്ലായിരുന്നു.

Mr. M. P. Madhavan Pillai : ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവമെൻറിൽനിന്നു് അവർക്കു നേരിട്ടു കൊടുക്കണമെന്നു കോട്ടയത്തുവെച്ചു് അവർ തീർച്ചയാക്കി അയച്ചിട്ടുള്ളതായി അറിയാമോ?

Mr. A. N. Visvanatha Pillai : അറിയാം.

Mr. Tariatu Kunjitomman : ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്കു ഒരു കാലം വ്യവസ്ഥചെയ്തു് അതനുസരിച്ചു പ്രവർത്തിക്കാൻ മാനേജർക്കു സ്വാതന്ത്ര്യം വേണ്ടേ?

Mr. A. N. Visvanatha Pillai : ന്യായമായുള്ള എല്ലാ സംഗതികൾക്കും മാനേജർ കീഴടങ്ങണം. ഇതു ന്യായമാണെന്നാണു ഞാൻ പറയുന്നതു്.

Mr. M. Govindan : നിയമനാധികാരം കൂടാതെയുള്ള മേൽനോട്ടം പാടില്ലെന്നാണോ?

Mr. A. N. Visvanatha Pillai : ധാരാളം ഉണ്ടാകാം.

Mr. J. John Kattakayam : ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാൎക്കു ട്രെഷറിയിൽനിന്നുതന്നെ ശമ്പളം കിട്ടുന്നതല്ലെ നല്ലതു്?

Mr. A. N. Visvanatha Pillai : അതാണു വളരെ നല്ലതെന്നാണു് എൻെറയും അഭിപ്രായം.

Mr. Komilezhathu Sankaran : ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാരെ മാനേജരന്മാർ പിരിച്ചയച്ചാൽ അവൎക്കു ഡയറക്ടരുടെ അടുത്തു് അപ്പീൽകൊടുക്കരുതോ?

Mr. A. N. Visvanatha Pillai : അതു് അദ്ധ്യാപകന്മാൎക്കു കൂടുതൽ വിഷമകരമാണു്. ഗവൺമെൻറു് സ്കൂളുകളിലെ അദ്ധ്യാപകരെ പിരിച്ചുവിടാൻ ഹെഡ്മാസ്റ്റൎക്കധികാരമില്ല. അതുപോലെ ഡയറക്ടരുടെ അനുവാദംകൂടാതെ ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാരെ പിരിച്ചുവിടാൻ പാടില്ലെന്നുവന്നാൽ ഈ കുഴപ്പങ്ങളൊക്കെ എളുപ്പം ഒരു പരിഹാരമുണ്ടാകുന്നതാണു്. ഇരുപതും ഇരുപത്തിരണ്ടും വർഷം അദ്ധ്യാപകജോലിയിൽ ഇരിക്കവെ അവരെ പിരിച്ചയച്ചാൽ ഡയറക്ടരുടെ അടുത്തുപോയി അപ്പീൽകൊടുത്തു അതിനൊരു തീരുമാനം ഉണ്ടാകുന്നതുവരെ ഈ അദ്ധ്യാപകൻ കാത്തിരിക്കേണ്ടിവരുന്നു. നേരെമറിച്ചു ഡയറക്ടരുടെ അനുവാദത്തോടുകൂടിമാത്രമെ പിരിച്ചുവിടാൻ പാടുള്ളു എന്നു നിശ്ചയിച്ചാൽ ഈ മാനേജർമാരുടെ അക്രമത്തിനു വളരെ ശമനം വേഗത്തിൽ ഉണ്ടാകുന്നതാണു്.

Mr. J. John Kattakayam : അദ്ധ്യാപകന്മാർ സാധാരണ മാനേജർമാരുടെ ആശ്രിതന്മാരായിട്ടുപോലും ജീവിക്കുന്നില്ലേ?

Mr. A. N. Visvanatha Pillai : അങ്ങനെയുമുണ്ടാകാം.

അടുത്തകൊല്ലത്തിൽ ക്ഷാമപീഡ കൂടുതലായിരിക്കുമെന്നുള്ളതു നിശ്ചയമാണു്. അതുകൊണ്ടു അടുത്തകൊല്ലത്തിലും ഫീസ് സൗജന്യം ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഈ സംഗതികൾ ഗവൺമെൻറിൻെറയും ഡിപ്പാർട്ടുമെൻറു മേധാവിയുടേയും ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണു് എൻെറ ഉദ്ദേശം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. M. N. Narayana Menon : വിദ്യാഭ്യാസ വിദഗ്ദ്ധനായ മി. സ്റ്റേത്താം വിദ്യാഭ്യാസഡയറക്ടരായി തിരുവിതാംകൂറിൽ വരികയും സാരവത്തായ ഒരു റിപ്പോർട്ടു് ഇവിടെ സമർപ്പിക്കയും ചെയ്തതിനു ഞാൻ അന്നും നന്ദിപറയുകയാണു് ചെയ്തിട്ടുള്ളതു്. ആ അഭിപ്രായം

[Mr. M. N. Narayana Menon.]

തന്നെയാണു് എനിക്കിപ്പോഴും ഉള്ളതു്. കഴിഞ്ഞകൊല്ലത്തെ വിദ്യാഭ്യാസറിപ്പോർട്ടു വായിച്ചതിൽ മുൻകൊല്ലത്തെ അപേക്ഷിച്ചു കൂടുതൽ വിവരം റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാവുന്നതാണു്. മി. സ്റ്റേത്താം ഒന്നിച്ചു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് പരിശീലനം കിട്ടിയിട്ടുള്ള ഒരാളെ ശമ്പളമിനത്തിൽ ഒരു വലിയതുക ലാഭപ്പെടുത്തി അദ്ദേഹത്തിൻെറ അനന്തരഗാമിയായി നിയമിച്ചതിൽ ഞാൻ ഗവൺമെൻറിനെ അഭിനന്ദിക്കുന്നു. സാധാരണ ഒരു ഡിപ്പാർട്ടുമെൻറിൻെറ മേധാവിയാകുന്നതിനു തക്കയോഗ്യതയുള്ള ഒരാൾ ആ ഡിപ്പാർട്ടുമെൻറിൽതന്നെയിരിക്കെ അവർക്കു നിരാശയുണ്ടാകത്തക്കവിധത്തിൽ വെളിയിൽനിന്നും ധാരാളമാളുകളെ പലപ്പോഴും ആ സ്ഥാനത്തിൽ നിയമിച്ചുവരുന്നു. കഴിവുള്ളടത്തോളം ഈ നയം ഗവൺമെൻറു സ്വീകരിക്കരുതു്. നിവൃത്തിയുള്ളിടത്തോളം ഡിപ്പാർട്ടുമെൻറിലുള്ളവർക്കു പ്രോത്സാഹനം നല്കണം. കഴിഞ്ഞവർഷത്തെ റിപ്പോർട്ടു നോക്കിയാൽ ജനങ്ങളുടെ വിദ്യാഭ്യാസം ഒന്നിനൊന്നു വർദ്ധിക്കുന്നതായിട്ടാണു കാണുന്നതു്. വിദ്യാർത്ഥികളുടെ സംഖ്യയും വർഷംതോറും വർദ്ധിച്ചുതന്നെ വരുന്നുണ്ടു്. വിശിഷ്യ വിദ്യാർത്ഥിനികളുടെ സംഖ്യ പതിനായിരക്കണക്കിനു വർദ്ധിക്കുന്നുണ്ടു്. അതു നമുക്കഭിമാനകരമായ സംഗതിയാണു്.

Mr. Tariatu Kunjitomman: നാം കൊച്ചിയെക്കാൾ പിന്നിലായിപ്പോയതു അഭിമാനക്ഷയമല്ലേ?

Mr. M. N. Narayana Menon: ആ സംഗതിയെപ്പററി പിന്നീടു പറയാം. ക്ഷമയോടുകൂടിയിരിക്കണം. എൻെറ സമയവും മററുള്ളവരെപ്പോലെ പരിമിതമാണു്. എൻെറ സ്നേഹിതൻ ഇതുപോലെയുള്ള സന്ദർഭങ്ങളിൽ മററുള്ളവരോടു പറയുന്നതു എന്താണെന്നറിയാമല്ലോ? അതുപോലെതന്നെ എനിക്കും ഇപ്പോൾ പറയേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിൽ നമുക്കുള്ളസ്ഥാനം ഇൻഡ്യാസാമ്രാജ്യത്തിൽ മൂന്നാമത്തേതാണു്. ബർമ്മാ ഒന്നാമതും കൊച്ചി രണ്ടാമതും തിരുവിതാംകൂർ മൂന്നാമതുമാണു സ്ഥിതിചെയ്യുന്നതു്. ബർമ്മയിൽ ൩൬ ശതമാനവും കൊച്ചിയിൽ ൩൩ ശതമാനവും തിരുവിതാംകൂറിൽ ൨൮ ശതമാനവും ജനങ്ങൾക്കു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ടു്. വിദ്യാഭ്യാസവിഷയത്തിൽ നാലാമത്തെസ്ഥാനം മാത്രമാണു ബറോഡായ്ക്കുള്ളതു്. അവിടെ പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുണ്ടു്.

ഈ നിയമസമിതിയിൽ നാം പലപ്പോഴും വിദ്യാലയകെട്ടിടങ്ങൾ മോശമാണ്, സാമഗ്രികൾപോരാ എന്നൊക്കെ പറഞ്ഞുവരുന്നുണ്ട്. അതിനെപ്പററി ആലോചിച്ചാൽ വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നു പറയുന്നതിനു ഞാൻ അധൈര്യപ്പെടുന്നു. എങ്കിലും പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നുതന്നെയാണു ഞാൻ അഭിപ്രായപ്പെടുന്നത്. അതു് എല്ലാസ്ഥലത്തും ഒരുമിച്ചു ചെയ്യണമെന്നില്ല. വിദ്യാഭ്യാസം ധാരാളമുള്ള ടൌണുകളിൽ ചിലതു തിരഞ്ഞെടുത്തു അവിടെ നിർബന്ധവിദ്യാഭ്യാസം നടപ്പാക്കാമോ എന്നു പരിശോധിച്ചു നോക്കേണ്ടതാണ്. നിയമസഭയുടെ വോട്ടവകാശം വർദ്ധിപ്പിക്കണമെന്നും പ്രായപൂർത്തിയുള്ളവർക്കു വോട്ടവകാശം വേണമെന്നും മററും വാദിക്കുന്ന കാലമാണല്ലോ ഇതു്. ആ സ്ഥിതിക്കു വിദ്യാഭ്യാസത്തിന്റെ വർദ്ധനക്കായി പ്രാഥമിക വിദ്യാഭ്യാസം ധാരാളമാക്കുന്നതു് സകല രാജ്യങ്ങളിലും പ്രയോജനകരമായിരിക്കുന്നതാണ്. പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഇൻഡ്യയിലെ ഒരു പ്രസിദ്ധഭരണതന്ത്രജ്ഞനായ സർ. എം. വിശേശ്വരയ്യായുടെ അഭിപ്രായം ഞാൻ ഇവിടെ ഉദ്ധരിക്കാം.

Sir. M. Visvesvariah says.

"Knowledge is power Reduce illiteracy, encourage adult education and vocational training among the members of your family and others over whom you have influence. If work is found for private men outside Gove nment service it will mean also additional employment for the workers."

സർ. എം. വിശേശ്വരയ്യ എഴുതിയ പുസ്തകത്തിന്റെ ഒരു ഭാഗമാണു ഞാൻ ഇവിടെ വായിച്ചതു്. അതുകൊണ്ടു പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കേണ്ടതു് അത്യാവശ്യമാണ്. പ്രാഥമിക വിദ്യാഭ്യാസത്തോടൊന്നിച്ചു തൊഴിൽപരമായ വിദ്യാഭ്യാസവും ആവശ്യമാണ്.

നമ്മുടെ രാജ്യത്തു് ഏഴുലക്ഷത്തോളം വിദ്യാർത്ഥികൾ ഉണ്ടു്. പ്രൈവററുസ്കൂൾ മാനേജർമാരുടെ സഹായത്താലാണ് ഇത്രയധികം വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസസൌകര്യം ഉണ്ടായിട്ടുള്ളതു്. പകുതിയിലധികം വിദ്യാർത്ഥികളും പ്രൈവററു വിദ്യാലയങ്ങളിൽ പഠിക്കുന്നവരാണ്. അതുകൊണ്ടു പ്രൈവററു വിദ്യാലയങ്ങളെ കഴിയുന്നതും പ്രോത്സാഹിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. അതുപോലെ പ്രൈവററു വിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാരുടെ നിലയെ ഗവണ്മെൻറു സുരക്ഷിതമാക്കേണ്ടതുമാണ്.

ലൈബ്രറി പ്രസ്ഥാനത്തിനായി ബഡ്ജററിൽ ഒരു തുക കൊള്ളിച്ചിട്ടുണ്ട്. അതു് മുൻകൊല്ലങ്ങളിൽ അപേക്ഷിച്ചു വലിയതുകയാണ്. ഇതിനു മുമ്പും ഞാൻ ഈ വിഷയത്തെപ്പററി പറഞ്ഞിട്ടുണ്ട്. ഡ

[Mr. M. N. Narayana Menon.]

യറക്ടരുടെ ഒരുമാസത്തെ ശമ്പളത്തോളമുള്ള തുകപോലും ഇതിലേക്കു ഗ്രാൻറായി കൊടുക്കുന്നില്ല. കഴിഞ്ഞയാണ്ടത്തെ രണ്ടായിരം രൂപാ ഇപ്പോൾ ൨൭,൦൦൦ രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുകയെ വിനിയോഗിക്കേണ്ടവിധം എങ്ങനെ എന്ന് ഇവിടെ പലരും പ്രസ്താവിച്ചുകഴിഞ്ഞു. കഴിവുള്ളിടത്തോളം എല്ലാവില്ലേജുകളിലും ഒരോവായനശാല ഉണ്ടാക്കേണ്ടതാണ്. അതായതു പ്രൈമറിസ്കൂളില്ലാ സ്ഥലത്തു വെർണ്ണാക്കുലർമിഡിൽസ്കൂളുണ്ടെങ്കിൽ അവിടെയും ഉള്ള പ്രഥമാദ്ധ്യാപകന്മാരും സ്ഥലത്തുള്ള പൗരപ്രമാണികളിൽ ചിലരുംകൂടി ചേർന്നു നടത്തുന്നവായനശാലകൾക്കു ഗ്രാൻറുകൊടുക്കേണ്ടതാണു. അല്ലാതെ മോട്ടോർകാറുകളിൽ പുസ്തകങ്ങൾ കയററിക്കൊണ്ടുപോയാൽ അതു ശരിയായിനടക്കുമൊ എന്നു സംശയമാണ്. അതിനാൽ ഈ രീതിയിലുള്ള വായനശാലകൾ ഉണ്ടാകേണ്ടതാണ്. അതിലേക്കു പ്രതിവർഷം ഒരുലക്ഷംരൂപാ ബഡ്ജററിൽ കൊള്ളിക്കണം.

പ്രൈമറിവിദ്യാലയങ്ങൾക്കുള്ള ധാരാളം കെട്ടിടങ്ങൾ ഇപ്പോൾ ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു എന്നു പറയാം. ഞങ്ങളുടെ സമീപമുള്ള ചെങ്ങളംസ്കൂൾകെട്ടിടംതന്നെ ഇപ്പോൾ വളരെ മോശമായി കിടക്കുകയാണ്. ആ വിവരം ഞാൻ ഗവർമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിലേക്ക് അല്പസ്വല്പം അനുകൂലങ്ങൾ ചെയ്താൽ മാത്രമെ സാധിക്കുകയുള്ളു. പലസ്കൂൾ കെട്ടിടങ്ങളും ഇപ്പോൾ വളരെ മോശമായിരിക്കുന്നുണ്ട്. അതിനാൽ പ്രാഥമിക വിദ്യാലയങ്ങൾക്കായി മാത്രം ഒരു ലക്ഷംരൂപാ മാററിവയ്ക്കുകയും ഒരു ക്ലിപ്തകാലത്തിനകം ആ കെട്ടിടങ്ങൾ നന്നാക്കുകയും ചെയ്യേണ്ടതാണ്.

ഫീസ് സൌജന്യത്തെപ്പററി സ്വല്പം പറയേണ്ടിയിരിക്കുന്നു. ക്ഷാമം വർദ്ധിച്ചുവരുന്നു എങ്കിലും ഗവർമെൻറ് അതിനെപ്പററി ആലോചിക്കുന്നില്ല. നാം വിദ്യാഭ്യാസ വിഷയത്തിൽ മുന്നണിയിലാണെന്ന് അഭിമാനിക്കുന്നതിനുള്ള കാരണം തീരെ ആഹാരത്തിനു വകയില്ലെങ്കിലും നമ്മുടെ കുട്ടികളെ പള്ളിക്കൂടത്തിൽ അയച്ചുപഠിപ്പിക്കുന്നതുകൊണ്ടാണ്. അതിലേക്കു ചില സൌജന്യങ്ങൾ ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഫീസ് സൌജന്യക്കമ്മററിയെപ്പററി മിസ്റ്റർ പത്മനാഭൻ തമ്പിയുടെ അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നു. ഒരു പാർത്ത്യക്കാരുടെ മകനു ഫീസ് സൌജന്യം ചെയ്യണമെന്നു പറഞ്ഞാൽ ത

ഹശീൽദാർ അനുവദിക്കാതിരിക്കുക സാധാരണമല്ല. അതുകൊണ്ടു അതിൽ അനുദ്യോഗസ്ഥന്മാർകൂടി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. കാളേജ് വിദ്യാർത്ഥികളുടെ സംഖ്യ പ്രതിവർഷം കുറഞ്ഞുവരുന്നു. അവക്കു കൂടുതൽ സൌകര്യം ചെയ്തുകൊടുക്കണം. കാളേജിലും ഫീസ് സൌജന്യം ചെയ്തുകൊടുക്കണം.

Mr. M. Govindan: Sir, I wish to offer a few remarks on the demand now before the House. As in the case of the Devadhar Committee Report, so in the case of the Statham Report my friend and countryman Mr. Nilakanta Pillai wants that it should be consigned to a corner. I am sorry I cannot agree with him. I am under the impression that these two reports are most valuable documents which contain many valuable recommendations made by responsible committees presided over by men of Indian reputation.

Mr. M. N. Paramesvaran Pillai: May I know whether these reports are more valuable than the Temple Entry Committee Report?

Mr. M. Govindan: It is also a valuable report.

Mr. M. N. Paramesvaran Pillai: May I know where it is kept now?

Mr. M. Govindan: It is kept in the Huzur Office.

Mr. P. Padmanabhan Tampi: Is it in the waste-paper basket?

Mr. M. Govindan: I can assure my friend that so far as I know the Temple Entry Committee Report is engaging the serious consideration of the authorities. The members need not be under any anxiety on that score. We are at Education now.

My friend Mr. Nilakanta Pillai had the misfortune to make some representation about a school at Aiylam about which I am also interested. I am sorry that the authorities were not able to see eye to eye with him, and perhaps with me also, in not allowing this school to be reconstructed. I wish that his recommendation is carried into effect and that the department does not incur the odium of all the hard words used in the English language—irresponsible, unwise,—I have a list here—mess, and all the rest of it. (*Laughter*). My impression is that in the case of hardships in various localities we know better than the Director. Therefore, it is better that some of our recommendations are accepted. With regard to the building, about which Mr. Krishna Pillai spoke, I think his complaint is very reasonable. I have often been urging on the attention of Government that a regular scheme—

Mr. A. N. Visvanatha Pillai: മിസ്റ്റർ കൃഷ്ണപിള്ള എന്നൊരു മെംബറില്ലെന്നറിയാമോ? മി. പത്മനാഭപിള്ളയാണ പറഞ്ഞതു.

Mr. M. Govindan: I am sorry. I stand corrected. Mr. Padmanabha Pillai's suggestion is the same as the one that I am also urging. There must be a systematic programme of school inspection. During the time of the late Deputy Director, Mr. Ramasvamy Aiyar, a number of schools has come into being. We are not able to get rid of them. About 2,000 schools are in existence. And almost all of them are housed in flimsy buildings. Generally, these buildings collapse during the rainy weather. Unless the Government have a systematic programme of school construction spread over a number of years, allotting 2 or 3 lakhs of rupees every year, the problem will not be solved and the complaint will remain to the detriment of education and danger to the safety of the children attending the schools.

I have one observation to make with regard the Protector of Depressed Classes. It comes in here in this way. We have got fee concession in schools and colleges to pupils of the depressed and backward communities. The amount ear-marked is about Rs. 2 lakhs. These depressed classes get a considerable portion of benefit out of it. I do not know whether the sum of Rs. 10,000 that is ear-marked for the depressed classes under the Co-operative Department will justify the Protector to be under that department more than under the Education Department which spends Rs. 2 lakhs. Moreover, education is most important for the amelioration of the condition of the depressed classes. You cannot think of any other way of uplift. The development of the human mind is the most important point. The depressed class man may have plenty of money; but that will not make him the less depressed. Give him culture and he is equal to the most superior classes. As one engaged in the uplift of the depressed classes,—I happen to be the President of the Trivandrum District Harijan Seva Sangham—I know that the Sangham is spending a large sum of money which is brought from outside the State. The Government are helping the Sangham. The help of the Director of Public Instruction is also necessary. We applied to the Director. But he said that he has no money. I find from the budget that only a small sum of Rs. 500 is given as grant to hostels including the depressed class hostel at Taikad. The Sangham is spending Rs. 1,000, whereas Government are spending only Rs. 500 for all these hostels together. The amount is totally inadequate. My point is that the Protector of Depressed Classes must be a person either working under the Director or the Director himself. In another connection it was pointed out by me in this House that the status of an officer is very important in

Travancore for carrying out the purpose for which he is appointed. The Protector has to correspond with heads of departments, Division Peishkars and men of that status for the assignment of lands, etc. The subject is so closely allied to education that I would strongly recommend that the Director himself be appointed as the Protector.

Mr. K. N. Kesavan Namputiripad (*Jenmies*): Sir, I was one of those who supported enthusiastically the report of the Education Reforms Committee when it was placed for the consideration of this House. It contained very many valuable suggestions and recommendations. It is very unfortunate to see that Government have not given effect to many of the valuable suggestions; but they have given effect to some of the minor recommendations alone. There was a talk about the amalgamation of colleges, starting of technological college and other things, the acceptance of which would have contributed to the educational advancement of the country. But Government, probably for want of funds, have not accepted those recommendations. Government spend large sums of money in other directions. They ought to have spent at least some money on educational advancement also. No money spent on educational advancement is wasted. In regard to techonology, Government intend to start techonological course in the Vanchiyoor High School. Though this is a move in the right direction, we cannot remain satisfied with this alone.

The State Library Scheme will also give some impetus to educational advancement. Sir, as several members have pointed out, the withholding of grants to private institutions has caused a great harm to the managers of private institutions. Some of the schools are being worked very ably. I do not understand why the grant has been stopped. I hope the Director will restore the grants with arrears.

In this connection, I want to bring to the notice of the Government that some of the educational institutions in the town itself are located in unhealthy quarters and in indecent houses.

To cite an example, I may draw the attention of the House to the Sanskrit College. It is located in a most unhealthy quarter and in a private house. It was never the intention of the owner of the house when it was built that it should be used as an educational institution. Therefore I would draw the attention of the Director to remove that college to a better place in the town.

I would also draw the attention of the Director to some of the needs of the special school for Malayala Brahmins at Kulakada. This school was started some twenty years back when Sir P. Rajagopalachari was the Dewan and under the fostering care of the

[Mr. K. N. Kesavan Namputiripad.]

Government it was making rapid progress. The building was built with the funds collected from the Namputiri community and it was handed over to Government. There is also a boarding house attached to the school and a large number of young children are staying there.

Mr. Kochikkal P. Balakrishnan Tampi: Is that school open to all classes of people?

Mr. K. N. Kesavan Namputiripad: It is a special school meant for Malayala Brahmins alone. Whenever children staying in the boarding house fall sick it was found difficult to remove them to their homes. Therefore the necessity was felt for constructing a sick room and the Namputiri community contributed a good amount for the construction of the building. A decent building is now ready but there is no medical aid. While the school was at Mannady, some ten years back, there was an Ayurvedic Vaidysala for purposes of medical aid for these children. Since it has been shifted to Kulakada there is no medical aid. I understand there is one Missionary Hospital about four miles off Kulakada and there is no other medical institution very near this.

Mr. P. Padmanabhan Tampi: May I know the number of pupils in that school?

Mr. K. N. Kesavan Namputiripad: About eighty.

Mr. P. Padmanabhan Tampi: Is that a primary school?

Mr. K. N. Kesavan Namputiripad: That is a middle school.

Mr. P. Padmanabhan Tampi: Are there not Malayala Brahmins studying in other schools?

Mr. K. N. Kesavan Namputiripad: Yes; that is only a small number.

Therefore, I draw the attention of the Government to the need for giving medical aid either by starting an Ayurveda Vaidyasala at Kulakkada or by asking the Mission authorities to render sufficient help to the children of the special school.

I hope, under the able supervision and direction of the present Director of Public Instruction, who has been sufficiently long in the country and who knows the conditions and aspirations of the people, educational cause of the State will improve.

Mr. M. N. Paramesvaran Pillai: Is it not a fact that in spite of his long experience in the country he has not till now learnt the Malayalam language?

Mr. K. N. Kesavan Namputiripad: I do not agree with the member.

Mr. M. N. Paramesvaran Pillai : May I point out to the Excise Commissioner that that is not my own view but the view of all those experienced in the Abkari Department. This is one of the suggestions made in the Report of the Madras Government and it is one of the important points stated there. I do not know how the Excise Commissioner pleads ignorance of that.

Mr. C. O. Madhavan : By raising the duty or by other means all that the Department can do is to increase the price of liquor and make it more and more costly for people to get drink. That we have been doing all along. The Department has been trying to attain prohibition by the gradual increase of tree-tax, increase of duty on arrack and reducing the number of shops. The number of shops has been reduced by over 300 during the last eight years. The duty on arrack has been raised from Rs. 4 annas 8 to Rs. 5 annas 5 per proof gallon. Similarly tree-tax has been raised by gradual stages from Rs. 5 to Rs. 8 for 6 months from Choondappany tree. All these things have been done and the aim of the Department is to promote temperance and to attain complete prohibition after some years. The more I know the ways of the people, I may freely confess that I seriously doubt it would be possible for us to reach that stage in the near future. No doubt the policy of the Government has been unmistakably declared to be one towards prohibition both by me and my predecessors in office. As one of the honourable members remarked, Dewan Mr. Watts has also said that the policy of the Government is complete prohibition.

Mr. K. P. Nilakanta Pillai : May I know from the member how many shops approximately were abandoned by the contractors during the last three years?

Mr. C. O. Madhavan : When one shop is abandoned by the contractor it is re-sold by the Government and another contractor takes it up.

Mr. M N. Paramesvaran Pillai : May I know from the member whether the Excise Department keeps any uniformity in the rentals of shops situated in a particular taluk ?

Mr C. O. Madhavan ; Shops are sold in auction and the offer of the highest bidder is generally accepted.

Mr. M N. Paramesvaran Pillai : May I know from the member whether it is necessary or it is incumbent upon the Excise Commissioner to leave it to the highest bidder always ?

Mr. C. O. Madhavan : Provided I am satisfied as to the solvency of the highest bidder, I give the shops to the highest bidder. The question of revenue is a matter of primary consideration.

Mr. M. N. Paramesvaran Pillai ; May I know whether it is not on account of want of uniformity in rentals that these shop-keepers resort to illicit sa'e?

Mr. C O. Madhavan : I have already explained, Sir.......

President : Your time is about to expire.

Mr. C O. Madhavan : Mr. Narayana Aiyar is of opinion that accumulation of arrears in rentals is due to the fact that much of the time of the subordinates of the Department is wasted in detection of cases. As a remedy he suggested that separate Prosecuting Inspectors might be appointed. I may tell him that in areas where detection has increased the work of prosecution has become very taxing and it takes away much of the time of the subordinates. It would be well if prosecuting officers are appointed but it is a question of money. I may inform the House that it is not due to prosecution of cases that the arrears have increased. Arrears did not accumulate till 1106; but accumulation has been increasing from 1106 because of the economic depression. Many people who take up shops find themselves unable to carry on the business and so the shops are re-sold. The difference in the rentals between the original sale and resale swells the arrears to be recovered under the Revenue Recovery Regulation.

Mr. K. Madhavan Pillai : May I know from the member the necessity for the continuance of the special staff at Changanacherry?

Mr. C. O. Madhavan : The special staff has been continuing at Changanacherry from 1104. If we do not want to continue the experiment the special staff may be taken away. The special staff there receive very little help and co-operation from the citizens of the people in the detection of offences. When serious offences are detected, the detecting officers find it difficult even to get attestors to the mahazar.

Mr. C. M. Joseph (*Changanachery* cum *Peermade*) : ഡിപ്പാർട്ടുമെണ്ടിലെ ചില സിൽബന്തികൾ വ്യാജവ്യാപാരത്തോടു അനുകൂലിച്ചു നിൽക്കുന്നതായി അറിയുമോ?

Mr. C. O. Madhavan: എനിക്കറിഞ്ഞുകൂടാ.

Mr. C. M. Joseph: അവിടത്തെ പൊതുജനങ്ങളുടെ സഹകരണം വേണമെന്നു കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടോ?

Mr. C. O. Madhavan: അതിനെപ്പററി പറയാൻ എനിക്കു അധികാരം തരികയാണെങ്കിൽ പറയാം. ഞാൻ മി. ജോസഫിനോടുതന്നെ മഹസ്സർ തയ്യാറാക്കുന്നതിനു അവിടത്തെ പൊതുജനങ്ങളു

[Mr. C. O. Madhavan.]

ടെ സഹകരണം ഡിപ്പാർട്ടുമെന്റു സിൽബന്തികൾക്കു ലഭിക്കുന്നില്ലെന്നും അതുകൊണ്ടു നിങ്ങൾതന്നെ വേണ്ട സഹായം നൽകേണ്ടതാണെന്നുംപറഞ്ഞിട്ടുണ്ട്.

Mr. C. M. Joseph: അങ്ങനെ ഒരിക്കലെങ്കിലും അത്യാവശ്യം നേരിട്ടിട്ടുള്ളതായി സിൽബന്തികൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

Mr. P. Padmanabhan Tampi: A point of order. The reply is intended to the House whereas the member is confining his reply to the non-official member.

President: Probably they have been talking something among themselves and naturally a secret to others.

You may finish your speech. The bell applies to all official and non-official members.

Mr. C. O. Madhavan: Then there is the question of salt business. Mr. Ramakrishna Pillai seems to doubt whether we have reached the stage when we manufacture as much salt as we require. I may inform the House that it depends primarily upon weather conditions. This year we have been able to manufacture about 50 per cent. more salt than the quantity which Travancore requires for one year.

Mr. Parameswaran Pillai referred to the payment of kudivila. His complaint is that it is not paid to the licensees as soon as the salt is reserved for Government. The practice here is to reserve the salt as soon as manufacturing is completed and to pay the kudivila when the salt is removed.

Another point raised is that the brine used for manufacture is not tested and so inferior variety of salt is manufactured. I may inform the House that I have received complaints from the licensees this year that the officers in charge interfere too much in this matter and that the contractors are suffering on account of the strict enforcement of the rules.

Mr. J. John Kattakayam: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിന് അനുവാദം ചോദിച്ചുകൊള്ളുന്നു.

President: I put it that Demand No. X—Excise Department for Rs, 6,17,73: be passed. The demand was passed and the grant was made.

DEMAND XI.

FOREST DEPARTMENT.

Mr. R. Dhanukoti Pillai: Sir, I rise to move for a grant not exceeding Rs, 7,95,255 under Demand XI— Forests,

Mr. J. John Kattakayam: സർ, ഭാരതമാതാവിന്റെ തൊട്ടുകുറിയായി പരിലസിക്കുന്ന വഞ്ചിരാജ്യത്തിന്റെ മൂന്നിൽ ഒരുഭാഗവും വനമായിട്ടാണു കിടക്കുന്നത്. പ്രസ്തുതവനം വളരെ ഫലഭൂയിഷ്ഠമായ ഭൂവിഭാഗങ്ങളാണെന്നുള്ളതു അവിതർക്കിതവുമാകുന്നു. അനേകം വിദേശികളെ ഈ വനങ്ങൾ ആകർഷിക്കുന്നുണ്ട്. ഇത്ര ഫലഭൂയിഷ്ഠമായ പ്രദേശങ്ങളുള്ള ഒരു സ്ഥലത്തു ജനങ്ങളുടെ ആഹാരസാധനങ്ങൾക്കു അന്യരാജ്യത്തെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇതു തുലോം ശോചനീയമെന്നേ പറയേണ്ടതുള്ളു.

ചതുപ്പുനിലങ്ങൾ ഈ രാജ്യത്തു ധാരാളമുണ്ടെന്നും അവയെ റിസർവിൽനിന്നും ഒഴിവാക്കി പതിച്ചുകൊടുക്കത്തക്കതാണോ എന്നു നോക്കണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി ഗവണ്മെന്റിൽനിന്നും കുറെകാലം മുമ്പു കമ്മിററികളെ നിയമിക്കുകയും ചെയ്തു. എന്നാൽ ആ കമ്മററികളുടെ റിപ്പോർട്ടനുസരിച്ചു ഈ സ്ഥലങ്ങൾ മുഴുവൻ ഇന്നും കൃഷിചെയ്യുന്നതിനായി വിട്ടുകൊടുക്കുന്നില്ലെന്നാണു എന്റെ അറിവു. ഇങ്ങനെയുള്ള സ്ഥലങ്ങളെ ഇനിയെങ്കിലും ഫോറസ്റ്റ് റിസർവിൽനിന്നും വിട്ടുകൊടുക്കുന്നതിനു ഗവണ്മെണ്ടു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഗവണ്മെണ്ടു നൂറുവർഷത്തിനു മുൻപാണു നമ്മുടെ ഈ ഡിപ്പാർട്ടുമെന്റു രൂപീകരിച്ചിട്ടുള്ളത്. ൧൦൯൪-ൽ ൪൦൦ ഏക്കർമാത്രം ഉണ്ടായിരുന്ന നമ്മുടെ റിസർവ് ക്രമാഗതമായി വളന്നു ഇപ്പോൾ ൨൩൬൦ ചതുരശ്രമയിൽ ആയിത്തീന്നിട്ടുണ്ട്. ഇനിയും അതു വളരുകയില്ലെ എന്നാണു എന്റെ സംശയം. സ്ഥലങ്ങൾ റിസർവിൽനിന്നുംവിട്ടു പതിച്ചുകൊടുക്കാതിരിക്കുന്നതിനു കൺസർവേറർ പറയുന്ന സമാധാനം വനങ്ങൾ വെട്ടിയഴിച്ചാൽ മഴ കുറഞ്ഞുപോകുമെന്നും അല്ലെങ്കിൽ മഴയുണ്ടാകുന്ന കാലത്തു താണസ്ഥലത്തു വെള്ളം പൊട്ടുന്നു മലകളിൽനിന്നും വന്നു വെള്ളപ്പൊക്കമുണ്ടാകുമെന്നും ഇപ്പോഴത്തെ നിലയിലിയിരുന്നാൽ കാടുകളിൽ തടഞ്ഞുനിന്നു വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കുമെന്നും മററുമൊക്കെയാണ്. ഇതൊന്നും ശരിയായിട്ടുള്ള സമാധാനമല്ലെന്നു ഇക്കൊല്ലത്തേയും കഴിഞ്ഞകൊല്ലത്തേയും അനുഭവം നമ്മെ നിരന്തരം അനുസ്മരിപ്പിക്കുന്നുണ്ട്. തന്റെ കൈവശമുള്ള സ്ഥലങ്ങൾ അന്യർക്കു വിട്ടുകൊടുക്കുന്നതിനു തനിക്കു വൈമനസ്യമുണ്ട്. ആരായിരുന്നാലും തനിക്കുള്ള അധികാരം വിട്ടുകൊടുക്കുന്ന കാര്യത്തിൽ എന്തെല്ലാം ന്യായങ്ങൾ കൊണ്ടുവന്നാലും അവർ അതിനൊക്കെ ഓരോ സമാധാനങ്ങൾ പറഞ്ഞ് അതു സ്വീകരിക്കയില്ല. ഇവിടെ മുമ്പു കൺസർവേ

[Mr. J. John Kattakayam.]

ററർ ആയിരുന്ന മി. പൊന്നമ്പലംപിള്ള നമ്മുടെ വനങ്ങളെപ്പററി ചർച്ചചെയ്തു എഴുതിയിട്ടുള്ളതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു ഒരു കോടിരൂപായ്ക്കുള്ള ചില്ലറ വിഭവങ്ങൾ ആണ്ടുതോറും ഈ വനങ്ങളിൽ നമുക്കു നഷ്ടപ്പെടുന്നുവെന്നാണ്. ന്യൂസിലൻറ, ജമ്മനി മുതലായ രാജ്യങ്ങളിലെ വനങ്ങളിൽനിന്നും വളരെ ഭീമമായ ആദായങ്ങൾ പ്രതിവർഷം ലഭിക്കുന്നുണ്ട്. അതിനു കാരണം വെറും തടികളെമാത്രം വെട്ടിമുറിക്കാതെ വിവിധവിധത്തിൽ ശാസ്ത്രീയമായ രീതിയിൽ കിട്ടേണ്ട ആദായം മുഴുവനും വനത്തിൽനിന്നും എടുത്തുവരുന്നു എന്നുള്ളതാണ്. നമ്മുടെ രാജ്യത്താകട്ടെ വനങ്ങളിൽനിന്നും തടിമാത്രം വെട്ടിമുറിച്ചാണ് ആദായം എടുത്തുവരുന്നതു്. അതുകൊണ്ടായില്ല, ശാസ്ത്രീയമായ വിധത്തിൽ വനഭരണം നടത്തുന്നു എങ്കിൽ ഇന്നുള്ളതിനേക്കാൾ വളരെ കൂടുതലായ ആദായം കിട്ടുമെന്ന് എനിക്കു ധൈര്യമായി പറയാം. നാം നിസ്സാരമായി തള്ളിക്കളയുന്ന ഈ ചില്ലറ വനവിഭവങ്ങളെ മററു സ്ഥലങ്ങളിൽ തീപ്പെട്ടി, കടലാസ് മുതലായവ ഉണ്ടാക്കുന്നതിനും മററുമായി ഉപയോഗിക്കാറുണ്ട്. വനവിഭവങ്ങളിലൊന്നായ ഈററയെപ്പററി ഒരു പരീക്ഷണം നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി നമ്മുടെ ഫൈനാൻഷ്യൽസിക്രട്ടറി ബഡ്ജററു സ്പീച്ചിൽ പറഞ്ഞിരിക്കുന്നതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിച്ചുകൊള്ളുന്നു. നമ്മുടെ അസംസ്കൃതസാധനങ്ങളെ കൂടുതൽ ഫലപ്രദമാക്കത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറു നൽകുകയും ഗവമ്മെൻറു അതിനുവേണ്ട സഹായസഹകരണങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. മൈസൂറിൽ ആകട്ടെ ചന്ദനതൈലമാണ് അവരുടെ വനത്തിൽനിന്നുമുള്ള ആദായം. നാമാകട്ടെ തൈലത്തെനോക്കാതെ ചന്ദനത്തടിയിൽനിന്നുമാണ് ആദായം എടുക്കുന്നതു്. തൈലത്തിൽനിന്നു കിട്ടുന്ന ആദായവും തടിയിൽനിന്നുകിട്ടുന്ന ആദായവും ആയി വളരെ വ്യത്യാസമുണ്ട്. ബർമ്മായിൽ ഒരു ചതുരശ്രമൈലിന് എട്ടണാകൊണ്ടു വനസംരക്ഷണം നടത്തുന്നു. അതുപോലെ നമ്മുടെ വനങ്ങളും വിട്ടുകൊടുത്തു സംരക്ഷണം നടത്തിയാൽ എന്താണു ദോഷം? മദ്രാസ്ഗവമ്മെൻറു പഞ്ചായത്തിനാണ് അവരുടെ വനഭരണം വിട്ടുകൊടുത്തിരിക്കുന്നത്. അവിടെ ഇത്രഇത്ര ചതുരശ്രമൈൽ വനംവീതം ഓരോ പഞ്ചായത്തിനും കൊടുക്കണമെന്നാണു വ്യവസ്ഥ. ഇങ്ങനെയുള്ള ഭരണം ഇപ്പോൾ വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചു ഗവമ്മെൻറിനും ജനങ്ങൾക്കും യാതൊരഭിപ്രായവ്യത്യാസവുമില്ലാതെ നിരന്തരമായും നിരംകുശമായും ഈ വകുപ്പുഭരണം നിർവ

ഹിച്ചുപോരുന്നുണ്ട്. അവിടെ വ്യ വ്യ ൩ ചതുരശ്രമയിൽ വനം ൪൭ വ്യ പഞ്ചായത്തുകാർക്കായിട്ടു വിട്ടുകൊടുത്തിരിക്കുകയാണ്. അതുപോലെയുള്ള ഒരു ഭരണം ഇവിടെയും ഒന്നു പരീക്ഷിച്ചുനോക്കുന്നത് നന്നായിരിക്കും. അതുപോലെതന്നെ തിരുവിതാംകൂറിന്റെ ഉത്തരഭാഗങ്ങളിൽനിന്നും അനേകം ആളുകൾ ധർമ്മരാജ്യംവിട്ടു മലബാറിലേക്കു പോകുന്നുണ്ട്. ഇതുവരെ ഇവിടെനിന്നും അന്യനാട്ടുകളിലേക്ക് ആരുംതന്നെ പോയിട്ടില്ല. നേരെമറിച്ചു അന്യദിക്കുകാരെ നമ്മുടെ ധർമ്മരാജ്യം ആകർഷിക്കുകയാണ് ചെയ്തിരുന്നത്.

മീനച്ചൽ, മൂവാററുപുഴ, തൊടുപുഴ മുതലായ സ്ഥലങ്ങളിൽനിന്നും അനേകമാളുകൾ ബ്രിട്ടീഷ്മലബാറിലേക്കു വേലചെയ്തുപജീവനം കഴിക്കുവാൻ ഭൂമിയില്ലാതായിട്ടു പുറപ്പെട്ടുപോയിട്ടുള്ളതായിട്ടെനിക്കറിയാം. ഇങ്ങനെ പോകുന്നവരുടെ സംഖ്യ നാൾക്കുനാൾ കൂടിക്കൂടിയാണുവരുന്നതു്. ഇവിടെ ഭൂമിയുണ്ടായിരുന്നാൽ ഇവിടത്തെ ജനങ്ങളെ അന്യനാടുകൾ ആകർഷിക്കയില്ലായിരുന്നു. നമ്മുടെ ഭൂമിയേക്കാൾ ഗുണമുള്ള ഭൂമിയാണെന്നു വിചാരിച്ചല്ല ഇവിടത്തുകാർ ബ്രിട്ടീഷ്മലബാറിലേക്കു പോകുന്നതു്. നേരെമറിച്ചു് ഭൂമി കിട്ടാൻ നിവൃത്തിയില്ലാത്തതാണു ഇതിനു കാരണം. ഈ സ്ഥിതിക്ക് രാജ്യത്തിലെ മൂന്നിലൊന്നുഭാഗം വനമായിട്ടിട്ടു പറയത്തക്ക യാതൊരാദായവുമില്ലാതെ വച്ചുകൊണ്ടിരിക്കുന്നതിന്റെ രഹസ്യമെന്താണ്?

നമ്മുടെ വനങ്ങൾ ഒരു അക്ഷയമായ നിധിയാണെന്നുള്ളതു സർവ്വസമ്മതമായ ഒരു സംഗതിയാകുന്നു. ഇനിയും പഴയ തോതിൽതന്നെ ഈ വനഭരണം നടത്തുന്നതായാൽ ശരിയായ ആദായം കിട്ടുന്നതല്ല. ഫാറസ്റ്റിനകത്തു കൃഷിക്കു യോഗ്യമായ സ്ഥലങ്ങൾ പതിച്ചുകൊടുത്തിരുന്നാൽ ഏക്കറൊന്നിനു ഒരു രൂപാ കരം കിട്ടുമായിരുന്നു. ആ കരം നോക്കിയാൽ കൺസർവേറർ അവർകൾ ഒരു ഭീമമായ തുക നമ്മുടെ മുൻപാകെ കെട്ടിവയ്ക്കേണ്ടിവരും. പെരിയാർ തടാകത്തിന്റെ തീരപ്രദേശങ്ങൾ പതിച്ചുകൊടുക്കണമെന്ന് ആരും പറയുന്നില്ല. അതു പതിച്ചുകൊടുക്കുന്നപക്ഷം കാടു വെട്ടിത്തെളിച്ചു കൃഷിചെയ്യുമെന്നുള്ളതുകൊണ്ടു തടാകം നികന്നുപോകാനിടയുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങൾ ഒഴിച്ചു ശേഷംഭാഗങ്ങൾ ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനായി വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഇനിയെങ്കിലും ഗവണ്മെന്റു അമാന്തിക്കരുതു്. കൺസർവേറർ ഈ അഭിപ്രായത്തോടു യോജിക്കയില്ല. തന്റെ സ്വാധീനതയിൽ ഉള്ള സ്ഥലം മുഴുവനും തന്റെ കീഴിൽ

[Mr. J. John Kattakayam.]

തന്നെ വച്ചുകൊണ്ടിരിക്കണമെന്നുള്ള ഒരു നിർബന്ധബുദ്ധിയോടുകൂടിയാണ് കൺസർവേറ്റർ പെരുമാറിവരുന്നത്. അതിനാൽ ഈവക സംഗതികളിൽ ഗവണ്മെന്റിന്റെ ദൃഷ്ടി അചിരേണ പതിഞ്ഞ് നമ്മുടെ ജനങ്ങളെ അന്യരാജ്യങ്ങളിലേക്കാകർഷിക്കാതിരിക്കത്തക്കവിധത്തിൽ ഇവിടെയുള്ള ഭൂമികളെ അവർക്കു താമസിക്കുന്നതിനും കൃഷിചെയ്യുന്നതിനും പര്യാപ്തമായവിധത്തിൽ പദ്ധതികൾ ക്രമീകരിച്ചു പതിച്ചുകൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഇപ്പോഴത്തെ വനഭരണരീതി ഒട്ടുംതന്നെ ശരിയായിട്ടുള്ളതല്ല. വെറും തടിമാത്രം വെട്ടിവിറ്റതുകൊണ്ട് യാതൊരാദായവും കിട്ടുകയില്ല; പോരെങ്കിൽ ഇപ്പോൾ തടിക്കു വിലയുമില്ല. താരിപ്പുവിലയിൽ നിന്നും കുറഞ്ഞ വിലക്കാണ് ഇപ്പോൾ തടി വിറ്റുവരുന്നത്. അതു തന്നെ വാങ്ങിക്കാൻ ആളില്ല. അതിനാൽ ആ പതിവു ഗവണ്മെന്റു നിറുത്തിവെക്കണം. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു എം. സി. റോഡിനു തൊട്ടുപടിഞ്ഞാറുഭാഗം നിൽക്കുന്ന തടികളെ വെട്ടിമുറിക്കയല്ലാതെ ശേഷം തടികളെ വെട്ടിമുറിക്കുന്നത് അപൽക്കരമാണെന്നാണ് എനിക്കു ഈ അവസരത്തിൽ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കാനുള്ളത്.

Mr. M. N. Paramesvaran Pillai: Sir, the administration of the Forest Department meets with the greatest disapproval of the people. The statement made by the Conservator of Forests recorded in Mr. Ramasubramonia Aiyer's case clearly reveals the appalling inefficiency of this Department. Although the Forest Department is one of the oldest Departments in this State, we find that it has not made any sufficient development or progress as to justify its continuance. We have now a Forest Reserve of more than 2,397 sq. miles, which covers nearly one-third of the whole area of the State. The receipts of the Forest Department in the year 1038 amounted to Rs. 1·75 lakhs. In spite of nearly 72 years' control and management, the income from the Department has not considerably improved. The income of the Department for the year 1109 was Rs. 12·84 lakhs and as against that there was an expenditure of Rs. 7·70 lakhs. In the result the net revenue of the Department in 1109 was only Rs. 5,14,702, while in 1108 it was still less, namely Rs. 4,04,805. This works out at a very insignificant amount per acre. It is high time to consider whether it would not be profitable to abolish the Department altogether and give the contract to some of the good landlords and get several

times more income than the Government are deriving now by direct administration. The income from the Forest produce is not sufficiently encouraging. In the year 1109, there was considerable fall in the receipts from plantations as compared with the previous year. The Elavu plantations have proved a thorough failure. There was also decrease in the quantity of timber extracted by different working agencies. In the Administration Reports for both 1108 and 1109, the Government themselves have remarked that the Department was not showing sufficient progress in the working of the coupes in the reserves. The Department has not been bestowing adequate attention on the conservation and protection of the reserved forests. Every year large extent of the forest areas has been over-run by fire. Then again as compared with 1108, there has been a marked increase in the number of cases in 1109, especially in regard to (1) illicit collection, possession or remvoal of timber and other minor forest produce from reserved forests, (2) miscellaneous offences in respect of reserved forests and lands at the disposal of Government and (3) damage to royal or reserved trees in lands at the disposal of Government. All these are due to the fact that the executive and the protective staff of the Department do not exercise proper vigilance and effective control over the forest areas in their charge. At page 50 of the Administration Report of the Department for 1109, the Conservator himself has admitted that there has been a general deterioration in the work of the executive staff. The Government have remarked that the touring work of the Divisional Forest Officers was not quite satisfactory and we find from the Government proceedings that the Conservator himself has been asked to forward a separate report to Government regarding his touring work as his departmental report was practically silent on that point.

Sir, it has been repeatedly pointed out that the disposal of kudivila claims has not been satisfactory. Although in 1108, Government expected that the Department would show more attention to the disposal of these claims in future, the result, so far produced, has been quite disappointing. I know there are very many cases even 20 and 30 years old, still pending final settlement. At this rate, I am afraid, the Department would keep the claimants waiting till Doom's Day. Similarly both in 1108 and in 1109, the Government were constrained to remark that the work of the Forest Settlement Officers and the Conservator of Forest was unsatisfactory in regard to the disposal of the Forest Reserves and the fuel and fodder reserves pending final settlement. Further the Audit Report placed in our hands shows that cases of misappropriation

[Mr. M. N. Paramesvaran Pillai.]

and defalcations are also on the increase Sir, one is really at a loss to know what the officers of this Department are actually doing.

Before I conclude, I wish to say a word about the Game Warden. I made a thorough reading of the Administration Report of the Forest Department just to know what the superannuated Land Revenue and Income Tax Commissioner has been doing after he took charge of his new office as Game Warden, but I am really sorry to mention that I was throughly disappointed in my attempt. I find he has not done anything to justify the continuance of the office. It is, indeed, a sheer waste of public money to pay this officer and his staff, and every true lover of this country ought to raise a voice of protest against the continuance of this office. The Government, if they had any real consideration and respect for public opinion, should have certainly accepted the opinion of the Finance Committee recommending the abolition of this post.

Mr. Tariatu Kunjitomman : സർ, നമ്മുടെ രാജ്യത്തിന്റെ മൂന്നിലൊരുഭാഗവും വലിയ റിസർവ്വവനങ്ങളാണെങ്കിലും അതുകൊണ്ടു് സാരമായ ഗുണമൊന്നും ഗവമെന്റിനോ, പ്രജാസമുദായത്തിനോ ലഭ്യമാകുന്നില്ല. അതിനാൽ ഇപ്പോഴത്തെ റിസർവ്വിന്റെ സ്ഥിതി ഒന്നു ഭേദപ്പെടുത്തി ജനങ്ങൾക്കും ഗവമെന്റിനും ആദായകരമായവിധത്തിൽ വനരക്ഷണം നടത്തണമെന്നാണു പ്രധാനമായി എനിക്കു പറയുവാനുള്ളതു്. ജർമ്മനി, അമേരിക്കാ മുതലായ രാജ്യങ്ങളിൽപോലും റിസർവ്വവനങ്ങൾ ഉണ്ടെങ്കിലും അവ തുടർന്നു വനമായിട്ടു കിടക്കുകയല്ല ചെയ്യുന്നതു്. ഇടക്കിടക്കു റിസർവ്വും ഇടക്കിടക്കു ജനവാസസ്ഥലവുമായിട്ടാണു സ്ഥിതിചെയ്യുന്നതെന്നാണു ഞാൻ അറിയുന്നതു്. നമ്മുടെ രാജ്യത്താകട്ടെ, റിസർവ്വിന്റെ കിടപ്പു് അങ്ങനെയല്ല. മധുര, തിരുനെൽവേലി, കോയമ്പത്തൂർ ഈ ജില്ലകളാണു നമ്മുടെ റിസർവ്വിന്റെ അതൃത്തിസ്ഥലങ്ങൾ. ജനവാസമുള്ള സ്ഥലത്തിനും ഈ അതൃത്തിസ്ഥലങ്ങൾക്കും തമ്മിൽ വലിയ ദൂരമുണ്ടു്. ഇപ്പോൾ ജനവാസമുള്ള സ്ഥലത്തുനിന്നും പന്ത്രണ്ടോ പതിനഞ്ചോ മൈലിനകത്തുനിന്നുമാത്രമേ തടികളധികവും മുറിച്ചു എടുത്തുവരുന്നുള്ളു. തടികളും മററും റിസർവ്വ വനങ്ങളുടെ കിഴക്കെ അററത്തുനിന്നും കൊണ്ടുവരുന്ന ചിലവു നോക്കുമ്പോൾ ആദായകരമല്ലാത്തതാണിതിനു കാരണം. റിസർവ്വിൽ ഇടക്കിടക്കു ജനവാസസ്ഥലങ്ങളുണ്ടായിരുന്നാൽ അവിടെയുള്ളവർക്കു വീടുവയ്ക്കുന്നതിനുംമററും തടിയും കൃഷിക്കു പച്ചിലയും കന്നുകാലികളെ മേയ്ക്കുന്നതിനു റിസർവ്വും ഉപയോഗിച്ചു ഗവമെന്റിനു ഇതിൽനിന്നെല്ലാം ആദായം കിട്ടുന്നതിനും ജനങ്ങൾക്കുപയോഗം സിദ്ധിക്കുന്നതിനും ഇടയുണ്ടു്.

രാജ്യത്തു് ഒരാൾക്കു ശരാശരി അൻപതു സെൻറു സ്ഥലത്തിൽ കുറവേ ഉള്ളു എന്നു കണക്കുകൾകൊണ്ടു കാണാം. ഭൂമിയിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു വേണമല്ലോ ഇവിടത്തെ ജനസാമാന്യം ജീവിക്കുവാൻ. ഉല്പന്നങ്ങൾക്കു വിലക്കുറവുള്ള കാലത്തു റിസർവ്വു പതിച്ചുകൊടുത്താൽ തൻമൂലം ഉല്പന്നങ്ങൾ വർദ്ധിച്ചു് ഇനിയും വിലക്കുറവു വരികയില്ലേ എന്നൊരു ചോദ്യമുണ്ടാകാം. എന്നാൽ പതിച്ചുകൊടുക്കുന്ന ഭൂമികളിൽ മരച്ചീനി, നെല്ലു്, വാഴ മുതലായ ഭക്ഷണസാധനങ്ങൾക്കുപയുക്തമായ കൃഷികളാണു് അധികം സാധുക്കൾ ചെയ്യുന്നതു്. അതുകൊണ്ടു ഉല്പന്നങ്ങൾക്കു വിലക്കുറവു കൂടുതലായി സംഭവിക്കുമെന്നുള്ള ദോഷം പറയുവാനില്ല. ഇതിനുംപുറമേ കുടിപാർപ്പിനു സ്ഥലവും അത്യാവശ്യമാണല്ലോ.

Mr. A. N. Visvanatha Pillai (*Quilon* cum *Karunagapalli*): ജനസംഖ്യ വർദ്ധിച്ചുവരികയല്ലേ ചെയ്യുന്നതു്?

Mr. Tariatu Kunjitomman: അതു സ്വാഭാവികമാണല്ലോ. അതുകൊണ്ടു റിസർവ്വിനകത്തു ജനവാസത്തിനു സൗകര്യമുണ്ടാക്കുകയും അതിനു പര്യാപ്തമായ റോഡുകൾ ഉണ്ടാക്കുകയും ചെയ്യണം. പ്രകൃതി വളരെ അനുഗ്രഹിച്ചിട്ടുള്ള ഒരു രാജ്യമാണിതു്. ആ പ്രകൃതിവിഭവങ്ങളെ കണ്ടാനന്ദിക്കാൻപോലും ഇപ്പോൾ വനത്തിൽ കടക്കുവാൻ പാടില്ല. ഇടയ്ക്കിടെ ഗ്രാമങ്ങളുണ്ടാക്കേണ്ടതത്യാവശ്യമാണു്.

റിസർവ്വിനകത്തു ജനവാസമുണ്ടാകുന്ന സംഗതിയിൽ കൺസർവേറ്റർ പ്രതികൂലിയാണു്. ഉത്തമവിശ്വാസത്തോടുകൂടി വനത്തെ സംരക്ഷിച്ചു് അതിൽനിന്നും ഗവർമെൻറിനു ആദായമുണ്ടാക്കണമെന്നാണു് അദ്ദേഹത്തിൻെറ വിചാരം. ആ ഉദ്ദേശത്തിനനുസരണമായി കഴിവുള്ള പരിശ്രമങ്ങൾ ചെയ്യുന്നുണ്ടു്. കൈക്കൂലിക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിലുംമററും സദാ ജാഗരൂകനാണു്. എന്നാൽ സ്ഥലം വിട്ടുകൊടുക്കുന്നതിൽ അദ്ദേഹത്തിനു വലിയ വൈമനസ്യമാണുള്ളതു്. എല്ലാ ഡിപ്പാർട്ടുമെൻറധ്യക്ഷന്മാരും അവരുടെ അധികാരസീമയ്ക്കു കുറവുവരുന്നതിൽ വൈമനസ്യമുള്ളവരായിരിക്കുക സ്വാഭാവികമാണല്ലോ. അതിനാൽ റോഡുകളുടേയും ആറുകളുടേയും സമീപമുള്ളതും, അല്ലെങ്കിൽ റോഡുകൾ തീർക്കുന്നതിനു സൗകര്യമുള്ളതും ആയ സ്ഥലങ്ങൾ കൃഷിക്കുകൊള്ളാവുന്നവ ധാരാളമായി റിസർവ്വിൽനിന്നും ഒഴിപ്പിച്ചെടുത്തു് ദരിദ്രജനങ്ങൾക്കു് അല്പാല്പം തറവില കൂടാതെയും, ചെറിയ ചെറിയ ബ്ലോക്കുകളായി തിരിച്ചു ധനവാന്മാർക്കു ലേലംചെയ്തും പതിച്ചുകൊടുക്കുന്നതി

[Mr. Tariatu Kunjitomman.]

ന ഗവണ്മെൻറു വേണ്ട വ്യവസ്ഥചെയ്യണം. സാധുക്കളുടെയിടയിൽ ധനവാൻകൂടി കുടികയറി പാൎക്കേണ്ടതു് അത്യാവശ്യമാണ്. അല്ലെങ്കിൽ സാധുക്കൾക്കു പല ബുദ്ധിമുട്ടുകളും ഉണ്ടാകും.

മുമ്പ് ഗവണ്മെൻറു ഏൎപ്പെടുത്തിയ ചതുപ്പുനിലക്കമ്മിററിയിൽ ഞാനും ഒരു മെമ്പരായിരുന്നു. റിസൎവിനകത്തുള്ള ചതുപ്പുസ്ഥലങ്ങൾ പരിശോധിച്ച് അവയെല്ലാം പതിച്ചുകൊടുക്കാമെന്ന് ആ കമ്മററി ശുപാൎശചെയ്തിരുന്നു. പിന്നീട് എക്കണോമിക്ക് ഡിപ്രഷൻ എൻക്വയറിക്കമ്മററി ഏൎപ്പെടുത്തി. അതിൻെറ റിപ്പോൎട്ടിലും ഞാൻ റിസവിലുള്ള ചതുപ്പുനിലങ്ങൾ എല്ലാം പതിച്ചുകൊടുക്കണമെന്നു ഡിസൻററിംഗു മിനിട്ട് എഴുതിയിരുന്നു. അതിൽ ഗവണ്മെൻറു യാതൊരു ശ്രദ്ധയും കാണിച്ചിട്ടില്ല.

കുടിപ്പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങൾ കുടികൾക്കു തന്നെ വിട്ടുകൊടുക്കണമെന്നും, ഒരുപക്ഷേപം മുമ്പ് കൗൺസിലിൽ പാസ്സാക്കി. കൊച്ചിയിലും ബ്രിട്ടീഷിന്ത്യയിലുംകുടിപ്പുരയിടങ്ങളിൽ നിൽക്കുന്ന രാജകീയവൃക്ഷങ്ങളുടെ അവകാശം കുടികൾക്കുതന്നെയാണു. ഇതുസംബന്ധിച്ചു കൌൺസിലിൽ ഞാൻ ഒരു റസല്യൂഷൻ കൊണ്ടുവന്നപ്പോൾ അതിനെപ്പററി അന്വേഷിച്ചു റിപ്പോൎട്ടുചെയ്യുവാൻ ഒരു കമ്മററി വയ്ക്കാമെന്നു ഗവണ്മെൻറു പറയുകയും കമ്മിററി ഏൎപ്പെടുത്തുകയുംചെയ്തു. കമ്മിററിയിൽ ഞാനും മെമ്പരായിരുന്നു.

രണ്ടു കൊല്ലത്തിനകം തേക്കുതടികൾ കുടികൾക്കു വിട്ടുകൊടുക്കണമെന്നു കമ്മററിയിലെ ചില അനൌദ്യോഗസ്ഥമെമ്പറന്മാരും ആറു കൊല്ലത്തിനകം വിട്ടുകൊടുക്കണമെന്ന് കൺസർവേറററ് ഉൾപ്പെടെയുള്ള മററു മെമ്പറന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. ഇപ്പോൾ ആറു വൎഷം കഴിഞ്ഞിട്ടും കുടികൾക്കു വിട്ടുകൊടുത്തിട്ടില്ല. കമ്മററി റിപ്പോൎട്ടിൽ പറയുന്ന ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അഭിപ്രായമനുസരിച്ചെങ്കിലും ആ വൃക്ഷങ്ങളെ കുടികൾക്കു വിട്ടുകൊടുക്കാതിരിക്കുന്നതു വളരെ കഷ്ടമാണ്. മറെറാരു രാജ്യത്തും ഇല്ലാത്ത ഒരേൎപ്പാടാണിതു്. തേക്കുവൃക്ഷത്തിൽ മുളകോ മറേറാ ഉണ്ടെങ്കിൽ അതിനെ നശിപ്പിച്ചിട്ടാണ് മുറിച്ചു കൊണ്ടു പോകുന്നതു. തടികൾ മുറിച്ചുകൊണ്ടുപോകുമ്പോൾ കല്ലുകയ്യാലകളുടെ മീതെ വൃക്ഷങ്ങൾ മുറിച്ചിട്ടു നശിപ്പിച്ചും, തെങ്ങ് വാഴ മുതലായവ നഷ്ടപ്പെടുത്തിയും സാധുക്കളായ കൃഷിക്കാരെ വേദനപ്പെടുത്തിയാണു കൊണ്ടു പോകുന്നതു്. ഇവിടത്തെ ജനങ്ങൾക്കു ഭൂമിയിലുണ്ടാകുന്ന ധാന്യങ്ങളും വൃക്ഷങ്ങളും കൊണ്ടാണ് ഉപജീവിക്കേണ്ടതു്,

മററു തൊഴിലില്ല. നികുതി കൊടുക്കുന്ന ഭൂമികളിലുണ്ടാകുന്ന വൃക്ഷങ്ങളും അവർക്കു തന്നെ വിട്ടുകൊടുക്കേണ്ടതാണ്. കുടിപ്പുരയിടങ്ങളിൽ നില്ക്കുന്ന തേക്കു തടികളുടെ പൂർണ്ണാവകാശം അവർക്കു തന്നെ കൊടുക്കണം. റിസർവിൽ നിന്നും ഒരു വലിയ ഭാഗം ജനങ്ങൾക്കു കൃഷിചെയ്യുന്നതിനും കുടിപാർപ്പിനുമായി പതിച്ചു കൊടുക്കണം. ഈ വിധത്തിലുള്ള ഏർപ്പാടുകൾ ചെയ്തു ഈ ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിച്ചു ഭരിക്കുന്നതായാൽ ഡിപ്പാർട്ടുമെൻറിനും ജനങ്ങൾക്കും ഒരുപോലെ ഗുണകരമായിരിക്കുമെന്നു ബോധിപ്പിച്ചു കൊണ്ടു നിർത്തുന്നു.

Mr. G. Nararyana Aiyar : Sir, the activities of this Department are not at all encouraging. It is not enough if the Department goes on along the lines on which it has been going all these years. New sources of income have to be found out.

In page 30 of the report of the Department it is stated that *beedi* leaf plant flourishes in Meenachil, Manimala and other parts of Travancore. I also find from the report that the eucalyptus plant also flourishes well here. Sir, these are very productive plants and are capable of yielding very good income to the Department if only they would care to cultivate them properly and on an extensive scale. The report merely says that these plants are thriving well in some localities. We are anxious to know whether they could be profitably cultivated here and if so why the Department has not begun such cultivation. One would expect the report to give us more particulars about the matter.

It is also seen from the report that we are now exporting a large quantity of nuxvomica seeds. Sir, that plant also is found in abundance in our forests. But the department does not seem to care for it. If the system of raising teak plantations, *i. e.*, the *taungya* system, is followed in the case of nuxvomica also, I think it will be a new and good source of income for the Department. Sir, these are matters on which we expect the Department to bestow more attention than at present.

As regards minor produce, at present it is the contractors that take away all the profit. If the Department undertakes to do the work without giving it out on contracts, I am sure that will also be another source of substantial income for the Department,

I would invite the attention of the Conservator of Forests to these questions and request him to do all that is possible.

Mr. R. Dhanukoti Pillai : Sir, the four speakers who spoke on this demand have all been laying emphasis on the fact that the total area of our forests is about 2396 sq. miles, or,

[Mr. R. Dhanukoti Pillai.]

roughly, one-third of the the total area of this State, and that it was possible to throw open large extents out of these reserves for cultivation purposes. It has to be remembered, that, out of these 2,396 sq miles, only about 1,500 sq. miles really form what is called merchantable forest, the rest being maintained solely for climatic purposes. Our country is fully hilly and slopes abruptly towards the west. In a country like ours, it is highly necessary that such slopes are covered with forests so that the rains falling there may be retained and allowed to come down only slowly and gradually. Countries which did not take care to remember this aspect of the matter have paid their toll heavily. For instance, in China there was unrestricted felling of the forests and the whole Yangtsekiang valley was denuded some years ago. And what is the result now? Year after year they are having devastating floods inundating thousands of sq. miles and causing the death of several thousands of people.

Mr. Tariatu Kunjitomman: വൃക്ഷങ്ങൾ ഇല്ലാത്ത ഭൂമികളിൽ വൃക്ഷങ്ങൾ കുറെ അധികം വെച്ചുപിടിപ്പിച്ചു അവ അവിടെ നിന്നു വളൎന്നാൽ അതുകൊണ്ടു ഗുണം അധികം സാധിക്കുമോ ?

Mr. R. Dhanukoti Pillai : With regard to the question of rainfall. Sir, it is not in the forests that rains are made. Clouds are formed far off in the ocean. During the monsoon these clouds are wafted towards the land, where they strike against the hills and are deposited as rain. The forests on the hill-slopes act like a sponge and let down the water gradually. But for forests, our country too would be subject to annual floods as in China.

Mr. Kattakayam has been saying, that our recent drought was due to the presence of extensive forests in our State.

President : I do not think he said that ; so far as I was able to understand him, what he said was that, in spite of our extensive forests, we were having severe drought.

Mr. R. Dhanukoti Pillai. Sir, year before last, we too had heavy floods. At that time Mr. Kunjitommen argued that it was because we were retaining so much of our country under forests and that considerable extents of our forests should be disafforested so that our rainfall would not be so heavy. And now Mr. Kattakayam argues that in spite of our forests there is drought. Between these two arguments, I think it is the duty of the Government to decide what extent should actually be retained as forests in the interests of the State. In some European countries, they have as much as 62 per cent. of the total area reserved as forests. In Germany, about 27 per cent. of the area is under forests. In Travancore, my opinion is that at least on-third of the area should be retained as forests.

Mr. K. Madhavan Pillai: In their review on the report of the Department, Government say that in the Quilon Division the Divisional Forest Officer was devoting his attention entirely to the question of increasing the revenue of his Division. May I ask the Conservator whether the policy of the Department is solely to show increased receipts?

Mr. R. Dhanukoti Pillai: With regard to that point, I may explain, Sir, that the Divisional Forest Officers were asked to prepare working plans for such of the forests in their Division as per plans. In reviewing the work done by the various Divisional Forest Officers in that direction Government found that the Quilon Divisional Forest Officer had devoted his time almost entirely to the collection of revenue and did not make any headway in regard to the working plans. Hence the remark referred to by Dr. Madhavan Pillai Sir, it has never been the policy of the Department to care solely for the revenue. The policy of the Forest Departmet has been laid down definitely and clearly as long ago as during the administration of Dewan Gopalachari. The policy laid down was careful reservation and ordered and judicious disafforestation. In other words, it was the whole of the existing area of forests should be conserved as much as possible but, should never be increased; but, as the population increases and the demand for cultivable land becomes keen suitable portions of the reserve forests should be disafforested wherever and whenever necessary. That has been the consistent policy of the Department. We have never deviated from it.

Mr. K. Madhavan Pillai: Has income now become the primary consideration of the Department? That is my question.

Mr. R. Dhanukoti Pillai: No. All the same, the Department has to get on. We must get as much out of our forests as is consistent with the maintenance. That is why I said that we have about 1,500 acres of merchantable forests. That area is maintained for revenue purposes. The rest of the area is maintained solely for climatic considerations.

Mr. K. Madhavan Pillai: The remark made by the Government, which I have referred to, shows that one of the Divisional Forest Officers devoted all his attention to the revenue in his division. That means that he did not pay adequate attention to other aspects.

President: The Conservator has already explained that that particular officer had a lot of collection work to do, with the result that he had to neglect the other aspects of his work, which was regrettable, and that that was not at all the policy of the Department.

Mr. K. Madhavan Pillai: That is what I want to elicit.

President: I think he said that.

Mr. P. Padmanabhan Tampi: On page 30 of the report of the Department for 1109, it is stated that, in Ettumanoor, Minachil, Manimala and some other places the *beedi* leaf plant was growing well. Is it a fact ?

Mr. R. Dhanukoti Pillai: *Beedi* leaf has all along been imported in large quantities into Travancore. The Department tried to see whether the plant would thrive well in Travancore. As a result of our experiment we find that, although the plant thrives well here, it grows only very tall without any branches and with very few leaves. What we really want in the case of these *beedi* plants is that they should give out ,a number of branches thick with leaves. From the plants that we have grown, even after five and six years, we have not been able to gather even one bundle of leaves. It is the leaf that is most important here. That was why I said that th) experiment has not been much of a success. Still we are going on with the experiment just to see whether the plant will give out branches and more leaves.

Mr. A. N. Visvanatha Pillai: ഹൈദരബാദ് മുതലായ രാജ്യങ്ങളിൽനിന്നും എപ്പോഴാണ് വിത്തുകൾ വരുത്തി പാകിയതു്?

Mr. R. Dhanukoti Pillai: ആറു കൊല്ലം വരും.

Mr. Kattakayam has been saying, Sir, that, in Mysore, they were making a considerable income out of the manufacture of sandal wood oil out of their sandal wood.

Mr: Tariatu Kunjitomman: ജർമ്മനിയിൽ റിസർവ്വു ഉണ്ടെന്നു പറഞ്ഞതു് ഒന്നായി കിടക്കുകയാണോ അതല്ല ഇടയ്ക്കിടക്കു സ്ഥലങ്ങൾ പതിച്ചു കൊടുത്തിട്ടുണ്ടോ ?

Mr. R. Dhanukoti Pillai: I am coming to that.

With regard to sandal wood, Travancore is not quite suited for the growth of sandal wood. It will not thrive well in places with so much of rainfall. Our average rainfall is between 90 and 120 inches per annum. The only locality in Travancore suitable for sandal wood growth is Anjanad. But, there, the area available for sandal wood cultivation is so small that our annual output, which we get with great difficulty, is only about 400 maunds. Sir, this is too small a quantity for distillation of oil on a commercial scale. What is this as against the four thousand tons of sandal wood which they get every year in Mysore and in the neighbouring British Indian districts ? It is out of sheer ignorance that Mr. Kattakayam has been comparing Mysore as a model for this purpose.

Mr. Kattakayam also suggested that, as in Burma, our forests should be leased out. Conditions are entirely different in Burma. Comparatively, a great portion of Burma is more or less uninhabited. The only kind of timber that they can exploit with profit is teak. Considering the fact that it is a place of great distances where the timbers would take years to reach their destination the Government there found that the exploitation of timber there by them would not be profitable at all. They have therefore leased portions of their forests to responsible corporations. In Burma, after felling, it takes five or six years for the timber to reach the depots. For the first one or two years they are allowed to dry in the forests themselves; then they are floated down the river. That takes two or three, years. Conditions in Travancore are entirely different. Even here some years ago we tried the system of coupes which is also a kind of leasing of the forests. The amount of noise made by the people against that system then is still fresh in our memory. It took us nearly seven full years to wipe out the injurious effect of that system. For Travancore, with just 1,500 sq. miles of merchantable forests, leasing is not at all advisable.

Mr. Kattakayam also referred to the system of panchayats obtaining in some British Indian Districts. In British India the forests have been classified into several classes ; and it is the poor class forests, from which the department does not get any revenue, that have been handed over to panchayat management. There, the main idea is that the people in the neighbourhood of these poor forests may get the small timber for fuel and grazing for their cattle from these forests. Here, Sir, we have no village system. The few reserves we have in the low country are too small for any panchayat to work with any profit. And, in regard to grazing, free grazing of Travancore cattle is allowed in all our forests. The panchayats in British India are mainly attracted by the facility for grazing their cattle in these village forests.

President : You have exceeded your time.

Mr. M. N. Paramesvaran Pillai : Is the member in a position to enlighten the House about the work of the Game Warden ?

Mr. R. Dhanukoti Pillai : It is now only about a year and a half since a Game Warden was appointed in Travancore ; and it is now too early to think of any result of his work. In his own way, Sir, he has done some work. He first of all toured throughout the country and studied the condition of wild game in Travancore. He is formulating a scheme for the preservation of our wild

[Mr. R. Dhanukoti Pillai.]

game. Unfortunately, he was disturbed once or twice by being asked to attend on some distinguished visitors whose shooting he had to arrange for. He attended the Game Preservation meeting in Madras. He also went to Delhi in connection with the All-India Conference.

President: That information has already been furnished in answer to an interpellation. You have to finish. You have already exceeded your time.

Mr. R. Dhanukoti Pillai: That was in the other House, Sir.

President: Honourable members of this House know what is taking place in the other House; they read about it.

Mr. R. Dhanukoti Pillai: The Game Warden has also been publishing articles in the various newspapers in order to popularise the preservation of wild game. As I said, Sir, it is now too early to judge his work. This is a kind of work which has to be continued for several years before we can think of any appreciable result. We cannot think of his achievements the next day after he is appointed.

Mr. P. Padmanabhan Tampi: May I know the number of years for which the officer has to be tried in order that we may get some idea of the actual work that he has done?

Mr. R. Dhanukoti Pillai: According to me, it will take about five or six years provided we give the officer enough of money.

Mr. A. N. Viswanatha Pillai: അപ്പോഴേക്കും വേറെ ഏതെങ്കിലും റിട്ടയാർഡ് ആഫീസർ വരുമെന്നാണോ മെംബർപറയുന്നതു്?

Mr. R. Dhanukoti Pillai: Sir, Mr. Kattakayam also referred to the swamps in reserves which he wanted to be thrown open for cultivation. Sir, this is a question which has been urged upon the attention of Government for several years in the past. Government appointed about ten committees for about an equal number of taluks in the State to go into the whole question, to inspect the forests in the localities and to report whether any swampy area could be thrown open for cultivation. These committees spent considerable time to select suitable land. They recommended in the end that about 760 acres could be thrown open for cultivation. But before these committees submitted their reports, Government themselves disafforested over 800 acres. Altogether, about 2,940 acres

have so far been disafforested and transferred to the Revenue Department. The question of the registration of these lands is now pending before the Government. Sir, this is not a matter which can be finished in a day. Survey and demarcation have to be completed before the lands are offered for registry. Those things will take time. I hope however the work will be completed shortly. There seems to be some sort of impression that there are still very extensive areas, fit for cultivation inside our forest reserves. Sir, as one who has known our forests for the last so many years I can assure the House that we have not got any more area to be disafforested and made available for cultivation. Here and there there may be bits of five acres and ten acres. The disafforestation and registration of such small bits will be neither advisable in the interests of the Department nor profitable to the people who get the lands registered in their favour. The Government are not unaware of the fact that the population of the State is increasing while the death-rate is decreasing. It is true that the Census Commissioner has stated in his report that the people of Travancore would have to go outside the State unless the Forest Department yields and makes more lands available for registry. It is as a *via media*, Sir, as I said a little while ago, that the Department has adopted judicious disafforestation as its policy. Disafforestation will be resorted to wherever necessary and whenever wanted. Recently we have disafforested about 3,000 acres at Mannankandom. That is available for registry. Government have in contemplation also the throwing open for registry of the lands on either side of the Neriamangalam-Pallivasal road. There are also about two or three thousand acres on either side of the Devicolam-Kumili road likely be thrown out. This is a very fertile area and is suitable for the cultivation of fruit trees like oranges and lemons. Tapioca also will come up nicely. There are also extensive lands fit for paddy cultivation. I understand the Agricultural Department has been asked to investigate the suitability of this area.

Mr. K. Madhavan Pillai: May I ask whether, in disafforesting these areas, the Department will take special care to see that springs, which now form the source of irrigation for several paddy fields, are not thrown open for registration or otherwise affected?

Mr. R. Dhanukoti Pillai: The Irrigation Committee have rightly stated in their report that such areas should not be disafforested. I can assure the House that such areas will never be disafforested.

Mr. Tariatu Kunjitomman: തട്ടക്കാട്ട റോഡിൽ കട്ടപ്പുഴക്കടുത്തു നാച്ചേരി, പെണവം തുടങ്ങിയുള്ള സ്ഥലങ്ങളടങ്ങിയ വെണ്ണൂർ കണ്ടത്തിലെ ആയിരം ഏക്കറോളം സ്ഥലം പതിച്ചു കൊടുക്കുന്നതിനു വിരോധമുണ്ടോ?

Mr. R. Dhanukoti Pillai That was one of the swamps which were not recommended for disafforestation by the majority of the Swampy Area Committee of which Mr. Kunjitommen himself was a member. Government naturally accepted the recommendation of the majority.

Mr. Tariatu Kunjitomman: ചതുപ്പു നിലം കമ്മററിയിലെ അനൌദ്യോഗസ്ഥമെമ്പർമാർ പ്രത്യേകം ഒരു റിപ്പോർട്ടാണല്ലോ സമർപ്പിച്ചിരുന്നതു്. അതിൽ ഈ വെണ്ണൂർകണ്ടം പതിച്ചു കൊടുക്കണമെന്നു അഭിപ്രായപ്പെട്ടിരുന്നില്ലയോ?

Mr. R. Dhanukoti Pillai: ഭൂരിപക്ഷം മെമ്പറന്മാരും അതു പതിച്ചു കൊടുക്കണ്ടാ എന്നാണു അഭിപ്രായപ്പെട്ടിരുന്നതു. ഗവണ്മെൻറു അതിനെ അംഗീകരിച്ചു.

Mr. Tariatu Kunjitomman; മെമ്പർ ആ സ്ഥലം കണ്ടിട്ടുണ്ടോ?

Mr. K. P. Nilakanta Pillai: May I know whether, as was suggested by the Census Commissioner, arrangements have been made to send a portion of the population of this country outside? (*Laughter.*)

Mr. R. Dhanukoti Pillai: Sir, Mr. Kattakayam also remarked that, for want of land here, people were going to Malabar and settling there. It is true, Sir, that, some years ago, when there was a boom for rubber, people who had money to waste and who were out for speculation, went and acquired lands in Nilambur and other places. I do not know whether such people still stay on there. They have all come back and have lost their money. Even one of our Division Officers purchased about 3,000 acres somewhere near Nilambur for about Rs. 1,000. He has to pay tax only after 12 years and that at four annas per acre. From this one can imagine what the nature of the land is. Certainly, they could not get land so cheap in Travancore. They had money enough to spend and they wanted to speculate. That was why they went out; and, as I said, that was when there was a boom in rubber.

President: I put it that Demand No. XI—Forest for Rs. 7,95,255 be passed. The demand was passed and the grant made.

DEMAND XII.—POLICE.

Mr. R. Pitchu Aiyangar Sir, I rise to move for a grant not exceeding Rs. 7,04,201, under Demand XII—Police.

Mr. J. John Kattakayam: സർ, ഇവിടത്തെ ഡിപ്പാട്ടുമെൻറ് മേധാവികളായി വിദേശത്തുനിന്നും ആരേയും ഇറക്കുമതിചെയ്യുരുതെന്ന് കുറെക്കാലമായി ജനങ്ങൾ മുറവിളി കൂട്ടിക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ ഇപ്രാവശ്യം ഒഴിവുവന്ന എഡ്യൂക്കേഷൻ, പോലീസ് എന്നീ രണ്ടു ഡിപ്പാട്ടുമെൻറിൻേറയും മേധാവികളായി സ്വദേശികളെത്തന്നെ നിയമിച്ചതിൽ ഗവൺമെൻറിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. പോലീസ് ഡിപ്പാട്ടുമെൻറിൽ ഒരു സ്വദേശിയെത്തന്നെ മേധാവിയായിവയ്ക്കണമെന്ന് കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലും പോലീസ് ഡിപ്പാട്ടുമെൻറിലേക്കുള്ള ധനാഭ്യർത്ഥനാവേളകളിലെ ബഡ്ജററു പ്രസംഗാവസരങ്ങളിലും ഞാൻ ശക്തിയായി ഗവൺമെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ടായിരുന്നു എന്നുള്ള സംഗതി ഈ അവസരത്തിൽ പ്രസ്താവയോഗ്യംതന്നെ. പോലീസ്ഡിപ്പാട്ടുമെൻറിലിരുന്നു നല്ല തഴക്കവും പഴക്കവും പേരും പെരുമയും പെററിട്ടുള്ള മി. പിച്ചുവയ്യങ്കാരെ ഇപ്പോൾ തൽക്കാലത്തേയ്ക്കാണെങ്കിലും ഇവിടത്തെ പോലീസ് കമ്മീഷണരായി നിയമിച്ചതിൽ സന്തോഷിക്കുന്നു. ഇപ്പോഴത്തെ പോലീസ് കമ്മീഷണരെപ്പററി പറയുകയാണെങ്കിൽ ബെൻസിലി. കണ്ണിംഗ്ഹാം, പിററ് മുതലായ സുപ്രസിദ്ധ പോലീസ് കമ്മീഷണരന്മാരുടെ തൃപ്തിക്കും സന്തോഷത്തിനും പാത്രീഭൂതനായിരുന്ന ഒരു ദേഹമാണദ്ദേഹം എന്നുള്ള സംഗതി ഇവിടെ മറക്കുവാനോ മറയ്ക്കുവാനോ നിവൃത്തിയില്ല.

The House adjourned for lunch at 1-2 P. M. and re-assembled at 2 P. M. with Mr. Kochikal P Balakrishnan Tampi, one of the panel of chairmen, in the Chair.

SWEARING IN.

The following members took the oath and then signed the rolls --

1. Dr. M. K. Gopala Pillai M. R. C. S, L. R. C. P., D. P. H., DB. P. H. (*Director of Public Health*)
2. Mr. K. George B. A. (*Land Revenue and Income Tax Commissioner*).

DEMANDS FOR GRANTS (*contd.*)

POLICE DEPARTMENT.

Mr. J. John Kattakayam: അഭിനവ പോലീസുകമ്മീഷണർ കുപ്രസിദ്ധബക്കിംഗ്ഹാം കൊലക്കേസുനടത്തിയതിൽ അന്നു സെഷ്യൻജഡ്ജിയായിരുന്ന മി. പി. രാമൻതമ്പി അദ്ദേഹത്തെപ്പററി വളരെ പ്രശംസനീയമായ അഭിപ്രായം പ്രസ്തുതജഡ്ജ്മെൻറിൽ രേഖപ്പെടുത്തി എന്നുള്ള സംഗതിയും ഇവിടെ പ്രസ്താവാർഹമാണ്. അതുകൂടാ

[Mr. J. John Kattakayam]

തെ കോട്ടയം ഗൌരിയമ്മക്കേസിൽ മിഷനറിമാരുടെ പ്രാബല്യം അശേഷം വകവെക്കാതെ സ്വാതന്ത്ര്യം സധൈര്യം ശരിയായി നിർവഹിച്ചതിനെ സംബന്ധിച്ച് അന്ന പോലീസുകമ്മീഷണരായിരുന്ന മി. കന്നിംഗ്ഹാമും ഇദ്ദേഹത്തെ സംബന്ധിച്ചു ഇലോം പ്രശംസനീയമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

പോലീസുകമ്മീഷണരുടെ പേഴ്സനൽഅസിസ്റ്റൻറ്, ട്രാഫിക്ക സൂപ്രണ്ടു ഇടങ്ങിയുള്ള വിവിധജോലികളിൽ ഇരുന്നിട്ടുള്ളതുകൊണ്ടു ഈ ഡിപ്പാർട്ടുമെൻറിനോടു നല്ലതഴക്കവും പഴക്കവുമുള്ള ഒരാളാണ് ഇപ്പോഴത്തെ കമ്മീഷണർ എന്നുള്ള പരമാർത്ഥം ആരും തലകുലുക്കി സമ്മതിക്കും.

മോട്ടാർട്രാഫിക്കിൽനിന്നും സാരമായ ഒരു തുക ഇപ്പോൾ ഗവൺമെൻറിനു കിട്ടിവരുന്നുണ്ട്. തിരുവിതാംകൂറിലെ ഒരു ന്യൂനപക്ഷമായ തോട്ടക്കാരുടെ പ്രതിനിധിയായി ഒരാളിനെ ഈ ജനപ്രതിനിധി സഭയിൽ വയ്ക്കാമെങ്കിൽ, ഇത്രവിപുലമായ മോട്ടോർ വ്യവസായികളിൽനിന്നും ഒരു പ്രതിനിധിയെ നമ്മുടെ നിയമസഭകളിൽ എന്തുകൊണ്ടു വയ്ക്കാൻപാടില്ലെന്നു ഗവൺമെൻറിനോട് ചോദിച്ചുകൊള്ളട്ടെ.

Chairman: പോലീസു വകുപ്പിനെപ്പററിവേണം സംസാരിക്കുവാൻ

Mr. J. John Kattakayam: പോലീസുവകുപ്പിൽ ട്രാഫിക്കവകുപ്പുകൂടി ഉൾപ്പെടുന്നതുകൊണ്ടാണ് ഞാൻ അതിനെപ്പററി പറഞ്ഞതു്. ഇപ്പോഴത്തെ റെഗുലേഷൻ അനുസരിച്ച് പോലീസുകാരുടെ ആനുകൂല്യമില്ലാതെ മോട്ടാർയൂണിയൻകാർക്കു അവരുടെ വാഹനങ്ങൾ റോഡിലിറക്കുവാൻപോലും നിവർത്തിയില്ലാതായിരിക്കുന്നതു്. കയ്ക്കൂലിക്കും അഴിമതിക്കും നൂതനപരിഷ്കാരത്തിൽ വിപുലമായ ഒരു സ്ഥാനത്തെ ഞാൻ നിരന്തരം ദർശിച്ചുകൊണ്ടാണിരിക്കുന്നതു്. അന്തസ്സും അഭിമാനവുമുള്ള ഉൽകൃഷ്ടകുടുംബാംഗങ്ങൾ പലരും യൂനിയനോടു ഭാഗഭാക്കാകുന്നുണ്ട്. പൊതുജനദാസന്മാരുടെ ദാസന്മാരായി ഈദൃശന്മാർ മോട്ടാർ വ്യവസായലോകത്തിൽ ഇടപെട്ടതിൽ തങ്ങളുടെ അഭിമാനത്തേയും ആഭിജാത്യത്തേയും അടിയറപ്പെടുത്തേണ്ടവരായി കാണപ്പെടുന്നതു അസ്മാദൃശന്മാരെ അതിയായി വേദനപ്പെടുത്തുന്നു. സാമ്പത്തികാധഃപതനം മററുള്ള ജനങ്ങളെപ്പോലെതന്നെ മോട്ടാറുടമസ്ഥന്മാരേയും ബാധിച്ചിട്ടുണ്ട്. അടുത്തകാലത്തു നടപ്പാക്കിയ നൂതനമായ ചില വ്യവസ്ഥകൾമൂലം അവർ വളരെ വിഷമിക്കുന്നുണ്ട്. അതായതു എല്ലാവണ്ടികളിലും

"വാടകവണ്ടി" എന്നു എഴുതിവയ്ക്കണമെന്നുള്ളതാണു് ഒന്നാമത്തെ വ്യവസ്ഥ. വാടകവണ്ടി എന്നു എഴുതിയില്ലെങ്കിലും അതു വാടകക്കുള്ളതാണെന്നു എല്ലാവർക്കുമറിയാം. പിന്നീടു രണ്ടാമതായിട്ടുള്ളതു് സീററുകളിൽ വരുത്തിയിട്ടുള്ള പരിഷ്കാരമാണു്. അതുകൊണ്ടു പലതരത്തിലുള്ള അസൌകര്യങ്ങൾ ഉണ്ടാകുന്നുണ്ടു്. സുഖക്കേടുകാർ വണ്ടിയിൽ കയറിയാൽ ചിലപ്പോൾ ചാഞ്ഞും ചരിഞ്ഞും ഇരിക്കേണ്ടിവരും. അതിനു് ഇപ്പോഴത്തെ പരിഷ്ക്കാരം ഒരു വലിയ അസൌകര്യമാണു്. എന്നെക്കാൾ സ്ഥൂലഗാത്രന്മാരെ കയററുകയാണെങ്കിൽ അങ്ങനെയുള്ളവർക്കു ഇരിക്കുവാൻ നിവൃത്തിയില്ല. ഗർഭിണികളായവരെ ബസ്സിൽ കയററിക്കൊണ്ടുപോകുന്നതിനും ഇപ്പോഴത്തെ പരിഷ്ക്കാരം അസൌകര്യത്തെ ഉണ്ടാക്കുന്നു. കൂടാതെ വണ്ടിക്കു വല്ല ഷോക്കും തട്ടിയാൽ യാത്രക്കാർക്കു അംഗഭംഗം നേരിടുന്നതിനും ഇതു കാരണമായേക്കും. സുഖക്കേടുകാർക്കു സീററുതിരിക്കാതിരുന്നാൽ സീററിൽകിടന്നു യഥേഷ്ടംയാത്ര ചെയ്യാം. രാത്രികാലങ്ങളിൽ സാധാരണമായി സാധുയാത്രക്കാർ ബസ്സിൽ കിടക്കാറുണ്ടു്. എന്നിനു, ഇതുമാതിരി സാധുജനോപകാരപ്രദങ്ങളായ പല സംഗതികളേയും ഈ നൂതനപരിഷ്ക്കാരം ബലികഴിക്കുന്നുണ്ടു്.

Mr. A. N. Visvanatha Pillai: ഓരോ സീററുകളും പ്രത്യേകം തിരിക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

Mr. J. John Kattakayam: അതൊരിക്കലും പാടില്ല. മറെറാരിടത്തും കാണാത്ത ഒരേർപ്പാടാണിതു്. അതുകൊണ്ടു സീററു് പഴയരീതിയിൽതന്നെ വേണം. ഏഴുവയസ്സിനു താഴെയുള്ള കുട്ടികൾക്കു ഇപ്പോൾ ചാർജ്ജുവാങ്ങിക്കാറില്ല. എന്നാൽ ഈ സീററുകളുടെ വ്യവസ്ഥകൊണ്ടു് കുട്ടികൾക്കും ചാർജ്ജുവാങ്ങിക്കുന്നതിനു് ബസ്സുകാർ നിർബന്ധിതരായിത്തീരുന്നു. ഒരു മാതാവിന്റെകൂടെ രണ്ടും മൂന്നും കുട്ടികൾകൂടിക്കാണും. ഏഴുവയസ്സിനുതാഴെ പ്രായംവരുന്ന രണ്ടും മൂന്നും കുട്ടികൾക്കുള്ള ചാർജ്ജു വാങ്ങാറില്ല. ഏഴുമുതൽ പത്തുവയസുവരെയുള്ളവർക്കു പകുതിചാർജ്ജു മാത്രമേ ഉണ്ടായിരുന്നുള്ളു. നൂതനവ്യവസ്ഥകൊണ്ടു് ഇനിമേലൊക്കെ മുഴുവൻ ചാർജ്ജും ഈടാക്കിത്തുടങ്ങും. ഇങ്ങനെ പല അസൌകര്യങ്ങളും കൂടുതൽ ധനനഷ്ടവും ഈ അഭിനവ സീററു പരിഷ്കാരത്തിൽനിന്നുണ്ടാകുന്നുണ്ടു്. ഓവർലോഡു കണ്ടുപിടിക്കുന്നതിനും മററുമാണല്ലോ ട്രാഫിക്ക് വകുപ്പിൽ അനേകം ഉദ്യോഗസ്ഥന്മാരെ അവരോധിച്ചിട്ടുള്ളതു്. ഇവർക്കുള്ള ജോലിയെ ലഘൂകരിക്കുന്നതിനു ഇത്ര ശ്രദ്ധയുള്ള വ്യവസ്ഥകൾ ചെയ്തിട്ടുള്ളതാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു

[Mr. John Kattakayam.]

മലനാടുകളിൽ മോട്ടോർവണ്ടികളുടെ ടെസ്റ്റിംഗ് മൂന്നുമാസത്തിലൊരിക്കലും മററുസ്ഥലങ്ങളിൽ ആറുമാസത്തിലൊരിക്കലുമാണ് വച്ചിരിക്കുന്നതു്. ഇതിന്റെ രഹസ്യം എന്താണെന്നു മനസ്സിലാകുന്നില്ല. മോട്ടോർ ഗതാഗതം യൂണിയൻ ഏർപ്പെട്ടു നടപ്പിൽവന്നതിനുശേഷമാണ് ശരിയായിട്ടു നടക്കുന്നതെന്നുള്ള സംഗതി സകലരും സമ്മതിക്കും. പല യൂനിയനോടും ഞാൻ പരിശോധിച്ചുനോക്കിയതിൽ ചില വണ്ടികൾ പ്രതിമാസം രണ്ടും മൂന്നും പ്രാവശ്യംമാത്രം ഓടുന്നതായിട്ടാണ് എന്റെ അറിവു്.

Mr. K. P. Padmanabha Menon: That is quite immaterial. We are not proposing at present to bring power to Trivandrum from Pallivassal. Idiki is nearer to Trivandrum, it is true. But that cannot be a reason for preferring it to Pallivassal.

Mr. J. John Kattakayam: മെമ്പർ ഇടുക്കി സന്ദർശിച്ചിട്ടുണ്ടോ?

Mr. K. P. Padmanabha Menon: Sir, the fact that I have not been tehre does not make my arguments weaker. But I know that at least 3 or 4 lakhs of rupees will have to be spent for opening up a communication to that place.

Mr. J. John Kattakayam: ആരിൽനിന്നാണു് മെമ്പർക്കു ഈ അറിവുകളെല്ലാം ലഭിച്ചിട്ടുള്ളതു്?

Mr. K. P. Padmanabha Menon: That is quite immaterial. I have made my own investigations.

Mr. J. John Kattakayam: സർ, പായിൻറ് ആഫ് ആർഡർ. എൻെറ ചോദ്യത്തിനു അദ്ദേഹം എന്തു മറുപടി പറഞ്ഞു എന്നു മനസ്സിലായില്ല.

Mr. K. P. Padmanabha Menon: Sir, I need not answer all the questions.

Mr J. John Kattakayam: ആരിൽ നിന്നാണു് ഇടുക്കിയെപ്പററിയുള്ള വിവരം അദ്ദേഹം ഗ്രഹിച്ചതു്?

Chairman: അതു പറയേണ്ട ആവശ്യമില്ലെന്നാണ് അദ്ദേഹം പറഞ്ഞതു്.

Mr. K. P. Padmanabha Menon: The place is called 'Idiki' because, I should imagine, that two mountains on either side of the river converge at that particular place and form a gorge. We can generate perhaps more power than is possible from Pallivassal, But the question is whether it will be possible to find a market for it in the near future.

Mr J John Kattakayam: പള്ളിവാസലിൽ കിട്ടുന്നതിനെക്കാറം കൂടുതൽ പവ്വർ ഇടുക്കിയിൽ നിന്നുമുണ്ടാക്കാമെന്നു മെമ്പർക്കറിയാമോ?

Chairman: മലയാളത്തിൽ മറുപടി പറയണം.

Mr. K. P. Padmanabha Menon: പള്ളിവാസലിനെക്കാറം എത്രയോ കൂടുതൽ പവ്വർ ഇടുക്കിയിൽ ഉണ്ടാക്കാമെന്നിരുന്നാലും പള്ളിവാസലിലെ ചി വിൽനിന്നും കുറഞ്ഞ ചിലവിൽ ഇടുക്കിയിൽനിന്നും പവ്വർ ഉണ്ടാക്കാൻ സാധിക്കുകയില്ല.

[Mr. K. P. Padmanabha Menon.]

So that one has to consider all these general aspects. Why a detailed investigation was not taken up was because there was no pressing need for it. Moreover we have to consider the amount of capital expenditure involved in this proposel. To reap the full benefit of a hydro-electric Scheme it may take several years. Mysore took 32 years for their hydro-electric scheme to give them a market for their full development. I think that Pallivasal can generate up to a maximum of 40,000 horse power and this is all that may be required for the next 30 years. The main advantage of Pallivasal is its flexibility, in other words, the feasibility of developing the full resources in gradual stages, so that the return for the capital expenditure would be steady from the commencement. It may be interesting to the House to know that it is anticipated that the capital expenditure at Pallivasal will not exceed Rs. 700 per horse power, perhaps the lowest in India. I do not believe that Idiki could generate power with a cheaper capital cost unless all the power that is available is developed and is sold. There is again another difficulty. The proposal now brought forward by my honourable friend would involve the work of diverting one river to another, that is diverting the Periyar to the Muvattupuzha river. That may lead to serious complications affecting the agricultural interests. So the question of generating power from Idiki is not so simple as is made out to be.

Now, with regard to accidents, I don't know the source of Mr. Kattakayam's information.

Chairman: You need not answer that part of the question.

Mr. K. P. Padmanabha Menon: The next point raised is with regard to the collapse of the building at Pallom. Much has been made of this by Mr. Kattakayam. But I may mention for the information of the House that the total amount of damage is only somewhere about Rs. 200 and as far as I know this has to be made good by the contractor.

Then with regard to the question of extending the power from Trivandrum to Neyyattinkara I may inform the honourable member that no requisition has been received up till now for taking up this work although there had been some informal talks on it. If a requisition comes from the Municipality, I will certainly take up the question. Complaints were raised by two honourable members that the rates in Trivandrum were high. I may state for the information of the House that out of the 70 and odd power supply concerns in India, there are only 6 places which supply power at a cheaper rate than Trivandrum. It is impossible at the

present time to reduce the rate from 6 annas to 4 annas. The present state of finances of the supply concern will not allow such a drastic reduction. Regarding the rates for Municipal lighting, the matter is now being considered by Government. I have been asked to go into this question and suggest ways and means to reduce the rates and to light up more roads. The question is engaging the serious attention of the Department and the Government.

The comparison made by Mr. M. N. Paramesvaran Pillai of the Trivandrum Electric Supply and the Trichinopoly Electric Supply will not be correct if certain factors are also considered. In Trichinopoly, the Municipality had to meet the capital cost of the street lighting installation charges, in Trivandrum this expenditure is a charge on the Trivandrum Electric Supply.

Mr. N. Ramakrishna Pillai May I know whether the increase in the number of consumers will not compensate the loss on account of the reduction of the rate ?

Mr. K. P. Padmanabha Menon : That has not been my experience. In spite of the present rate I have been able to maintain an increase in the number of consumers at the rate of 30 per mensem. And we have not by any means reached a static stage in the matter of the number of consumers. Current is supplied to all classes of consumers at a uniform rate of 6 annas.

Mr. Kesavan Nampuiripad (*Jenmies*) : May I know the rate at which the Railway Station is supplied with current ?

Mr. K. P. Padmanabha Menon : The railway is not classed as an ordinary consumer. They are getting the current at 4 annas a unit.

Mr. John Kattakayam : ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

Chairman : I put it that demand No. XIII—Electricity and Telephone for Rs. 41,97,431 be passed. The demand was passed and the grant was made.

DEMAND XIV—TAXES ON INCOME.

Mr. K. George : Sir, I move for a grant of Rs. 22,921 under Demand XIV—Taxes on Income.

Mr. J. John Kattakayam : സർ, ഞാൻ ഈ മോഷൻ ഇവിടെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ക്രമാനുഗതമായി ആദായനികുതി കുറഞ്ഞുവരുന്നു എന്നുള്ളതിനെ ചൂണ്ടിക്കാണിക്കുവാനാണ്. ഈ കുറവിനു കാരണം സാമ്പത്തികാധഃപതനമാണെന്ന് റവന്യൂകമ്മീഷണർ പറയുന്നുണ്ട്. ഞാൻ അതു വിശ്വസിക്കുന്നില്ല. ഇന്നു ശരിയായ ഒരു നികുതി ഗവൺമെന്റിനു പിരിക്കുവാനുണ്ടെങ്കിൽ അതു ആദായനികുതി ഒന്നുമാത്രമാണ്. ആദായമുള്ളവരിൽനിന്നുമാണല്ലോ അതു ന്യായമായി ഈടാക്കേണ്ടതു്. അതിനാൽ നിർദ്ദാക്ഷിണ്യമായിത്തന്നെ അതു ഈടാക്കി എടുക്കണം.

ആദായനികുതി കൊടുക്കാതിരിക്കാൻവേണ്ടി പണക്കാർ വസ്തുക്കൾ നടപ്പുപണയമെഴുതിവാങ്ങി ആ വസ്തുവിനെ അപ്പോൾതന്നെ നടപ്പുപണയമെഴുതിക്കൊടുത്തയാളിനെക്കൊണ്ടു പാട്ടച്ചീട്ട് എഴുതിവാങ്ങിക്കുന്നു. പണക്കാരായ ആളുകൾ പലരും ഇങ്ങനെചെയ്തു ആദായനികുതി കൊടുക്കാതെ പിൻമാറിനിൽക്കുന്നതായി എനിക്കറിയാം. അങ്ങിനെയുള്ളവരെ കണ്ടുപിടിക്കാൻ ആദായനികുതി കമ്മീഷണർക്കും കമ്മീഷണരുടെ സ്റ്റാഫിനും കഴിഞ്ഞിട്ടില്ല എന്നാണ് ഞാൻ പറയുന്നതു്.

ഇതിനു കമ്മീഷണർ പറയുന്ന സമാധാനം വിശ്വാസയോഗ്യമല്ല. വാസ്തവത്തിൽ ഇങ്ങനെയുള്ള നിരവധികേസുകൾ എനിക്കു സുപരിചിതങ്ങളായതുകൊണ്ടാണ് ഞാൻ ഈ സംഗതിയെ സംബന്ധിച്ചു ഇത്രയും പ്രസ്താവിക്കാനിടയായതു്. ആദായനികുതി എന്നുമുതൽ ആരംഭിച്ചോ അന്നുമുതൽ ഈ പ്രസ്ഥാനവും കുശാഗ്രബുദ്ധികളായ പണക്കാർ ആരംഭിച്ചിട്ടുണ്ടു്. ഇതുകൂടാതേയും വിവിധവിധത്തിലും ഗവൺമെന്റിനു ന്യായമായികിട്ടേണ്ട ആദായനികുതി ചോർന്നുപോകുന്നുണ്ടു്. ആദായനികുതി ചുമത്തുന്നതിനുള്ള പ്രാരംഭനോട്ടീസ് ഒരാൾക്കു ചെന്നുകഴിഞ്ഞാൽ അയാൾ കീഴുദ്യോഗസ്ഥന്മാരെ സമീപിച്ചു ന്യായരഹിതമായി കൈക്കൂലികൊടുത്തും മററും താദൃശന്മാരെ തൃപ്തിപ്പെടുത്തുകയാണ് ധനാഢ്യന്മാരായ ആളുകൾ ചെയ്തുവരുന്നതു്. താണതരക്കാറായ ആളുകളോ കണക്കുസൂക്ഷിക്കുന്ന ആളുകളോ ആരുതന്നെ ആയാലും ഈദൃശമിരട്ടുകൊണ്ടും മററും നമുക്കു ന്യായമായികിട്ടേണ്ട ആദായനികുതി വസൂലാകാതെ പോവുക സർവ്വസാധാരണമാണ്. എന്റെ സ്നേഹിതൻ മി. പത്മനാഭൻ തമ്പി, ഭീമമായ ആദായം എടുത്തുവരുന്ന പയോനിയർ മോട്ടാർകമ്പനിയിൽനിന്നും ആദായനികുതി ഈടാക്കാൻ ഗവൺമെന്റിനു ഇതുവരെ കഴിഞ്ഞിട്ടില്ലെന്നു ഇക്കഴിഞ്ഞകൊല്ലം ഇവിടെ പ്രസ്താവിച്ച സംഗതിപ്ര

ത്ര്യകം പ്രസ്താവയോഗ്യമായിട്ടാണിരിക്കുന്നതു്. ഇത്തരത്തിലാണു് ഇപ്പോഴത്തെ ആദായനികുതി ഈടാക്കുന്നതെന്നു സ്വല്പം ആലോചിച്ചാൽ നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കും.

മുനിസിപ്പാലിററിയിൽനിന്നും ൪൦ രൂപാ ആദായമുള്ളവരുടെ പക്കൽനിന്നും ആദായനികുതി ഈടാക്കിവരുന്നുണ്ടു്. അതിനാൽ ആദായനികുതി ചുമത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള തോതു ഒന്നു വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. അതായതു ൨൦൦൦ രൂപാ എന്നുള്ളതു കുറച്ചു ൭൦൦ രൂപാക്കുമേൽ ആദായമുള്ളവരുടെപക്കൽനിന്നും ആദായനികുതി ഈടാക്കണം. അങ്ങിനെചെയ്യുന്നതു ഗവൺമെൻറിൻെറ ആദായക്കുറവു പരിഹരിക്കാൻ പര്യാപ്തമായിട്ടുള്ളതാകുന്നു.

ഇനിയും എനിക്കനേകം സംഗതികൾ പറയുവാനുണ്ടു്. എൻെറ ചില സ്നേഹിതന്മാർ എല്ലാ ഡിപ്പാർട്ടുമെൻറുകളേയുംപററി ഞാൻതന്നെ ഡിസ്കസ് ചെയ്യുന്നതുകൊണ്ടു വിഷമമുള്ളതായി പറയുന്നു. അതുകൊണ്ടുംമററും ഞാൻ തൽക്കാലം ഇതിലധികം ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

Mr. Tariatu Kunjitomman: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ൪,൩൯,൦൦൦ രൂപയാണു് ആദായനികുതി ഇനത്തിൽനിന്നും ഗവൺമെൻറിനു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നതു്. എന്നാൽ വളരെ കഷ്ടതയിൽ കഴിഞ്ഞുകൂടുന്ന കക്ഷിക്കാരിൽനിന്നും ൯൭ ലക്ഷംരൂപാ ഭൂനികുതിയായും, ൧൩ ലക്ഷംരൂപാ ഉല്പന്നങ്ങളുടെ കയററുമതി തീരുവയായും ഇങ്ങനെ ൭൨ ലക്ഷം രൂപയാണു് ഗവൺമെൻറു് ഈടാക്കാമെന്നു പ്രതീക്ഷിച്ചുകാണുന്നതു്. ൨൭ കോടിയോളം രൂപാക്കു് കടപ്പെട്ടിരിക്കുന്ന കൃഷിക്കാരിൽ ൭൨ ലക്ഷംരൂപാ നികുതിചുമത്തിവരുമ്പോൾ ഐശ്വര്യമുണ്ടെന്നു വിചാരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും കച്ചവടക്കാരിൽനിന്നും പണവ്യാപാരികളിൽനിന്നും ഗവൺമെൻറു ഈടാക്കാനുദ്ദേശിക്കുന്നതു് ൪,൩൯,൦൦൦ രൂപാമാത്രമാണെന്നു കാണുന്നതു എത്ര തുച്ഛമായിരിക്കുന്നു.

ഈ രാജ്യത്തെ മുതലെടുപ്പിൽ ഭൂരിഭാഗവും കർഷകരിൽ നിന്നമാണു് ഈടാക്കുന്നതു്. എന്നാൽ പണം ചിലവാക്കുന്നതു് നാട്ടിൻപുറങ്ങളെ ഒഴിച്ചു് പട്ടണങ്ങളെ ലാക്കാക്കിയാണു്. ജനസാമാന്യത്തിൽനിന്നും കിട്ടുന്ന രണ്ടേമുക്കാൽകോടി രൂപായിൽ ശമ്പളം ഒഴിച്ചുള്ള ബാക്കിയിൽ വലിയപങ്കു വിദ്യാഭ്യാസം, വൈദ്യം, ഗതാഗതസൗകര്യം, എന്നീ വിഷയങ്ങൾക്കായി ചിലവാക്കിവരുന്നു. ഈ തുക പ്രധാനമായി പട്ടണങ്ങ

[Mr. Tariatu Kunjitomman.]

ളെ ഉദ്ദേശിച്ചാണ് ചിലവാക്കുന്നതു്. ഇപ്പോഴത്തെ ബഡ്ജററ് പ്രത്യേകിച്ചും അങ്ങിനെ തന്നെയാണ്. പട്ടണങ്ങളിൽ ൧൦-ശതമാനം ജനങ്ങളെ വസിക്കുന്നുള്ളൂ. ഒററഏക്കർ സ്ഥലം മാത്രമുള്ളവനും നികുതി കൊടുക്കണം. പുരയിടങ്ങളിൽ നട്ടുണ്ടാക്കുന്ന ചുക്കു, മുളക്, മുതലായ സാധനങ്ങൾക്ക് പ്രത്യേകം കയററുമതിതീരുവയും കൃഷിക്കാർ കൊടുക്കണം. പട്ടണങ്ങളിൽ താമസിക്കുന്ന രണ്ടായിരം രൂപാക്കു താഴെ ആദായമുള്ളവർ ആദായനികുതിയിനത്തിൽ ഒന്നും കൊടുക്കേണ്ട എന്ന് നിശ്ചയിച്ചിരിക്കുന്നു. റോഡും ആസ്പത്രിയും ഇലക്ട്രിക് ലൈററും വാട്ടർസപ്ളെയും മററും പട്ടണങ്ങളിൽ ഗവന്മെൻറു കടപ്പെട്ടുള്ളതാക്കുന്നു. നാട്ടിൻപുറങ്ങളിലുള്ളവർ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ൨൫-കോടിരൂപായുടെ ഋണഭാരംകൊണ്ടു് ഞെരുങ്ങിയിരിക്കുന്ന കർഷകനിൽനിന്നും ൫൧-ലക്ഷം രൂപാക്കുടെ പിരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു്. അൻപത്തീരായിരം ഏക്കർ ഭൂമി കർഷകരല്ലാത്ത ആളുകളുടെ കയ്യിൽ ആധാരംവഴി ൧൧൦൮-ൽപോയിട്ടുണ്ടെന്ന് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ വാർഷികറിപ്പോർട്ടിൽ പറയുന്നു. ൧൧൦൯-ൽ ൨൯൦൦൦-ഏക്കർ ഭൂമിയും ൧൧൦൭-ൽ ൧൯൦൦൦ ഏക്കർ ഭൂമിയും കർഷകരല്ലാത്തവരുടെ കയ്യിൽ പോയിട്ടുണ്ട്, കർഷകർ കഷ്ടപ്പെടുന്നതനുസരിച്ച കൂടുതൽ നികുതിയും ബഡ്ജററിൽ പ്രതീക്ഷിക്കുന്നു. ഈ രാജ്യത്തെ ഭരണത്തിന് വേണ്ടപണം ഇവിടത്തെ പ്രജാസഞ്ചയത്തിൽ നിന്നും തന്നെ സമ്പാദിക്കണം. അപരിഷ്കൃതമോ പരിഷ്കൃതമോ ആയാലും ഒരു ഗവന്മെൻറിനു ജനസാമാന്യത്തിൻെറ ജീവിതസൗകര്യത്തിന് ചിലവുചെയ്യാൻ വേണ്ട പണം അവിടത്തെ ജനസഞ്ചയത്തിൽ നിന്ന് നികുതി രൂപേണ സമ്പാദിച്ചേകഴിയൂ. പക്ഷെ ആദായമുള്ളവരിൽനിന്നും ആദായത്തിൻെറ തോതിനേക്കൂടി പരിഗണിച്ച് നികുതി ഈടാക്കണമെന്നു നിശ്ചയിക്കണം. മനുസ്മൃതിയിൽ പറയുന്നതു് ആദായത്തിൻെറ ആറിലൊന്ന് ഭൂനികുതികൊടുക്കണമെന്നാണ്, ഇപ്പോൾ ഭൂമിയിൽ നിന്നുമുള്ള ആദായം തുച്ഛംതന്നെ. ആദായനികുതി ഇപ്പോഴത്തേതിൽ നിന്നും കൂട്ടണം. അഞ്ഞൂറുരൂപാ മുതൽ ആദായനികുതി തുടങ്ങണം.

Mr. P. Padmanabhan Tampi: അഞ്ഞൂറു രൂപാമുതൽ രണ്ടായിരം രൂപാവരെ വരുമാനമുള്ളവക്ക് ആദായനികുതി ചുമത്തിയാൽ എത്ര രൂപാ ലാഭംകിട്ടും?

Mr. Tariatu Kunjitomman: ആ തുകകൾക്ക് മാത്രമല്ല, ആദായനികുതി ചുമത്തേണ്ടതു്. അതിൻമേലുള്ള തുകയ്ക്കും നികുതി ചുമത്തണം. അങ്ങിനെ ചെയ്താൽ പത്തോ ഇരുപതോ ലക്ഷം രൂപാ

പിരിക്കാമെന്നാണ് തോന്നുന്നത്. അഞ്ഞൂറുരൂപാമുതൽ രണ്ടായിരം രൂപാവരെ മൂന്നു രൂപായും രണ്ടായിരംമുതൽ അയ്യായിരംവരെ അഞ്ചുരൂപായും അയ്യായിരംമുതൽ പതിനായിരംവരെ നൂറുക്കു ഏഴുരൂപാക്രമത്തിനു ആദായനികുതി ചുമത്തണം.

Mr. P. Padmanabhan Tampi: ആദായനികുതി കൂട്ടിയാൽ വക്കീൽഫീസ് സ്റ്റാമ്പ് എന്നീ ഇനങ്ങളിൽ കൂടുതൽതുക കൊടുക്കേണ്ടതും കൃഷിക്കാർ തന്നെയല്ലേ?

Mr. Tariatu Kunjitomman: ന്യായമായി കിട്ടുവാനുള്ളിടത്തോളം ഒക്കെ വാങ്ങിക്കുന്നുണ്ട്. കിട്ടാത്തവയെ നിവൃത്തിയില്ലാത്തതുകൊണ്ട് ഉപേക്ഷിക്കുന്നു. അതുകൊണ്ട് ആദായനികുതി ചുമത്തിയാൽ ഇപ്പോഴത്തെക്കാൾ കുറെക്കൂടി കൃഷിക്കാർ കൊടുക്കണമെന്ന് വരുന്നതല്ല. ഇപ്പോൾ അങ്ങിനെ ആദായ നികുതി ചുമത്താത്തതുകൊണ്ട് ആ തുകയെല്ലാം കൃഷിക്കാർക്കു ആദായമാണെന്നു പറഞ്ഞാൽ അതു ശരിയായിരിക്കയില്ല. ആദായം ഉള്ള സ്ഥലത്തുനിന്നും നികുതി ഈടാക്കണം. തൊഴിലിന് എത്രത്തോളം അഭിവൃദ്ധിയുണ്ടോ അതനുസരിച്ച് ആദായവുംനികുതിയുമെന്നാണ് വരേണ്ടതു്.

Mr. M. Govindan: സകലചിലവും നീക്കി അഞ്ചുരൂപാക്കുമേൽ കാർഷികമായ ആദായമുള്ള കൃഷീവലനെക്കൂടി ആദായനികുതിക്കു വിധേയനാക്കുന്നതു മെമ്പർക്കു സമ്മതമാണോ?

Mr. Tariatu Kunjitomman: ഒന്നു-ലക്ഷം രൂപാ കൃഷിയിലെ ഉല്പന്നങ്ങൾക്കു കയററുമതിതീരുവയുള്ളതു നിർത്തിയാൽ അതിനു വിരോധം കാണുകയില്ല. രണ്ടുംകൂടിപാടില്ല. കയററുമതിതീരുവ മററെങ്ങുമില്ലാത്തതാണു്; ഭൂനികുതി ഭൂമിമേലുള്ള വിളവിനു തീരുവ, പിന്നെ ആദായനികുതിയും കൃഷിക്കാരിൽനിന്നു, പിന്നെ എന്താണ് വേണ്ടതു്? എല്ലാം അവർതന്നെയല്ലേ കൊടുക്കുന്നതു്? നാലരലക്ഷം മാത്രമാണ് ആദായനികുതി; തീരുവമാത്രം ഒന്നു-ലക്ഷം, എത്രവ്യത്യാസം.

Mr. A. N Visvanatha Pillai: ഇതിനും പുറമെ ഇൻഡ്യയറക്ററായിട്ടു കരം ചുമത്തുന്നില്ലേ?

Mr. Tariatu Kunjitomman: ഉല്പന്നങ്ങൾക്കു ഇൻഡയറക്ററായിട്ടാണ് നികുതിചുമത്തുന്നതു്. ഇങ്ങനെ രണ്ടു തരത്തിലുള്ള കരം ഒരുരാജ്യത്തും ഏർപ്പെടുത്തിയിട്ടില്ല. ചുക്ക്, മുളക്, പാക്ക്, നാളികേരം ഈ ഇനം വിളവുകൾക്കൊക്കെ ഭൂമിക്കും വിളവിനും കരംകൊടുക്കേണ്ടിയിരിക്കുന്നു. എത്രകഷ്ടം; ഭയങ്കരം.

Mr. K. George: Sir, Mr. John Kattakayam referred to one point about which he had asked a question in this House. He thinks that in the case of lease of lands, the parties doing so are escaping taxation. That is rightly so. There are clear decisions on the point. The Income Tax authorities are not concerned with the objects of transactions. When a property is taken on *otti* and leased back, the income from that property is agricultural income and therefore it is not possible to bring such cases under assessment.

Then Mr. Kattakayam spoke of some corruption among the lower subordinates in the Income Tax Department. I have not had any serious complaints on that score. There may be here and there some who take undue advantage of their position. But as a whole I can claim that, there may be no serious complaint against the Income Tax subordinates.

Both Messrs. Kattakayam and Kunjitomman referred to the necessity of raising more money from income tax. Certainly, Sir, it is a proposition which I approve generally, on principle. But their estimates of the amount that would be realised are far too high. In fact last year this question of reducing the assessable minimum from Rs. 2,000 to Rs. 1,000 came under consideration of the Government and statistics were taken. And it was found that although a larger number of people could be brought under assessment, the income that could be derived thereby was not commensurate with the trouble and, probably, the harassment to which the assessees would be put. And so, for the time-being, the matter was dropped. If the assessable minimum is reduced to Rs, 500 of course there may be some difference , . .

Mr. M. N. Paramesvaran Pillai: Are there not States in British India which have fixed Rs. 500 as the assessable minimum?

Mr. K George: No, there is none. Neither in British India, nor in Mysore.

Mr. Tariatu Kunjitomman: കൊച്ചിയിലും മററും കാർഷികോല്പന്നങ്ങൾക്ക കയററുമതിത്തീരുവയുണ്ടോ?

Mr. K. George: Even if you put it down as Rs. 500, I do not believe you can make any substantial income. On the contrary it will involve great deal of harassment on those producers of wealth who can least afford to be so harassed,

Mr. Tariatu Kunjitommman: അതുകൊണ്ട് അവിടെയുള്ളതു മാത്രമേ ഇവിടെയും പാടൊള്ളു എന്നുണ്ടോ?

Mr. K. George: പാടില്ലം എന്നു പറയുന്നില്ല.

Mr. Tariatu Kunjitomman: ഇരുപത്തഞ്ചുകോടി കടം ഉണ്ടെന്നു കാണുന്നു. ഈ പണം കൊടുത്തിട്ടുള്ള ആളുകളിൽ നിന്നും ആദായനികുതി വരാൻ ഇടയില്ലേ?

Mr. K. George: We assess income-tax and I am sure that at present not much income escapes. Although there is complaint that some people are over-assessed, there is no complaint that people are under-assessed.

Mr. M. N. Paramesvaran Pillai: May I know from the member whether it is not advantageous for the people to have the income tax under-assessed?

Mr. K. George: I do not know whether the House will agree to that proposition.

Mr. M. N. Paramesvaran Pillai: May I know whether Government have considered that?

Mr. K. George: Government have not considered that. There are certain ways and means of increasing the income tax. One would be the reduction of the assessable minimum as suggested by both the speakers. Another would be by increasing the rates. A third would be to levy a super tax as they do in British India. And added to all these, there should be necessary and careful scrutiny so that no income which is assessable actually escapes. These are the various ways in which we can improve our income tax revenue. But why has income tax revenue not developed in the way that the members expect that it should have? The reason is, Sir, in the same way as the agriculturists complain about economic depression, the depression has seriously affected trade also. The effect of the economic depression is reflected on trade as persons, who have some acquaintance with the trade of this country, know fully well when agriculture is affected adversely, trade also suffers. When the agriculturists' buying capacity is reduced, it follows that the trade will be affected. It is quite well known to all those who are acquainted with the trade conditions of this country. I concluded the last year's Administration Report in this way:

"The economic depression continued"

I suppose the House knows by income-tax, as that assessed on the income of the previous year. The Report says:—

> "Trade conditions remained unfavourable. The fall in trade prices of commodities, the tightness of the money market and the comparatively poor purchasing capacity of the people contributed to the depression in trade."

These conditions necessarily affect our return from income-tax So, it is not correct on the members' part to think that because

[Mr. K. George.]

agriculturists are paying a substantial revenue to Government traders are not contributing as they ought to do. The traders are contributing to the extent of their profits. It is sometimes thought that because a man has a big turnover he is assessable to income tax. I am led to refer to this point because Mr. Kattakayam referred in the course of his speech to a certain company. I may say that a big company having a big turnover does not mean that it has a big profit. On the other hand, it may be incurring a loss.

I think I have answered all the points raised by the speakers.

The motion was, by leave, withdrawn.

Chairman : I put it that . emand XIV—Taxes on Income, for Rs 22,921 be passed. The demand was passed and the grant was made.

DEMAND XV—MEDICAL.

Mr. James Simpson : I rise to ask for a grant of Rs. 9,07.087, under Demand XV—Medical.

Mr. J. John Kattakayan സർ, നമ്മുടെ രാജ്യത്തു മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ധാരാളം വിദഗ്ധന്മാരുണ്ടു്. ഇവരെയെല്ലാം തിരുവനന്തപുരത്തുതന്നെ ഗവൺമെൻറു താമസിപ്പിച്ചിരിക്കുന്നു. ഈ രാജ്യത്തിലെ ജനങ്ങളുടെ ആവശ്യത്തിനു പര്യാപ്തമായവിധത്തിൽ നമുക്കു വിദഗ്ധന്മാരില്ലെന്നു രാജ്യഭരണറിപ്പോർട്ടിൽ പ്രസ്താവിച്ചു കാണുന്നു. എങ്കിലുംഉള്ള വിദഗ്ധന്മാരെ എല്ലാവരേയും ഇവിടെത്തന്നെയിട്ടാൽ അവരെ കൊണ്ടു മററുള്ളവർക്കു എന്തുപ്രയോജനമാണുള്ളതു്? ഇവരെ ഓരോരുത്തരേയും രാജ്യത്തിൻെറ ഓരോ പ്രധാനഭാഗങ്ങളിൽ താമസിപ്പിച്ചാൽ ഉൾനാടുകളിൽ താമസിക്കുന്ന ചില രോഗികൾക്കെങ്കിലും അവരെകൊണ്ടു പ്രയോജനമുണ്ടാകും. എല്ലാവരെയും ഈ തിരുവനന്തപുരത്തു തന്നെ താമസിപ്പിച്ചതുകൊണ്ടു എന്തു പ്രയോജനമാണുള്ളതു്? ഇത്രയധികം വിദഗ്ധന്മാർ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടാണു് അധികം ആളുകളും മിഷൻആശുപത്രികളെയും മററും അഭയംപ്രാപിക്കുന്നതു്? തിരുവിതാംകൂറിനെ തെക്കും വടക്കുമെന്നു രണ്ടായിതിരിച്ചുനോക്കുമ്പോൾ ദക്ഷിണതിരുവിതാംകൂറിൽ ഉള്ളവർക്കു ഏററവും ഉത്തമമായ ആശാകേന്ദ്രം നെയ്യൂർ ആശുപത്രിയാണെന്നുള്ളതിനു തർക്കമില്ല. ഉത്തരതിരുവിതാംകൂറിലുള്ളവർ മിക്കപ്പോഴും എറണാകുളം ജനറൽ ആശുപത്രിയിലേക്കുംപോകും.

Mr. K. Madhavan Pillai : പിന്നെ ഈ വിദഗ്ധന്മാരെയൊക്കെ എന്തിനാണു വടക്കോട്ടുകൊണ്ടുപോകുന്നതെന്നു മെമ്പർ പറയുന്നതു്?

Mr. J. John Kattakayam : എങ്കിലും അവരെക്കൊണ്ടുള്ള പ്രയോജനം എന്താണെന്നും എത്രമാത്രമുണ്ടെന്നും ഞങ്ങളും അറിയേണ്ടതല്ലയോ? ഈ വിദഗ്ദ്ധന്മാരെക്കൊണ്ടു വല്ല പ്രയോജനവും ഉണ്ടായേക്കാം. എഫ്. ആർ. സി. എസ്. പാസായവരെക്കൊണ്ടു ചിലമരുന്നെടുത്തുകൊടുക്കാനെങ്കിലും കൊള്ളുകയില്ലെന്നു വരുമോ?

Mr K. Madhavan Piilai : എഫ്. ആർ. സി. എസ്. പാസായവർ ഇവിടെ എത്രപേരാണുള്ളതു? ഒരാൾമാത്രമല്ലയുള്ളു? അതോ, ധാരാളമുണ്ടോ?

Mr. J John Kattakayam : എഫ് ആർ സി. എസ്കാരൻ ഒരാൾ മാത്രമായിരിക്കാം. അതുപോലെ മററു വിദഗ്ദ്ധന്മാരും വേറെ പലരുംകാണും ആദ്യം ഇതിലേതെങ്കിലും ഒരാളെ അയക്കുക പിന്നീടു അതിനേക്കാൾ കൂടുതൽ വാസനയുള്ളവരെ അയച്ചുകൊടുക്കുക. ഏതായാലും എല്ലാവിദഗ്ദ്ധന്മാരെയും ഒരിടത്തുതന്നെ താമസിപ്പിച്ചതുകൊണ്ടു വിശേഷിച്ചൊരു ഗുണവും രാജ്യത്തിനുണ്ടാകുവാനില്ല. വിദഗ്ദ്ധന്മാരുടെ ഗുണം സാർവ്വത്രികമായി ലഭിക്കുന്നതിനു വേണ്ടിമാത്രമാണ് ഇങ്ങിനെ പറയുന്നതു്.

നമ്മുടെ ആസ്പത്രികൾ എല്ലാം വാസ്തവത്തിൽ ധർമ്മാസ്പത്രികളാണോ? എത്ര സാധുരോഗികളാണ് കാററും മഴയും വെയിലുംകൊണ്ടു ആസ്പത്രികളുടെ വരാന്തകളിലും മററും കഴിച്ചുകൂട്ടുന്നതു? അവരേ കൂടിതാമസിപ്പിക്കത്തക്ക വിധത്തിൽ ഷെഡ്ഡുകൾ പണിയിച്ചുകൊടുക്കുകയാണെങ്കിൽ വലിയ ഉപകാരമാകുമായിരുന്നേനേ. ജനറൽ ആസ്പത്രിയിൽ നൂറുപേർക്കു കിടക്കാനുള്ള കട്ടിലിൽ ൨൦൦ പേർ എങ്ങിനെ കിടക്കാനാണ്?

Mr. K. Madhavan Pillai: ഈ വിദഗ്ദ്ധന്മാരെല്ലാം അങ്ങോട്ടുവന്നാൽ ഈ ഗ്രഹപ്പിഴ അവിടെയുംഉണ്ടാകുകയില്ലേ?

Mr. J. John Kattakayam : അതും ഈ തരത്തിൽ പരിഹരിക്കാവുന്നതാണല്ലോ. അല്ലെങ്കിൽ മററുള്ളവർക്കുള്ള കഷ്ടപ്പാടിൽ ഒരോഹരി ഞങ്ങളും അനുഭവിച്ചു നോക്കട്ടെ, ഈ വിഷമതകളെല്ലാം ദൂരെ ചെയ്യണമെന്നാണ് എനിക്കു ശക്തിയായി ഗവൺമെൻറിനെ വീണ്ടും ഉൽബോധിപ്പിക്കുവാനുള്ളതു്.

ഹോമിയോപ്പതി ചികിൽസയെ പ്രോൽസാഹിപ്പിക്കണമെന്നു നിയമസമിതികളിൽ ഇതിനുമുൻപും പ്രതിവാദിച്ചിട്ടുണ്ട്. ഞാൻ തന്നെ ഇതിനെപ്പററി പ്രസ്താവിച്ചിരുന്നു. എന്നാൽ ഏതെങ്കിലും കാര്യസാദ്ധ്യത്തിനു പര്യാപ്തമായ ഒരു സൂത്രങ്ങൾ ഏതാവൽപര്യന്തം ഗവൺമെൻറിൽ

[Mr. J. John Kattakayam.]

നിന്നും പ്രവർത്തിക്കുകയോ ആലോചിക്കുകപോലുമോ ചെയ്തിട്ടുള്ളതായികാണുന്നില്ല.

ഇനി എനിക്കു ആശുപത്രികളിലെ ഇന്നത്തെ സ്ഥിതികളെപ്പററിയാണു പറവാനുള്ളതു. ഇവിടത്തെ ഡാക്ടർമാർക്കു പടിമുതലായകാര്യങ്ങൾക്കു എത്രപണം കൊടുത്താലും മതിവരുകയില്ല. വളരെ നിർദ്ദയമായ വിധത്തിലാണ് അവർരോഗികളോടു പെരുമാറുന്നതു്. ചിലഡാക്ടർമാർ ആശുപത്രികളിലുള്ള മരുന്നെല്ലാം തട്ടിയെടുത്തു വിററുവരുന്നതായും അറിയുന്നു. ഇപ്പോഴത്തെ ഡർബാർ ഫിസിഷ്യൻ വന്നതിനുശേഷം ചിലകണിശങ്ങളെല്ലാം സാമാന്യമായി ആശുപത്രികളിൽചെയ്തിട്ടുണ്ടെങ്കിലും ഡാക്ടർമാർക്കു രോഗികൾ കൊടുക്കേണ്ട പടിയെ സംബന്ധിച്ചുകൂടി ഒരു വ്യവസ്ഥചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ ഈ രാജ്യത്തു വൃഥാ ആശുപത്രികൾഉണ്ടു്. കാർത്തികപ്പള്ളി താലൂക്കിനെക്കാൾ ഏഴുമടങ്ങു വ്യാസമുള്ള തൊടുപുഴത്താലൂക്കിൽ ഇപ്പോഴും ഒരു ഡിസ്പെൻസറിമാത്രമേയുള്ളു. അതിനെ ആശുപത്രിയായി രൂപാന്തരപ്പെടുത്തേണ്ടതത്യാവശ്യമാണ്. അറക്കുളത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്നു ഇതിനുമുൻപും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടു ഡർബർഫിസിഷ്യൻ അവിടെ ഒന്നുവന്ന് ഇക്കാര്യത്തെപ്പററി അന്വേഷണം നടത്തിഅവിടെ ഒരു ഡിസ്പെൻസറിഅചിരേണ സ്ഥാപിച്ചുതരേണ്ടതു് ഏററവും അത്യാവശ്യമായഒരു കാര്യമാണ്. നമ്മുടെ ഡാക്ടർമാർപലപ്പോഴും നിരുത്തരവാദമായിപെരുമാറുന്നു. ഇവിടെ ഡാക്ടർമാർ സർട്ടിഫിക്കററു കൊടുക്കുന്നുണ്ടു്. അതു ആശംശരിയായിട്ടല്ലാ കൊടുക്കുന്നതു് ആളുനോക്കിയും മുഖംനോക്കിയും മററും സർട്ടിഫിക്കററുകൊടുക്കുന്ന ഡാക്ടർമാർ ഇവിടെ അനവധിയുണ്ടു്.

Mr. K. George: എന്തിനുള്ള സർട്ടിഫിക്കററാണ് ഇവർ കൊടുക്കുന്നതു്?

Mr. J. John Kattakayam: ഇപ്പോൾ ക്ഷാമമാകുന്നു അനേകം പേരേ വാറണ്ടിൽ പിടിക്കും, ഉടനെസുഖമില്ലെന്നും പറഞ്ഞു് ഏതെങ്കിലും ഡാക്ടരുടെ സർട്ടിഫിക്കററു കൊടുത്താൽമതി. ആളുകളുടെ സ്ഥിതിയനുസരിച്ചാണ് അവർ സർട്ടിഫിക്കററു കൊടുക്കുന്നതു് ഡർബാർ ഫിസിഷ്യൻ ഇടക്കിടക്കു ആർക്കെല്ലാം സർട്ടിഫിക്കററു കൊടുത്തുഎന്നും അതുശരിയായിട്ടുള്ളവക്കാണോ കൊടുത്തതെന്നും മററും അന്വേഷിച്ചാൽ ഈകുഴപ്പവും ഉണ്ടാകയില്ല. ചിലആശുപത്രി

കളിൽ മരുന്നുവില്പന നടത്തുന്നുണ്ട്. മരുന്നുകൾ ഡാക്ടർമാർ ചിറുകൊടുത്തയക്കുമ്പോൾ കമ്പൌണ്ടന്മാരും മററും ചിലകമ്മീഷൻ ഏർപ്പാടും ഒക്കെനടത്തുന്നുണ്ടെന്നും എനിക്കറിയാം. മുന്നറിവുകൊടുക്കാതെ ഡർബാർഫിസിഷ്യൻ ആശുപത്രികൾ സന്ദർശിച്ചു കുററക്കാരെ കണ്ടുപിടിച്ചു ശരിയായി ശിക്ഷിച്ചാൽ ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു രാജ്യത്തിനുവളരെ ഉപകാരമുണ്ടാകും. ചിലസ്ഥലത്തു നിസ്സാരന്മാരായ ആളുകളെ അശേഷം വകവക്കുന്നില്ല അഗതികളായ അവക്കു കിട്ടേണ്ടുന്നപടിമുതലായതുകൂടി ചില ഡാക്ടർമാർ അപഹരിക്കുന്നു. അതു പിച്ചച്ചട്ടിയിൽ മണ്ണുവാരിയിടുന്ന ഏർപ്പാടാണ്. അതുകൊണ്ടു ഉൾനാടുകളിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും മററും മുന്നറിവുകൊടുക്കാതെ ഇടക്കിടക്കു പരിശോധിച്ചുകൊണ്ടിരുന്നാൽ ഇതെല്ലാംപരിഹരിക്കാവുന്നതാണ്. ചില ആശുപത്രികൾക്കു കുടിയാനവന്മാർ തന്നെ കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുത്തിരിക്കും. അവിടെ മേച്ചിൽകെട്ടുവന്ന കെട്ടിടം പുതുക്കണം എന്നും മററും പറഞ്ഞു അവരെ ഈ ക്ഷാമകാലത്തു വിഷമിപ്പിക്കുന്നുണ്ട്. കുറെസാവകാശമെങ്കിലും അവക്കു കൊടുക്കേണ്ടതുണ്ട്.

Mr. G. Narayana Aiyar: I support the demand. Sir, it is gratifying to note that the activities of the Department are very encouraging In the Administration Report of the Department we find the following at para 7 :—

> "One noteworthy feature of the year is the increase in the number of surgical operations performed in the General. Hospital. 4,607 operations, major and minor, were performed in 1109 against 2,917 in 1108."

When we find that there is such great public confidence, it is regrettable to find that there is not enough accommodation in that hospital. It is regrettable to find that the number of pay-wards in that hospital is so small that anybody who can afford to have recourse to it should be disappointed. At least the hospital must be maintained with sufficient accommodation to provide for as many patients as are seeking admission. I hope that Government will pay sufficient attention to this aspect of the question.

Coming to certain local needs, to which there is no other opportunity to refer, I would draw the attention of the Darbar Physician to the fact that the number of people attending the dispensary at Perumpavur is about 300 per day. There is a First Class Magistrate's Court, a Munsiff's Court, a High School, a Sub-Registrar's office and many other public institutions. We have got only one man in charge of it. He has to go to Malayattur twice a week. He finds it very diffult to cope with the work. The

[Mr. G. Narayana Aiyar.]

Dewan was kind enough to inspect the locality a year ago in connection with the putting up of a permanent hospital building there. But nothing definite has been done in that direction. It is high time that the Government bestow attention to provide a decent house for the hospital.

Then coming to Angamali, though the Darbar Physician was convinced of the necessity for an institution there, nothing has yet been done. A certain gentleman is turning out good work in naturopathic treatment at Karukutty. He deserves encouragement.

Mr. K. P. Nilakanta Pillai : Sir, I oppose the demand. While doing so, I also wish to oppose some of the remarks made by Mr. Kattakkayam about the distribution of the experts in the General Hospital. Sometime back I myself opposed the practice followed by the Department in distributing the experts for a particular treatment throughout the State, thereby making the working of the General Hospital very inefficient. Sir, the General Hospital is the premier hospital in the State. Therefore, it ought to be worked in such a way as to give succour to every patient who seeks relief in that hospital. It has already been brought to the notice of this House how deplorable is the condition of accommodation in the General Hospital, especially, in the medical wards.

To a question put this morning, the Darbar Physician answered that there was accommodation in the medical ward of the General Hospital for about 100 to 130 patients. On the other hand, the number of patients actually admitted and treated as in-patients comes to nearly 500 in the General Hospital. I also asked the Darbar Physician as to the maximum number of patients that could be put under the charge of a single medical man for treatment. The Darbar Physician said from his experience, that, safely about 120 patients could be put in charge of a single individual.

Mr. James Simpson : Sir, a word of explanation. The Darbar Physician said that he himself had looked after 120 patients.

Mr. K. P. Nilakanta Pillai : Whatever may be that, Sir, I am not an expert in the matter. I know from expert physicians, not anywhere in the oriental part of the world but in the western world who have expressed, that no more than 12 patients could be put in complete charge of a medical man. If that is so, I am surprised to hear how 500 people could be put in charge of one medical man, of course with one or two assistants and nurses to help him. Apart from that, one can imagine more or less what sort of attention could be paid to a particular in-patient when we take into account the fact, that the majority of cases are typhoid, or pneumonia, or acute dysentery or acute malaria or other septical diseases. Therefore, the working of the medical branch in the General Hospital

is far from satisfactory. My submission is that the Darbar Physician should put in as much pressure as he could command to see that, at least, two wards more are put up which will accommodate not less than 400 patients. I can anticipate what the Darbar Physician would say in reply to this that this is an abnormal period and therefore such a thing could not be even thought of. Whatever may be that, the average attendance of in-patients has become nearly twice more than the accommodation available in the Hospital.

Coming to the pay-ward, in the General Hospital I have to observe that there are only half a dozen rooms and in the case of the majority of the people who can afford to pay in the case of the sick, their applications are rejected because of want of rooms. I invite the kind attention of the Darbar Physician of the Travancore Government to appreciate the way in which the General Hospital of the small Cochin State at Ernakulam is affording convenience to the public in the matter of treatment as well as in the matter of pay-ward. Apart from the accommodation of patients, what I beg to submit is that—

Mr. G. Narayana Aiyar: May I remind the member that Cochin is a model State?

Mr. K. P. Nilakanta Pillai: Yes, Sir, I accept that amendment.

So then, apart from affording convenience to persons who seek such institutions, it will be a source of income also to the Government if more rooms are made available for the sick to be treated in the hospital.

Then, Sir, there is the Airanimuttam Hospital to which the attention of the House has to be drawn. I may be permitted to call it a human butcher house. Everyone is scared by the name of Airanimuttam and I am sure no one who has the barest means will resort to that hospital. Small-pox patients, who have nobody else to take care of them, are alone taken there for treatment. My submission is that, if it is considered that it is not within the duty proper of the Darbar Physician to look to the efficient working of this institution, some arrangement should be made in the matter with the municipality, thereby separating the control of the Darbar Physician from it. It shall be a sort of an isolation hospital within the municipal area, to be managed properly by the municipality.

Passing on next to the medicine side, Sir, there is deficiency in every kind of medicine. I was made to understand, the Ophthalmic Hospital is treating patients for the last one and a half months without boric powder. How is it possible to pay an elementary attention in the Ophthalmic Hospital without boric, or a solution prepared

[Mr. K. P. Nilakanta Pillai.]

out of it, I am unable to imagine. I have also brought to the notice of the House how the General Hospital is lacking in quinine for malaria treatment. And, I have to say, even lotion was not available in the General Hospital from the beginning of this Karkatakam. These are very serious matters and my point is that the Darbar Physician ought to see in advance what medicines are deficient and what fresh orders should be placed, so that, treatment may not suffer on account of deficiency of medicine available for distribution.

A word about the Women and Children's Hospital. That is a controversial point. But from experience, I have to point out the objections the whole people have in placing the maternity ward under a lady doctor. Nowhere in the world is the maternity hospital put under the charge of a lady doctor. The expert opinion on the matter is that it is unwise and dangerous to place the maternity hospital under the direct control of a lady doctor. Last year Mr. Lakshmanaswamy Mudaliar, the Superintendent of the Maternity Hospital at Madras, gave expression to the same opinion. I am not now in a position to explain the condition of the ladies who get out of maternity, especially, after a period of confinement. This much I can say, and that is that the life after the maternity part of work is over is perfectly useless. (*Laughter.*) With these words I oppose the demand.

Mr. Tariatu Kunjitomman: സർ, ഈ രാജ്യത്തിന്റെ പലഭാഗങ്ങളിലും ഇനിയും വേണ്ടിടത്തോളം ആശുപത്രികൾ ഇല്ല. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. ഇതിനെപ്പററി അനേകം ആവൎത്തി ഇവിടെ പറഞ്ഞിട്ടുണ്ട്. ഉത്തരതിരുവിതാംകൂറിലേക്ക ഈ വിഷയത്തിൽ ഗവണ്മെന്റ് വേണ്ട ശ്രദ്ധപതിപ്പിച്ചുകാണാത്തതു് അത്യന്തം ദയനീയമാണ്. വളരെ ആശുപത്രികൾ വടക്കൻ തിരുവിതാംകൂറിലെ ഉൾഭാഗങ്ങളിൽ തുറക്കേണ്ടതുണ്ട്.

കൊല്ലം ഡിവിഷനിലും തിരുവനന്തപുരം ഡിവിഷനിലും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ആശുപത്രികൾ ഉണ്ട്. കോട്ടയംഡിവിഷനിൽമാത്രം അതില്ല. ഈ കാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പല പ്രാവശ്യം കൊണ്ടുവന്നിട്ടുണ്ട്. കോട്ടയംഡിവിഷനിലും സ്ത്രീകളും കുഞ്ഞുങ്ങളും ധാരാളം ഉണ്ടെന്ന കഴിഞ്ഞ സെൻസസ് റിപ്പോൎട്ടിൽനിന്നും കാണാവുന്നതാണല്ലോ. മററുള്ളിടങ്ങളിലെപ്പോലെ അവൎക്കും രോഗങ്ങൾ പിടികൂടാറുമുണ്ടെന്ന അറിയാവുന്നതാണ്.

എന്റെ മാന്യസ്നേഹിതൻ മി. നാരായണയ്യർ പറഞ്ഞതുപോലെ അങ്കമാലിയിൽ ഒരു ഡിസ്പൻസറി തുറക്കേണ്ടതു അത്യാവശ്യമാണ്. അതിനെപ്പററി പല ഡർബാർഫിസിഷ്യന്മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. മൂവാററുപുഴയിൽ പോത്താനിക്കാട്ട് എന്നസ്ഥലത്തു ഒരു ഡിസ്പെൻസറി ആവശ്യമാണ്. ധാരാളം വിസ്തീർണ്ണമുള്ള തൊടുപുഴതാലൂക്കിൽ ഒരൊററ ഡിസ്പെൻസറിമാത്രമാണുള്ളത്. ഇതു് ഒട്ടും മതിയാകയില്ല കരിമണ്ണൂരും അറക്കുളത്തും ഓരോഡിസ്പൻസറികൾ തുറക്കേണ്ടതു അത്യാവശ്യമാണ്. കരിമണ്ണൂർ മലേറിയായുടെ അധിവാസസ്ഥലമാണ്. എന്റെ സ്നേഹിതൻ മി. കട്ടക്കയത്തിന്റെ വാസസ്ഥലമാണ് അറക്കുളം. ഒരു ഡിസ്പെൻസറി അവിടെ അത്യാവശ്യമാണ്.

Mr. Komilezhathu Sankaran : അറക്കുളത്ത് എവിടെയാണ് ഗവണ്മെൻറ് ഡിസ്പെൻസറി തുറക്കേണ്ടതു്?

Mr. Tariatu Kunjitomman : അതു ഡർബാർഫിസിഷ്യൻ നോക്കി നിശ്ചയിച്ചുകൊള്ളട്ടെ.

നെയ്യാററിൻകരയാണ് മലേറിയായുടെ ഇരിപ്പിടമായി ഗവണ്മെൻറ് ഗണിച്ചിട്ടുള്ളതു്. ഇതു ഒരുപക്ഷെ ഹെൽത്തുഡിപ്പാർട്ടുമെൻറുകാർ അവിടെതന്നെ താമസമാക്കി പ്രവർത്തിക്കുന്നതുകൊണ്ടുവന്നതായിരിക്കാം. ഏതായാലും അവരുടെ ഇപ്പോഴത്തെ ചികിത്സാപദ്ധതികൊണ്ടു വലിയ പ്രയോജനം കാണുന്നില്ലന്നു ജനങ്ങൾക്കു ബോദ്ധ്യമായി. അതുകൊണ്ടു ഇപ്പോഴത്തെ പദ്ധതിമാത്രം വച്ചുകൊണ്ടിരിക്കാതെ ഹോമിയോപ്പതി ചികിത്സയും പ്രകൃതിചികിത്സയും ആയുർവ്വേദവും പ്രയോഗിച്ചുനോക്കുന്നതിനു ഗവണ്മെൻറു വേണ്ടതുചെയ്യണം. ഒരു ചികിത്സാപദ്ധതികൊണ്ടു ഒരു രോഗം മാറുന്നില്ലെങ്കിൽ മറെറാരു പദ്ധതി പ്രയോഗിച്ചുനോക്കേണ്ടതാണ്. വാതരോഗങ്ങൾക്കു ആയുർവ്വേദചികിത്സ വളരെ ഫലവത്താണ്. കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾക്കു ഹോമിയോപ്പതി ചികിത്സയാണ് അധികം നല്ലതെന്നു ജനങ്ങൾ പരക്കെ പറയുന്നു. അതുപോലെതന്നെ ഉദരത്തിലുണ്ടാകുന്ന രോഗങ്ങൾക്കും മററു ചില മഹാവ്യാധികൾക്കും പ്രകൃതിചികിത്സ വളരെ പററിയതാണെന്നു ഈയിടെ അനുഭവസ്ഥന്മാർ പറഞ്ഞുതുടങ്ങിയിരിക്കുന്നു ഇങ്ങനെ ഓരോചികിത്സാപദ്ധതിയും ഓരോവിധത്തിലുള്ള രോഗങ്ങൾക്കു പ്രത്യേകം ഫലപ്രദമായി കാണുന്നു. അതുകൊണ്ട് ഹോമിയോപ്പതി, പ്രകൃതിചികിത്സ തുടങ്ങിയ ഇതരപദ്ധതികൾക്കും അല്പാല്പമെങ്കിലും ഗ്രാൻറുകൾ കൊടുത്തു ഗവണ്മെൻറു പ്രോത്സാഹിപ്പിക്കേണ്ടതാണ്. തിരുവിതാംകൂറിന്റെ വടക്കേഅററത്തു കുറുകുററിഎന്നസ്ഥലത്തു പ്രകൃതിചികിത്സ

[Mr. Tariatu Kunjitomman.]

ധാരാളമായി നടന്നുവരുന്നുണ്ട്. അതുകൊണ്ടു രോഗങ്ങൾക്കു ധാരാളം ഗുണംകിട്ടുന്നതായി എനിക്കുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആളുകളെ പട്ടിണിയിടുക, ക്ഷീരപാനം ചെയ്യിക്കുക, മണ്ണുതേച്ചുകുളിപ്പിക്കുക എന്നീരീതികൾകൊണ്ട് ധാരാളം രോഗങ്ങൾ ഭേദപ്പെടുത്തുന്നുണ്ട്

Mr. A. N Visvanatha Pillai: നിങ്ങൾ അവിടെപ്പോയി ചികിത്സിപ്പിച്ചിട്ടുണ്ടോ?

Mr. Tariatu Kunjitomman : ഉണ്ട്, എനിക്ക് അവിടെ പ്പോകുന്നതിനുമുമ്പുതന്നെ അനുഭവസ്ഥന്മാർ പറഞ്ഞു ഇതിന്റെ ഗുണം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇങ്ങിനെ പല പദ്ധതികളും ഗവർമ്മെന്റു പ്രോത്സാഹിപ്പിച്ചുനോക്കണമെന്നാണ് ഞാൻ പറയുന്നത്. ആയുർവ്വേദചികിത്സക്കു വളരെ വിശേഷമായ ഗുണങ്ങളുണ്ടെന്നു ഇപ്പോൾ എല്ലാവർക്കും അറിയാം. അതുപോലെതന്നെയാണ് ഹോമിയോപ്പതിയും പ്രകൃതിചികിത്സയും. ഇവ ഓരോ മഹാന്മാർ കണ്ടുപിടിക്കയും ഗുണകരമാണെന്നു ജനങ്ങൾ അനുഭവംകൊണ്ടു സമ്മതിക്കയും ചെയ്കയും, പരിഷ്കൃതരാജ്യങ്ങളിൽ പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നവയുമാണ്. ഗവർമ്മെന്റ് ഈ എല്ലാപ്രവർത്തനപദ്ധതികളേയും വിശാലവും ഉദാരവുമായ മനോഭാവത്തോടെ വീക്ഷിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതു ജനസമുദായത്തിനു വളരെ ഗുണകരമായിരിക്കും.

Mr. M. P Madhavan Pillai : സർ, ഉൾനാട്ടുകളിലുള്ള സാധുക്കൾക്കു വൈദ്യസഹായം വേണ്ടവിധത്തിൽ ലഭിക്കുന്നതിനു നിവൃത്തിയില്ലാതെയാണിരിക്കുന്നത്. സാമ്പത്തികനിലയിൽ ക്രമാതീതമായി സങ്കടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തിൽ പത്തും, പന്ത്രണ്ടും മൈയിൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ആശുപത്രികളിൽ പോകുന്നതിനു വളരെവിഷമമുണ്ട്. ഇന്നത്തെ വൈദ്യസഹായം അധികവും പണത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇതുകൊണ്ട് സാധുക്കളായ ജനങ്ങൾ ക്രമത്തിലധികം സങ്കടം അനുഭവിക്കുന്നുണ്ട്. സാധുജനങ്ങൾക്കു വരുന്ന ചില വലിയരോഗങ്ങൾക്കുവേണ്ടി ഡാക്ടറന്മാരെ വരുത്തണമെങ്കിൽ അവർക്കു 'പടി' എന്നും 'ഫീസ്' എന്നും കൈയ്യുള്ള ഇനങ്ങൾ മുമ്പേറായിട്ടു കൊടുക്കേണ്ടിയിരിക്കുന്നു. ഇവരെ ആശുപത്രികളിലേക്കു കൊണ്ടുപോകുന്നതിനു വളരെ വിഷമംകണ്ടുവരാറുണ്ട്. സാധാരണ പ്രസവക്കേസുകൾക്കാണ് ഇങ്ങനെ പടികെട്ടിവരുത്തേണ്ടിവരുന്നത്. അങ്ങനെയുള്ളവരെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനു വളരെ വിഷമമുണ്ട്.

Mr. K. Madhavan Pillai: ഈ 'പടി'യും'ഫീസും' കൈ ഡാക്ടറന്മാരെ വീട്ടിൽ വരുത്തിയാലല്ലേ കൊടുക്കേണ്ടിവരുന്നത്?

Mr. M. P. Madhavan Pillai: അതെ, പക്ഷെ ഈരോഗികളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനു വളരെ പ്രയാസമുണ്ട്.

Mr. Tariatu Kunjitomman: ന്യൂമോണിയാ, ടൈഫായിഡ് മുതലായ സുഖക്കേടുകളും മൂർദ്ധന്യത്തിൽ ഇരിക്കുമ്പോൾ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനു വിഷമം ഇല്ലേ?

Mr M. P. Madhavan Pillai: ഗർഭിണികളെ കൊണ്ടുപോകുന്നതിനു കൂടുതൽ വിഷമമുണ്ടെന്നാണു ഞാൻ പറഞ്ഞത്.

Mr. Tariatu Kunjitomman: ഇന്ന'പടി' ഡാക്ടർക്കു കൊടുക്കണമെന്നു ഒരുവ്യവസ്ഥ ചെയ്യുന്നതു കുറേക്കൂടി നന്നായിരിക്കുകയില്ലേ?

Mr. M. P. Madhavan Pillai: ഡാക്ടർമാർക്കു പടികൊടുക്കുക എന്നുള്ളതുതന്നെ നിറുത്തണമെന്നാണ് ഞാൻ പറയുന്നത്. ഈ നിലയിൽ സാധുക്കൾ സങ്കടപ്പെടുമ്പോൾ വൈദ്യസഹായം പണമില്ലാതെ ലഭിക്കുന്നതിനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അതുപോലെതന്നെ ഇന്നത്തെ ഉൾനാടുകളിൽ ധാരാളം വൈദ്യസഹായം ലഭിക്കുന്നതിനു വളരെ ചിലവുകുറഞ്ഞരീതിയിൽ ഗവൺമെൻറിനു പല ഏർപ്പാടുകളും ചെയ്യുന്നതിനു സൌകര്യമുണ്ടെന്നാണു ഞാൻ അഭിപ്രായപ്പെടുന്നത്. നമ്മുടെരാജ്യത്തു എം. ബീ. ബീ. എസ്., എൽ. എം. പി. മുതലായ പരീക്ഷകൾ പാസ്സായി യാതൊരുതൊഴിലുമില്ലാതെയിരിക്കുന്ന പലയാളുകളും ഉണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങിനെയുള്ളവർക്ക് ഓരോപകുതികളിലും ഡിസ്പെൻസറികൾ തുടങ്ങി സാധുജനങ്ങൾക്കു വൈദ്യസഹായം നൽകുന്നതിനുള്ള ഏർപ്പാടുകളെല്ലാം ഗവൺമെൻറു ചെയ്യുകയും, അവർക്കു നിസ്സാരമായതുക ഗ്രാൻറു കൊടുക്കുകയും വേണം.

Mr. K. Madhavan Pillai. അങ്ങിനെ ഡിസ്പൻസറി നടത്തുന്നവർക്ക് ഇപ്പോൾ ഗ്രാൻറു കൊടുക്കുന്നില്ലേ?

Mr. M. P. Madhavan Pillai: എല്ലാപകുതികളിലും കൊടുത്തുവരുന്നതായിട്ടറിഞ്ഞുകൂടാ.

Mr. K. Madhavan Pillai: അങ്ങിനെ ഡിസ്പെൻസറി നടത്തുന്നതായിട്ടുള്ള ആളുകളില്ലേ?

Mr. M. P. Madhavan Pillai: അങ്ങിനെ നടത്തുന്നതിനും പരീക്ഷാവിജയികളായ ആളുകളെ പ്രേരിപ്പിക്കണമെന്നുകൂടിയാണു ഞാൻ പറയുന്നത്.

ആയുർവേദ വൈദ്യശാലകൾ ഓരോ കരകളിലുമുണ്ടാകുന്നതിനു ഗവണ്മെന്റു വേണ്ട വ്യവസ്ഥ ചെയ്യണം.

Chairman അതിലേക്ക പ്രത്യേകം ഡിമാൻറുണ്ട്. അതിൽ ആ വിഷയം പറയാം.

Mr. M. P. Madhavan Pillai : ഈ കൗൺസിലിൽ വളരെക്കാലമായി ഹോമിയോപ്പതി ചികിത്സാ സംപ്രദായത്തെ പ്രോൽസാഹിപ്പിക്കണമെന്നു വാദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഗവണ്മെന്റു ആ വിഷയത്തിൽ ഇതുവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു കാണുന്നതു സങ്കടകരമാണ്. ജനങ്ങൾക്ക വൈദ്യസഹായം ലഭിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റ് ഉടനടി ചെയ്യണമെന്ന് ഈ അവസരത്തിൽ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

Mr. N. K. Padmanabha Pillai : സർ, ജനങ്ങൾക്കുവേണ്ടി ഒരു ഗവണ്മെന്റു ചെയ്യാനുള്ള ഏറ്റവും വലിയസഹായമാണ് വൈദ്യസഹായം. ഇതു സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽനിന്നും വലുതായിട്ടൊന്നും ചെയ്യുന്നില്ല എന്നാണ് എനിക്ക പറയുവാനുള്ളതു്. ഈ സംഗതിയിൽ ഗവണ്മെന്റുകാണിക്കുന്ന അനാസ്ഥ അക്ഷന്തവ്യമാണ്. സമസ്യഷ്ടങ്ങളിൽ സ്നേഹവും കരുണയുമുള്ള ഒരു ഡർബാർ ഫിസിഷ്യനെ ലഭിച്ചതു ഈരാജ്യത്തെ പ്രജകൾക്ക ഒരനുഗ്രഹപ്രദമാണ്. അദ്ദേഹം ജനങ്ങളുടെ വൈദ്യസഹായവിഷയത്തിലുള്ള സങ്കടങ്ങളിൽ അപ്പോഴപ്പോൾ ദൃഷ്ടിവയ്ക്കുന്നുണ്ട് എന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. രാത്രിയും പകലും അദ്ദേഹം മെഡിക്കൽ സ്ഥാപനങ്ങളിൽ സർപ്രൈസ് വിസിററു നടത്തുന്നുണ്ടെന്നുള്ളതു് എനിക്കനുഭവമാണ്. വിശേഷിച്ചും അദ്ദേഹം ജനറൽ ആശുപത്രിയിൽ രാത്രി ഒന്നരയും രണ്ടും മണിക്കുപോയി പരിശോധിക്കുന്നതായും ഞാൻ അറിയുന്നുണ്ട്. ഇതാണ് ഒരുദ്യോഗസ്ഥൻ ചെയ്യേണ്ട ഒന്നാമത്തെ ചുമതല. അതു കീഴ്സിൽബന്ധികളെ ശരിയായിട്ടു ജോലിചെയ്യുന്നതിനു പ്രേരിപ്പിക്കും.

നെയ്യാററിൻകരതാലൂക്കിനെ സംബന്ധിച്ചു പറയുന്നപക്ഷം ആ താലൂക്കിൽ പകുതിഭാഗവും രോഗികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നുഎന്നു കാണാം. കിഴക്കൻ പകുതികൾമുഴുവനും മലമ്പനിയാണ്. അവിടെ വൈദ്യസഹായമില്ലാത്തപക്ഷം മിക്കവാറുമുള്ള ജനങ്ങൾ കാലഗതിയെ പ്രാപിക്കാനിടവരുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഇപ്പോൾ തന്നേ ഈ രോഗംനിമിത്തം ഓരോ കരയിലും ധാരാളം മരണങ്ങൾ ഉണ്ടാകുന്നുണ്ട്. ഹെൽത്തുഡിപ്പാർട്ടുമെന്റിൽനിന്നും പുറപ്പെടുവിക്കുന്ന ബുള്ളററിനിൽ പറഞ്ഞിട്ടുള്ള മരണത്തിന്റെ കണക്ക ശരിയായിട്ടുള്ള

ത്തല്ലെന്നു ധൈൎയ്യസമേതം എനിക്കു പറയുവാൻ കഴിയും. ആ കണക്കുകൾ ശരിയല്ലെന്നു കാണിച്ചുകൊടുക്കാമെന്നു ഞാൻ ചലഞ്ചുചെയ്തുകൊള്ളുന്നു. കുന്നത്തുകാൽപകുതിയിലെ രണ്ടു മൂന്നു കരകളിലായി ഈ മാസത്തിൽ ൧൦൦ മരണങ്ങൾ സംഭവിച്ചതായി ഞങ്ങളുടെ റിലീഫ് കമ്മിററിയിൽനിന്നും നിയമിച്ച ഉദ്യോഗസ്ഥൻതന്നെ തിട്ടപ്പെടുത്തിയിരിക്കുന്നു. ഇതുപോലെ പലകരകളിലും മരണങ്ങൾ സംഭവിക്കുന്നുണ്ട്. മെഡിക്കൽ സഹായമില്ലെന്നുവരുകിൽ ദീനം വൎദ്ധിക്കാനെ ഇടയൊള്ളു. അതിനാൽ കുന്നത്തുകാൽ പകുതികച്ചേരിക്കു സമീപം ഒരു ഡിസ്പെൻസറിയും ഒററശ്ശേഖരമംഗലത്തു ഒരു ഡിസ്പെൻസറിയും സ്ഥാപിച്ചുകിട്ടണമെന്നാണ് എനിക്കുപറയുവാനുള്ളത്.

നെയ്യാററിൻകര ആശുപത്രിയിൽ കൂടുതൽ രോഗികളെ കിടത്തിചികിത്സിപ്പിക്കത്തക്കവണ്ണം വേണ്ട സ്ഥലസൌകൎയ്യമുണ്ടാക്കി കൊടുക്കണമെന്നാണ് ഇനി എനിക്കുപറയുവാനുള്ളത്. ഡർബാർ ഫിസിഷ്യൻ സ്ഥലത്തുചെന്നു ഇതിനെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തുകയും ഗവണ്മെൻറിലേക്കു ശുപാർശ്ശചെയ്യാമെന്നു ഏല്ക്കുകയും ഗവണ്മെൻറിൽനിന്നും ഇതിലേയ്ക്കു വേണ്ടസഹായം ചെയ്യുന്നതാണെന്നു ഞങ്ങൾക്കു ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. നെയ്യാററിൻകര ആശുപത്രിയിൽ കൂടുതലായി ഒരു മെറേറർണിററി വാർഡിന്റെ അത്യാവശ്യകതയുണ്ട്. ഇപ്പോഴുള്ള ലേബർ റൂംകൊണ്ടു മതിയാകുന്നില്ല. ഇപ്പോഴത്തെ അസൌകൎയ്യംകൊണ്ട് ഒരുമാതിരി നല്ല സ്ഥിതിയിലുള്ളവർ ആശുപത്രിയിൽപോയി പ്രസവം നടത്താൻ മടിക്കുന്നുണ്ട്. മെററർണിററിവാർഡുണ്ടായിരുന്നാൽ ആൎക്കും അവിടെ പോയി പ്രസവം നടത്താം. അതുപോലെതന്നെ രാവിലെ ഒരു എട്ടുമണിക്ക് അവിടെ ചെന്നാൽ ഔട്ട്പേഷ്യൻസ് തിങ്ങിനിൽക്കുന്നതായികാണാം. അതിലേയ്ക്കും ഒരു പ്രത്യേകം വാർഡുണ്ടാക്കേണ്ടതായിട്ടുണ്ട്. ഡർബാർഫിസിഷൻ അവിടെ വന്നുനോക്കി ഈ സംഗതിയിൽ വേണ്ട ശുപാർശ ചെയ്തിട്ടുണ്ടെന്നാണ് എന്റെ ബോദ്ധ്യം.

അതുപോലെതന്നെ പ്രസവത്തിനായിട്ടും മററും അനേകം സ്ത്രീകൾ ഈ ആശുപത്രിയിൽ വരുന്നുണ്ട്. ഒരു ലേഡിഡാക്ടരുടെ അഭാവം നിമിത്തം പല ബുദ്ധിമുട്ടുകളും നേരിട്ടുവരുന്നു. അതിലേയ്ക്കും ഗവണ്മെൻറിൽനിന്നും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ആശുപത്രികളിലെല്ലാം മലമ്പനിക്കാരെ കിടത്തി ചികിത്സിക്കുന്നതോടുകൂടി അവരുടെ ആഹാരത്തിനും ഗവണ്മെൻറിൽനിന്നു തന്നെ വേണ്ട ഏർപ്പാടു ചെയ്യണമെന്നു ഞാനപേക്ഷിച്ചുകൊള്ളുന്നു.

Mr. V. S. Arumukham Pillai (*Tovala* cum *Agastisvaram*): I think I will be failing in my duty if I do not intimate the honourable members of this House as well as the Government of the grave situation and the grievances of the people in Nagercoil over the proposed establishment of the tuberculosis hospital. Whatever the Darbar Physician or other experts may say about the contagious nature of the disease there is a great feeling and great fear among the people that the disease is contagious and that it will spread over the whole town. Sir, Nagercoil is the heart of South Travancore and on account of its beautiful climate it has been an attraction to so many officials who used to vie with one another to get a place there. In spite of various resolutions passed in public meetings Government still insist upon establishing the hospital there. If they want a suitable place because of the dry climate they can very well prefer Aramboly or some other adjoining place instead of the town of Nagercoil. I therefore appeal to the Government to take into consideration the feelings of the people and establish the tuberculosis hospital if they really want to do so somewhere near Aramboly or other place and not to flout the opinion of almost all the population of Nagercoil. With these words I oppose the Demand.

Mr. N. Ramakrishna Pillai: Is the member aware that in the west end of London there was a tuberculosis hospital?

Mr. V. S. Arumukham Pillai: I am not aware of the hospitals in London. I have not gone to London.

Mr. S. Adam Sait (*Nominated*): May I know whether the member knows where the tuberculosis hospital is situated in Madras?

Mr. V. S. Arumukham Pillai: I am not aware of that.

Mr. A. N. Visvanatha Pillai: സർ, എനിക്കിതിനെപ്പററി രണ്ടു വാക്കു മാത്രമെ പറയുവാനുള്ളു. അതിൽ ഒന്നു ഹോമിയോപ്പതിയേയും പ്രകൃതിചികിത്സയേയും പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണ്. മാനസീകരോഗമുള്ളവരെ ഇപ്പോൾ ഭ്രാന്താശുപത്രിയിൽ ചികിത്സിക്കുന്നതിനു മജിസ്ട്രേട്ടിന്റെ ഉത്തരവും മെഡിക്കൽ സർട്ടിഫിക്കററും വേണ്ടിയിരിക്കുന്നതിനെ ഭേദപ്പെടുത്തണമെന്നുള്ളതാണ് മററൊന്ന്. ചില കേസ്സുകളിൽ ഇതൊരു വലിയ പ്രതിബന്ധമാണ്. അതിനാൽ മാനസീകരോഗമുള്ളവരെ ഭ്രാന്താശുപത്രിയിലെ അധികൃതന്മാർക്കു ബോദ്ധ്യമാകുന്നതുവരെ അവിടെ പ്രവേശിപ്പിച്ചു ചികിത്സിക്കത്തക്കവണ്ണം റൂളുകളിൽ വേണ്ടഭേദഗതിവരുത്തേണ്ടതെത്രയും അത്യാവശ്യമാണെന്നുകൂടി അധികൃതന്മാരെ ഈ അവസരത്തിൽ ഞാൻ അറിയിച്ചുകൊള്ളുന്നു.

Mr. C. M. Joseph : സർ, വൈദ്യവിഷയമായി ഇവിടെ പലതും പ്രതിപാദിച്ചകൂട്ടത്തിൽ അലോപതിചികിത്സാസമ്പ്രദായത്തെപ്പററി എൻെറ മാന്യസ്നേഹിതന്മാരാരുംതന്നെ ആക്ഷേപം പുറപ്പെടുവിക്കാതിരുന്നതിൽ ഇപ്പോഴത്തെഡർബാർഫിസിഷ്യനെ പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്നു. സ്ഥലസൗകര്യം പോരാ എന്നും മററുംപറഞ്ഞതല്ലാതെ അലോപ്പതിചികിത്സകൊണ്ടു് നാട്ടുകാൎക്കു ഗുണം സിദ്ധിക്കുന്നില്ല എന്നു പറയാത്തതു വാസ്തവത്തിൽസന്തോഷകരംതന്നെ.

ഇന്നു്, കേട്ടിട്ടില്ലാത്ത പലതരത്തിലുള്ള രോഗങ്ങൾ ജനങ്ങളെ ബാധിച്ചുതുടങ്ങിയിട്ടുണ്ടു്. ഹൃദയസ്പന്ദം എന്നുപറയുന്ന ഹാർട്ടുഡിസീസ്, ക്ഷിപ്രസന്നി തുടങ്ങിയുള്ള രോഗങ്ങൾ മനുഷ്യരെ വിചാരിച്ചിരിക്കാത്ത സമയത്തു പിടികൂടുകയും മൃത്യുവിനു കാരണമാവുകയും ചെയ്യുന്നു. ഈമാതിരി രോഗങ്ങൾക്കൊന്നിനും ഇതുവരെ യാതൊരു പ്രതിവിധിയും ഉണ്ടാക്കീട്ടില്ല.

Mr. K. Madhavan Pillai : കുഷ്ഠരോഗം മനുഷ്യരുടെയിടയിൽ വന്നുതുടങ്ങിയിട്ടു വളരെക്കാലമായില്ലേ? അതിനു വല്ല ചികിത്സയും കണ്ടുപിടിച്ചിട്ടുണ്ടോ?

Mr. C. M. Joseph : അതിനും ചില കുത്തിവെപ്പുകളോ മററാ നടത്തിവരുന്നുണ്ടെന്നുതോന്നുന്നു. ശ്രമിച്ചാൽ അതിനും പ്രതിവിധികൾ കണ്ടുപിടിക്കാം.

Mr. Komilezhathu Sankaran: ആയുർവേദവിധപ്രകാരം കുഷ്ഠരോഗത്തിനും വേണ്ട പ്രതിവിധികൾ ഇന്നു നടത്തിവരുന്നുണ്ടെന്നു മെംബൎക്കറിയാമോ?

Mr. C. M. Joseph : ഉണ്ടെന്നു കേട്ടിട്ടുണ്ടു്. ഏതായാലും ആയുർവേദഡിമാൻറു വരുമ്പോൾ അതിനെപ്പററിപ്പറയാം.

അതിനാൽ ഇങ്ങനെ കേട്ടിട്ടില്ലാത്ത പല രോഗങ്ങളും പിടിപെടാതിരിക്കുന്നതിനു ഹെൽത്തുഡിപ്പാർട്ടുമെൻറും മെഡിക്കൽഡിപ്പാർട്ടുമെൻറും വേണ്ട ഉപദേശം ജനങ്ങൾക്കു നൾകേണ്ടതാണു്.

Mr. P. Padmanabhan Tampi: രോഗം പിടിപെടാതെ തടയുന്നതിനല്ലേ ഹെൽത്തുഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തിയിട്ടുള്ളതു?

Mr. C. M. Joseph : അതുകൊണ്ടു മതിയാകുന്നില്ല. അതിനാൽ മെഡിക്കൽഡിപ്പാർട്ടുമെൻറുകൂടി സഹകരിച്ചു പ്രവർത്തിച്ചാൽ ജനങ്ങൾക്കു കൂടുതൽ രക്ഷകിട്ടുമെന്നാണു് എൻെറ അഭിപ്രായം.

[Mr. C. M. Joseph.]

സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ചികിത്സയെപ്പററി എന്റെ മാന്യസ്നേഹിതൻ മി. നീലകണ്ഠപ്പിള്ള പറഞ്ഞ അഭിപ്രായത്തോടുകൂടി സ്വാഭാവികമായിട്ടു യോജിക്കാൻ എന്റെ മനസ്സനുവദിക്കുന്നില്ല. അതായതു സ്ത്രീകളെ ചികിത്സിക്കുന്നതിനു ലേഡീഡാക്ടറന്മാർ വേണ്ട എന്നാണു അദ്ദേഹം പറഞ്ഞതു്. സ്ത്രീകൾക്കു ചില പ്രത്യേകരോഗമുണ്ടാകും.

Mr. K. P. Nilakanta Pillai: സ്ത്രീകളുടെ വാർഡിന്റെ സൂപ്രണ്ടായി അവരെത്തന്നെവച്ചുകൂടാ എന്നാണു ഞാൻ പറഞ്ഞതു്.

Mr. C. M. Joseph: ഭരണത്തെ സംബന്ധിച്ചാണു ആ അഭിപ്രായം പറഞ്ഞതെങ്കിൽ എനിക്കതിൽ വിപരീതാഭിപ്രായമില്ല.

ഈ സംസ്ഥാനത്തു എന്നല്ല തെക്കെയിൻഡ്യയിൽപോലും ഇത്ര വൈദഗ്ദ്ധ്യമുള്ള ഒരു ലേഡീഡാക്ടർ ഇവിടത്തെ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിയിൽ ഉള്ളതുപോലെ വേറെ ഉണ്ടോ എന്നു സംശയമാണ്. ഇപ്പോൾ സ്ത്രീകളും കുഞ്ഞുങ്ങളും വർദ്ധിച്ചുവരുന്നതോടുകൂടി രോഗങ്ങളും വർദ്ധിച്ചുവരുന്നു. ഈ രോഗങ്ങളെ ചികിത്സിക്കുന്നതിനു വൈദഗ്ദ്ധ്യമുള്ള സ്ത്രീകൾ ഇല്ലെങ്കിൽ കുറെസ്ത്രീകളെ ഗവണ്മെന്റിൽനിന്നും വിദേശങ്ങളിൽ അയച്ചു പഠിപ്പിച്ചു വേണ്ട വിദഗ്ദ്ധതവരുത്തി സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ആസ്പത്രികളിൽനിയമിക്കേണ്ടതാണ്. ഇത്രയും സംഗതികൾ ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊണ്ടു് ഈ ഡിമാൻഡിനെ മുഴുവനും അനുകൂലിച്ചുകൊള്ളുന്നു.

Mr. P. Padmanabhan Tampi: Sir, the Financial Secretary in this Budget speech says :–

> "There are at present no specialists' cadre in the Medical Department of the State, though the Department is not wanting in specialists in one branch or other of the Medical Science. These specially qualified officers have now to take rank along with those in the general cadre. It is, however, considered that the working of the Department could be made more efficient if the specialists are detached from the general cadre and placed in a separate self-contained special cadre created for them".

